# കാട്ടൂർ ഗ്രാമപഞ്ചായത്ത്



# വികസന റിപ്പോർട്ട്

# കാട്ടൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി



ശ്രീമതി. ആനി ആന്റണി
പ്രസിഡന്റ്



ശ്രീ. കണാറ രവി
വൈസ്. പ്രസിഡന്റ്



ശ്രീ. എം. ജെ. റാഫി
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ

## മെമ്പർമാർ



ശ്രീ. ഇ.എൽ. ജോസ്



അഡ്വ. പത്മിനി നാരയണൻ



ശ്രീ. കെ. സി. സുന്ദരൻ



ശ്രീ. എം. എം. മുഹമ്മദലി



ശ്രീമതി. പ്രേമവല്ലി രാഘവൻ



ശ്രീ. എ. എസ്. ഹൈദ്രോസ്

92-2

## കൂപ്പു കൈകളോടെ

അധികാരം ജനസഹസ്രങ്ങളിലേക്ക് ഇറങ്ങിവരുന്നതിൻെറ കേളികൊട്ട് ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തിൻെറ ഒരു കോണിലിരുന്ന് മുഴുവൻ ജനങ്ങളുടേയും ഭാവിഭാഗധേയത്വം നിർണ്ണയിച്ചിരുന്ന പഴഞ്ചൻ സമ്പ്രദായം തുത്തെറിഞ്ഞ് നാടെമ്പാടുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് രൂപപ്പെടുത്തുന്ന ഒമ്പതാം പദ്ധതിയ്ക്ക് ജന്മം ലഭിച്ചിരിക്കുന്നു. ഈ പദ്ധതിയിൽ നമ്മുടെ പഞ്ചായത്ത് വിഭാവനം ചെയ്ത വികസന പരിപാടികളുടെ റിപ്പോർട്ട് ബഹുജന സമക്ഷം സാദരം സമർപ്പിക്കട്ടെ.

കൺവീനർ

# വിഷയ സൂചിക


| | | |
|---|---|---|
| 1. | ആമുഖം | 6–16 |
| 2. | കൃഷി, ജലസേചനം | 17–38 |
| 3. | മൃഗസംരക്ഷണം, മത്സ്യബന്ധനം | 39–46 |
| 4. | വിദ്യാഭ്യാസം | 47–54 |
| 5. | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | 55–70 |
| 6. | വ്യവസായം | 71–80 |
| 7. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 81–100 |
| 8. | ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം | 101–114 |
| 9. | സംസ്കാരം | 115–128 |
| 10. | വനിത | 129–134 |
| 11. | സഹകരണം | 135–142 |
| 12. | പട്ടികജാതിക്ഷേമം | 143–148 |
| 13. | വിഭവസമാഹരണം | 149–154 |
| 14. | ഉപസംഹാരം | 155 |

# എഡിറ്റോറയൽ ബോർഡ്


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | ശ്രീ ആൻറണി കൈതാരത്ത് |
| എഡിറ്റോറയൽ സമിതി | : | 1. ശ്രീ പി. ഐ. ആൻറണി |
| | | 2. ശ്രീ എ. ഡി. ഫ്രാൻസീസ് ദേവസഹായം |
| | | 3. ശ്രീ എ. എ. മുഹമ്മത് സൈനുൽ ആബിദ്ദീൻ |
| | | 4. ശ്രീ അശോകൻ ചെരുവിൽ |
| | | 5. ശ്രീ പി. ജി. കൃഷ്നുണ്ണി |
| | | 6. ശ്രീ ടി. കെ. സതീപൻ |
| | | 7. ശ്രീ സി. എ. ആൻഡ്രൂസ് |
| | | 8. ശ്രീ കെ. സി. മണിക്കുട്ടൻ |
| | | 9. ശ്രീ പി. കെ. പൃഥിപാലൻ |
| | | 10. ശ്രീ എം. എം. മൂർഷിദുൽ ജന്നത്ത്രാജ് |
| | | 11. ശ്രീ കെ. വി. മുരളീമോഹൻ |
| | | 12. ശ്രീ ടി. എ. തിലകൻ |
| | | 13. ശ്രീ വി. എം. നിസ്സാർ |
| | | 14. ശ്രീ എം. ജെ. റാഫി |
| | | 15. ശ്രീ എ. എസ്. ഹൈദ്രോസ് |
| | | 16. ശ്രീ കെ. സി. സുന്ദരൻ |
| | | 17. ശ്രീ എം. എം. മുഹമ്മദാലി |
| | | 18. കുമാരി എൻ. എ. നാരായണി |
| | | 19. കുമാരി സി. ആർ. ജയന്തി |
| | | 20. കുമാരി കെ. ആർ. സുമ |
| | | 21. ശ്രീമതി ജമീല ഷംസുദ്ദീൻ |
| | | 22. ശ്രീമതി റംലാ ഹുസൈൻ |
| | | 23. ശ്രീമതി ആനി ആൻറണി |



| | | |
|---|---|---|
| ഡി. ടി. പി. | : | ഐ. ആർ. എസ്. തൃശൂർ |
| പ്രിൻറിംഗ് | : | പ്രിയ ഓഫ്സെറ്റ് പ്രിൻറേഴ്സ്, തൃശൂർ |
| പ്രസിദ്ധീകരിച്ചത് | : | നവംബർ 1996 |

# കാട്ടൂർ ഗ്രാമപഞ്ചായത്ത് - ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | – | കാട്ടൂർ ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | – | ഇരിഞ്ഞാലക്കുട |
| ജില്ലാ പഞ്ചായത്ത് | – | തൃശൂർ |
| വില്ലേജ് | – | കാട്ടൂർ |
| താലൂക്ക് | – | മുകുന്ദപുരം |
| റവന്യു ജില്ല | – | തൃശൂർ |
| അസംബ്ലി മണ്ഡലം | – | ഇരിഞ്ഞാലക്കുട |
| പാർലിമെൻറ് മണ്ഡലം | – | മുകുന്ദപുരം |
| വിസ്തീർണ്ണം | – | 11.70 ച. കി. മീ. |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | – | കരുവന്നൂർ പുഴ |
| കിഴക്ക് | – | കാറളം പഞ്ചായത്ത് |
| തെക്ക് | – | പടിയൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | – | കനോലി കനാൽ |
| ജനസംഖ്യ | – | 16,905 |
| | | (1991 ലെ സെൻസസ് പ്രകാരം) |
| വാർഡുകൾ എണ്ണം | – | ഒമ്പത് |
| പട്ടികജാതി സംവരണ വാർഡ് (എണ്ണം) | – | ഒന്ന് |
| വനിതാ സംവരണ വാർഡ് (എണ്ണം) | – | മൂന്ന് |

## കാട്ടൂർ ഗ്രാമപഞ്ചായത്ത്

**മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ 1952 മുതൽ**

1. ശ്രീ സി. കെ. കൃഷ്ണൻ
2. ശ്രീ പി. പി. കാദർ
3. ശ്രീ കെ. വി. പൈലി
4. ശ്രീ എം. നാരായണ മേനോൻ
5. ശ്രീ കെ. കെ. മൊയ്തീൻ കുഞ്ഞ്
6. ശ്രീ രാഘവൻ പൊഴേക്കടവിൽ
7. ശ്രീ ടി. സി. അശോകൻ
8. കുമാരി കെ. കെ. ഭാനുമതി
9. ശ്രീ പി. പി. ഇബ്രാഹിം
10. ശ്രീ ഏ. ഡി. ഫ്രാൻസിസ് ദേവസഹായം

# അധ്യായം 1



# ആമുഖം

# 1 - 1 ആമുഖം

കഴിഞ്ഞ 49 വർഷങ്ങളായി അധികാരവികേന്ദ്രീകരണത്തിൻെറ സ്വപ്നങ്ങൾ മനസ്സിൽ സൂക്ഷിച്ചിരുന്ന ഈ ഗ്രാമത്തിലെ ജനങ്ങളിൽ ''ഒൻമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിലൂടെ എന്ന മുദ്രാവാക്യം ഭയാശങ്കകളാണ് ആദ്യമായി സൃഷ്ടിച്ചത്. അധികാരത്തിൻെറ ഉന്നത ശ്രേണികളിൽ ഇരുന്ന് താഴെ തട്ടിലുള്ളവരുടെ ആവശ്യങ്ങളും അവകാശങ്ങളും പരിഗണിയ്ക്കാതെ പദ്ധതികൾ അടിച്ചേൽപ്പിക്കുന്ന ബ്യൂറോക്രസിയുടെ പ്രത്യക്ഷവും, പരോക്ഷവുമായ എതിർപ്പ് ഈ സംരംഭത്തിനുണ്ടാകുമോ എന്ന ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ജനകീയാസൂത്രണത്തിൻെറ പ്രാരംഭഘട്ടത്തിൽ സംശയാസ്പദമായ സഹകരണമായിരുന്നു ജനങ്ങളുടേത്.

അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്ന ഈ ജനകീയാസൂത്രണ പ്രസ്ഥാനം ഭാവിയിൽ വരാൻ പോകുന്ന ഒരു മഹത്തായ സംഭവത്തിൻെറ മുന്നോടിയാണെന്ന് ജനങ്ങൾ പിന്നീടു മനസ്സിലാക്കി. തുടർന്നുണ്ടായ പരിശീലന ക്ലാസുകളിലേയും പ്രത്യേകഗ്രാമസഭകളിലേയും ബഹുജന പങ്കാളിത്തം ഇതു സംശയാതീതമായി തെളിയിച്ചു. കാട്ടൂർ ഗ്രാമപഞ്ചായത്തിൻെറ വരാൻ പോകുന്ന അഞ്ചുവർഷത്തേയ്ക്കുള്ള വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുമ്പോൾ തങ്ങളുടെ നിസ്സംഗത നാടിൻെറ നേട്ടങ്ങൾക്ക് പോറലേൽപ്പിക്കുമെന്ന് അവർ കരുതി. പ്രാരംഭ പ്രവർത്തനങ്ങളുടെ വിജയകരമായ നേട്ടവും ഈ ബോധവൽക്കരണമായിരുന്നു.

ജില്ലാ റിസോഴ്സു പേഴ്സണൽ പരിശീലനത്തിൽ ജനപ്രതിനിധികളും തിരഞ്ഞെടുക്കപ്പെട്ട സാമൂഹ്യ പ്രവർത്തകരും മൂന്നു ദിവസം ആദ്യാവസാനം പങ്കെടുത്തു.

പിന്നീടു കാട്ടൂർ ഗവ. ഹൈസ്ക്കൂളിൽ വെച്ചു നടന്ന ബ്ലോക്കു തല പ്രവർത്തകന്മാർക്കുള്ള പരിശീലനത്തിൽ 150 ലേറെ സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ പ്രവർത്തകന്മാർ പങ്കെടുത്തു. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതും അവരായിരുന്നു. കാട്ടൂർ പഞ്ചായത്തിലെ ഒന്നു മുതൽ ഒൻപതുവരെയുള്ള വാർഡുകളിൽ ലഭ്യമായ പ്രചരണ മാധ്യമങ്ങളും , വീടുകയറിയുള്ള സ്ക്വാഡ് പ്രവർത്തനങ്ങളും ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തി. 150 മുതൽ 290 വരെയുള്ള അംഗങ്ങൾ ഓരോ ഗ്രാമസഭകളിലും പങ്കെടുത്തു. അത്ഭുതാവഹമായ വനിതാ പ്രാതിനിധ്യം കൊണ്ട് അനുഗ്രഹീതമായിരുന്നു ഓരോ ഗ്രാമസഭയും.

വികസന രംഗത്ത് ഗ്രാമീണ ജനതയുടെ പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും അവർ തന്നെ കണ്ടെത്തി. സാമ്പത്തിക ബാദ്ധ്യതകൾ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഓരോ ഗ്രാമസഭാംഗങ്ങളും അവരുടെ സാമ്പത്തിക, കായിക നിർമ്മാണശക്തി പദ്ധതികളുടെ വിജയകരമായ പരിസമാപ്തിയ്ക്കു വേണ്ടി സമാഹരിയ്ക്കുമെന്ന് ഉറപ്പ് വരുത്തി.

ഒൻമ്പത് വാർഡുകളിലേയും, ഗ്രാമസഭാറിപ്പോർട്ടുകൾ ഗ്രൂപ്പ്തിരിഞ്ഞു ചർച്ചചെയ്ത് പ്രശ്നങ്ങളും,പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചു. രേഖപ്പെടുത്തി, ഒട്ടേറെ ആവശ്യങ്ങളാണ് ഗ്രാമസഭാംകൾ ചർച്ച ചെയ്തത്. ദാരിദ്ര രേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ സാമൂഹ്യ, സാമ്പത്തിക ജീവിത നിലവാരം ഉയർത്തുന്ന കാര്യങ്ങൾക്ക് മുൻതൂക്കം നല്കി നടപ്പിലാക്കേണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ജനങ്ങളുടെ അനുഭവസമ്പത്ത് ഗ്രാമസഭാ റിപ്പോർട്ടുകൾക്ക് മുതൽ കൂട്ടായിരുന്നു.

ദ്വിതീയ സ്ഥിതി വിവരണ കണക്കുകളുടെ ശേഖരണമായിരുന്നു ഏറ്റവും ദുർവ്വഹമായിരുന്നുത്. ഒട്ടേറെ അഭ്യസ്ഥ വിദ്യരായ യുവതീയുവാക്കൾ ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടു. പല ഓഫീസു

കളിൽനിന്നും വസ്തു നിഷ്ടമായ സ്ഥിതി വിവരങ്ങൾ ലഭിക്കുന്നതിന് ദിവസങ്ങളോളമുള്ള കാത്തിരിപ്പു വേണ്ടിവന്നു. പല സ്ഥിതി വിവരകണക്കുകളും അപൂർണ്ണങ്ങളുമായിരുന്നു.

കാട്ടൂർ പഞ്ചായത്തിൻെറ മദ്ധ്യഭാഗം തിട്ടപ്പെടുത്തി തെക്ക് നിന്ന് വടക്കോട്ടുള്ള പഠന പര്യടനമായുരുന്നു (transet walk) പീന്നീട്. ഇതിൽ നിന്നും ഭൂമിശാസ്ത്രപരമായി മണ്ണ്, കൃഷി, വിളകൾ, ജലസമ്പത്ത് എന്നിവയെല്ലാം വിശദമായി ഭൂപടത്തിൽ രേഖപ്പെടുത്തി. ജനപ്രതിനിധികളും, സാമൂഹ്യ സാംസ്ക്കാരികപ്രവർത്തകരും ഈ പഠന പര്യടനത്തിൽ പങ്കെടുത്തു. ആറു കിലോ മീറ്റർ ദൂരം ഇതിനു വേണ്ടി സഞ്ചരിച്ചു. പഴയതലമുറയിലെ അവസാന കണ്ണികളുമായുള്ള അഭിമുഖങ്ങളും ഈ പഠന പര്യടനത്തിന് മുതൽ കൂട്ടായിരുന്നു.

കിട്ടാവുന്ന രേഖകളും, വയോവൃദ്ധന്മാരുടെ അനുഭവസമ്പത്തും കൂട്ടി ചേർത്താണ് കാട്ടൂർ ഗ്രാമത്തിൻെറ ചരിത്രപഠനം നടത്തിയത്. വിസ്മൃതിയിൽ ആണ്ടു പോകുമായിരുന്ന ഒട്ടേറെ ചരിത്രസത്യങ്ങൾ ഈ ഗ്രാമത്തെ സംബന്ധിച്ചേടത്തോളം ശേഖരിയ്ക്കുവാൻ കഴിഞ്ഞു. സർക്കാർ ഓഫീസുകളിലെ പല റിക്കാർഡുകളും ചരിത്ര രേഖകളെ സഹായിച്ചു. അവ ലോകനം നടത്തിയ സ്ഥിതി വിവരകണക്കുകളും, കുറിപ്പുകളും, ചാർട്ടുകളും പിന്നീട് രേഖാ ചിത്രങ്ങളാക്കി മാറ്റി.

# 1-2 ഭരണ ചരിത്രം

1952 ൽ സാർവത്രിക വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ രൂപീകരിയ്ക്കപ്പെട്ട കാട്ടൂർ പഞ്ചായത്തിൽ കാട്ടൂർ, കാറളം, മനവലശ്ശേരിയുടെ ഒരു ഭാഗം ഉൾകൊള്ളുന്ന വില്ലേജുകളായിരുന്നു ഉണ്ടായിരുന്നത്. അന്നത്തെ കാട്ടൂർ പഞ്ചായത്തിൻെറ വിസ്തീർണ്ണം 25 ച.കി.മി വി. ആയിരുന്നു. ഭരണ സൌകര്യത്തിനുവേണ്ടി 1977 ൽ കാട്ടൂർ പഞ്ചായത്ത് വിഭജിച്ച് കാറളം, മാനവലശ്ശേരിയുടെ ഒരു ഭാഗവും ഉൾകൊള്ളുന്ന കാറളം പഞ്ചായത്തും, കാട്ടൂർ വില്ലേജും മാത്രം ഉൾക്കൊള്ളുന്ന കാട്ടൂർ പഞ്ചായത്ത് നിലവിൽ വന്നു. അതോടെ കാട്ടൂർ പഞ്ചായത്തിൻെറ വിസ്തീർണ്ണം 11.70 ച.കി.മി. ആയി ചുരുങ്ങി. പഴയ കൊച്ചിരാജഭരണത്തിൻെറ കീഴിലായിരുന്ന പഞ്ചായത്ത് കച്ചേരി അഥവാ പഞ്ചായത്ത് കോടതികളായിരുന്നു ഈ ഗ്രാമത്തിൻെറ ഭരണസാരഥ്യം വഹിച്ചിരുന്നത്. 1918 ലാണ് ആദ്യത്തെ പഞ്ചായത്ത് കോടതി ഈ ഗ്രാമത്തിൽ നിലവിൽ വന്നത്. യശശരീരനായ ശ്രീ അബ്രഹാം പാനികുളം ആയിരുന്നു അന്നത്തെ പഞ്ചായത്ത് കോടതിയുടെ പ്രസിഡണ്ട്.

1952 ൽ ആദ്യമായി രൂപീകരിയ്ക്കപ്പെട്ട കാട്ടൂർ പഞ്ചായത്തിൻെറ പ്രസിഡണ്ട് ശ്രീ. ചെരുവിൽ കൃഷ്ണൻ മാസ്റ്ററും, വൈസ് പ്രസിഡണ്ട് ശ്രീ. വി. കെ. കൊച്ചക്കനുമായിരുന്നു. പത്തു വാർഡുകളായിരുന്നു അന്ന്. സർവ്വശ്രീ എം.എ കേശവൻ, പി.കെ. വാസുദേവൻ, ടി.കെ. ദാമോദരൻ, കെ.പി കുഞ്ഞിമാണി,സി.നാരായണൻ നമ്പ്യാർ, പി.ആർ കൃഷ്ണൻ, പി.പി. കാദർ, കെ.സി കായി എന്നിവരായിരുന്നു ആദ്യത്തെ പഞ്ചായത്ത് മെമ്പർമാർ. കാട്ടൂർ പഞ്ചായത്തിലെ ആദ്യത്തെ ഹരിജൻ മെമ്പറായ ശ്രീ. കെ.സി. കായി മാത്രമേ ഇന്ന് ജീവിച്ചിരിപ്പുള്ളൂ.

കാട്ടൂർ പഞ്ചായത്ത് വിഭജിക്കപ്പെട്ടപ്പോൾ ഭൂമിശാസ്ത്രപരമായ അതിർത്തികളിൽ മാറ്റം വന്നു. കരുവന്നൂർ പുഴ അർദ്ധവൃത്താകൃതിയിൽ വകഞ്ഞു മാറ്റുന്ന കാട്ടൂർ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയും, കാട്ടൂരിൻെറ ഫലഭൂയിഷ്ഠതക്കെന്നും നിദാനമായിട്ടുള്ള കാട്ടൂർ ബസാറിൻെറ വാണിജ്യ വിപണന വിനിമയങ്ങളുടെ സിരാ കേന്ദ്രവുമായിരുന്ന കനോലികനാലിൻെറ കിഴക്കൻ തീരമാണ് കാട്ടൂർ പഞ്ചായത്തിൻെറ പടിഞ്ഞാറതിർത്തി. കിഴക്ക് കാറളം പഞ്ചായത്തും, തെക്ക് പടിയൂർ പഞ്ചായത്തും ആണ് കാട്ടൂരിൻെറ മറ്റു രണ്ടതിർത്തികൾ.

കാട്ടൂർ പൊഞ്ഞനം പ്രദേശത്ത് വാടക കെട്ടിടത്തിലാരംഭിച്ച കാട്ടൂർ പഞ്ചായത്താഫീസ് പിന്നീട് റോമൻ കത്തോലിയ്ക്കാ പള്ളി ഭരണാധികാരികൾ സർക്കാർ ഓഫീസുകൾക്ക് വേണ്ടി സൗജന്യമായി വിട്ടു കൊടുത്ത സ്ഥലത്ത് 1937 ൽ കൊചിൻ സർക്കാർ സ്ഥാപിച്ച കെട്ടിടത്തിലേക്ക് മാറ്റുകയായിരുന്നു. കാട്ടൂരിലെ മിനി സിവിൽ ലൈൻസ് എന്നറിയപ്പെടുന്ന ഈ കെട്ടിടത്തിലാണ് ഇ ന്ന് പഞ്ചായത്താഫീസ്, സബ് റജിസ്ട്രാർ ഓഫീസ്, വില്ലേജാഫീസ്, മൃഗാശുപത്രി, ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നത്.

# 1.3 കാട്ടൂർ പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ

**1. സബ് റജിസ്ട്രാർ ഓഫീസ്**

കൊച്ചിൻ സർക്കാരിൻെറ കീഴിൽ ആരംഭിച്ച സബ് റജിസ്ട്രാർ ഓഫീസിൻെറ അധികാര പരിധി കാട്ടൂർ, കാറളം, കീഴുപ്പിള്ളിക്കര, കുറുമ്പിലാവ്, എടതിരിഞ്ഞി എന്നീ വില്ലേജുകളാണ്. സബ് റജിസ്ട്രാർ അടക്കം ഏഴു ഉദ്യോഗസ്ഥന്മാർ ഇവിടെ പ്രവർത്തിയെടുക്കുന്നു.

**2.മൃഗാശുപത്രി**

1945 ൽ ഒരു ലൈവു സ്റ്റോക്ക് അസിസ്റ്റൻറിൻെറ സേവനത്തോടെ ആരംഭിച്ച ഇ ൗ സ്ഥാപനം സമീപ പഞ്ചായത്തുകളിലെ ജനങ്ങളുടെ മൃഗചികിത്സയ്ക്ക് ആശ്രയിക്കേണ്ടിവന്ന ഏക സ്ഥാപനമായിരുന്നു. ഇന്ന് ഇത് ഒരു ഡോക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയായി ഉയർത്തിയിരിക്കുന്നു. കാട്ടൂർ പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന മൃഗങ്ങളെ പിടിച്ചെടുത്ത് സംരക്ഷിയ്ക്കുവാനുള്ള പൌണ്ടുകൾ പണ്ടു ഈ സ്ഥാപനത്തിൻെറ കീഴിലായിരുന്നു. ഇന്നത്തെ തലമുറയ്ക്ക് അജ്ഞാതമായ ഈ പൌണ്ടുകൾ അന്ന് ചെയ്ത സേവനങ്ങൾ അവിസ്മരണിയമാണ്. ഒരു ഡോക്ടറടക്കം മൂന്ന് പേർ ഇവിടെ ജോലിചെയ്യുന്നു.

**3. വില്ലേജാഫീസ്**

കൊച്ചിൻ സർക്കാറിൻെറ കാലത്താരംഭിച്ച പാർവ്വത്യക്കാരൻ ഓഫീസാണ് പില്ക്കാലത്ത് വില്ലേജാഫീസായി അറിയപ്പെടുന്നത്. രാജ്യഭരണത്തിൽ കീഴിൽ ഒട്ടേറെ അധികാരങ്ങളുണ്ടിരുന്നു പാർവ്വത്യകാരൻ ഇന്ന് വില്ലേജാഫീസറായീ അറിയപ്പെടുന്നു. വില്ലേജാഫീസറടക്കം നാല് ഉദ്യോഗസ്ഥന്മാർ ഇവിടെ ജോലി ചെയ്യുന്നു. ഈ ഗ്രാമത്തിൻെറ രോഗ പ്രതിരോധ, ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിതനായ ഹെൽത്ത് ഇൻസ്പെക്ട്ടർ ഈ ഓഫീസിലാണ് പ്രവർത്തിക്കുന്നത്.

**4.പോലീസ് സ്റ്റേഷൻ**

1950 ൽ റോമൻ കത്തോലിക്കാ പള്ളിയുടെ വക വാടക കെട്ടിടത്തിലാണ് ഒരു ഹെഡ് കോൺസ്റ്റബിളും, രണ്ടു പോലീസുകാരുമടങ്ങുന്ന കാട്ടൂർ പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിതമായത്. അന്നു ഈ സ്ഥാപനം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻെറ കീഴിലായിരുന്നു. 1986 ലെ സർക്കാർ ഉത്തരവനുസരിച്ച് 4.8.87 ൽ ഈ സ്ഥാപനം പോലീസ് സ്റ്റേഷനായി ഉയർത്തി. ഒരു ഔട്ട് പോസ്റ്റിൻെറ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഈ കെട്ടിടത്തിൽ ഒരു സബ് ഇൻസ്പെക്ടറും, രണ്ട് അസി. സബ്ബ് ഇൻസ്പെക്ടർമാരും. അഞ്ചു ഹെഡ്കോൺസ്റ്റബിൾമാരും ഇരുപത്തഞ്ചുകോൺസ്റ്റബിൾമാരും ഞെരിഞ്ഞമർന്ന് കഴിഞ്ഞു കൂടുന്നു. ജനങ്ങൾ മുൻകയ്യെടുത്ത് പോലീസു സ്റ്റേഷനു വേണ്ടി ഒരു ഏക്കർ സ്ഥലം സ്ഥലമുടമയിൽ സമ്മർദ്ദം ചെലുത്തി സർക്കാർ അംഗീകൃത വിലയ്ക്കു

നല്ക്കുവാൻ സന്നദ്ധമായെങ്കിലും ബ്യൂറോക്രസിയുടെ ചുവപ്പുനാടയിൽ കുരുങ്ങി ഈ സംരംഭം പരാജയപ്പെടുകയായിരുന്നു. കാട്ടൂർ, പടിയൂർ, പൂമംഗലം പഞ്ചായത്തുകളാണ് കാട്ടൂർ പോലീസ് സ്റ്റേഷന്റെ അധികാര മേഖല.

**5. ഇലക്ട്രിസിറ്റി ഓഫീസ്**

1953 ൽ ഒരു ഓവർ സിയറും, രണ്ട് ലൈൻ മാൻമാരുമായി തുടങ്ങിയ ഈ ഓഫീസ് ഇന്ന് ഒരു അസിസ്റ്റൻറ് എൻജിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സെക്ഷൻ ഓഫീസാണ്. ഈ സ്ഥാപനം ഒരു മേജർ സെക്ഷനാക്കി ഉയർത്തുവാനുള്ള സർക്കാർ ശുപാർശ വന്നെങ്കിലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ ഓഫീസിന് ഒരു മുറികൂടി പണിതുകൊടുക്കുവാൻ കെട്ടിട ഉടമ തയ്യാറാകാത്ത സാഹചര്യത്തിൽ ണേജർ സെക്ഷൻ എന്ന സ്വപ്നം പൊലിഞ്ഞു പോയി. ഈ സെക്ഷന്റെ കീഴിലായിരുന്ന കയ്പമംഗലവും, വലപ്പാടും രണ്ടു സ്വതന്ത്ര സെക്ഷനുകളാക്കി മാറ്റി. കാട്ടൂർ വരേണ്ടുന്ന മേജർ സെക്ഷൻ കയ്പമംഗലമായി. അതോടുകൂടി കാട്ടൂർ ഉണ്ടായിരുന്ന ബില്ലിങ്ങ് യൂണിറ്റ് ഇരിങ്ങാലക്കുടയിലേക്കും പിന്നീട് കയ്പമംഗലത്തേക്കും മാറ്റി.

കാട്ടൂർ പഞ്ചായത്തിലെ മുഴുവൻ സ്ഥലവും, ഇടത്തുരുത്തി പഞ്ചായത്തിലെ ഇടത്തിരുത്തിയും, ചെന്ത്രാപ്പിന്നി ഈസ്റ്റും, താന്ന്യം പഞ്ചായത്തിലെ കീഴുപ്പുള്ളിക്കരയും അഴിമാവും, പൊറത്തിശ്ശേരിയിലെ രണ്ട് വാർഡുകളും, കാറളം പഞ്ചായത്തിലെ നാലുവാർഡുകളുമാണ് ഈ ഓഫീസിന്റെ അധികാര മേഖല, കയ്പമംഗലത്തും, വലപ്പാടും സെക്ഷൻ ഓഫീസുകൾ വരുന്നതിനു മുൻപ് 2000 ത്തോളം ഉപയോക്താക്കളുണ്ടായിരുന്നു. കാട്ടൂർ സെക്ഷനിൽ രണ്ടു സെക്ഷനുകൾ പുതുതായി ഉണ്ടായതിന് ശേഷവും ഇന്ന് 10500 ഉപഭോക്താക്കളുണ്ട്.

**6. ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ**

അവിഭക്ത കാട്ടൂർ പഞ്ചായത്തിലായിരുന്ന 66 K.V സബ് സ്റ്റേഷൻ അറിയപ്പെടുന്നത് കാട്ടൂർ സബ് സ്റ്റേഷൻ എന്ന നിലയിലാണ്. സ്ഥല ദൌർല്ലഭ്യം മൂലം ഈ സബ് സ്റ്റേഷൻ കാട്ടൂർ പഞ്ചായത്തിന് നഷ്ടപ്പെടുമെന്ന ഘട്ടം വന്നപ്പോൾ കാട്ടൂർ റോമൻ കത്തോലിക്ക പള്ളി അധികാരികൾ അവരുടെ വക സ്ഥലം സർക്കാർ അംഗീകൃത വിലയ്ക്ക് ഇലക്ട്രിസിറ്റി വകുപ്പിന് നല്കുകയായിരുന്നു.

**7. കാട്ടൂർ ഗവ. ആശുപത്രി**

കൊച്ചിൻ സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന പ്രശസ്തമായ ആതുരാലയങ്ങളിൽ ഒന്നായിരുന്ന കാട്ടൂർ ഗവ. ഡിസ്പെൻസറി. സമീപ പഞ്ചായത്തുകളിലെ ജനങ്ങളുടെ ചികിത്സക്കുള്ള ഏക ആശ്രയമായിരുന്നു ഈ സ്ഥാപനം. പിന്നീട് 30 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തി. ഗ്രാമ വികസന വകുപ്പിന്റെ N.R.E.P പദ്ധതിയിലൂടെ ബഹുജന പകാളിത്തത്തോടെ സ്വരൂപിച്ച 4.50 ലക്ഷം രൂപ കൂടിച്ചേർത്ത് 62 ബഡുകളുള്ള ജനറൽ വാർഡും, 4 മുറികൾ ഉള്ള പേ വാർഡും, ഓഫീസ് മുറിയുമുള്ള പുതിയ ബ്ലോക്ക് നിർമ്മിച്ചു. ഇന്ന് 70 ബഡ്ഡുകളുള്ള ഒരാശുപത്രിയായി ഇത് ഉയർന്നുവെങ്കിലും ആശുപത്രിക്കാവശ്യമായ നഴ്സുമാരുടെ എണ്ണവും , ഡോക്ടർമാരുടെ എണ്ണവും വർദ്ധിച്ചിട്ടില്ല.

**8. കൃഷിഭവൻ**

1988 കാട്ടൂർ പഞ്ചായത്തിലെ പൊഞ്ഞനത്ത് ദിവംഗതനായ കാട്ടൂർ പിഷാരത്ത് നാരായണൻ കുട്ടി പിഷാരടി ഒരു വർഷത്തേക്ക് സൗജന്യമായി വിട്ടു കൊടുത്ത കെട്ടിടത്തിലാണ് ആദ്യമായി കൃഷിഭവൻ ആരംഭിക്കുന്നത്. പിന്നീട് നെടുംമ്പുരയിലെ ഒരു വാടക കെട്ടിടത്തിലേക്ക് ഇതു മാറ്റി.ഇന്നും അത് അവിടെ തുടരുന്നു.

**9. ആയുർവേദ ഡിസ്പെൻസറി**

1993 ൽ പൊഞ്ഞനത്ത് (നരിക്കുഴി) ശ്രീ. എം.എം മുഹമ്മദാലി സൗജന്യമായി ഒരു വർഷത്തേക്കു വിട്ടു കൊടുത്ത കെട്ടിടത്തിലായിരുന്നു പ്രാരംഭപ്രവർത്തനം. ഒരു വർഷത്തിനു ശേഷം കാട്ടൂർ പഞ്ചാ

യത്തിലെ കുന്നത്ത് പീടികക്ക് അടുത്ത് ഒരു വാടക കെട്ടിടത്തിലേക്ക് പ്രസ്തുത സ്ഥാപനം മാറ്റി. ജനങ്ങളാൽ രൂപീകരിക്കപ്പെട്ട ആയുർവ്വേദാശുപത്രി വികസന സമിതി സൗജന്യമായി ഒരു സ്ഥലം നേടിയെടുക്കുന്നതിനുള്ള തീവ്രശ്രമത്തിലാണിപ്പോൾ

**10. ഗവ. ഹൈസ്ക്കൂൾ**

കൊച്ചിൻ സർക്കാരിൻെറ കീഴിൽ L.P യായും പിന്നീട് U.P യായും ഉയർത്തപ്പെട്ട ഈ സ്ഥാപനം 1987ലാണ് ഹൈസ്ക്കൂളാക്കി ഉയർത്തിയത്. ജനങ്ങൾ രൂപീകരിച്ച കാട്ടൂർ ഗവ. ഹൈസ്ക്കുൾ വികസന സമിതിയും പി. ടി. എ. യും 6 ലക്ഷം രൂപ ബഹുജനസഹകരണത്തോടുകൂടി പിരിച്ചെടുത്ത് ഒരു ഏക്കർ 40 സെൻറ് സ്ഥലവും അതിലേക്കുള്ള വഴിയും വാങ്ങി സർക്കാരിനെ ഏല്പിച്ചിരിക്കുന്നു.. ഇനിയുള്ള പ്രവർത്തനങ്ങൾ സർക്കാരിൻെറ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. 30 അദ്ധ്യാപകന്മാരും മറ്റ് സ്റ്റാഫ് 4 പേരും ഇവിടെ ജോലി ചെയ്യുന്നു.

**11. അങ്കണവാടികൾ**

പതിനേഴ് അങ്കണവാടികൾ സർക്കാർ അനുവദിച്ചിരിക്കുന്നു. നാലു അങ്കണ വാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ബാക്കിയെല്ലാം കുത്തിക്കൂട്ടിയ ഷെഡുകളിലും; വാടക കെട്ടിടങ്ങളിലുമാണ്. സ്വന്തമായ സ്ഥലം ലഭിക്കുവാനുള്ള തീവ്ര ശ്രമത്തിലാണ് സ്ഥലവാസികൾ.

**12. പോസ്റ്റാഫീസ്**

കൊച്ചിൻ സർക്കാരിൻെറ കീഴിലുള്ള ഒരു അഞ്ചൽ ഓഫീസായിരുന്നു പണ്ട് കാട്ടൂരിൽ. അഞ്ചൽ ഓഫീസുകൾ പോസ്റ്റാഫീസുകളായിമാറിയപ്പോൾ കാട്ടു ഗവ. ഹൈസ്ക്കൂളിൻെറ പരിസരത്തായി ഒരു വാടക കെട്ടിടത്തിലാണ് പോസ്റ്റാഫീസ് ആരംഭിച്ചത്.1994 വരെ പ്രവർത്തിച്ചിരുന്ന പോസ്റ്റാഫീസു കെട്ടിടം ജീർണ്ണാവസ്ഥയിലായപ്പോൾ മറ്റൊരു കെട്ടിടം അനിവാര്യമായി വന്നു. വാടകയ്ക്ക് കെട്ടിടം ലഭിക്കാത്ത സാഹചര്യത്തിൽ കാട്ടൂർ പഞ്ചായത്ത് വികസന സമിതി മുൻ കൈയ്യടുത്ത് ഡിപ്പാർട്ടുമെൻെറിൻെറ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു വ്യക്തിയെ കൊണ്ട് കെട്ടിടം പണിയിച്ചു പോസ്റ്റാഫീസു പ്രവർത്തിച്ചുവരുന്നു. പണ്ട് ഈ പോസ്റ്റാഫീസായിരുന്ന അയൽ പ്രദേശത്തുകാർക്ക് കൂടിയുള്ള ഏക കമ്പി ഓഫീസ് മൊത്തം എട്ട് ഉദ്യോഗസ്ഥന്മാർ ഇവിടെ ജോലിചെയ്യുന്നു.

**13. ടെലഫോൺ എക്സ്ചേഞ്ച്**

ദ്രുത ഗതിയിലുള്ള വികസനം നേടിയ ഒന്നാണ് കാട്ടുരിലെ ടെലഫോൺ എക്സ്ചേഞ്ച്. വികസനം വീർപ്പുമുട്ടി നിന്നപ്പോൾ നിലവിലുള്ള കെട്ടിടം അപര്യാപ്തമായി. കെട്ടിടം പണിയുവാനുള്ള സ്ഥലം കാട്ടൂർ പഞ്ചായത്തിൽ വിലക്ക് നല്കുവാൻ പലരും മുന്നോട്ട് വന്നു. പക്ഷേ ഡിപ്പാർട്ടുമെൻെറ അധികാരികൾ സ്ഥലമെടുത്തത് ഇടത്തിരുത്തിയിലായിരുന്നു. അവിടെ കെട്ടിടം പണി പൂർത്തീകരിച്ചു. ഭാവിയിൽ കാട്ടൂർ ടെലഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നത് ഇടത്തിരുത്തിയിലായിരിയ്ക്കും.. നിലവിലുള്ള എക്സ്ചേഞ്ച് കെട്ടിടത്തിൽ പ്രവർത്തനം പിടിച്ചു നിന്നത് ആധുനിക സിഡോട്ടുസിസ്റ്റം മൂലമായിരുന്നു കഴിമ്പ്രം, എടമുട്ടം ഇടത്തിരുത്തി, കാട്ടൂർ, ചെന്താപ്പിന്നി കീഴിപ്പുള്ളിക്കര, കാറളം എന്നീ സ്ഥലങ്ങളാണ് കാട്ടുർ എക്സ്ചേഞ്ച് പരിധിയിൽ വരുന്നത്. ആയിരത്തിലധികം കണക്ഷനുകൾ ഈ എക്സ്ചേഞ്ചിൽ ഉണ്ട്. കാത്തിരിക്കുന്നവർ മൂവ്വായിരത്തോളം വരും

**14. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്**

1962 ൽ വികസന ബ്ലോക്കുകളിലൂടെ ഗ്രാമീണ ജനതയ്ക്ക് ആധുനിക കൃഷി സമ്പ്രദായത്തിൻെറ ബാലപാഠം പഠിപ്പിച്ച പഴയ ഗ്രാമ സേവകൻ ഇന്ന് വില്ലേജ് എക്സ്റ്റെൻഷൻ എന്ന ആധുനിക നാമധേയത്തോടെ ഇവിടെ സേവനം നടത്തുന്നു. ഹരിജൻ സഹകരണ സംഘം കെട്ടിടത്തിലാണ് വില്ലേജ് എക്സ്റെറൻഷൻ ഓഫീസ് ഇന്ന് പ്രവർത്തിക്കുന്നത്.

15. പഞ്ചായത്ത് ഓഫീസ്

റോമൻ കത്തോലിക്കാപ്പള്ളി സൗജന്യമായി വിട്ടുകൊടുത്ത സ്ഥലത്താണ് പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്. 14 ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നു. പഞ്ചായത്താഫീസിൻെറ കീഴിൽ ഒരു ലൈബ്രറിയും പ്രവർത്തിച്ചു വരുന്നുണ്ട്.

# 1.4 സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

പുരാതന കാലം മുതൽക്കെ നമ്മുടെ ഈ പ്രദേശം അറിയപ്പെട്ടിരുന്നത് കാട്ടൂർ എന്ന പേരിൽ തന്നെയാണ്. വേതക്കാട്, ചേക്കാട്, പുതുക്കാട്, താഴേക്കാട്, മണ്ണൂക്കാട്, കാരേക്കാട്, ഇല്ലിക്കാട് എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നതിനാലായിരിക്കണം ഈ പ്രദേശത്തിന് കാട്ടൂർ എന്ന പേരുണ്ടായത്.

ഇൻഡ്യൻ സ്വാതന്ത്രസമരങ്ങളിലും, അനുബന്ധമായ ദേശീയ പ്രസ്ഥാനങ്ങളിലും ഭാരതത്തിലെ ഗ്രാമാന്തരങ്ങളിൽ നടന്ന പ്രവർത്തന ശൈലിയുടെ അനുരണനം കാട്ടൂരിലും ഉണ്ടായിരുന്നു എന്നുള്ളതിൽ കവിഞ്ഞ് പരത്തി പറയാവുന്ന ചരിത്ര സംഭവങ്ങൾക്ക് ഈ ഗ്രാമം സാക്ഷ്യം വഹിച്ചിട്ടില്ലള സ്വാതന്ത്ര്യസമരത്തിൻെറ അമരത്തിരുന്നു ഈ ഗ്രാമത്തെ നയിച്ച പ്രഗത്ഭരായ ചുരുക്കം പേരെയെങ്കിലും ഈ നാട് മുമ്പ് ജന്മം നല്കിയിട്ടുണ്ട്. അവിഭക്ത കാട്ടൂർ പഞ്ചായത്തിലെ കിഴുത്താന്നിയിൽ താമസിച്ചിരുന്ന ശ്രീ. പുത്തൂർ അച്ച്യുതമേനോൻ, കാട്ടൂർ നിവാസികളായ ശ്രീ. സി.എൽ. സെബാസ്റ്റ്യൻ, ഒരു ബീഡി തൊഴിലാളിയായി ജീവിച്ച പള്ളിത്തറ വേലുക്കുട്ടി ഇവരെയെല്ലാം സ്വാതന്ത്ര്യസമരത്തിലൂടെ പട്ടാളത്തിൻേറയും , പോലീസിൻെറയും പീഡനങ്ങൾ അനുഭവിച്ചവരാണ്. പില്ക്കാലത്ത് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രണേതാക്കളായി മാറി ശ്രീ. പുത്തൂരും, സി.എൽ. സെബാസ്റ്റ്യനും. ശ്രീ. പള്ളിത്തറ വേലുക്കുട്ടിയുടെ കൂടിയുള്ള രാഷ്ട്രീയ ജീവിതം കമ്മ്യൂണിസത്തിലായിരുന്നു.

കാട്ടൂർ പഞ്ചായത്തിൻെറ അയൽപ്രദേശമായ നാട്ടിക ഫർക്കയിൽ സ്വാതന്ത്ര്യ സമരനേതാക്കളെ രാവും, പകലും പോലീസ് വേട്ടയാടി നടന്നപ്പോൾ ഈ നേതാക്കളുടെ അഭയ കേന്ദ്രങ്ങളായി പ്രവർത്തിച്ചത് കാട്ടൂരിലെ പല കുടുംബങ്ങളുമായുരുന്നു. ഇത്തരത്തിൽ സ്വാതന്ത്യ സമരത്ത പരോക്ഷമായി സഹായിച്ച ഒരു ചരിത്രവും കൂടി കാട്ടൂരിനുണ്ട്. കൂടാതെ പരസ്പര സഹായ സംഘങ്ങൾ ഉടലെടുക്കുന്നതിന് മുൻപ് കാട്ടുരിൽ രൂപീകരിച്ച ഗ്രാമോദ്ധാരണ സമിതിയ്ക്കും സ്വാതന്ത്ര സമരങ്ങളിൽ അവിസ്മരണീയമായ പങ്കാണുള്ളത്.

സവർണാധിപത്യമുള്ള ഒരു പ്രദേശമായിരുന്നു ഈ പഞ്ചായത്ത്. ഇത് കൂടുതൽ പ്രകടമായിരുന്നത് പൊഞ്ഞനം ക്ഷേത്രവുമായി ബന്ധപ്പെട്ടാണ്. സവർണാധിപത്യമുള്ള ക്ഷേത്രങ്ങളിൽ അവർണർ പ്രവേശിച്ചാൽ കണ്ണ് പൊട്ടിപ്പോകുമെന്ന ഒരു വിശ്വാസം ഇവിടെ പ്രചരിപ്പിച്ചിരുന്നു. ക്ഷേത്രപ്രവേശന വിളംബരത്തോടനുബന്ധിച്ച് എടത്തിരുത്തി അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ അയിത്ത ജാതിക്കാർക്ക് പ്രവേശനം ലഭിച്ചെങ്കിലും പൊഞ്ഞനം ക്ഷേത്രത്തിൽ അതുണ്ടായില്ല.ഇതിനെ തുടർന്ന് അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ നിന്നും ശിവൻെറ പൂരം പതിവ് പോലെ പൊഞ്ഞനം ക്ഷേത്രത്തിലേക്ക് എത്തിയെങ്കിലും പൊഞ്ഞനത്തമ്മ ഇറങ്ങിവന്ന് ദേവനെ സ്വീകരിക്കുകയുണ്ടായില്ല. അയിത്ത ജാതിക്കാർ തീണ്ടിയ ദേവനായതിനാലാണ് ദേവി ദേവനെ സ്വീകരിക്കാതിരുന്നതെന്നാണ് ഐതിഹ്യം.

രാജഭരണത്തിൻ കീഴിൽ സവർണ്ണസമുദായങ്ങൾക്ക് മാത്രം നിയമം കൊണ്ട് സംരക്ഷണം നല്കി 10 നും 11നും നടത്തിയിരുന്ന അടിയന്തരം അക്കാലത്ത് ഹരിജനവിഭാഗങ്ങൾക്കും, ഈഴവ സമുദായങ്ങൾക്കും അനുവദനീയമായിരുന്നില്ല. അവിഭക്ത കാട്ടൂർ പഞ്ചായത്തിലെ താണിശ്ശേരിയിൽ ഒരു പ്രബല ഈഴവ കുടുംബാഗമായ മേനാത്ത് ശ്രീ അയ്പ്പുണ്ണിയുടെ പിതാവു മരണപ്പെട്ടപ്പോൾ ബന്ധുക്കൾ സവർണ്ണർ നടത്തുന്നതുപോലെ അടിയന്തരങ്ങൾ നടത്തുവാൻ നിശ്ചയിച്ചു. ഇതിനു കാർമികത്വം വഹിച്ചത് ശ്രീ. ബോധാനന്ദസ്വാമികളായിരുന്നു. സവർണ്ണർക്ക് മാത്രം സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഈ കർമ്മം ഈഴവർ നടത്തുന്നതു തടയുവാൻ അന്ന് സവർണ്ണമേധാവികളുടെ പിൻ ബലത്തിൽ നായർ സമുദായത്തിൽപ്പെട്ട ഒട്ടേറെ ആളുകൾ മാരകായുധങ്ങളുമായി താണിശ്ശേരി മേനാത്ത് വീട്ടിലേക്ക് മാർച്ച് ചെയ്തു. അവിടെ വെച്ച് ഇരു കൂട്ടരും ഏറ്റുമുട്ടി. രാജകിങ്കരന്മാർ ഒട്ടേറെ ഈഴവരെ അറസ്റ്റു ചെയ്തു ജയിലിലിട്ടു. പലർക്കും പരിക്കുപറ്റി. പില്ക്കാലത്ത് താണിശ്ശേരി കലാപം എന്നറിയപ്പെട്ടിരുന്ന ഈ ചരിത്ര സംഭവം ജാതിയതക്കെതിരെ നടന്ന സംഭവബഹുലമായ ഒരു വിപ്ലവമായിരിന്നു.

ഈഴവ സമുദായത്തിലെ അനാചാരങ്ങളായ കാതുകുത്ത് കല്ല്യാണം, തിരണ്ടു കല്ല്യാണം, പുലയടിയന്തരം എന്നിവക്കെതിരെ ശ്രീ നാരായണ ഗുരു സ്വാമികളുടെ വചനങ്ങൾ കോളിളക്കം സൃഷ്ടിച്ചിരുന്നു കാലത്തും ഈ ഗ്രാമീണ ജനത ആ വചനങ്ങളെ സഹർഷം സ്വാഗതം ചെയ്തിരുന്നു. ജാതീയതക്കെതിരെ ശക്തമായി പ്രതികരിച്ച രണ്ട് സംഘടനകളും ആകാലത്തു കാട്ടൂരിൽ ജന്മമെടുത്തു. പുലയ ജനമഹാസഭയും എസ്. എൻ.ഡി.പി.യും

ഓരോ മത വിഭാഗങ്ങളും അവരുടെ തനതായസംസ്കാരം ജീവിതത്തിൽ നിലനിറുത്തി കൊണ്ടു തന്നെ ഇതര മത വിഭാഗങ്ങളുമായി സഹവർത്തിത്തോടുകൂടി കഴിയുന്ന ഒരു ജീവിത സപര്യയായിരുന്നു കാട്ടൂരിൽ പണ്ടു മുതൽക്കെ.

കാട്ടുരിലെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക മണ്ഡലങ്ങളിൽ ട്രെയ്ഡ് യൂണിയനുകൾ വഹിച്ച പങ്ക് അവിസ്മരണീയമാണ്. 1935 കളിൽ പ്രബലമായ ഒരുട്രേയ്ഡ് യൂണിയൻ പ്രസ്ഥാനം കാട്ടുരിൽ വളർന്നിരുന്നു. അതിൽ നിർണ്ണായകമായ പങ്കിവഹിച്ചത് ബീഡി തൊഴിലാളികളായിരുന്നു. ദിനപത്രങ്ങൾ സ്വന്തമായി വാങ്ങിക്കുവാൻ കഴിവില്ലാതിരുന്ന ബീഡി തൊഴിലാളികൾ ഓരോ യൂണിറ്റിലും പത്രം ഉറക്കെ വായിക്കുവാൻ ഒരു തൊഴിലാളിയെ ഏർപ്പാടുചെയ്യുകയും, മറ്റുള്ളവർ തൊഴിലിന്റെ കൂടെ അത് കേൾക്കുകയും ചെയ്യുമായിരുന്നു. ഇതു വായിക്കുന്ന തൊഴിലാളിയുടെ വേതനം മറ്റുള്ളവർ പങ്കു വെച്ചു നല്കുകയും ചെയ്യും. അങ്ങിനെ ഒരു സാംസ്ക്കാരികസരണിയും, രാഷ്ട്രീയ അവബോധവും വളർത്തിയെടുത്ത ഒരു തലമുറ ഈ ഗ്രാമത്തിൽ ജീവിച്ചിരുന്നു. അതിൽ പലരും പിന്നിട് രാഷ്ട്രീയ നേതൃത്ത്വനിരയിലേക്ക് ഉയർന്നു. സാമൂഹ്യ പ്രവർത്തനത്തിൽ മിച്ചം വരുന്ന സമയം ചിലവഴിച്ചവരും ഇവരിലുണ്ടായിരുന്നു. അവർ വയോജന വിദ്യാഭ്യാസത്തിന്റെ ഉപയോക്താക്കളായി പിന്നീട്മാറി. അതിന് സാംസ്ക്കാരിക പൈതൃകം വളർത്തിയെടുത്ത പാരമ്പര്യവും കാട്ടൂരിന് അവകാശപ്പെടാനുണ്ട്.

ഏകദേശം ഈ കാലഘട്ടത്തിൽ തന്നെയാണ് കർഷക പ്രസ്ഥാനങ്ങളുടെ വളർച്ചയും. കൃഷിഭൂമികളിൽ ഭൂരിഭാഗവും പാട്ടഭൂമികളും, അവയിൽ ഭൂരിഭാഗവും സവർണ്ണരുടേയും, ഹൈന്ദവസ്ഥാപനങ്ങളുടേയും അധീനതയിലുമായിരുന്നു. ജന്മി കൂടിയാൻ ബന്ധത്തിന്റെ ബലിഷ്ഠമായ സൗഹൃദവും, നിഷ്ഠൂരമായ കുടിപ്പകയും കാട്ടൂരിന്റെ കാർഷിക ചരിത്രത്തിലുണ്ട്. ഹൈന്ദവ, ക്രൈസ്തവ,മുസ്ലീം ജന്മിമാരുടെ അധികാരപ്രമത്തതയിൽ ജീവിതം ദുസ്സഹമായി തീർന്ന പാട്ട കുടിയാന്മാർ കാലത്തിന്റെ നിർജനിയിൽ നിന്ന് പാഠങ്ങൾ പഠിച്ചു, കൂട്ടായ വിലപേശലിന് കളമൊരുക്കി. ഇതിന് ഫലമു

ണ്ടായി. നിലനിറുത്തുവാൻ പില്ക്കാലത്ത് സാധിച്ചില്ല. ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്ന പല സംഘടനകളും പിന്നീട് പൊഴിഞ്ഞുപോയി.

കേരളത്തിലെ കാർഷിക നിയമങ്ങൾ സജീവമായി നടപ്പിലാക്കിയ കോൾ കൃഷി ഭൂമികളിലും അവയുടെ ഉടമസ്ഥാവകാശങ്ങളിലും മാറ്റങ്ങൾ വന്നു. പാട്ട ഭൂമികൾ കൃഷിക്കാരൻെറ സ്വന്തമായപ്പോൾ പലർക്കും നേട്ടങ്ങളുണ്ടായി. കൃഷികളിൽ നേരിട്ടിറങ്ങാതെ പാട്ടക്കാരെ ആശ്രയിച്ചു കഴിഞ്ഞുകൂടിയിരുന്ന പല ജന്മിമാരും പാപ്പരായി. പത്ത് സെൻെറ് ഭൂമിപോലുംമില്ലാത്ത ഒരു കുടുംബവും ഈ ഗ്രാമത്തിലില്ലായിരുന്നു. വൻകിടജന്മി എന്ന പദപ്രയോഗം കാട്ടൂരിനെ സംബന്ധിച്ചിടത്തോളം ചരിത്രത്തിൻെറ ഭാഗമായി. കേരളവ്യാപകമായി ഈ മാറ്റങ്ങൾ ഉണ്ടായെങ്കിലും ഈ നിയമം കൊണ്ട് ചിരിച്ചവരും, കരഞ്ഞവരും ഒട്ടേറെയുണ്ടായിരുന്നു ഈ ഗ്രാമത്തിൽ.

വിദ്യാഭ്യാസപരമായി പണ്ടുമുതല്ക്കേ ഒട്ടേറെ മുന്നോട്ടു പോയ ഒരു ഗ്രാമമാണ് കാട്ടൂർ. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർ ഇവിടെ മിക്ക കുടുംബങ്ങളിലും ഉണ്ടായി. നൂറു വർഷത്തിലേറെ പഴക്കമുള്ള സ്വകാര്യ ഹൈസ്ക്കൂൾ കാട്ടൂരിലേയും, സമീപ പ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് ഒരുതാങ്ങായിരുന്നു.

ആരോഗ്യം, വസ്ത്രം, പാർപ്പിടം, ഗതാഗതം എന്നീ രംഗങ്ങളിൽ ഈ ഗ്രാമം നേടിയ നേട്ടങ്ങളും, കോട്ടങ്ങളും, നടന്നു വന്ന വഴികളും പിന്നാലെ വരുന്ന വിശദീകരണങ്ങളിൽ സംക്ഷിപ്തമായി കുറിച്ചിരിക്കുന്നു. വിസ്തരഭയം കൊണ്ട് രേഖകളിൽ നിന്ന് അതു മാറ്റി നിറുത്തുന്നു.

# 1-5 ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ഈ ;ഗ്രാമത്തിൻെറ കിഴക്കൻ മേഖല ഉയർന്ന ചെമ്മൺ പ്രദേശമാണ്. അവിടെ നിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്ന പ്രദേശം കളിമണ്ണ്, മണലും കലർന്ന പശിമരാശി മണ്ണ് ആണ്. പടിഞ്ഞാറോട്ട് എക്കൽ മണ്ണ് തീർത്ത പ്രദേശങ്ങളാണ് കാട്ടൂർ പഞ്ചായത്തിൻെറ തെക്ക് ഭാഗത്ത് ഏകദേശം 150 ഹെക്ടർ വയൽ പരന്ന് കിടക്കുന്നു. ഈ പഞ്ചായത്തിൻെറ 40% ചെമ്മൺ പ്രദേശവും 37 % മണൽ കലർന്ന കളിമണ്ണ് പ്രദേശവും 23 % എക്കൽ മണ്ണ് പ്രദേശവുമാണ് പഞ്ചായത്തിൻെറ തെക്കൻ ഭാഗത്തും പടിഞ്ഞാറ് ഭാഗത്തും വേലിയേറ്റക്കാലങ്ങളിൽ ഉപ്പ് വെള്ളം കയറുന്ന പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിലെ പ്രധാന കൃഷി തെങ്ങ് കൃഷിയാണ്.

**ചെങ്കൽ പ്രദേശം**

തെങ്ങ്, കവുങ്ങ്, കശുമാവ് പ്ലാവ് മുതലായ ഫലവൃക്ഷങ്ങളും ധാരാളമായി വളരുന്ന ഈ പ്രദേശം സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 40 മീറ്റർ ഉയരത്തിലാണ്. ഗ്രാമത്തിൻെറ ഈ ഉയർന്ന മേഖലയുടെ കിഴക്കേ അറ്റം കുത്തനെ സ്ഥിതി ചെയ്യുന്നു.

**കളിമണ്ണ് പ്രദേശം**

പൊഞ്ഞനം, വലക്കഴ, തേക്കും മൂല, വാടച്ചിറ മുതലായ പ്രദേശങ്ങൾ ഉൾപ്പെട്ട തണ്ണിച്ചിറ മുതൽ പുത്തൻതോട് വരെയുള്ള ഭൂവിഭാഗമാണിത്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു. നെല്ലും, തെങ്ങും മറ്റ് ഇടവിളകളും ഇവിടെ കൃഷിചെയ്യുന്നു. ഈ പ്രദേശങ്ങിൽ വയലുഷൾ നികത്തി തെങ്ങ് കൃഷി നടത്താനുള്ള പ്രവണത ശക്തമാണ്. സമുദ്ര നിരപ്പിൽ നിന്ന് 25 മീറ്റർ ഉയരത്തിലാണ് ഈ ഭൂവിഭാഗം സ്ഥിതി ചെയ്യുന്നത്.

**എക്കൽ മണ്ണ് പ്രദേശം**

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 10–15 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ജനസാന്ദ്രതയിൽ മുൻ നിരയിലാണ്. ഫലഭൂയിഷ്ഠമായ ഇവിടത്തെ മണ്ണ് തെങ്ങ്,നെല്ല് എന്നിവ കൃഷി ചെയുന്നതിന് അനുയോജ്യമാണ്. വെള്ളപ്പൊക്കം ഈ പ്രദേശത്തെ ഒരു പേടിസ്വപ്നമാണ്. കനോലി കനാലിന്റെ ഇരു വശങ്ങളിലും മണ്ണ് ഇടിയൽ മൂലം നാശനഷ്ടങ്ങൾ വിതയ്ക്കാറുണ്ട്.

# 1- 6 ജനപ്രകൃതി

കാട്ടൂർ ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 16,905 ആണ്. ഇതിൽ 7810 പേർ പുരുഷൻമാരും 9095 പേർ സ്ത്രീകളുമാണ്. ജനസാന്ദ്രത ച.കി.മീറ്ററിന് 1445 ആണ്. മൊത്തം ജനസംഖ്യയിൽ പട്ടിക ജാതിക്കാർ 14 % വരുന്നു. പഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ 641 ആൺകുട്ടികളും 544 പെൺകുട്ടികളും ഉൾപ്പെടുന്നു. താരതമ്യേന ഉയർന്ന സാക്ഷരതാ നിലവാരമുള്ള പഞ്ചായത്താണ് കാട്ടൂർ പഞ്ചായത്ത്. പുരുഷൻമാരിൽ 82% ഉം സ്ത്രീകളിൽ 79% ഉം സാക്ഷരരാണ്.

ഹിന്ദു- മുസ്ലീം- ക്രിസ്ത്യൻ മതവിഭാഗത്തിൽ പെട്ടവരാണ് ജനങ്ങൾ. വിവിധ മതവിഭാഗങ്ങളിൽ പെട്ടവർ ഇടകലർന്നാണ് താമസിച്ച് വരുന്നത്.

വിദ്യാഭ്യാസത്തോട് ഏറെ ആഭിമുഖ്യം കാണിക്കുന്ന ജനതയാണ് പഞ്ചായത്തിലുള്ളത്. യുവജനങ്ങളിൽ ഭൂരിഭാഗവും ബിരുദധാരികളാണ്. ബിരുദാനന്തരബിരുദമുള്ളവരും പ്രൊഫഷണൽ വിദ്യാഭ്യാസയോഗ്യത നേടിയവരും ഏറെയുണ്ട്.

കർഷകരും വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുമാണ് ജനങ്ങളിൽ കൂടുതലും. വ്യാപാരം തൊഴിലായി സ്വീകരിച്ചവരും കുറവല്ല. അദ്ധ്യാപനം, സർക്കാർജീവനം, വ്യവസായം എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരും ഉണ്ട്. യുവജനങ്ങളിൽ ഒരു വലിയ വിഭാഗം തൊഴിൽ ഇല്ലാത്തവരാണ്. ഏകദേശം ആയിരത്തോളം പേർ അന്യദേശങ്ങളിൽ തൊഴിൽ ചെയ്യുന്നുണ്ട്.

മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തുന്നവരാണ് ഇവിടത്തെ ജനത. താരതമ്യേന ദരിദ്രർ ഇവിടെ കുറവാണ്.

"മനുഷ്യരുടെ പ്രവൃത്തിയാണ്
അവരുടെ ചിന്തയുടെ
ഏറ്റവും നല്ല
വ്യഖ്യാതാക്കൾ"

**ലോഷെ**

# അധ്യായം 2







## കൃഷി

## ജലസേചനം

# 2-1 കൃഷി

## കാർഷിക ചരിത്രം

വളരെ പണ്ട് മുതൽ നെൽകൃഷി കാട്ടൂർ പഞ്ചായത്തിൽ ഗണ്യമായ തോതിൽ ഉണ്ടായിരുന്നു. ആദ്യകാലത്ത് കർഷക പ്രസ്ഥാനങ്ങൾ സജീവമായിരുന്നില്ല. കൃഷിഭൂമിയിൽ ഭൂരിഭാഗവും പാട്ട ഭൂമികളായിരുന്നു. നാട്ടിലെ ജന്മിമാരുടെ മേലാധികാര പ്രവർത്തതയിൽ പാട്ട കുടിയാൻമാർ കഷ്ടതകൾ അനുഭവിച്ചിരുന്നു. ഭൂപരിഷ്കരണ നിയമങ്ങൾ എതിർപ്പില്ലാതെ ഈ പ്രദേശങ്ങളിൽ സുഗമമായി നടപ്പിലാക്കാൻ കഴിഞ്ഞു.

പ ഴ യ ഒട്ടേറെ നെൽപ്പാടങ്ങൾ പറമ്പുകളായി. കനോലി കനാലിന്റെ തീരം, പട്ടരുടെ പാടം, നരിക്കുഴി പാടം, അങ്ങാടിപ്പാടം, പറയൻ കടവ് പാടം, പുതുക്കാട്, ചേക്കാട്, വലക്കഴ പാടം, പൊട്ടക്കടവ് പാലം എന്നിവ പൂർണ്ണമായും മറ്റു പാടശേഖരങ്ങൾ ഭാഗികമായും പറമ്പുകളായി. ധാരാളം വീടുകളും, വാണിജ്യ വ്യവസായ സ്ഥാപനങ്ങളും അവിടെ ഉയർന്നിരിക്കുന്നു.

കാട്ടൂർ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ നാലാം ദശകത്തിലാണ് കർഷക പ്രസ്ഥനങ്ങൾ ഉടലെടുത്തത്. ചില പ്രത്യേക പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഉടലെടുത്ത പല സംഘങ്ങളും പിന്നീട് നിർജ്ജീവമായെങ്കിലും ഇന്ന് കാട്ടൂർ പഞ്ചായത്തിൽ, കാട്ടൂർ തെക്കും പാടം ഗ്രൂപ്പ് ഫാമിങ്ങ് സംഘം, അകമ്പാടം പുറമ്പാടം കർഷകസേവാസമിതി, വെള്ളാനിപ്പാടം ഗ്രൂപ്പ് ഫാമിങ്ങ് സംഘം, മുനയം തണ്ണിച്ചിറ പൊഞ്ഞനം ഗ്രൂപ്പ് ഫാമിങ്ങ് സംഘം എന്നിവയും ,കൃഷിഭവൻ കേര വികസന സമിതിയും സജീവമായി നിലകൊള്ളുന്നു. ഇല്ലിക്കാട് മേഖലയിൽ കേരകൃഷിക്കായി രൂപം കൊടുത്തിട്ടുള്ള സാമൂഹ്യ ജലസേചന പദ്ധതിയോടനുബന്ധിച്ച് നവോദയ കർഷക സംഘം കരാഞ്ചിറ ലിഫ്റ്റ് ഉറിഗേഷൻ പദ്ധതിയോടനുബന്ധിച്ചുള്ള കേ കർഷക സംഘം എന്നിവയും സജീവമായി പ്രവർത്തിച്ചു വരുന്നു. ഭൂരിഭാഗവും നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങൾക്കും പമ്പ് സെറ്റുകൾ, ട്രില്ലർ, മെതിയന്ത്രം, സ്പ്രേയറുകൾ, ട്രാക്ടർ, വിത്ത് സംഭരണികൾ, ഓഫീസ് സൗകര്യങ്ങൾ എന്നിവയുണ്ട്. കൃഷിഭവനുകൾ വഴിയുള്ള സഹായങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നത് സംഘങ്ങളുടെ പ്രവർത്തനത്തിൽ മാന്ദ്യത വരുത്തിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 11.70 ചതുരശ്ര കി.മി ആണ്. ഭൂവിനിയോഗവിവരം പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

## പട്ടിക -1
### ഭൂവിനിയോഗം

| ക്രമ നമ്പർ | വിനിയോഗം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | നിലം | 302.35 | 25.84 |
| 2 | പുരയിടം | 781.29 | 66.75 |
| 3 | പുറമ്പോക്ക് | 76.02 | 6.49 |
| 4 | കൃഷിയോഗ്യ തരിശ് | 10.34 | 0.09 |
| 5 | കൃഷിയോഗ്യമല്ലാത്ത തരിശ് | ഇല്ല | ഇല്ല |
| | ആകെ | 1170.00 | 0.85 |

അകമ്പാടം പുറമ്പാടം കർഷകസംഘവും, വെള്ളാനിപ്പാടം കർഷക സംഘവും സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിച്ച് സ്വന്തം നിലയിൽ ജലസേചന ജല നിർഗ്ഗമന സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എന്നാൽ കാട്ടൂർ തെക്കും പാടത്തെ ചെറുകിട ജലസേചന വിഭാഗമാണ് പമ്പിങ്ങ് പ്രവർത്തനങ്ങൾ നടത്തുന്നത്. സർക്കാരിൽ നിന്ന് കർഷകർക്ക് നല്കിയിരിക്കുന്ന മോട്ടോർ പെട്ടിപറ സെറ്റുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 1958 ൽ കാട്ടൂർ തെക്കും പാടത്ത് എം.എം. കനാൽ നിർമ്മിച്ചു. K.L.D.C കനാലിൻെറ ഭാഗമാണ് ഇതും. അകമ്പാടം, വെള്ളാനി പാടം, കാട്ടൂർ തെക്കും പാടം എന്നിവടങ്ങളിൽ കാഡായുടെ കനാൽ പണികൾ ആരിഭിച്ചിട്ടുണ്ട്. 1975 ൽ KTLI സ്കീം പ്രവർത്തനം ആരംഭിച്ചു.

വേത്ത്, കയറ്റുകൊട്ട, തുലം കൊട്ട, ചക്രം, കാളതേക്ക് എന്നിവയായിരുന്നു പഴയകാലത്തെ ജലസേചന ഉപകരണങ്ങൾ നാലു മുതൽ ഇരുപത്തി രണ്ട് ഇല വരെയുള്ള ചക്രങ്ങൾ നിലവിലുണ്ടായിരുന്നു. ക്രമേണ ഓയിൽ എഞ്ചിനുകളും ഇലക്ട്രിക് പമ്പുകളും, പെട്ടിപറ സെറ്റുകളും ഉപയോഗത്തിൽ വന്നു.

പണ്ടുകാലത്ത് ജൈവവളങ്ങൾ വളരെ സുലഭമായിരുന്നു. ഉഴവുകാളകളും മറ്റു മാടുകളും ഭൂവുടമകളുടെ കൈവശമുണ്ടായുരുന്നു. കാളവണ്ടികളായിരുന്നു പ്രധാന ചരക്കുഗതാഗത ഉപാധി. 1965 നോടടുത്ത് മുപ്പതോളം കാളവണ്ടികൾ ഉണ്ടായിരുന്നത് ഇന്ന് നാലായി കുറഞ്ഞു. കാളത്തേക്കും, ചക്രം ചവിട്ടും അറിയാവുന്നവർ വിരളമായിരുന്നു. തുമ്പി തുള്ളുന്നവരും ഇല്ലാതായി. തേക്കു പാട്ടും, ചക്രം ചവിട്ടു പാട്ടും, കൊയ്ത്തു പാട്ടും കാലയവനികക്കുള്ളിലായി. വിസ്തൃത പറമ്പുകളും വേലിക്കെട്ടുകളും ഇല്ലാതായതോടെ പച്ചില വളങ്ങളുടെ ലഭ്യത വളരെ കുറഞ്ഞു. കറവമാടുകൾ കുറെ ഉള്ളതുകൊണ്ട് ചാണകത്തിൻെറ ലഭ്യത കുറച്ചെങ്കിലുമുണ്ട്. പക്ഷെ നെൽ കൃഷിക്കു ചാണകമുപയോഗിക്കുന്നവർ വളരെ കുറവായിരിക്കുന്നു. പകരം പിണ്ണാക്ക്, രാസവളങ്ങൾ എന്നിവ പ്രചാരത്തിലായിരിക്കുന്നു. കർഷകത്തൊഴിലാളികൾ സ്വയം നെൽപ്പാടങ്ങളിൽ ചാരംകൊണ്ടിട്ടാലെ കൊയ്യാനൊക്കൂ എന്ന നാട്ടുനടപ്പ് കർഷകചട്ടം രാസ വളങ്ങളുടെ ആവിർഭാവത്തോടെ നിലച്ചുപോയി എന്നത് ഒരു തൊഴിൽ ചരിത്രമാണ്. കറ്റ തല്ലിക്കലില്ല, കറ്റ തല്ലുന്നവരുമില്ല. കൊയ്തു കറ്റ കർഷകൻെറ വീട്ടിലെത്തിക്കാൻ തലച്ചുമ തള്ളുവണ്ടികളും കാളവണ്ടികളുമായിരുന്നെങ്കിൽ ഇന്ന് മോട്ടോർ വാഹനങ്ങൾ ആണ് ഉപയോഗിക്കുന്നത്. പലരും പാടത്ത് വച്ച് തന്നെ മെതിക്കാൻ തുടങ്ങിയിരിക്കുന്നതും മാറ്റത്തിൻെറ മുഖമാണ്

പാപ്പരായ കർഷക സംഘങ്ങളും നേതാക്കളുമായിരുന്നു പണ്ടത്തെ കഥയെങ്കിൽ പല കർഷകസംഘങ്ങൾക്കും സാമ്പത്തികാടിത്തറയും സ്വന്തം ആഫീസും ഉണ്ടയിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

1988 ൽ കൃഷിഭവൻെറ ആവിർഭാവം ഉദ്യോഗസ്ഥരും കർഷകരുമായിട്ടുള്ള അകലം കുറച്ചു. പക്ഷേ വേണ്ടത്ര ഉദ്യോഗസ്ഥർ ഇന്ന് ഇല്ലെന്നുള്ളത് ഒരു ദുഃഖ സത്യം മാത്രം.

കുട്ടാടൻ, കുളപ്പാല,ഓണവട്ടൻ, അതിയൻ, നവര, കൊടിയൻ, ആര്യൻ, തവളക്കണ്ണൻ എന്നീ പഴമയിലെ വിത്തിനങ്ങൾ കൃഷിചെയ്യാറേ ഇല്ല. ഇവയുടെ സ്ഥാനം അത്യുൽപാദനശേഷിയുള്ള പുതിയ നെൽ വിത്തുകൾ കൈയടക്കിയിരിക്കുന്നു.അപൂർവ്വമായി ചീര, ചിറ്റേനി എന്നിവ വരുന്നുണ്ട് പഴയ 10–15 വിളവെന്നത്പോയി 35–40–50 എന്നീനിലയിലേക്ക് ഇയർത്താൻ കഴിഞ്ഞിരിക്കുന്നു. ഒപ്പം കൂലി നിരക്കും വളത്തിൻറ വിലയും പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു.

ആദ്യകാലങ്ങളിൽ കർഷകത്തൊഴിലാളികൾക്ക് കൂലി,നെല്ല്, നാളികേരം, എന്നിവയായാണ് നൽകിയിരുന്നത്. എന്നാൽ അമ്പത് വർഷങ്ങൾക്ക് മുമ്പേ കൂലി പണമായി നൽകാൻ തുടങ്ങി ഇന്ന് തെങ്ങ് കയറ്റത്തൊഴിലാളികളിൽ ചിലർക്ക് കൂലി നാളികേരവും പണവുമായി നൽകിവരുന്നുണ്ട്.

കർഷകസംഘടനകൾ ഉണ്ടെങ്കിലും ശരിയായ സംഘടനാബോധം കർഷകരിൽ മിക്കവർക്കും ഇല്ല. ആനുകൂല്യങ്ങൾ കിട്ടാനുള്ള മാധ്യമങ്ങൾ ആയി മാത്രം ഇവർ കൃഷിഭവനേയും സംഘടനകളേയും കാണുന്നു. ജനകീയ പങ്കാളിത്തപദ്ധതികൾ പലതും പാളിപോകാനും കാലതാമസം വരാനും കാരണം ഇതാണ്. കൂട്ടായ്മയില്ലായ്മ കാർഷികമേഖലയുടെ പിന്നോക്കാവസ്ഥക്കും, കർഷകരുടെ പ്രശ്നങ്ങൾ അധികാരികൾ വേണ്ടവിധം പരിഗണിക്കാത്തതിനും കാരണമായിരിക്കുന്നു. ഇതിനൊരു മാറ്റം ഗ്രാമസഭകൾ വഴി കൈവന്നിരിക്കുന്നു. ഗ്രാമസഭകളെ തട്ടിയുണർത്തിയ ജനകീയ ആസൂത്രണപ്രസ്ഥാനം വിജയിക്കട്ടെ.

"നാടിൻെറ നട്ടെല്ല് കർഷകരത്രെ"

## പൊതുപ്രശ്നങ്ങൾ

1. തൊഴിലാളിക്ഷാമം
2. യന്ത്രവത്ക്കരണ സൗകര്യങ്ങളുടെ അപര്യാപ്തത
3. കൃഷിഭവൻറ പ്രവർത്തനം കാര്യക്ഷമമല്ലാത്തത്.
4. കൃഷിമാത്രം തൊഴിലായിട്ടുള്ള കർഷകരുടെ സാമ്പത്തിക തകർച്ച.
5. കൂടുതൽ ആദായമുണ്ടാക്കാൻ ഉത്പാന്നങ്ങളുടെ വിലയിടിവ്
6. കൂടുതൽ ആദായമുണ്ടാക്കാൻ അനുബന്ധ കൃഷിയിറക്കുവാനും, മുഖ്യകൃഷി വികസിപ്പിക്കുവാനുമുള്ള സാമ്പത്തിക സഹായങ്ങളുടെ അഭാവം.
7. പുതിയ തലമുറക്ക് കാർഷിക രംഗത്തോടുള്ള താല്പര്യക്കുറവ്.
8. ഊർജജ ലബ്ധിക്കുള്ള കാലതാമസം
9. കാർഷികാധിഷ്ടിത വ്യവസായങ്ങൾ വളരെ കുറവായിരിക്കുന്നത്
10. കാർഷികരംഗത്തെ വ്യാവസായിക വൈവിദ്ധ്യവത്ക്കരണത്തെക്കുറിച്ചുള്ള കർഷകരുടെ അജ്ഞത.
11. ജലദൗർലഭ്യം

## പരിഹാരനിർദ്ദേശങ്ങൾ

1. ജലദൗർലഭ്യം പരിഹരിക്കിവാൻ അടിയന്തിര നടപടി കൈകൊള്ളണം .(വിശദാംശങ്ങൾ ജലസേചനത്തിൽ കൊടുത്തിട്ടുണ്ട്)
2. നടീൽ യന്ത്രങ്ങൾ, കൊയ്ത്ത്മെതിയന്ത്രങ്ങൾ, കളപറിക്കൽ യന്ത്രങ്ങൾ തെങ്ങു കയറ്റയന്ത്രങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമായാൻ തൊഴിലാളിക്ഷാമം ഒരു പരിധി വരെ നിയന്ത്രിക്കാം.
3. നൂതന കൃഷിസങ്കേതങ്ങളും കാർഷികഗവേഷണ ഫലങ്ങളും കൃഷിക്കാരിലേക്ക് എത്തിക്കുന്നതിന് നിലവിലുള്ള കൃഷിഭവൻ സംവിധാനം ഒട്ടും പര്യാപ്തമല്ല കാർഷിക രീതികളിൽ അതത് കാലത്ത് വരുന്ന മാറ്റങ്ങളും പുതിയ അറിവുകളും കർഷകരിലേക്ക് യഥാസമയം എത്തിക്കുന്നതിനും പ്രയോഗിക്കപ്പെടുന്നതിനും കഴിവും സന്നദ്ധതയും ഉള്ള ഉദ്യോഗസ്ഥൻമാരുടെ സേവനം കൃഷിഭവനിൽ ലഭ്യമാക്കണം. കർഷകർക്ക് വേണ്ടി സെമിനാറുകൾ, ചർച്ചക്ലാസുകൾ, പരിശീലനപരിപാടികൾ എന്നിവ ദൃശ്യ ശ്രവ്യ മാധ്യമങ്ങളുടെ സഹായംത്തോടെ നടത്തുന്നതിന് സ്ഥിരം സംവിധാനം വേണം.
4. കൃഷി ആവശ്യത്തിനുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ, കാലവിളംബം ഇല്ലാതെ ലഭ്യമാക്കണം.
5. കാർഷികകോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സംവിധാനം ഉണ്ടാക്കണം.
6. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾക്ക് ഏറ്റവും മുൻഗണന കൊടുക്കണം.
7. കാർഷികാധിഷ്ടിത വ്യവസായങ്ങൾ പരിപോഷിപ്പിക്കുക.

# 1 നെൽകൃഷി

കാട്ടൂർ ഗ്രാമ പഞ്ചായത്തിലെ പ്രധാന നെല്ലുൽപ്പാദന മേഖലകൾ : വെള്ളാനിപ്പാടം, പര്യേപ്പാടം, അകമ്പാടം, പുറമ്പാടം, മുനയം – തണ്ണിച്ചിറ പൊഞ്ഞനം പാടശേഖരങ്ങൾ, കാട്ടൂർ തെക്കുംപാടം, വാടച്ചിറപ്പാടം എന്നിവയാണ്. ആകെ നെൽപ്പാടങ്ങളുടെ വിസ്തൃതി 302.35ഹെക്ടറാണ്. 1970 ലുണ്ടായിരുന്ന നെൽപ്പാടങ്ങളുടെ 1/3 ഭാഗം നികത്തി തെങ്ങുകൃഷി നടത്തിയിട്ടുണ്ട്. വൻതോതിൽ നിലം വർഷംതോറും നികത്തിക്കൊണ്ടിരിക്കുന്നു. കർഷകർ പ്രതിഷേധിച്ചിട്ടും, പരാതിപ്പെട്ടിട്ടും നടപടി എടുക്കാൻ ആളില്ല. ഈ മേഖലയിലെ കർഷകരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്.

വിരിപ്പ് കൃഷി വളരെ വിരളമായിട്ടേയുള്ളൂ. മുഖ്യമായും മുണ്ടകനും പുഞ്ചയുമാണ്.

കൊയ്ത്ത് കഴിഞ്ഞ് നെൽപ്പാടങ്ങൾ പൊതുവേ തരിശിടുകയാണ് പതിവ്. ഒറ്റപ്പെട്ട നിലയിൽ അവിടെയിവിടെയായി എള്ള്, പയർ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ III, VII, VIII വാർഡുകളിലെ നിലങ്ങൾ ഓരുള്ളവയാണ്. ഇതുമൂലം മറ്റ് പാടശേഖരങ്ങളെ അപേക്ഷിച്ച് ഇവിടെ ഉൽപ്പാദനത്തോത് കുറവായിരിക്കുന്നു. ഉൽപ്പാദനചെലവ് കൂടുതലുമാണ്.

വിരിപ്പ് കൃഷി ഇറക്കാത്ത നെൽപ്പാടങ്ങളിൽ കാലവർഷാരംഭത്തിൽ വളച്ചെടികൾ കൃഷി ചെയ്താൽ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിക്കുന്നതായിരിക്കും. നെൽകൃഷിരംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

പ്രധാന പ്രശ്നങ്ങൾ

1. കൃഷിയിടങ്ങളിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങൾ അടഞ്ഞുപോയത്.
2. നിലവിലുള്ള തോടുകളും ചാലുകളും കനാലുകളും മണ്ണടിഞ്ഞും, കയ്യേറിയും ഉപയോഗയോഗ്യമല്ലാതായിരിക്കുന്നു
3. ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തത്.
4. കോൾ നിലങ്ങളിലെ പമ്പിങ്ങ് സൗകര്യങ്ങളുടെ അപര്യാപ്തത.
5. കൃഷിഭൂമി തുണ്ടം തുണ്ടമായത്.
6. നിലങ്ങളിലെ ഓര്
7. സബ്സിഡികൾ ലഭിക്കുന്നതിനുള്ള കാലതാമസം
8. നെൽപ്പാടങ്ങൾ നികത്തുന്നത്.

പരിഹാരങ്ങൾ

1. കൃഷിയിടങ്ങളിലേക്ക് യന്ത്രങ്ങളും, കാർഷികസാമഗ്രികളും എത്തിയ്ക്കുന്നതിന് ഫാം റോഡുകൾ നിർമ്മിക്കണം.
2. പാടശേഖരങ്ങളിലെ തോടുകളും, ചാലുകളും അളന്നു തിട്ടപ്പെടുത്തി ആവശ്യത്തിന് വീതിയും ആഴവും കൂട്ടി ഉപയോഗ്യയോഗ്യക്കുക.

3. കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തി ജലസേചന യോഗ്യമാക്കണം.

4. കൃഷിഭവനും പഞ്ചായത്തും ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകണം.

5. കോൾ നിലങ്ങളിൽ കൂടുതൽ മോട്ടോർ സെറ്റുകൾ സ്ഥാപിച്ച് പമ്പിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാം.
(വിശദാംശങ്ങൾ ജലസേചനത്തൽ പ്രതിപാദിച്ചിട്ടുണ്ട്)

6. വെള്ളപൊക്കം കുറയുന്നതിന് ബണ്ടുകളും, ചിപ്പുകളം നിർമ്മിക്കുകയും നിലവിലുള്ളവയെ ബലപ്പെടുത്തുകയും വേണം. (വിശദാംശങ്ങൾ ജലസേചനത്തിൽ)

7. ഒരേസമയത്ത് വിളവിറക്കുകയും, കൃഷിപരിപാലനം, വിളവെടുപ്പ് എന്നിവ കൂട്ടായി നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. ഇതുമൂലം തൊഴിലാളിക്ഷാമം പരിഹരിക്കാനും ചെലവ് കുറയ്ക്കാനും കഴിയും. ഇതിനായി ഓരോ പാടശേഖരങ്ങളിലും ഗ്രൂപ്പ് ഫാമിംഗ് സംവിധാനം നടപ്പാക്കണം.

8. ഓരുനിലങ്ങളിൽ കൃഷിയിറക്കുന്നതിന് കുമ്മായം സബ്സിഡി നിരക്കിൽ ആവശ്യാനുസരണം ലഭ്യമാക്കണം. ഓരുജലം കടക്കാതിരിക്കുന്നതിന് തോടുകളിൽ യഥാസമയം ബണ്ടുകൾ കെട്ടണം. കാനോലികനാലിൽ യഥാസമയങ്ങളിൽ "സമ്മർബണ്ടു"കൾ നിർമ്മിക്കണം.

9. കാർഷിക സബ്സിഡികൾ കർഷകന് യഥാസമയങ്ങളിൽ ലഭ്യമാക്കണം. എത്രയും വേഗം കൊടുത്തുതീർക്കണം.

10. നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിയമംമൂലം തടയുക.

11. നെൽകൃഷിക്കാർക്ക് നൽകിവരുന്ന വിള ഇൻസെൻറീവ് മൊത്തം 750 രൂപ മാത്രമാണ്. ഇത് ഓരോ പൂവിനും ഹെക്ടറിന് 1000/- രൂപയിൽ കുറയാതെ നൽകാൻ നടപടിയുണ്ടാകണം.

12. നെൽപ്പാടങ്ങൾ നികത്തുന്നതായി പരാതികൾ ലഭിച്ചാൽ വസ്തുനിഷ്ഠമായ പരിശോധന നടത്തി തീർപ്പുണ്ടാക്കുന്നതിന് ആർ.ഡി.ഒ. ബന്ധപ്പെട്ട കൃഷി ഓഫീസർ, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർമാർ എന്നിവർ ഉൾപ്പെട്ട സംയുക്ത സമിതി രൂപീകരിക്കണം.

## പട്ടിക 2
## വിള വിസ്തീർണ്ണവും ഉൽപ്പാദനവും

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉൽപ്പാദനം (M.T) | ഉൽപ്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | 35.29 | 126.00 | 3570 കി.ഗ്രാം |
| 2 | നെല്ല് (രണ്ടാംവിള) | 220.79 | 1138.80 | 5757 കി.ഗ്രാം |
| 3 | നെല്ല് (മൂന്നാം വിള) | 120.98 | 636.00 | 5257 കി.ഗ്രാം |

# പട്ടിക 2 A

## പാടശേഖര സമിതികളും വിളക്രമങ്ങളും

| ക്രമ നമ്പർ | പാടശേഖരത്തിൻെറ പേര് | ഒന്നാംവിള | രണ്ടാം വിള | മൂന്നാംവിള |
|---|---|---|---|---|
| 1 | അകമ്പാടം | -- | -- | ✓ |
| 2. | പുറമ്പാടം | -- | -- | ✓ |
| 3. | വെള്ളാനിപ്പാടം | -- | -- | ✓ |
| 4. | പര്യപ്പാടം | -- | ✓ | ✓ |
| 5. | മുനയംപാടം | -- | ✓ | -- |
| 6. | തണ്ണിച്ചിറപ്പാടം | -- | ✓ | -- |
| 7. | പൊഞ്ഞനംപാടം | -- | ✓ | -- |
| 8. | വാടച്ചിറപാടം | -- | ✓ | -- |
| 9. | തെക്കുംപാടം | ✓ | -- | ✓ |

# തെങ്ങുകൃഷി

കാട്ടൂർ പഞ്ചായത്തിൽ ഭൂരിഭാഗവും തെങ്ങ്കൃഷിയാണ്. തെങ്ങില്ലാത്ത ഒരു പുരയിടംപോലും ഇവിടെയില്ല. തെങ്ങുകൃഷിയുടെ മൊത്തം വിസ്തൃതി 781.29 ഹെക്ടറാണ്. പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയെ സ്വാധീനിക്കുന്ന മുഖ്യകാർഷിക വിളയും തെങ്ങുതന്നെ. നല്ലപോലെ പരിചരിക്കപ്പെടേണ്ട വിളയാണ് തെങ്ങ്. 99,454 കായ്ക്കുന്ന തെങ്ങുകളും 43,533 കായ്ക്കാത്ത തെങ്ങുകളുമടക്കം ആകെ 1,43,017 തെങ്ങുൾ ഉണ്ട്.

രോഗഗ്രസ്ഥമായ തെങ്ങുകൾ ഒട്ടേറെയുണ്ട്. ഇവയുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്നു. പ്രധാനമായും വേര് ചീയൽ, കൂമ്പുചീയൽ, ഓലകരിച്ചിൽ, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ് എന്നീ രോഗങ്ങളാണ്. ഉൽപ്പാദനം ദിനംപ്രതി കുറഞ്ഞുവരുന്നു. തെങ്ങിൻെറ പരിചരണകാര്യത്തിൽകർഷകർ ശ്രദ്ധകുറയ്ക്കാൻ ഇത് കാരണമായിരിക്കുന്നു. എങ്കിലും പുതിയ തെങ്ങിൻ തൈകൾ നടുന്ന കാര്യത്തിൽ വിമുഖത ഒട്ടുമില്ല. കൂട്ടായ കീടനാശിനി പ്രയോഗമില്ലാത്തതിനാൽ രോഗം വളരെ പെട്ടെന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്നു. രോഗം വന്നതെങ്ങുകൾ വെട്ടിനീക്കുന്നതിൽ കൃഷിഭവൻെറ പ്രവർത്തനം തൃപ്തികരമല്ല. ഉദ്യോഗസ്ഥന്മാർ ഉദാസീനരായിരിക്കുന്നതിനാൽ രോഗവ്യാപനം തടയുക എന്ന ലക്ഷ്യം പരാജയപ്പെട്ടിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. ജലസേചനസൗകര്യങ്ങൾ കുറവായിരിക്കുന്നത്.
2. തെങ്ങുകയറ്റ തൊഴിലാളിക്ഷാമം

3. തേങ്ങയുടെ വിലയിടിവ്

4. രാസവളങ്ങളുടെ വില വർദ്ധനവ്

5. രോഗങ്ങളുടെ വ്യാപ്തിയും, രൂക്ഷതയും കൂടിക്കൊണ്ടിരിക്കുന്നത്.

6. ജൈവവളക്ഷാമം.

7. നല്ലയിനം നടീൽ വസ്തുക്കളുടെ ക്ഷാമം

8. ശാസ്ത്രീയ കൃഷിരീതികളുടെ അഭാവം

**പരിഹാരനിർദ്ദേശങ്ങൾ**

1. തെങ്ങുകൃഷിക്ക് വൈദ്യുതി സൗജന്യമാക്കുക.

2. കിണറുകളും കുളങ്ങളും നിർമ്മിക്കാൻ സബ്സിഡി അനുവദിക്കുക.

3. പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കണം. (വിശദാംശങ്ങൾ ജലസേചനത്തിൽ)

4. തെങ്ങുകയറ്റത്തിന് യുവാൾക്ക പരിശീലനം കൊടുക്കുകയും യന്ത്രവൽക്കരണം നടപ്പാക്കുകയും ചെയ്യുക.

5. കൊപ്രയുടെ തറവില സീസണുമുമ്പേ ഉയർത്തി നിശ്ചയിക്കണം. (കൊപ്രയ്ക്ക് പകരം വെളിച്ചെണ്ണയുടെ തറവില നിശ്ചയിക്കുന്നതായിരിക്കും കൂടുതൽ ഉത്തമം).

6. കൊപ്ര സംഭരണത്തിനുള്ള കേരഫെഡ്ഡിൻെറ സംവിധാനം പഞ്ചായത്തിൽ ലഭ്യമാക്കണം.

7. രാസവള സബ്സിഡി ഉയർത്തണം.

8. കൃഷിവകുപ്പിൻേറയുമ മറ്റു കാർഷിക ഗവേഷണ സ്ഥാപനങ്ങളുടേയും സഹായത്തോടെ പഞ്ചായത്ത് അടിസ്ഥാനത്തിൽ തെങ്ങുരോഗങ്ങളെ സംബന്ധിച്ച് ഗൗരവമായ പഠന നടത്തണം.

9. അത്യുൽപ്പാദന ശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള വിത്തുതേങ്ങ കൃഷിഭവൻ വഴി വിതരണം ചെയ്യണം.

10. സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും വഴി ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം.

11. ആവശ്യമായ രോഗപ്രതിരോധ നടപടി സ്വീകരിക്കുകയും അത് പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കുകയും വേണം.

12. വെളിച്ചെണ്ണയിൽ നിന്നും വനസ്പതി ഉണ്ടാക്കുന്നതിനുള്ള വിലക്ക് നീക്കുക

# പട്ടിക 3

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങുകളുടെ എണ്ണം | | | | രോഗം ബാധിച്ച തെങ്ങുകൾ | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങുകൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് മിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിങ് | മറ്റുള്ളവ | ആകെ |
| 1 | 103.72 | 6837 | 10267 | 17104 | 2401 | 1400 | 60 | 5 | -- | 3861 |
| 2 | 109.80 | 4000 | 14446 | 18446 | 678 | 1360 | 40 | 3 | -- | 2081 |
| 3 | 121.78 | 3600 | 17544 | 11144 | 3568 | 1250 | 37 | -- | -- | 4055 |
| 4 | 65.56 | 4050 | 9040 | 13090 | 449 | 552 | 18 | 2 | – | 1021 |
| 5 | 55.80 | 7860 | 6419 | 14279 | 586 | 538 | 36 | 3 | – | 1978 |
| 5 | 56.90 | 4250 | 9154 | 13404 | 600 | 560 | 28 | 3 | – | 1191 |
| 6 | 87.48 | 4225 | 10559 | 14784 | 1780 | 1600 | 23 | 3 | – | 3406 |
| 7 | 104.58 | 5245 | 12388 | 17633 | 1038 | 630 | 20 | 4 | – | 1692 |
| 8 | 75.67 | 3466 | 9667 | 13133 | 1309 | 1160 | 36 | 2 | – | 2507 |
| | 781.29 | 43533 | 99484 | 143017 | 12409 | 9050 | 298 | 25 | – | 21782 |

# പട്ടിക 4

## കൃഷിഭവൻ വഴി വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം

| നടീൽ വസ്തുക്കളുടെ പേര് | നടീൽ വസ്തുക്കളുടെ എണ്ണം | | | കൃഷിക്കാരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | 93–94 | 94–95 | 95–96 | 93–94 | 94–95 | 95–96 |
| 1.തെങ്ങിൻതൈ | 300 | 800 | 1500 | 100 | 276 | 483 |
| 2. കവുങ്ങ് | | 359 | 700 | | 180 | 65 |
| 3. കുരുമുളക് വള്ളി | 600 | 4500 | 5000 | 54 | 2800 | 60 |
| 4. മാവിൻ തൈ | 68 | 50 | | 34 | 50 | |
| 5. ജാതിത്തൈ | 68 | 200 | | 34 | 100 | |
| 6. ഞാവൽ | | 250 | | | 125 | |
| 7. മുള്ളംപഴം | | | 50 | | | 25 |
| 8. സപ്പോട്ട | | | 25 | | | 25 |
| 9. ചെറി | 34 | | 75 | 34 | | 75 |
| 10. പ്ലാവ് | 34 | | | 34 | | |

# ഇടവിളകൾ

പഞ്ചായത്തിന്റെ പ്രധാന ഇടവിളകൾ വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ഫലവൃക്ഷങ്ങൾ സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയാണ്.

ആദ്യകാലങ്ങളിൽ ഇവിടത്തെ ആവശ്യങ്ങൾ ഒരു പരിധിവരെ പ്രാദേശികമായി നിറവേറ്റപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ജലസേചനസൗകര്യം ഇല്ലാതാകുകയുംപുതിയ തലമുറക്ക് കൃഷിയോടുള്ള വിമുഖതയും, അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള സുലഭമായ വരവും കർഷകരെ ഇടവിള കൃഷിയിൽ നിന്നും പിന്തിരിപ്പിച്ചു.

ഇന്ന് അന്യം നിന്നുപോയ പല ഔഷധസസ്യങ്ങളും ആദ്യകാലങ്ങളിൽ പുരയിടങ്ങളിലും മറ്റും ലഭ്യമായിരുന്നു. പല രോഗങ്ങൾക്കും ഈ ഔഷധസസ്യങ്ങൾ ഉപയോഗിച്ച് നാട്ടുചികിൽസാരീതികൾ നിലവിലുണ്ടായിരുന്നു.

ഇന്ന് ഉദ്യാനകൃഷി, തേക്ക്, മാഞ്ചിയം, ഔഷധസസ്യകൃഷി എന്നിവയോട് ജനങ്ങൾ താൽപര്യം പ്രകടിപ്പിച്ചുതുടങ്ങിയിട്ടുണ്ട്.

വീട്ടുവളപ്പിലെ കൃഷിക്കുവേണ്ട സൗകര്യങ്ങൾ നൽകി പ്രോൽസാഹിപ്പിക്കാൻ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാനാവും.

ഇടവിളകളെ സംബന്ധിച്ച വിവരം പട്ടിക 4ൽ ചേർത്തിട്ടുണ്ട്.

**പ്രധാന പ്രശ്നങ്ങൾ**

1. ജലക്ഷാമം
2. നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതയില്ലായ്മ
3. ശാസ്ത്രീയ പരിജ്ഞാനക്കുറവ്

**പരിഹാരങ്ങളും നിർദ്ദേശങ്ങളും**

1. ആവശ്യമായ ജലസേചനസൗകര്യം ലഭ്യമാക്കുക.
2. കൃഷിഭവനിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തണം.
3. വീട്ടുവളപ്പിലെ കൃഷികളെ സംബന്ധിച്ച് വേണ്ടത്ര ശാസ്ത്രീയ പരിജ്ഞാനം നൽകുന്നതിന് വീട്ടമ്മമാർക്ക്, പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കണം.

**സാദ്ധ്യതകൾ**

1. കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവയ്ക്കുള്ള വൻപ്രിയം കണക്കിലെടുത്ത് വീട്ടുവളപ്പിൽ പൂ കൃഷി തുടങ്ങാനുള്ള പ്രോൽസാഹനം നൽകണം. ഇതിനായി വായ്പാസൗകര്യങ്ങളും നടീൽ വസ്തുക്കളും ലഭ്യമാക്കണം.
2. നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യമതക്ക്. ഈ പഞ്ചായത്തിൽ നഴ്സറി സൗകര്യം ഉണ്ടാക്കണം.
3. പഞ്ചായത്തിലെ അനുയോജ്യമായ കുളങ്ങൾ സന്നദ്ധസംഘടനകൾക്ക് നൽകി താമര വളർത്തൽ ആരംഭിക്കാവുന്നതാണ്.
4. പത്ത് സെൻെറങ്കിലും ഭൂമിയുള്ള വീട്ടമ്മമാർക്ക് അടുക്കള ത്തോട്ട നിർമ്മാണത്തിന് ആവശ്യ

മായ നടീൽ വസ്തുക്കളും വളവും ലഭ്യമാക്കണം.

5. സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ ആരംഭിച്ച് വിദ്യാർത്ഥികളിൽ കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കണം.
6. വിളവെടിപ്പിന് ശേഷം നെൽവയലുകളിൽ ഇടവിളയായി പച്ചക്കറി കൃഷി നടത്താവുന്നതാണ്. ഇതുവഴി മണ്ണിൻെറ ഫലഭൂയിഷ്ഠതയും വർദ്ധിപ്പിക്കാവുന്നതാണ്.
7. ഔഷധസസ്യകൃഷി സാധ്യതയുള്ള മറ്റൊരു മേഖലയാണ്.

# പട്ടിക 4

## ഇടവിള വിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| പയർ | 11.24 | 3.75 | 250 കി.ഗ്രാം |
| എള്ള് | 10.80 | 2100 | 210 കി.ഗ്രാം |
| പച്ചക്കറികൾ | 3.02 | 10 എം.ടി. | 3300 കി.ഗ്രാം |
| വാഴ | 12.10 | 75 എച്ച്.ടി. | 6250 കി.ഗ്രാം |
| മരച്ചീനി | 2.02 | 35 എച്ച്.ടി. | 17500 കി.ഗ്രാം |
| കുരുമുളക് | 4.03 | 6 എം.ടി. | 1500 കി.ഗ്രാം |
| പ്ലാവ് | 2.57 | 9.37 | 1875 കി.ഗ്രാം |
| കശുമാവ് | 1.02 | -- | 1000 കി.ഗ്രാം |
| മാവ് | 2.59 | 1 എച്ച്.ടി. | 1875 കി.ഗ്രാം |
| കവുങ്ങ് | 66.89 | 98 എച്ച്.ടി. | 1500 കി.ഗ്രാം |

## നിലവിലുള്ള പദ്ധതികൾ

### (1) സമഗ്ര നാളികേര വികസന പദ്ധതി (C.C.D.P.)

ഈ പദ്ധതി പ്രകാരം കിണർ, മോട്ടോർ, റോക്കർ സ്പ്രേയർ, തെങ്ങ് കയറ്റ് യന്ത്രം എന്നിവയ്ക്ക് സബ്സിഡി ഉണ്ട്. കാട്ടൂർ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള തുക ഏകദേശം 150000/- രൂപയാണ്. ഇവ കൂടാതെ കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം, ട്രെയിനിങ്ങ് എന്നിവ കൂടി ഈ സ്കീമിൽപ്പെടുത്തണം. കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീമിന് പുതിയ പ്രൊപ്പോസൽ അയക്കാവുന്നതാണ്. നിലവിലുള്ള ഇറിഗേഷൻ സ്കീമായ കരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഈ വർഷം നടപ്പിലാക്കാനുള്ള അനുമതി കിട്ടിയിട്ടുണ്ട്.

### (2) ഉൽപ്പാദന ബോണസ്സ് നെൽകൃഷിക്ക്

മൂന്ന് കൂട്ട കൃഷിസമിതികൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. (1) തെക്കുമ്പാടം (2) വെള്ളാനി കോൾപ്പാടം (3) അകമ്പാടം പുറമ്പാടം.

ഈ സമിതിക്കായി 21085/- രൂപ ഉൽപ്പാദന ബോണസിന് അനുമതി കിട്ടിയിട്ടുണ്ട്.

(3) കാറ്റ് വീഴ്ചയെപ്പറ്റി സർവ്വേ

തൊഴിൽദാന പദ്ധതിയിൽ ചേർന്നവർ (താൽപ്പര്യമുള്ളവർ) ഈ പഞ്ചായത്തിലെ കാറ്റ് വീഴ്ച യെപ്പറ്റി സർവ്വേ നടത്തുകയുണ്ടായി ഇവർക്കായി ചിലവാക്കിയ തുക 21374/– ആണ്.

(4) വിള ഇൻഷൂറൻസ് പദ്ധതി

എല്ലാ വിളകൾക്കും ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രകൃതിക്ഷോഭം മൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് 11090/– അനുവദിച്ചിട്ടുണ്ട്.

ഊർജ്ജിത പച്ചക്കറി വികസനം, നെൽകൃഷി വികസനം, പെൻഷൻ പദ്ധതി എന്നിവ അനുവദിച്ച് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(5) **S.C.P. /T.S.P.** സ്കീമുകൾ

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പൊതുവായ വികസനത്തിനായി 79900/– രൂപയുടെ പ്രോപോസൽ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

(6) ബയോഗ്യാസ് വികസന പദ്ധതി

ബയോഗ്യാസ് സ്ഥാപിക്കാനുള്ള സ്കീം അനുവദിച്ച് വന്നിട്ടുണ്ട്. ഒരു 2 ക്യു.മി പ്ലാൻറിന് 2400 രൂപയാണ് സബ്സിഡി. അനുവദിച്ചതുക 7200/– ആണ്.

(7) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാനപദ്ധതി

ഈ പദ്ധതിയിൽ ചേർന്നിട്ടുള്ള യുവജനങ്ങൾക്ക് താഴെ പറയുന്ന കൃഷിപദ്ധതി നടപ്പിലാക്കാൻ സബ്സിഡി ഉണ്ട്.

| | | അനുവദിച്ച തുക |
|---|---|---|
| 1. | പച്ചക്കറി പഴവർഗ്ഗങ്ങൾ എന്നിവ വിൽക്കുവാനുള്ള വണ്ടി | 5000/– |
| 2. | തൊഴുത്ത് പണിയുക | 3750/– |
| 3. | പാൽപാത്രം വാങ്ങിക്കുക | 4900/– |
| 4. | സൈക്കിളും പാൽപാത്രവും | 2500/– |

(8) തെങ്ങിനുള്ള മിനികിറ്റ് (വളം, തെങ്ങിൻതൈ)

തെങ്ങിൻതൈക്കളുടെ 29 മിനി കിറ്റുകൾ വിതരണത്തിനായി വന്നിട്ടുണ്ട്. ഒരു കിറ്റിന് 15/– ആണ് വില. ഇവ കൂടാതെ വളത്തിന്റെ കിറ്റുകളും കൊടുത്തിട്ടുണ്ട്. കൊടുത്തിരിക്കുന്നവ താഴെ പറയുംവിധമാണ്.

| | | സബ്സിഡി |
|---|---|---|
| 5 മരത്തിനുള്ള കിറ്റ് | 316 | 40/– |
| 10 മരത്തിനുള്ള കിറ്റ് | 508 | 80/– |
| 20 മരത്തിനനള്ള കിറ്റ് | 162 | 160/– |
| വളത്തിന് അനുവദിച്ച തുക | 79200/– വരും. | |

# പട്ടിക 5

## കൃഷിഭവൻ വഴി നടപ്പിലാക്കിയ സ്കീമുകളുടെ വിവരം

| ക്രമ നം | പ്രധാനപ്പെട്ട സ്കീമുകൾ | അനുവദിച്ചതുക | ചെലവഴിച്ചതുക | അനുവദിച്ചതുക | ചെലവഴിച്ചതുക | അനുവദിച്ചതുക | ചെലവഴിച്ചതുക |
|---|---|---|---|---|---|---|---|
| 1 | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി | 17650 | 17650 | | | | |
| 2. | S.C.P./T.S.P. (1 H.T.) | 60600 | 60600 | | | | |
| 3. | പ്രകൃതിക്ഷോഭങ്ങൾ | 29250 | 29250 | 16500 | 16500 | | |
| 4. | S.C.P. സ്കീം | 46576 | 46576 | | | | |
| 5. | നെൽകൃഷിവികസനം (മൊത്തം) (IRDP + Group Farming) | 45565 | 45565 | 39600 | 39600 | | |
| 6. | Pulsu Devlp Suipie | 3 6 3 | 363 | | | | |
| 7. | Location specific Sulipue | 2000 | 2000 | | | | |
| 8. | പച്ചക്കറി വികസനം | 800 | 800 | | | | |
| 9. | ബയോഗ്യാസ് വികസനം | 2400 | 2400 | | | | |
| 10. | ജൈവവള വികസനം | 3500 | 3500 | 8150 | 8150 | 2500 | 2500 |
| 11. | ഉൽപ്പാദനബോണസ് | 74303 | 74303 | 64642 | 64642 | | |
| 12. | നഴ്സറി സ്ഥാപിക്കൽ | | | 25000 | 25000 | | |
| 13. | C.C.D.P. കേരവികസന പദ്ധതി | | | 115150 | 115150 | | |
| 14. | തെങ്ങിനുള്ള വളം | | | 105600 | 105600 | | |
| 15. | തെങ്ങിനെമുറിച്ച് മാറ്റുന്ന സ്കീം | | | 190600 | 190600 | 300000 | 300000 |
| 16. | C.C.D.P. സമഗ്ര നാളികേര വികസന പദ്ധതി | | | | | 75000 | 75000 |
| 17. | Karanchira lift Irrigation | | | 348500 | 348500 | | |

# 2.2 ജലസേചനം

പ്രകൃതിയിലെ ജീവന്റെ ഉൽപ്പത്തി ജലത്തിൽ നിന്നാണെന്നാണ് ശാസ്ത്രമതം. ഈ പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സുകൾ വടക്കും, പടിഞ്ഞാറും അതിർത്തികളിലൂടെ ഒഴുകുന്ന കരുവന്നൂർ പുഴയും കനോലി കനാലുമാണ്. കുളങ്ങൾ, കിണറുകൾ, തോടുകൾ, കനാലുകൾ മുതലായവയാണ് ജലസമ്പത്തിന്റെ മറ്റു സ്രോതസ്സുകൾ. ഉൾനാടൻ ജലാശയങ്ങൾ കടുത്ത വേനൽകാലത്ത് വറ്റുന്നവയാണ്. കാനോലികനാലാണെങ്കിൽ ഈ സമയത്ത് ഒരു ജലബാധിതമായിരിക്കും. ഇതുമൂലം കാർഷിക മേഖലയാകെ വരൾച്ച ബാധിക്കുന്നത് വർദ്ധിച്ചകൃഷിനാശത്തിനിടയാക്കുന്നു. വേനൽക്കാലത്ത് കടുത്ത ജല ദൗർലഭ്യമാണെങ്കിൽ വർഷക്കാലത്ത് വെള്ളക്കെട്ടുതിയെയാണ് കൃഷിനാശത്തിന് കടുത്ത ഇടയാക്കുന്നത്. പഞ്ചായത്തിലെ കാർഷിക മേഖലക്ക് ആകമാനം ഉപയുക്തമാക്കുന്നതിനുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ഇപ്പോൾ നിലവിലില്ല. പഞ്ചായത്തിലെ ജലലഭ്യതയും ചിമ്മിണി മുപ്ലിയം പദ്ധതി ജലവും പ്രയോജനപ്പെടുത്തി കൊണ്ടുള്ള ജലസേചനപദ്ധതികൾക്ക് രൂപം നൽകിയാൽ മാത്രമെ കാർഷിക മേഖലയിലെ ജലക്ഷാമത്തിനു ശാശ്വത പരിഹാരമാകൂ.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികളുടെ അഭാവം
2. നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ.

## പരിഹാരനിർദ്ദേശങ്ങൾ

1. ഡാമുകളിൽ നിന്നുള്ള ജലം ലഭ്യമാക്കണം.
2. സാമൂഹ്യ ജലസേചന പദ്ധതികൾ അനുവദിക്കുക.
3. കാട്ടൂർ തെക്കും പാടത്ത് ചോളക്കത്തോട്ടിൽ JRY ബണ്ടിനു സമീപം ഒരു 50 HP മോട്ടോർ പെട്ടിപ്പറ സെറ്റ് സ്ഥാപിക്കുക.
4. MM കനാൽ കിഴക്കേ അണ്ടർ ടണൽ തോട്ടിൽ ഒരു 50 HP മോട്ടോർ പെട്ടിപ്പറ സെറ്റ് സ്ഥാപിക്കുക.
5. KLDL കടുപ്പാക്കുഴിയിൽ 40 HP മോട്ടോർ പമ്പുസെറ്റ് സ്ഥാപിക്കണം.
6. കനാലിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കുക; അനുബന്ധ തോടുകളും കുളങ്ങളും ആഴം കൂട്ടുക.
7. M.M. കനാൽ ആഴവും വീതിയും കൂട്ടണം.

8. എടതിരിഞ്ഞിയിലെ KLDC കനാലിൽ ഒരു 100 HP മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ച് അകത്തേക്ക് വെള്ളം പമ്പ് ചെയ്യുക.

9. തിണിശ്ശേരി KLDC കനാലിൽനിന്നുള്ള ജലം ലഭിക്കാൻ 100 HP യുടെ പമ്പ് സെറ്റ് സ്ഥാപിക്കുക.

10. നിർമ്മാന പ്രവർത്തികളിൽ കർഷക സംഘങ്ങൾക്ക് പങ്കാളിത്തം വേണം.

11. അകംപാടം കാപ്പ് ആഴം കൂട്ടി ബണ്ട് ഉണ്ടാക്കണം.

12. മുനയത്ത് കരുവന്നൂർ പുഴയോരത്ത് 100 HP മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കണം.

13. മുനയം പുഴയോര പമ്പിങ്ങ് സ്റ്റേഷനടുത്ത് തോട് ആഴംകൂട്ടി പമ്പിങ്ങ് ഡെലിവറി പിറ്റ് നിർമ്മിക്കുക. ടി തോട് P.W.D. റോഡുവരെ ഇരുകരകൾക്കും സംരക്ഷണഭിത്തി നിർമ്മിക്കുക.

14. പണിക്കെട്ടി കുഴിയിൽ നിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. പണിക്കെട്ടിക്കുഴിയിൽ നിന്നും കല്ലുകുളത്തിലേക്കുള്ള തോട് ആഴവും വീതിയും കൂട്ടുക.

15. മുനയം തണ്ണിച്ചിറ പൊഞ്ഞനം പാടശേഖരങ്ങൾ, ചെമ്പൻചാൽ, തണ്ണിച്ചിറ നെടുംമ്പുര തോട്ടിൽ ഒരു സ്ലുയിൽ കം ബ്രിഡ്ജ് നിർമ്മിക്കുക.

16. തണ്ണിച്ചിറ മനക്കാട്ടു ചിറ തോടിനു ബണ്ട് നിർമ്മിക്കുക.

17. തണ്ണിച്ചിറയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കുക.

18. തണ്ണിച്ചിറ സ്വകാര്യ വ്യക്തിയിൽ നിന്ന് ഏറ്റെടുക്കണം.

19. തണ്ണിച്ചിറയിൽ നിന്ന് വെള്ളം പൈപ്പ് ലൈൻ വഴി പമ്പ് ചെയ്ത് അമ്പലക്കുളത്തിലും മനക്കാട്ടു ചിറയിലും പൈങ്കുണ്ണിക്കാവു കുളത്തിലും എത്തിക്കണം.

20. കരാഞ്ചിറ കൊഴുപ്പക്കടവ് തോട്ടിൽ പണി നടന്നു വരുന്ന കരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൻെറ വികസന പ്രവർത്തനം നടത്തണം.

21. കരാഞ്ചിറക്കടവിന് സമീപം കരുവന്നൂർ പുഴയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സ്ഥാപിക്കുക.

22. M.M. കനാലിനെ ചേന്ദംകുളവുമായി ബന്ധപ്പെടുത്തി ചേന്ദുംകുളത്തിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുണ്ടാക്കണം.

23. വാടച്ചിറ നീരു കുളവും രാമൻ കുളവുമായി ബന്ധപ്പെടുത്തി ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുണ്ടാക്കണം.

പഞ്ചായത്തിലെ ജലലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടിക 1, 2, 3 ൽ കൊടുത്തിട്ടുണ്ട്. പട്ടിക 4 ൽ ലിഫ്റ്റ് ഇറിഗേഷൻ, പമ്പിങ്ങ് സ്റ്റേഷനുകകുടെ വിവരം കൊടുത്തിട്ടുണ്ട്.

# പട്ടിക 1

| ജലവുമായി ബന്ധപ്പെട്ട ആസ്തികൾ | | | |
|---|---|---|---|
| ക്രമനമ്പർ | ആസ്തികൾ | വിസ്തീർണ്ണം ഹെക്ടർ (കി.മീ.) | എണ്ണം |
| 1. | കരുവന്നൂർ പുഴ | 4.9 | |
| 2. | തോട് | 17.22 | |
| 3. | കനാൽ | | |
| 4. | കുളങ്ങൾ | 3.33 | 13 |
| 5. | സ്ലൂയിഡുകൾ | – | 12 |

പട്ടിക 2

| പൊതുകുളങ്ങളെ സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|
| നമ്പർ | കുളം | സർവ്വേ നമ്പർ | സർവ്വെ വിസ്തീർണ്ണം | വാർഡ് | വില്ലേജ് |
| 1. | കടുവാകുഴി | 691 | 0.8 ഹെ. | 7 | കാട്ടൂർ |
| 2. | ചേന്ദൻകുളം | 769 | 3.1 “ | 7 | “ |
| 3. | കാട്ടൂർകുളം | 468/3 | 3.1 “ | 7 | “ |
| 4. | വാക്കാട്ടുവഴി | 691 | 0.57 “ | 8 | “ |
| 5. | നീരുകുളം | 663 | 0.41 “ | 8 | “ |
| 6. | രാമൻകുളം | 584 | 0.42 “ | 9 | “ |
| 7. | അമ്പലകുളം | 370/1 | 0.51 “ | 6 | “ |
| 8. | മനക്കാട്ടുചിറ | 565 | 0.41 “ | 6 | “ |
| 9. | പുതുക്കുളം | 249/1 | 0.3 “ | 5 | “ |
| 10. | അകമ്പാടം, കാപ്പ് | 35 | 5.7 “ | 2 | “ |
| 11. | കെ.ഡബ്ലിയു.എ. കുളം | 302 | 0.03 “ | 3 | “ |
| 12. | വാടച്ചിറ കുളം | 661 | 0.62 “ | 8 | “ |
| 13. | ആനക്കുളം | 566 | 0.4 ” | 6 | “ |
| 14. | പറങ്കിക്കുളം | 363 | 0.06 “ | 6 | “ |
| 15. | ലക്ഷംവീട് കോളനി കുളം | 610 | 0.5 “ | 9 | “ |

# പട്ടിക 3

| സ്വകാര്യകുളങ്ങളെ സംബന്ധിച്ച വിവരം | | | |
|---|---|---|---|
| വാർഡ് | എണ്ണം | വിസ്തീർണ്ണം 10 സെൻറിൽ കൂടുതൽ | വിസ്തീർണ്ണം 10 സെൻറിൽ കുറവ് |
| I | ഇല്ല | ഇല്ല | ഇല്ല |
| II | 7 | 5 | 2 |
| III | 14 | 5 | 9 |
| IV | 2 | 2 | – |
| V | 3 | 1 | 2 |
| VI | 10 | 4 | 6 |
| VII | 7 | 3 | 4 |
| VIII | 12 | 2 | 10 |
| IX | 7 | 1 | 6 |

# പട്ടിക 4

| ലിഫ്റ്റ് ഇറിഗേഷൻ പമ്പിങ്ങ് സ്റ്റേഷനുകളുടെ വിവരം | | | | | |
|---|---|---|---|---|---|
| നമ്പർ | സ്കീം | സ്ഥലം | മോട്ടോർ പമ്പ്/ ചെട്ടിപ്പറ സെറ്റ് | എണ്ണം | വാർഡ് |
| 1. | KTLI (മൈനർ ഇറിഗേഷൻ വകുപ്പ്) (നെൽകൃഷി) | പുത്തൻതോട് | 80 HP പമ്പ് | 2 | VII |
| 2. | KTLI (നെൽകൃഷി) | ചോളക്കൻ തോട് | 115 HP പമ്പ് | 2 | VII |
| 3. | KTLI (നെൽകൃഷി) | എം. എം. കനാൽ | 80 HP പമ്പ് | 2 | VII |
| 4. | (നെൽകൃഷി) | വാക്കാട്ടു കുഴി | 50 HP ചെട്ടിപ്പാറ സെറ്റ് | 1 | VIII |
| 5. | നവോദയ കർഷക സംഘം സാമൂഹ്യജലസേചനപദ്ധതി (തെങ്ങ്, മിശ്രവിളകൾ) | വാടച്ചിറ നീരുകുളം | 15 HP പമ്പ് | 1 | VIII |
| 6. | അകമ്പാടം, പുറമ്പാടം (കർഷകസേവാ സമിതി) (നെൽകൃഷി) | മുനയം, കരുവന്നൂർ പുഴ | 30 HP ചെട്ടിപ്പാറ സെറ്റ് | 1 | III |
| 7. | അകമ്പാടം പുറമ്പാടം (കർഷക സേവാ സംഘം) (നെൽകൃഷി) | മാഞ്ചിറപ്പാടം – അകമ്പാടം തോട് | 25 HP പമ്പ് | 1 | II |
| 8. | വെള്ളാനി കോൾപാടം പര്യപ്പാടം (കർഷക സമിതി ഗ്രൂപ്പ് ഫാമിംങ്ങ് സംഘം) (നെൽകൃഷി) | നന്തി തോട് | 50 HP ചെട്ടിപ്പാറ സെറ്റ് | 2 | I |
| 9. | അകമ്പാടം – പുറമ്പാടം (കർഷക സേവാ സമിതി) (നെൽകൃഷി) | കാക്കറശ്ശേരി തോട് | 30 HP പെട്ടിപ്പറ സെറ്റ് | 1 | II |
| 10. | കരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ | കൊഴുപ്പക്കടവ് തോട് | 20 HP പമ്പ് | 1 | I |

# 2.3 മണ്ണുസംരക്ഷണം

കാലവർഷക്കാലത്ത് പഞ്ചായത്തിൻെറ ഉയർന്ന മേഖലയിൽനിന്ന് മണ്ണ് ഖാദനംമൂലവു അപക്ഷയം മൂലവും നഷ്ടപ്പെടുക പതിവാണ്.

ഒരു കാലഘട്ടത്തിൽ ഇന്നത്തേക്കാൾ വളരെ ഉയർന്ന പ്രദേശങ്ങളായിരുന്നു. 4, 5, 9 എന്നീ വാർഡുകളുടെ കിഴക്കൻ മേഖല ചെങ്കല്ലുവെട്ടി കുഴികളായിത്തീർന്നു. പിന്നീട ഈ ഭാഗങ്ങൾ ഇടിച്ചു നിരത്തി, കൃഷിയിറക്കി. 1960 വരെ ഈ മേഖലയിൽ നിന്നും PWD പഞ്ചായത്ത് റോഡുകൾക്ക് ആവശ്യമായ ചരൽ ധാരാളം ലഭ്യമായിരുന്നുവെങ്കിൽ പിന്നീട് ചരൽ തീരെ ഇല്ലാതാകാൻ കാരണം, ഈ 'കുഴിക്കൽ' പ്രവർത്തനമായിരുന്നു. പഞ്ചായത്തിലെ കുളങ്ങളും നെൽപ്പാടങ്ങളിലെ തോടുകളും ഭൂരിഭാഗവും നികന്നിട്ടുള്ളത് ഖാദനം മൂലം നഷ്ടപ്പെടുന്ന മണ്ണ് നിക്ഷേപിക്കപ്പെടുന്നത് മൂലമാണ്.

വെള്ളപ്പൊക്കത്തിൻെറ കുത്തിയൊഴുക്കിൽ കരുവന്നൂർ പുഴയുടെ തീരവും കാനോലി കനാലിൻെറ തീരവും ഇടിഞ്ഞ് തകർന്നുകൊണ്ടിരിക്കുന്നു. എം.എം. കനാലിൻെറ സ്ഥിതിയും ഇതുതന്നെ. വൻതോതിലുള്ള ഈ നഷ്ടം തടയാൻ ഭൂരിഭാഗം ഭൂവുടമകൾക്കും സാമ്പത്തിക ശേഷി ഇല്ല. ഒറ്റപ്പെട്ട നിലയിൽ സംരക്ഷണ നടപടികൾ ഫലപ്രദമല്ല. അശാസ്ത്രീയ മണ്ണെടുപ്പ് കരാഞ്ചിറ പാലത്തിന് ഭീഷണിയായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. മണ്ണൊലിപ്പ്
2. തോടുകളും കുളങ്ങളും നികന്നുപോകുന്നത്
3. മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമാക്കാത്തത്
4. കൂടിവരുന്ന രാസവള, കീടനാശിനി ഉപയോഗങ്ങൾ
5. കടുംകൃഷി രീതികളും, ജൈവവളങ്ങളുടെ അഭാവവും

**പരിഹാരമാർഗ്ഗങ്ങൾ**

1. മണ്ണൊലിപ്പ് പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ജൈവവേലികൾ നിർമ്മിക്കുകയും വേണം.
2. ഉയർന്ന പ്രദേശങ്ങളിൽ തട്ടുതിരിച്ച് ബണ്ടിട്ട് കൃഷിചെയ്യണം.
3. കൃഷിഭൂമികൾ തരിശിടുന്നത് നിരുൽസാഹപ്പെടുത്തുക.
4. സോയിൽ ഇറോഷൻ വിഭാഗത്തിൻേറയും, സോയിൽ കൺവർസേഷൻ വിഭാഗത്തിൻേറയും, ലാൻറ് യൂസ് ബോർഡിൻേറയും പദ്ധതികൾ നടപ്പിലാക്കണം.
5. പുഴയോരങ്ങളിൽ കരിങ്കൽ സംരക്ഷണഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുക.
6. കരുവന്നൂർ പുഴ, കാനോലി കനാൽ എന്നിവിടങ്ങളിലെ അശാസ്ത്രീയമായ മണ്ണുമാന്തൽ നിരോധിക്കുക.

# അധ്യായം 3



# മൃഗ സംരക്ഷണം
# മത്സ്യബന്ധനം

# 3-1 മൃഗസംരക്ഷണം

ഒരു കാർഷിക ഗ്രാമമായിരുന്ന കാട്ടൂരിൽ, കാലിവളർത്തൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു. കാർഷിക കൂടുംബങ്ങളായിരുന്നു ഭൂരിഭാഗം കാലികളെയും സംരക്ഷിച്ചു പോന്നിരുന്നത്. ഉഴവിന്നും വണ്ടിവലിക്കുന്നതിനും പാലുല്പാദനത്തിനുമാണ് പ്രധാനമായും കാലികളെ വരർത്തി പോന്നിരുന്നത്. കാർഷികാവശ്യത്തിനുള്ള അന്നത്തെ പ്രധാന ജൈവ വള സ്രോതസ്സും കാലികളായിരുന്നു. വിശാലമായ പാടങ്ങളിലും പറമ്പുകളിലും കാലികളെ കെട്ടി മേയ്ക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത്. പുല്ലും വൈക്കോലും അന്ന് സുലഭമായിരുന്നു.

ഉഴവുമാടുകൾക്കും വണ്ടിക്കാളക്കൾക്കും പ്രത്യേകം പരിചരണം നൽകിയിരുന്നു സ്വന്തം ഉപയോഗം കഴിഞ്ഞുള്ള പാല് അയൽവീടുകളിലും ചായക്കടകളിലുമായാണ് വിറ്റഴിച്ചു പോന്നിരുന്നത്.

കന്ന്കുട്ടികളെ വളർത്താൻ ഏല്പിക്കുന്ന രീതി മുൻപ് നിലവിലുണ്ടായിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിൻെറ ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുന്ന ആളിൻെറയാകും രണ്ടാം പ്രസവം കഴിഞ്ഞാലുടൻ പശുവിനേയും കൂട്ടിയേയും ഉടമയ്ക്ക് ഏല്പിച്ചു കൊടുക്കണം

.

ഇന്ന് കാലിവളർത്തുന്നരീതിയിലും, പരിപാലന സങ്കേതങ്ങളിലും ഏറെ മാറ്റം വന്നിരിക്കുന്നു. കാഷിക വൃത്തിയും കാലി വളർത്തലും തമ്മിൽ ഉണ്ടായിരുന്നബന്ധം ആധുനിക കൃഷി രീതികളെടേയും യന്ത്രവൽക്കരണത്തിൻെറയും വരവോടെ ഇല്ലാതായി. പാടങ്ങളുടെ വിസ്തൃതി കുറഞ്ഞതും വിശാലമായ പറമ്പുകൾ ഇല്ലാതായതും കാലികളെ മേച്ച് വളർത്താനുള്ള സാഹചര്യം ഇല്ലാതാക്കി. പ്ലാവ് മുതലായ വൃക്ഷങ്ങൾ തടി ആവശ്യത്തിനായി വ്യാപകമായി വെട്ടിനീക്കപ്പെട്ടത് ആടുവളർത്തലിനെ പ്രതികൂലമായി ബാധിച്ചു.

പശു, എരുമ, കാള, പോത്ത്, ആട് എന്നിവയാണ് കാട്ടുരിലെ പ്രധാന വളർത്തു മൃഗങ്ങൾ പന്നികളെയും അപൂർവ്വമായി വളർത്തുന്നുണ്ട്. ഓമന മൃഗങ്ങളിൽ പ്രധാനം നായയാണ്. കോഴിയാണ് മുഖ്യ വളർത്തു പക്ഷി.

**വളർത്തു മൃഗങ്ങളും പക്ഷികളും**

| | 1986 | 1996 |
|---|---|---|
| പശു | 2246 | 2051 |
| പന്നി | 30 | 164 |
| എരുമ | 215 | 165 |
| കാള | 312 | 119 |
| ആട് | 1427 | 1261 |
| കോഴി | ലഭ്യമല്ല | 14648 |
| താറാവ് | ലഭ്യമല്ല | 675 |
| കാളവണ്ടി | ലഭ്യമല്ല | 3 |
| കലപ്പ | ലഭ്യമല്ല | 6 |

മേൽപട്ടികയിൽ നിന്നും കാളകളുടെ എണ്ണത്തിൽ വളരെയധികം കുറവ് വന്നിട്ടുള്ളതായി കാണാം. കാർഷിക രംഗത്തെ യന്ത്രവൽക്കരണവും, വാഹനസൗകര്യം വർദ്ധിപ്പിച്ചതുമാണ് പ്രധാനകാരണം.

പഞ്ചായത്തിൽ ആകെ ലഭ്യമായ മൃഗസംരക്ഷണ സംവിധാനം ഒരു മൃഗാശുപത്രി ആണ്. അതിൻെറ പ്രവർത്തനം ആരംഭിച്ചത് 1940 ൽ ആണ്

| മൃഗാശുപത്രി വിവരങ്ങൾ | |
|---|---|
| **ജീവനക്കാർ** | **എണ്ണം** |
| ഡോക്ടർ | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 ഒഴിഞ്ഞു കിടക്കുന്നു |
| അറ്റൻഡർ | 1 |
| പാർട്ട് ടൈം മിനിയൽ | 1 |

ക്ഷീര വിപണന രംഗത്ത് സംഘടിത ശ്രമങ്ങൾ കാര്യമായിട്ടുണ്ടായിട്ടില്ല. പഞ്ചായത്തിൽ ഇപ്പോൾ ക്ഷീര വ്യവസായ സഹകരണസംഘമില്ല.

ഇറച്ചിക്കോഴി വളർത്താൽ സാമാന്യം ലാഭകരമായി നടക്കുന്നുണ്ടിവിടെ. ആറ് ഇറച്ചചിക്കോഴി ഫാമുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മുട്ട കോഴി വളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന ഒരൊറ്റ യൂണിറ്റുപോലുമില്ല.

അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം സ്ഥിരമായി അനുഭവപ്പെടുന്ന പ്രശ്നമാണ്. പ്രദേശികമായി പട്ടിപിടുത്തക്കാരെ കിട്ടാത്തതിനാൽ ഈ പ്രശ്നം എളുപ്പം പരിഹരിക്കാനാവില്ല.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതൽ
2. പുല്ല്,വൈക്കോൽ എന്നിവയുടെ പ്രാദേശിക ലഭ്യതക്കുറവ്
3. ക്ഷീര വിപനത്തിന് സൗകര്യമില്ലാത്തത്
4. അലഞ്ഞു തിരിയുന്ന പട്ടികളുടെ ശല്യം
5. കോഴിത്തീറ്റക്ക് വലിയ വിലയായതിനാൽ കോഴി വളർത്തൽ ലാഭകരമല്ല.
6. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം അപര്യാപ്തമാണ്
7. കാലി കർഷകർക്ക് സാമ്പത്തിക/ ഇൻഷുറൻസ് സഹായം ലഭിക്കുന്നില്ല
8. കാലി രോഗങ്ങൾ

## പരിഹാര നിർദ്ദേശങ്ങൾ

1. കാലിത്തീറ്റ പൂർണ്ണമായും ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്.ഇതിന് പകരം കാലിത്തീറ്റക്കുള്ള അസംകൃത വസ്തുക്കൾ തീരുവ ഒഴിവാക്കി ഇറക്കുമതി ചെയ്ത് സഹകരണടിസ്ഥാനത്തിൽ ചെറുകിട കാലിത്തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിച്ചാൽ

കുറഞ്ഞ വിലക്ക് കാലിത്തീറ്റ വിതരണം ചെയ്യാനാവും.

2. ലഭ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കുക. ഹെക്ടറിന് 500/- രൂപ പ്രകാരം പുൽക്കടവിലയും കൃഷിചെലവും ആയി നൽക്കുന്നു. കൂടാതെ 500/- രൂപ വളം സബ്സിഡിയും നൽക്കുന്ന നിലവിലുള്ള പദ്ധതി പരിഷ്കരിച്ച് ചെറുകിട ഭൂവുടമകൾക്ക് കൂടി ഉപകാരപ്രദമാക്കണം.

3. പഞ്ചായത്തിൽ അടിയന്തിരമായി ഒരു ക്ഷീരവികസന സഹകരണസംഘം സ്ഥാപിക്കണം സംഘത്തിൻെറ പ്രവർത്തനംക്ഷീരവികസന സംഭരണ രംഗത്ത് മാത്രം ഒതുക്കി നിർത്താതെ സമഗ്ര മൃഗസംക്ഷണംവികസനം ലക്ഷ്യമിട്ടായിരിക്കണം കിടാരി വിതരണം,പരിപാലനം എന്നിവ ക്ഷീരവികസനസംഘം വഴി നടത്തേണ്ടതാണ്. കിടാരി വിതരണം നടത്തുമ്പോൾ ആദ്യപ്രസവം വരെ സംരക്ഷണ ചെലവ് സംഘം വായ്പയായി നൽകി. പിന്നീട് പാൽ വിലയിൽ നിന്നും തവണകളായി ഈടാക്കാവുന്നതാണ്. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്, ക്ഷിരരോൽപ്പന്ന നിർമ്മാണയൂണിറ്റ്, ഫോഡർ ബാങ്ക്, തുടങ്ങിയവ സംഘത്തിൻെറ നേതൃത്വത്തിൽ ആരംഭിക്കണം.

4. അലഞ്ഞു തിരിയുന്ന പട്ടിശല്യം പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. വളർത്തു നായക്കൾക്ക് ലൈസൻസിംഗ് നിർബന്ധമാക്കേണ്ടതും, സൗജന്യനിരക്കിൽ ഓരോ വർഷവും പ്രതിരോധ കുത്തിവയ്പ് നടത്തുകയും വേണം പേപ്പട്ടി വിഷത്തിനുള്ള വാക്സിൽ കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

5. കോഴിതീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കിയാലേ മുട്ട ക്കോഴി വളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായി നടത്താൻ കഴിയൂ. വീട്ട് വളപ്പിലെ കോഴി കൃഷി ഏറെ ചെലവില്ലാതെ പ്രോത്സാഹിപ്പിക്കാവുന്ന ഒന്നാണ്. താല്പര്യവും, സ്ഥലസൗകര്യവുമുള്ള കുടുംബംങ്ങളെ കണ്ടെത്തി 1000/- കുടുംബങ്ങളിലെങ്കിലും 5, മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്യണം. വീടുകളിലെ ഭക്ഷണാവിഷ്ടങ്ങൾ തീറ്റയായി ഉപയോഗിക്കാവുന്നതിനാൽ പരിപാലനചെലവ് വളരെ കുറയും 35 രൂപ വിലയുള്ള കോഴിക്കുഞ്ഞിന് ഇപ്പോൾ അനുവദിക്കുന്ന 15 രൂപ ധനസഹായം 20 രൂപയായെകിലും വർദ്ധിപ്പിക്കണം

6. മൃഗസംരക്ഷണത്തിന് ഇന്നുള്ള ഔദ്യോഗിക സംവിധാനം തികച്ചും അപര്യാപ്തമാണ്. സൗകര്യങ്ങൾ വിപുലികരിക്കേണ്ടതാണ്. കാലികർഷകരുടെ വീടുകൾ സന്ദർശിച്ചു കാലിരോഗ നിർണ്ണയവും നടത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീക്കരിക്കുന്നതിന്നും വിദഗ്ദ പരിശീലനം ലഭിച്ചവരെ നിയമിക്കേണ്ടതാണ്. ഏത് സമയത്തും മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കാൻ മൃഗഡോക്ടർ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ തന്നെ താമസിക്കേണ്ടതാണ്.

7. കറവമാടുകൾക്ക് ഇൻഷുറൻസ് സംരക്ഷണ ഏർപ്പെടുത്തണം. മാടുകൾക്ക് ആകസ്മിക മരണം സംഭവിക്കുമ്പോൾ ഉടമസ്ഥർക്ക് സഹായമെത്തിക്കാനായി ഒരാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

8. ഇപ്പോൾ ഭൂരിഭാഗവും കർഷകരും അത്യുൽപാദനശേഷിയുള്ള ഇനത്തിൽ പ്പെട്ട കാലികളെ യാണ് വളർത്തുന്നത്. ഇവയ്ക്ക് നാടൻ ഇനങ്ങളെക്കാൾ രോഗസാധ്യത കൂടുതലായതിനാൽ നല്ല രീതിയിലുള്ള പരിരക്ഷണം അത്യാവശ്യമാണ്. കർഷകർക്ക് വേണ്ടി മൃഗസംരക്ഷത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം. വൃത്തിയുള്ള നവീന രീതിയിലുള്ള തൊഴുത്ത് നിർമ്മിക്കാൻ സഹായധനം ലഭിക്കണം.

9. സ്ക്കൂളുകളിൽ പൗൾട്രി ക്ലബുകൾ രൂപികരിച്ച് വിദ്യാർത്ഥികൾക്ക് മുട്ട ക്കോഴി വളർത്തലിൽ പ്രോൽസാഹനം നൽകേണ്ടതാണ്.

10. ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാൻ ഒരു ദിവസം പ്രായം ഉള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുന്ന എഗ്ഗർ നഴ്സറി ആരംഭിക്കണം.

11. ആട് കൃഷിക്ക് പ്രോത്സാഹനം നൽകണം. ആട് മാംസ വിപണന സംവിധാനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുകയാണെങ്കിൽ ആട് കർഷകർക്ക് ആടിന് നല്ല വില നൽകാനും കൂടുതൽ പേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനും കഴിയും.

''എല്ലാവരും സമൂഹത്തിൽ
മാർറ്റമുണ്ടാകണമെന്ന് പറയുന്നു
തന്നിലാണ് മാർറ്റമുണ്ടാകേണ്ടതെന്ന്
എത്ര പേർ സമ്മതിക്കുന്നു
വ്യക്തികൾക്ക് മാറ്റമുണ്ടാകാതെ
അവരുൾപ്പെടുന്ന സമൂഹത്തിന്
എങ്ങനെയാണ് മാറ്റമുണ്ടാകുക?''

ഇന്ദിരാഗാന്ധി

# 3-2 മത്സ്യബന്ധനം

കാട്ടൂർ പഞ്ചായത്തിൽ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം മാത്രമാണുള്ളത്. കരുവന്നൂർ പുഴ, കനോലി കനാൽ, ഉൾനാട്ടിലെ വലിയ കുളങ്ങൾ,ചിറകൾ എന്നിവയാണ് പ്രധാനമായും പഞ്ചായത്തിന് ലഭ്യമായ മത്സ്യസ്രോതസ്സ്. വരാൽ, കരിപ്പിടി, കരിമീൻ, മുശി, കാരി(കടു) വാള, ചെമ്മീൻ മറ്റു ചെറു മത്സ്യങ്ങൾ, കക്ക എന്നിവയാണ് സാധാരണയായി ലഭിക്കുന്ന മത്സ്യ ഇനങ്ങൾ. ജനങ്ങൾ ഭൂരിഭാഗവും കടൽ മത്സ്യമാണ് ഉപയോഗിക്കുന്നത്. ശുദ്ധജല മത്സ്യ കൃഷി പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ഗ്രാമത്തിലെ ഒരു സനദ്ധ സംഘടന ഇപ്പോൾ പഞ്ചായത്ത് വക കുളത്തിൽ ശുദ്ധ മത്സ്യകൃഷി തുടങ്ങിയിട്ടുണ്ട്.

105 പേരാണ് മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ഉള്ളത്. അതിൽ 50 പേർ മത്സ്യവിപണന രംഗത്താണ്. ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1. അനധികൃത മത്സ്യ ബന്ധനം
2. കീടനാശിനികളുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗം മൂലമുള്ള മത്സ്യങ്ങളുടെ നാശം
3. മത്സ്യകൃഷിക്ക് പ്രോത്സാഹനമില്ലായ്മ
4. മത്സ്യ വിപണനത്തിന് മാർക്കറ്റിൽ സൗകര്യമില്ലായ്മ.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിന്ന് മത്സ്യബന്ധനാവശ്യത്തിന് ലേലത്തിൽ പിടിച്ചെടുക്കുന്ന കുളങ്ങളിൽ നിന്നും അനധികൃതമത്സ്യബന്ധനം തടയാൻ നടപടി വേണം.
2. സ്വകാര്യ വ്യക്തികളുടെ കുളങ്ങളിൽ വിഷാംശമുള്ള നഞ്ച്, ഗുളിക എന്നിവ ഉപയോഗിച്ച് മീൻ പിടിക്കുന്നതും, വ്യാപകമായ കീടനാശിനി ഉപയോഗവും മൂലം മത്സ്യം വംശനാശ ഭീഷണി നേരിട്ട് കൊണ്ടിരിക്കയാണ്. തോട്ട പൊട്ടിച്ചും, ദഞ്ച് കലക്കിയും മത്സ്യബന്ധനംനടത്തുന്നത് കർശനമായി തടയാണം. കീടനാശിനികളുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗം നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ വേണം.
3. ശാസ്ത്രീയ രീതിയിലുള്ള മത്സ്യകൃഷിക്ക് വേണ്ടത്ര പ്രചാരണവും പ്രോത്സാഹനവും നൽകണം. പഞ്ചായത്തിൻെറ കുളങ്ങളിൽ സന്നദ്ധ സംഘടനകൾക്ക് മത്സ്യകൃഷി നടത്തുവാൻ സൗകര്യമുണ്ടാക്കി കൊടുക്കണം. അത്യുൽപാദനശേഷിയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തുന്ന തിന് പ്രത്യേക ഫാം ആരംഭിക്കണം.
4. മത്സ്യ വിപണനത്തിന് മാർക്കറ്റിൽ പ്രത്യേക സൗകര്യങ്ങൾ ഉണ്ടാക്കണം.
5. മത്സ്യ സമ്പത്തിൻെറ പ്രജനനകാലത്ത് തോടുകൾ, ചാലുകൾ, മറ്റ് ജലാശയങ്ങൾ എന്നിവയുടെ മുഖത്ത് ബണ്ട്, മറ്റ് കെട്ടുകൾ എന്നിവ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നത് നിരോധിക്കണം.
6. പഞ്ചായത്തിലെ കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയിൽ മത്സ്യ കൃഷി നടത്താനുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം.

7. ശുദ്ധജല മത്സ്യകൃഷി നടത്താൻ താല്പര്യമുള്ളവരെ കണ്ടെത്തി ശുദ്ധ ജല മത്സ്യകൃഷിയിൽ വേണ്ട പരിശീലനം നൽകുകയും കുളങ്ങൾ കെട്ടാനോ, നന്നാക്കാനോ ധന സഹായം ലഭ്യമാക്കുകയും ചെയ്ത്, വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം.
8. മത്സ്യ സംസ്കരണത്തിന് വേണ്ട സൗകര്യങ്ങൾ ഒരുക്കണം
9. മത്സ്യകൃഷിയുടെ വികസനത്തിന് വേണ്ടി കൃഷിഭവൻ സംവിധാനം പോലുള്ള ഒരു മത്സ്യഭവൻ സ്ഥാപിക്കണം.

''സ്വന്തം കർത്തവ്യം ചെയ്യുകയെന്നത്
ശുഷ്ക്കവും ആഹ്ളാദരഹിതവും
മായ ജോലിയായിത്തോന്നും . പക്ഷെ എല്ലാം
കഴിയുമ്പോൾ അത് നമുക്ക് ഒരു തരം
പ്രത്യേക സംതൃപ്തി നൽകുന്നു''

സോമർസെറ്റ് മോം

# അധ്യായം 4



# വിദ്യാഭ്യാസം

# 4.1.വിദ്യാഭ്യാസം

ഒരു കാർഷിക ഗ്രാമമായ കാട്ടൂരിൽ വിദ്യാഭ്യാസരംഗത്ത് സാമാന്യജനങ്ങൾ എടുത്തുപറയത്തക്ക താൽപര്യമൊന്നും കാണിച്ചിരുന്നില്ല. ഭൂരിഭാഗം ജനങ്ങളും സാധാരണക്കാരായ കർഷകരോ കച്ചവടക്കാരോ ആയിരുന്നു. വിദ്യാഭ്യാസം അന്ന് വളരെ ചെലവുള്ള ഒന്നായിരുന്നതിനാലാണ് സാധാരണജനങ്ങൾ വിദ്യാഭ്യാസരംഗത്തുനിന്നും മാറിനിന്നിരുന്നത് എന്നാൽ സമ്പന്നരായ വ്യക്തികൾ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ ഉത്സുകരായിരുന്നു. 1850 കാലഘട്ടങ്ങളിൽ കുടുംബങ്ങളിൽ പണിക്കർ കളരികളും (കുടി പള്ളിക്കൂടങ്ങൾ), പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങളും നിലനിന്നിരുന്നു.

ഏകദേശം 1875 കാലഘട്ടത്തിൽ കരാഞ്ചിറയിലെ സെൻറ് ഫ്രാൻസീസ് സേവിയർ ദേവാലയത്തോടനുബന്ധിച്ച് ആരംഭിച്ചതായ എലിമെൻററി സ്കൂൾ ആയിരുന്നു കാട്ടൂരിലെ പ്രഥമവിദ്യാലയം. 1888 ൽ ഏതാനും സ്വകാര്യ വ്യക്തികളുടെ പ്രവർത്തന ഫലമായി. ഇന്നത്തെ പോംപെ സെൻറ് മേരീസ് സ്കൂളിനു രൂപം നൽകി പിന്നീട് പ്രസ്തുത വിദ്യാലയം ഈ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും വിദ്യാർത്ഥികളുടെ ഏകാവലംബമായി വളർന്നു. കാട്ടൂരിലെ പൗരപ്രമുഖനായിരുന്ന കൊളങ്ങാട്ടുപറമ്പിൽ മുറമ്മദുണ്ണി സൗഹിബ് 1925-ൽ സൗജന്യമായി നൽകിയ 62 സെൻറ് സ്ഥലത്താണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ സ്കൂൾ പ്രവർത്തനമാരംഭിച്ചത്. സാധാരണക്കാരായ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ വിദ്യാലയം ഒരത്താണിയായി മാറി. മലയാളം മീഡിയത്തിലുള്ള ആദ്യത്തെ സ്കൂളും ഇതായിരുന്നു അതുകൊണ്ട് പിന്നീടത് ''മലയാളം സ്കൂൾ'' എന്ന് അറിയപ്പെടാൻ തുടങ്ങി, ''ചെറിയ സ്കൂൾ'' എന്നും ഈ സ്ഥാപനം അറിയപ്പെട്ടിരുന്നു. 1950-കളിൽ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻെറ പയസ്സ് X കോൺവെൻറിനോടനുബന്ധിച്ച് സെൻറ് ജോർജ്ജസ് പ്രൈമറി സ്കൂൾ സ്ഥാപിതമായി. പോംപെ സെൻറ് മേരീസ് ഹൈസ്കൂളിൽനിന്നും L.P. വിഭാം 1962-ൽ വേർപ്പെടുത്തി, ഇപ്പോൾ സ്വതന്ത്രസ്ഥാപനമായാണ് പ്രവർത്തിക്കുന്നത് .

പല പ്രശസ്തരായ വ്യക്തികൾക്കും കാട്ടൂരിലെ വിദ്യാലയങ്ങൾ ജന്മം നൽകിയിട്ടുണ്ട്. ഒരു നൂറ്റാണ്ടിലേറെ കാലം പഴക്കമുള്ള പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂൾ തന്നെയാണിതിൽ മുന്നിൽ. ഈ സ്കൂളിലെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ ഇ.പി. ഐസക് മാസ്റ്റർ വളരെ പ്രഗൽഭനായ അദ്ധ്യാപകനായിരുന്നു, അന്നത്തെ ദിവാനായിരുന്ന ശ്രീ ആർ.കെ. ഷൺമുഖം ചെട്ടി അദ്ദേഹത്തിൻെറ പ്രാഗൽഭ്യത്തിൽ സന്തുഷ്ടനായി, അദ്ദേഹത്തിനെ സർക്കാർ സർവ്വീസിലേക്ക് ക്ഷിണിക്കുകയുണ്ടായി. വിദ്യാഥ്യാസ വകുപ്പിൽ ജോയിൻറ് ഡയറക്ടറായിട്ടാണ് പിന്നീട് അദ്ദേഹം റിട്ടയർ ചെയ്തത്. ഈ സ്കൂളിലെ തന്നെ മറ്റൊരു പ്രധാന അധ്യാപകനായിരുന്ന ശ്രീ ടി. ൽ. ജേക്കബ് മാസ്റ്റർക്ക് ഏറ്റവും നല്ല അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്, ഈ സ്കൂളിലെതന്നെ അദ്ധ്യാപകനായിരുന്ന ശ്രീ എബ്രാഹാം ജി. പാനിക്കുളത്തിനും നല്ല അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. സംസ്ഥാന സ്കൗട്സ് കമ്മീഷണർ കൂടിയായിരുന്നു ഇദ്ദഹം. സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാനായിരുന്ന ശ്രീ പി.കെ. ഗോപാലകൃഷ്ണൻ, ദിവംഗതനായ തൃശൂർ ബിഷപ്പ് റൈറ്റ് റവ. ജോർജ്ജ് ആലപ്പാട്ട്, സംസ്ഥാന മന്ത്രിയായിരുന്ന ശ്രീ പി.കെ. വേലായുധൻ പ്രശസ്ത യുവസാഹിത്യകാരന്മാരായ സർവ്വശ്രീ ടി.കെ. കൊച്ചുബാവ, അശോകൻ ചരുവിൽ, സംസ്ഥാനത്തെ ആദ്യത്തെ വനിത ചീഫ് എഞ്ചിനീയറായ കുമാരി പി.കെ. ത്രേസ്യ , ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഐപ്പ് ആലപ്പാട്ട്, ഐ.എഫ്.എസ്., ശ്രീ പി.ജെ. ജോസഫ് ഐ.പി.എസ്.,മുൻ MLA ശ്രീ സി.കെ. ചക്രപാണി,

IFS സെൻറ് തോമസ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഫാദർ പോൾ ആലപ്പാട്ട് എന്നിവരെല്ലാം ഇവിടുത്തെ വിദ്യാർത്ഥികളായിരുന്നു.

ഈ പഞ്ചായത്തിലെ ഏക സർക്കാർ സ്കൂൾ 1990–ൽ ആണ് ഹൈസ്കൂളായി ഉയർത്തിയത്. ഹൈസ്ക്കൂളിനു വേണ്ട സ്ഥലം നാട്ടുകാർ നൽകണമെന്ന വ്യവസ്ഥയിലാണ് ഈ സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തിയത്. സർക്കാർ സ്കൂൾ വികസന സമിതി നാട്ടുകാരിൽനിന്നും സംഭാവനായി ശേഖരിച്ച 6 ലക്ഷത്തോളം രൂപകൊണ്ട് സ്ഥലം വാങ്ങി സർക്കാരിനെ ഏൽപ്പിച്ചിട്ടുണ്ട്.

സ്കൂളിൽ എല്ലാകാലത്തും ഉപയോഗിക്കാവുന്ന സ്വന്തമായ കളി സ്ഥലമുള്ളത് കരാഞ്ചിറ സെൻറ് സേവിയേഴ്സ് ഹൈസ്ക്കൂളിനുമാത്രമാണ്.

സ്കൂളിലെ വിദ്യാഭ്യാസ നിലവാരം പൊതുവെ കുറഞ്ഞുവരികയാണ്, വിദ്യാർത്ഥികളിൽ അച്ചടക്കബോധവും അദ്ധ്യാപകരിൽ അർപ്പണ മനോഭാവവും പണ്ടത്തെക്കാളേറെ കുറഞ്ഞിട്ടുണ്ട്,ഗൾഫ് പണത്തിൻെറ ധാരാളിത്വവും, സിനിമയും, ക്രിക്കറ്റ് ജ്വരവും ക്ലാസ്സുകളിൽനിന്ന് അകന്നുനിൽക്കുന്നതിന് പ്രേരകമാവുന്നു, മയക്കുമരുന്നുകളുടെ ഉപയോഗവും സ്കൂൾ കാമ്പസുകളിലെ പൊതു പ്രശ്നങ്ങളാണ്. ജീവിത ബന്ധമുള്ള ഒരു വിദ്യാഭ്യാസരീതിയല്ല ഇന്നു നിലനിൽക്കുന്നത്. അദ്ധ്യാപക പരിശീലന രീതിയും കാലാനുസൃതമായി പരിഷ്ക്കരിച്ചട്ടില്ല. കരാഞ്ചിറ ബി.എ.എം. ഹോസ്പിറ്റലിനോടനുബന്ധിച്ച് 'വിജയമാതാ നേഴ്സിങ്ങ് സ്കൂളും'' ''റോസ് കോളേജ്'' എന്ന പേരിൽ ഒരു വനിതാ പാരലൽ കോളേജും പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നങ്ങൾ താഴെപറയുന്നവയാണ്.

1. മൂല്യശോഷണം
2. വിദ്യാർത്ഥികളുടെ അച്ചടക്ക രാഹിത്യം
3. അക്ഷര അക്ക ബോധമില്ലാത്ത വിദ്യാർത്ഥികൾ
4. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവ്

## പട്ടിക 1

### ഭൗതിക സാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | ഗവ. ഹൈസ്ക്കൂൾ | 910 | 30 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂൾ | 743 | 29 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | സെൻറ് സേവിയേഴ്സ് ഹൈ സ്ക്കൂൾ | 723 | 35 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | സെൻറ് ജോർജ്ജസ് യു.പി. സ്കൂൾ | 1031 | 25 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | പോംപെ സെൻറ് മേരീസ് എൽ.പി.സ്കൂൾ | 252 | 9 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# പട്ടിക 2
## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| ക്ര | സ്കൂൾ | ലൈബ്രറി | | ലാബറട്ടറി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രവർത്തിക്കാത്തത് | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലേക്ക് ബോർഡ് ആവശ്യമുള്ളത് | മാതൃസംഗമം | പി.ടി.എ. |
| 1. | ഗവ.ഹൈസ്ക്കൂൾ | ഉണ്ട് | -- | ഉണ്ട് | -- | -- | -- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | സജീവം | സജീവം |
| 2. | പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂൾ | -- | ഉണ്ട് | ഉണ്ട് | -- | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 15 | ഇല്ല | സജീവം |
| 3. | സെൻറ് സേവിയേഴ്സ് ഹൈസ്ക്കൂൾ | -- | ഉണ്ട് | -- | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | ഇല്ല | സജീവം |
| 4. | സെൻറ് ജോർജ്ജ്സ് യു.പി..സ്ക്കൂൾ | ഉണ്ട് | -- | ഉണ്ട് | -- | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | സജീവം | സജീവം |

5. പാഠ്യേതര പ്രവർത്തനങ്ങളുടെ കുറവ്
6. സ്കൂളിലേയ്ക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.
7. കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
8. സമീപപട്ടണങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേയ്ക്ക് കുട്ടികൾ പോകുന്നത് വർദ്ധിക്കുന്നു.
9. പി.ടി.എ., മാതൃസംഗമം, മാതൃസംഗം പ്രവർത്തനങ്ങൾ കാര്യക്ഷമല്ല.
10. സ്കൂളിലെ ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിലെ നിലവാരക്കുറവ്
11. എസ്.എസ്.എൽ.സി. വിജയശതമാനം കുറവ്.
12. തൊഴിലധിഷ്ഠിത വിദ്യാലയങ്ങളുടെ അഭാവം

# പട്ടിക 3

## എസ്. എസ്. എൽ. സി. വിജയ ശതമാനം

| നം | സ്ക്കൂൾ | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. | ഗവൺമെൻറ് ഹൈസ്ക്കൂൾ | 93% | 60% | 50% | 70% |
| 2. | പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂൾ | 53% | 52% | 45% | 47% |
| 3. | സെൻറ് സേവിയേഴ്സ് ഹൈസ്ക്കൂൾ | 69% | 78% | 55% | 44% |

**പരിഹാരമാർഗ്ഗങ്ങൾ**

1. പഠനം രസകരമായാൽ മാത്രമേ വിദ്യാർത്ഥികൾക്ക് പഠനത്തിൽ താൽപര്യമുണ്ടാക്കാൻ കഴിയൂ പരീക്ഷയെ ലക്ഷ്യമാക്കി മാത്രം പഠിപ്പിക്കുന്ന ഇന്നത്തെ രീതി മാറ്റേണ്ടിയിരിക്കുന്നു. കാണാപാഠം പഠിച്ച് വിദ്യാർത്ഥിയുടെ ഓർമ്മശക്തി പരീക്ഷിക്കുന്നതിനുപകരം വിദ്യാർത്ഥിയുടെ വിജ്ഞാനം വികസിപ്പിക്കുന്നതിനും നൈസർഗ്ഗിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ പാഠ്യപദ്ധതികൾ ആസൂത്രണം ചെയ്യണം. പഠനരംഗത്ത് ഇലക്ട്രോണിക് മാധ്യമങ്ങൾ വേണ്ടരീതിയിൽ ഉപയോഗിക്കണം, അദ്ധ്യാപകർക്ക് പുതിയ ബോധന രീതികളെക്കുറിച്ച് കാലാനുസൃതമായി പരിശീലനം നൽകണം. ഇൻസ്പെക്ഷൻ സമ്പ്രദായം നിർബന്ധമാക്കണം.
2. സമൂഹത്തിൽ പൊതുവേ കാണുന്ന അച്ചടക്കരാഹിത്യത്തിൻെറ പ്രതിഫലനമാണ് വിദ്യാർത്ഥികളിലും കണ്ടുവരുന്നത്, അച്ചടക്കബോധമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തിൽനിന്നുമാത്രമേ രാഷ്ട്രപുനർനിർമ്മാണത്തിനുതകുന്ന വിധത്തിൽ കർമ്മശേഷിയുള്ള പൗരന്മാരെ വാർത്തെടുക്കുവാൻ കഴിയൂ. അദ്ധ്യാപകരുടേയും രക്ഷാർത്താക്കളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥികളിൽ അച്ചടക്കബോധം വളർത്താനുള്ള നടപടികൾ സ്വീകരിക്കണം.
3. പ്രൈമറി വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനം അക്ഷര/അക്കബോധമില്ലാത്തവരാണ്.

ഇത്തരം കുട്ടികളെ കണ്ടെത്തി അവരിൽ അക്ഷര/അക്കബോധമുറപ്പിക്കാൻ പ്രത്യേക ക്ലാസ്സുകൾ നൽകണം. സന്നദ്ധസേവകരുടെ സേവനവും ഇതിനുപയോഗപ്പെടുത്താവുന്നതാണ്.

4. കാട്ടൂർ ഗവ. ഹൈസ്ക്കൂളിൽ കളി സ്ഥലമില്ല. സ്ഥലം വാങ്ങിയിട്ടുണ്ട് അത് മണ്ണിട്ട് നികത്തി കളിസ്ഥലമായി വികസിപ്പിച്ചെടുക്കണം. കാട്ടൂർ പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂളിലെ കളിസ്ഥലം വർഷകാലത്ത് ഉപയോഗിക്കുവാൻ കഴിയില്ല, അതും മണ്ണിട്ടുയർത്തി എല്ലാകാലത്തും ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ ആക്കേണ്ടതാണ്,കാട്ടൂർ ഗവ. സ്കൂളിൽ ക്ലാസ്സുകൾ പ്രവർത്തിക്കാനുള്ള കെട്ട സൗകര്യങ്ങളില്ല. സ്ഥലം വാങ്ങിയിട്ടുണ്ട്. പുതിയ കെട്ടികം നനർമ്മിക്കണം. ഇരുപതുമുറികളുള്ള രണ്ടുനില കെട്ടിടമെങ്കിലും അടിയന്തിരമായി നിർമ്മിക്കണം. സ്കൂളിലെ ലാബറട്ടറികളിൽ പലതിലും ഉപകരണങ്ങളുണ്ടെങ്കിലും വേണ്ട സ്ഥലസൗകര്യമില്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല, ലാബറട്ടറി കാര്യക്ഷമമാക്കണം. വിദ്യാർത്ഥികൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുള്ള മൂത്രപ്പുര, കക്കൂസ് എന്നിവ ആവശ്യാനുസരണം പണിയുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും സംവിധാനം വേണം.

5. പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂളിലെ ഇപ്പോഴുള്ള മുറികളുടെയും ഫർണിച്ചറുകളുടെയും അവസ്ഥ വളരെ ശോചനീയമാണ്. മുറികൾ വൃത്തിയുള്ളതും ഫർണിച്ചറുകൾ ഉപയോഗിക്കാവുന്ന വിധത്തിലും ഉള്ളവയായിരിക്കണം. പാഠ്യേതര പ്രവർത്തനങ്ങളുായ സ്പോർട്സ., യുവജനോൽസവം, വാർഷികോൽസവങ്ങൾ, വിനോദപഠനയാത്രാപരിപാടികൾ എന്നിവ ചടങ്ങുകൾക്കു മാത്രമാക്കാതെ കഴിവുള്ളവരെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉള്ള വേദിയാക്കണം. സ്കൂൾ സാഹിത്യസമാജങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണം.

6. 5, 7, 9 എന്നീ വാർഡുകളിലെ ചില പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വളരേയേറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. 5-ാം വാർഡിൽ സൗകര്യപ്രദമായ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കാനുള്ള നടപടി വേണം.

7. കൂടുതൽ മെച്ചമായ സ്ക്കൂളുകൾ തേടിയാണ് ഏറെയും വിദ്യാർത്ഥികൾ അടുത്ത പഞ്ചായത്തിലേക്കും പട്ടണങ്ങളിലേയ്ക്കും പ്രശസ്ത സ്ക്കൂളുകളിലേക്കും ചേക്കേറുന്നത്. പഞ്ചായത്തിലെ സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിയ്ക്കുകയും ചെയ്താൽ സ്വാഭാവികമായും ഈ പഞ്ചായിലുള്ളവർ മറ്റു സ്ക്കൂളുകളെ ആശ്രയിക്കില്ല.

8. പി.ടി.എ. പ്രവർത്തനം കൂടുതൽ സജീവമാക്കണം. രക്ഷിതാക്കളുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടായാൽ മാത്രമേ സ്ക്കൂളുകളിലെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ കഴിയൂ എന്ന ബോധം രക്ഷിതാക്കളിൽ ഉളവാക്കുകയും, പി.ടി.എ. പ്രവർത്തനങ്ങളിൽ മുഴുവൻ അദ്ധ്യാപകരും ഭൂരിഭാഗം രക്ഷിതാക്കളുടേയും സഹകരണം ഉറപ്പാക്കുകയും വേണം. മാതൃസംഘം, പി.ടി.എ. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

9. സ്കൂളുകളിലെ ഇംഗ്ലീഷ് വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ്. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ആ വിഷയം പഠിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകനെ തന്നെ നിയമിക്കണം. അതുപോലെതന്നെ ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഇംഗ്ലീഷ് മാധ്യമം പ്രായോഗികമാണ്.

10. ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കണം. പാഠ പുസ്തകങ്ങൾ വർഷാരംഭത്തിൽതന്നെ സ്കൂളിലെത്തിക്കാനുള്ള സംവിധാനം വേണം.

11. സ്കൂൾ കോംപ്ലക്സ് എന്ന ആശയം നടപ്പിൽ വരുത്തുക. ഏതെങ്കിലും ഒരു സ്കൂളിനെ ലീഡ് സ്കൂളായി തെരഞ്ഞെടുത്ത് പഞ്ചായത്തിലെ എല്ലാ സ്കുളുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുകയും വിദ്യാലയങ്ങൾ തമ്മിലും അദ്ധ്യാപകർ തമ്മിലും പരസ്പരം ആശയവിനിമയം നടത്തി പോരായ്മകൾ പരിഹരിക്കുന്ന അയൽപക്ക വിദ്യാലയ സമ്പ്രദായം നടപ്പിൽ വരുത്തുക.

12. അനൗപചാരിക വിദ്യാഭ്യാസ പ്രചാരണത്തിന് പ്രത്യേകമായ ഒരു കേന്ദ്രമനുവദിക്കണം. ദൃശ്യ ശ്രാവ്യമാധ്യമങ്ങളുടെ സഹായത്തോടെ തൽപരരായ എല്ലാവർക്കും വിവിധവിഷയങ്ങളിൽ സെമിനാർ, ക്ലാസ്സുകൾ, കോഴ്സുകൾ എന്നിവ സംഘടിപ്പിക്കണം. തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കണം.

13. ഓരോ വിദ്യാലയത്തിൻേറയും സൗകര്യങ്ങളിലും പ്രവർത്തനങ്ങഴിലും ബോധനരീതികളിലും പരീക്ഷാരീതികളിലും ഉള്ള പോരായ്മകളും വീഴ്ചകളും കണ്ടെത്തി യഥാസമയം തന്നെ പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് സമിതി, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ എന്നിവർ ഉൾപ്പെട്ട ഒരു 'മോണിറ്ററിംഗ് സംഘം' രൂപീകരിക്കണം.

14. വിദ്യജ്യോതി പദ്ധതിയിൽ ഇരിഞ്ഞാലക്കുട ബ്ലോക്കിൽ തെരഞ്ഞെടുക്കപ്പെട്ട ഏക പഞ്ചായത്താണ് നമ്മുടേത്. പഞ്ചാത്ത് തല സമിതികളും സ്കൂൾ തല സമിതികളും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്, അക്ഷര-അക്കമുറയ്ക്കാത്ത വിദ്യാർത്ഥികളെ പ്രാഥമിക പരീക്ഷയിലൂടെ കണ്ടെത്തി അവർക്ക് ക്ലാസ്സുകൾ നൽകി അക്ഷരവും അക്കവും ഉറപ്പിക്കുവാനുള്ള പദ്ധതിയാണ് പ്രധാനമായിട്ടുള്ളത്. ഈ പരീക്ഷ കഴിഞ്ഞെങ്കിലും അവർക്ക് വേറെ നിർദ്ദേശിക്കപ്പെട്ട കോച്ചിംഗ് ക്ലാസ്സുകൾ ഒരിടത്തും ആരംഭിച്ചിട്ടില്ല. വിദ്യജ്യോതിയുടെ നിർദ്ദിഷ്ടലക്ഷ്യങ്ങൾ നിറവേറ്റുവാൻ പ്രധാനാദ്ധ്യാപകരും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ആത്മാർത്ഥമായി ശ്രമിക്കുകയാണെങ്കിൽ ഈ പഞ്ചായിലെ വിദ്യാഭ്യാസ മേഖലയിൽ കാര്യമായ മാറ്റമുണ്ടാവുന്നതാണ്.

"The destiny of India is being shaped in its class rooms" - D. S. Kothari ഏതൊരു രാജ്യത്തിൻേറയും വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിഭവമാണ് അവിടുത്തെ ആരോഗ്യദൃഢഗാത്രരും വിദ്യാസമ്പന്നരുമായ ജനതതി. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ നമ്മുടെ വിദ്യാലയങ്ങൾ മാതൃകാപരമായ ശിക്ഷണരീതിയിലധിഷ്ഠിതമായിരിക്കണം. കാര്യക്ഷമമായി പ്രവർത്തിക്കുന്ന പി. ടി.എ. / മാതൃസംഘങ്ങളും അർപ്പണബോധമുള്ള അധ്യാപകസമൂഹവുമുണ്ടെങ്കിൽ അച്ചടക്കവും ഉത്തരവാദിത്വബോധമുള്ള വിദ്യാർത്ഥികൾ താനെ ഉണ്ടാകും. ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെപൗരന്മാരും നാടിൻെറ സമ്പത്തും എന്ന സത്യം നാം മറന്നുകൂടാ.

''അനുഭവം ഒരു നല്ല അദ്ധ്യാപികയാണ്.
പക്ഷെ അവർക്ക് കനത്ത പ്രതിഫലം നൽകേണ്ടി വരും.''

**മിന്ന ആൻഗ്രിം**

# അധ്യായം 5



## ആരോഗ്യം

## കുടിവെള്ളം

## പരിസര ശുചിത്വം

# 5-1 ആരോഗ്യം

പാരമ്പര്യ വൈദ്യകുടുംബങ്ങളെയാണ് ആദ്യകാലത്ത് ആരോഗ്യ പരിപാലനത്തിനായി പ്രധാനമായും ആശ്രയിച്ചിരുന്നത്. നാട്ടറിവും ഒറ്റമൂലി ചികിത്സാ രീതികളും രോഗചികിത്സയ്ക്ക് ഉപയോഗപ്പെടുത്തിയിരുന്നു. ചരട് ജപിച്ച് കെട്ടുക, മന്ത്രം ചെയ്ത് ഊതുക, ഉഴിയുക, നേർച്ചകൾ നേരുക തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങളും നിലവിലിരുന്നിരുന്നു. വിഷചികിത്സയ്ക്കും കണ്ണു ചികിത്സയ്ക്കും പേരു കേട്ട വൈദ്യകുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരിന്നു.

1921 ൽ സർക്കാർ ആശുപത്രീ സ്ഥാപിതമായതു മുതൽ ആധുനിക ചികിത്സാ സൗകര്യം പഞ്ചായത്തിൽ ലഭ്യമായി തുടങ്ങി. ഇതു കൂടാതെ സ്വകാര്യമേഖലയിൽ ഒരു ആശുപത്രിയും, സർക്കാർ ആയുർവേദ ഡിസ്പെൻസറിയും, സ്വകാര്യ വ്യക്തികളുടെ ആയുർവേദ പരിശോധനാകേന്ദ്രവും, ഒരു ഹോമിയോ പരിശോധനാ കേന്ദ്രവും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതി മെച്ചമാണ്. 95-96 വർഷത്തിൽ ശിശു മരണങ്ങൾ ഉണ്ടായിട്ടില്ല. പകർച്ച വ്യാധികളും ഉണ്ടായുട്ടില്ല. പഞ്ചായത്തിലെ ജനന നിരക്ക് ആയിരത്തിന് 13 ആണ്. സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ജനന നിരക്ക്. എന്നാൽ പൊതു മരണ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പഞ്ചായത്തിലെ പൊതു മരണ നിരക്ക് ആയിരത്തിന് 8 ആണ്. പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതിയുടെ ചരിത്രം പട്ടികകളിൽ കൊടുത്തുരിക്കുന്നു.

## പൊതു ആരോഗ്യ സ്ഥിതി വിവരങ്ങൾ :- 1996

### പട്ടിക -1

കുട്ടികളുടെ എണ്ണം - വയസ്സ് തിരിച്ച്

| കുട്ടികളുടെ എണ്ണം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1. 1- വയസ്സിൽ താഴെ | 115 | 105 | 220 |
| 2. 1-3 വയസ്സ് | 265 | 279 | 544 |
| 3. 3-6 വയസ്സ് | 261 | 160 | 421 |

# പട്ടിക - 2

## കുട്ടികളുടെ പോഷക നിലവാരം

| | 1 വയസ്സിൽ താഴെ | | 1-3 വയസ്സ് | | 3-6 വയസ്സ് | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| നോർമൽ | 110 | 100 | 260 | 270 | 258 | 156 |
| ലഘുമായ പോഷണക്കുറവ് ഉള്ളവർ | 4 | 3 | 4 | 5 | 2 | 2 |
| മിതമായ പോഷണക്കുറവുള്ളവർ | 1 | 2 | 1 | 4 | 1 | 2 |
| ഗുരുതരമായ പോഷണകുറവ് ഉള്ളവർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

# പട്ടിക -3

## രോഗങ്ങൾ സംബന്ധിച്ച വിവരം

| രോഗങ്ങൾ | |
|---|---|
| ത്വക്ക് രോഗം | 109 |
| വാത രോഗം | 20 |
| പകർച്ച വ്യാധികൾ | ഇല്ല |
| വികലാംഗർ | 36 |
| അന്ധർ | 4 |
| കുഷ്ഠരോഗികൾ | 9 |

ആരോഗ്യ പരിപാലന സൗകര്യങ്ങൾ വ്യാപകമായതോടു കൂടി പഞ്ചായത്തിലെ വൃദ്ധജനങ്ങളുടെ എണ്ണം കൂടി വരികയാണ്. പഞ്ചായത്തിലെ കുടുംബങ്ങളിലെ ശരാശരി ജനസംഖ്യ 5 ആണ്. താരതമേന്യ മെച്ചമായ ജീവിത നിലവാരവും, വിദ്യാഭ്യാസ നിലവാരവും ഉള്ളതിനാൽ ആരോഗ്യപരിപാലനത്തിൽ പ്രത്യേകിച്ചും, ശിശുപരിപാലനത്തിൽ പഞ്ചായത്ത് ഏറെ മുമ്പിലാണ്. പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികൾ പഞ്ചായത്തിൽ ഇല്ല.

കാട്ടൂർ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ കണക്ക് പട്ടിക 4ൽ കൊടുക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. സർക്കാർ ആശുപത്രിയിൽ വേണ്ട സൗകര്യങ്ങളില്ല.
2. ലേഡി ഡോക്ടർ ഇല്ല
3. ജീവനക്കാർ കുറവാണ്
4. തിയ്യറ്ററിൽ മതിയായ സൗകര്യങ്ങളില്ല
5. X-ray, ലാബോറട്ടറി സൗകര്യങ്ങളില്ല
6. ഭക്ഷണവും മരുന്നും വേണ്ടത്ര ലഭിക്കുന്നില്ല
7. ഒ.പി., സമയത്തിന് പ്രവർത്തിക്കുന്നില്ല
8. ടെലിഫോൺ സൗകര്യം ഇല്ല, വാഹനമില്ല
9. ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തം കെട്ടിടമില്ല
10. ഹെൽത്ത് വിസിറ്റേഴ്സിന്റെ പ്രവർത്തനം തൃപ്തികരമല്ല.

## പരിഹാരങ്ങൾ

1. സർക്കാർ ആശുപത്രികെട്ടിടം പലയിടത്തും ചോർന്നൊലിക്കുന്നുണ്ട്. വേണ്ട രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തി കെട്ടിടം നന്നാക്കി എടുക്കണം. കട്ടിലുകളുടെയും മറ്റുപകരണങ്ങളുടേയും കേടുപാടുകൾ യഥാസമയം തീർക്കാൻ സംവിധാനം ഉണ്ടാക്കണം.
2. ആശുപത്രിയിൽ അടിയന്തിരമായി ഒരു ലേഡി ഡോക്ടറെ നിയമിക്കണം. ലേഡീ ഡോക്ടറുമാരില്ലാത്തതു മൂലം സ്ത്രീകൾ ഭൂരിഭാഗവും സ്വകാര്യആശുപത്രികളെ ആശ്രയിക്കുന്നു.
3. ആശുപത്രിയിൽ മതിയായ ജീവനക്കാരെ നിയമിക്കണം. ജീവനക്കാരുടെ കുറവ് മൂലം ആശുപത്രിവാർഡുകൾ, കക്കൂസുകൾ, പരിസരം എന്നിവ വേണ്ട രീതിയിൽ ശുചിയായി സംരക്ഷിക്കപ്പെടുന്നില്ല. രോഗികളെ പരിചരിക്കുന്നതിന് വേണ്ട നഴ്സുമാരെ നിയമിക്കണം
4. ആശുപത്രി ഓപ്പറേഷൻ തിയറ്റർ ആധുനികവൽക്കരിക്കുകയും അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ ഒരു ജനറേറ്റർ സ്ഥാപിക്കുകയും വേണം.
5. എക്സ്- റേ, ലാബറട്ടറി, സൗകര്യങ്ങൾക്ക് ഇപ്പോൾ സ്വകാര്യ സ്ഥാപനങ്ങളെയാണ് പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത്. എക്സ്-റേ, ലാബറട്ടറി സൗകര്യങ്ങൾ സർക്കാർ ആശുപത്രിയിൽ ലഭ്യമാക്കണം.
6. അത്യാവശ്യമരുന്നുകൾ എല്ലാം തന്നെ ആശുപത്രിയിൽ സൗജന്യമായി ലഭ്യമാക്കണം. കൂടാതെ പൊതു വിപണിയേക്കാളും കുറഞ്ഞ വിലയിൽ മരുന്നുകൾ വിപണനം ചെയ്യാൻ കഴിയുന്ന മെഡിക്കൽസ്റ്റോറുകൾ ആരംഭിക്കുന്നതിന് സന്നദ്ധസംഘടനകളെ പ്രേരിപ്പിക്കണം
7. ഒ.പി. യിൽ സമയത്തിന് എത്താൻ മെഡിക്കൽ ഓഫീസർമാർ ശുഷ്ക്കാന്തി കാണിക്കുന്നില്ല. രോഗികളെ അനാവശ്യമായി ബുദ്ധിമുട്ടിക്കാതെ കൃത്യസമയത്ത് തന്നെ ഒ.പി പ്രവർത്തിപ്പിക്കണം.
8. ആശുപത്രിയിൽ ടെലിഫോൺ സൗകര്യവും ആബുലൻസ് സൗകര്യവും ഏർപ്പെടുത്തണം
9. ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. സ്ഥലം പഞ്ചായത്തിൽ നിന്നും നൽകുന്നതാണ്.

10. ആശുപത്രിയിൽ ശിശുരോഗ വിഭാഗവും, ഇ.ൻ.റ്റി, കണ്ണ് വിഭാഗങ്ങളും ആരംഭിക്കണം

11. അത്യാസന്ന നിലയിൽ വരുന്ന രോഗികൾക്ക് അടിയന്തിര ചികിത്സാ സൗകര്യം ലഭ്യമാക്കണം.

12. ആരോഗ്യസംവിധാനത്തിൽ മരുന്നുകളോളം തന്നെ പ്രാധാന്യം ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. ജലജന്യരോഗങ്ങൾ,വായുജന്യ രോഗങ്ങൾ, കീടപ്രാണി ജന്യരോഗങ്ങൾ എന്നിവയെക്കുറിച്ചും, രോഗ പ്രതിരോധത്തെക്കുറിച്ചും, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ ആരോഗ്യവകുപ്പ്, സ്ക്കൂളുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ നടത്തണം.

13. മനുഷ്യ സമൂഹത്തിന് തന്നെ ഭീഷണിയായി തീർന്നിരിക്കുന്ന AIDS പോലുള്ള ലൈംഗിക രോഗങ്ങളെക്കുറിച്ചും, നിയന്ത്രണമില്ലാത്ത ലൈംഗീകത വരുത്തുന്ന ആപത്തുകളെ ക്കുറിച്ചും മുന്നറിയിപ്പ് നൽകുന്ന ബോധവൽക്കരണ പരിപാടികൾ സ്ക്കൂൾ തലം മുതൽ തന്നെ തുടങ്ങണം.

14. സ്ക്കൂളുകളിൽ ഹെൽത്ത് ക്ലബുകൾ ആരംഭിക്കണം.

*****

"ലക്ഷങ്ങൾ പട്ടിണിയിലും അജ്ഞതയിലും
കഴിയുന്നിടത്തോളം കാലം, അവരുടെ
ചെലവിൽ പഠിക്കുകയും അവരെ തെല്ലും
ഗൗനിക്കാതിരിക്കുകയും ചെയ്യുന്ന
സകലരേയും ഞാൻ രാജ്യ ദ്രോഹികളായി
കണക്കാക്കും''

സ്വാമി വിവേകാനന്ദൻ

# പട്ടിക-4

| ആരോഗ്യസ്ഥാപനങ്ങളുടെ വിവരം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | കിടക്കൾ | ഡോക്ടർ മാർ | നേഴ്സുമാർ | മറ്റു ജീവനക്കാർ | തിയ്യറ്റർ സൗകര്യം | ലേബർ റൂം | X-ray സൗകര്യം | ലാബ് | വാഹനം |
| 1 | സർക്കാർ ആശുപത്രി കാട്ടൂർ | 1921 | 70 | 2 | 8 | 15 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 2 | സർക്കാർ ആയുർവേദ ഡിസ്പെൻസറി കാട്ടൂർ | 1992 | ഇല്ല | 1 | ഇല്ല | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ബിഷപ്പ് ആലപ്പാട്ട് ഹോസ്പിറ്റൽ കരാഞ്ചിറ | 1968 | 175 | 15 | 27 | 10 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# 5.2 കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യ കാര്യത്തിലെ പ്രധാനഘടകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണവും. വടക്ക് കരുവന്നൂർ പുഴയും, പടിഞ്ഞാറ് കനോലി കനാലും അതിരിടുന്ന ഈ പഞ്ചായത്തിൽ കുടിവെള്ള ലഭ്യത താരതമ്യേന ഭേദമാണ്. എന്നാൽ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഇപ്പോഴും ഗുരുതരമായ ഒരു പ്രശ്നമായി നിലനിൽക്കുന്നു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിൽ ഒരു ശാശ്വത പരിഹാരം കാണാൻ ഇതുവരെയും സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളെയോ അടുത്ത വീട്ടിലെ കിണറുകളെയോ ആണ് ആശ്രയിക്കുന്നത്. 10% ജനങ്ങൾ പൊതുജലവിതരണ സമ്പ്രദായത്തെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ കുടിവെള്ള ലഭ്യതയുടെ ചിത്രം പട്ടിക 1 ൽ കാണാം.

## പട്ടിക - 1

| വാർഡ് | പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | പൊതുകുളങ്ങൾ | ടാപ്പുകൾ | കുഴൽ കിണർ | ഉറവകൾ ആകെ | |
|---|---|---|---|---|---|---|---|---|---|
| | വറ്റുന്നത് | വറ്റാത്തത് | വറ്റുന്നത് | വറ്റാത്തത് | | | | വറ്റുന്നത് | വറ്റാത്തത് |
| I | 1 | - | 20 | 130 | - | 12 | 1 | - | 1 |
| II | 2 | 2 | 68 | 102 | 1 | 11 | - | - | 1 |
| III | 4 | - | 53 | 53 | - | 22 | - | 1 | - |
| IV | 2 | 3 | 180 | 22 | - | 12 | 1 | - | 1 |
| V | - | 4 | - | 200 | 1 | 12 | 1 | 2 | - |
| VI | 2 | 4 | 15 | 135 | 4 | 13 | - | 3 | - |
| VII | 1 | 2 | 88 | 180 | 3 | 19 | - | - | 1 |
| VIII | 1 | - | 100 | 320 | 3 | 13 | - | 3 | - |
| IX | 2 | 1 | 100 | 300 | 3 | 15 | 1 | - | - |

വറ്റുന്ന ജല സ്റോതസ്സുകളിൽ സാധാരണ ഫെബ്രുവരി മുതൽ ജൂൺ വരെ മാസങ്ങളിലാണ് വെള്ളം ലഭിക്കാത്തത്.

കാട്ടൂർ പഞ്ചായത്തിന് സ്വന്തമായ ജലവിതരണ സംവിധാനമില്ല. കേരള വാട്ടർ അതോറിറ്റിയാണ് പഞ്ചായത്തിലെ പൊതു ശുദ്ധജലവിതരണം നടത്തുന്നത്. പൊതു ജലവിതരണ സംവിധാനം തൃപ്തികരമല്ല. ടാപ്പുകൾ വഴി ആവശ്യമായ അളവിൽ വെള്ളം ലഭിക്കുന്നില്ല. പലപ്പോഴും ലഭിക്കുന്ന വെള്ളത്തിന്റെ ഗുണവും മോശവുമാണ്. പട്ടിക രണ്ടിൽ പൊതു ടാപ്പുകളുടെ വിവരം കൊടുത്തിരിക്കുന്നു.

# പട്ടിക - 2

## പൊതു ടാപ്പുകളുടെ വിവരം

| വാർഡ് | ഉപയോഗ്യയോഗ്യമായ ടാപ്പുകളുടെ എണ്ണം | കേടുവന്ന ടാപ്പുകളുടെ എണ്ണം | ആകെ ടാപ്പുകൾ |
|---|---|---|---|
| I | 8 | 4 | 12 |
| II | 7 | 5 | 12 |
| III | 14 | 8 | 22 |
| IV | 11 | 1 | 12 |
| V | 9 | 3 | 12 |
| VI | 7 | 5 | 12 |
| VII | 18 | 1 | 19 |
| VIII | 9 | 4 | 13 |
| IX | 12 | 3 | 15 |

യഥാസമയം ടാപ്പുകൾ അറ്റകുറ്റ പണികൾ നടത്തി ഉപയോഗയോഗ്യമാക്കാറില്ലെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്തിലെ പ്രകൃതിദത്ത കുടിനീർ സ്രോതസ്സുകളിൽ 40% വേനൽക്കാലത്ത് വറ്റുന്നവയാണ്. സാധാരണയായി മാർച്ച് മുതൽ മെയ് വരെ മാസങ്ങളിലാണ് ഇവ വരളുന്നത്. പ്രകൃതി ദത്ത ജല സ്രോതസ്സുകൾ ചിലയിടത്ത് ഉപ്പുവെള്ളം കയറുന്നത് മൂലം ഉപയോഗിക്കാൻ കഴിയുന്നില്ല.

ഭൂഗർഭ ജല ലഭ്യതയ്ക്കുവേണ്ടി പഞ്ചായത്തിൽ കുഴിച്ചിട്ടുള്ള കുഴൽ കിണറുകൾ പരാജയങ്ങളാണ്. അവ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്ന ചില പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. പട്ടിക 3 കാണുക.

# പട്ടിക - 3
## കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങൾ

| വാർഡ് | പ്രദേശത്തിന്റെ പേര് | ക്ഷാമത്തിന് കാരണം | ക്ഷാമക്കാലം | ക്ഷാമകെടുതി അനുഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | കരുവന്നൂർ പുഴയോരം | ഉപ്പുവെള്ളം കയറുന്നത് | ഡിസംബർ മുതൽ | 150 |
| | ലക്ഷംവീട് കോളനി | വരൾച്ച | ഫെബ്രുവരി ജൂൺ | 50 |
| II | ഗാന്ധിനഗർ പരിസരം-കലാനഗർ | വരൾച്ച | ഫെബ്രുവരി,ജൂൺ | 150 |
| | പ്രിയദർശിനി കോളനി | വരൾച്ച | ഫെബ്രുവരി,ജൂൺ | 50 |
| | നെടുംപുര 1 നെടുപുര 2 | വരൾച്ച | ഫെബ്രുവരി,ജൂൺ | 100 |
| III | മൂന്നാം വാർഡ് മുഴുവൻ | ഉപ്പുവെള്ളം | ഡിസബർ,ജൂലൈ | 500 |
| IV | മിച്ചഭൂമി കോളനി | വരൾച്ച | ഫെബ്രു, ജൂൺ | 50 |
| | ലേബർ സെൻറർ കുന്നത്തു പീടിക | വരൾച്ച | ഫെബ്രു, ജൂൺ | 100 |
| V | ഇല്ല | | | |
| VI | തണ്ണിച്ചിറ പടിഞ്ഞാറ് പ്രദേശം | വരൾച്ച | ഫെബ്രുവരി,ജൂൺ | 75 |
| | ആനക്കുളം കിഴക്ക് വശം | വരൾച്ച | ഫെബ്രു, ജൂൺ | 38 |
| VII | കനോലി കനാൽ തീരം | ഉപ്പുവെള്ളം | ഡിസംബർ മുതൽ ജൂലൈ വരെ | 300 |
| VIII | ശ്രീ കാളീശ്വരി കോളനി | വരൾച്ച | ഫെബ്രു ജൂൺ | 60 |
| | കോളനി പടിഞ്ഞാറ് പ്രദേശം | വരൾച്ച | ഫെബ്രു ജൂൺ | 70 |
| IX | പടിഞ്ഞാറേ കോളനി | വരൾച്ച | ഫെബ്രു - ജൂൺ | 50 |
| | ലക്ഷംവീട് കോളനി | വരൾച്ച | ഫെബ്രുവരി,ജൂൺ | 90 |

കുടിവെള്ള രംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ്.

1. വേനൽ കാല വരൾച്ച
2. ഉപ്പുവെള്ള ഭീഷണി
3. പൈപ്പുവെള്ളം വല്ലപ്പോഴുമേ കിട്ടുന്നുള്ളൂ.
4. ടാപ്പുകളുടേയും, പൈപ്പുകളുടേയും തകരാറ് കാരണം ധാരാളം കുടിവെള്ളം നഷ്ടപ്പെടുന്നു.
5. ടാപ്പ് ജലം ജലസേചനത്തിനായി ഉപയോഗിക്കുന്നു.
6. പുതിയ വാട്ടർ കണക്ഷനുകൾക്കു സാദ്ധ്യത ഇല്ലാതാവുന്നു.
7. ശുദ്ധജലം മലിനമാക്കപ്പെടുന്നു.
8. ടാപ്പുകളുലെ ജലം പലപ്പോഴും ഗുണനിലവാരമില്ലാത്തതാണ്.
9. പുഴയിൽ നിന്ന് മണ്ണെടുക്കുന്നതുമൂലം ജലനിരപ്പ് അപകടകരമായ നിലയിൽ താഴുന്നു.

## പരിഹാരങ്ങൾ

1. പൊതുകിണറുകളും, കുളങ്ങളും വൃത്തിയാക്കുകയും സ്വകാര്യ കിണറുകൾ സമയാസമയങ്ങളിൽ വൃത്തിയാക്കാൻ പ്രേരിപ്പിക്കുകയും ചെയ്താൽ വേനൽ കാല വരൾച്ച ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. അതത് വാർഡുകളിൽ ജനപങ്കാളിത്തത്തോടു കൂടി ഇത് നടപ്പിൽ വരരത്തുവാൻ കഴിയും. വർഷക്കാലത്ത് തോടുകളിലും കുളങ്ങളിലും മറ്റ് ജലം ശേഖരിച്ചാൽ സമീപകിണറുകളിലെ ജലലഭ്യത കൂട്ടാൻ കഴിയും. മഴവെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാൻ സമയം ലഭിക്കാതെ ഒഴുകി പാഴാവുന്നത് വരൾച്ചക്ക് കാരണമാണെന്ന കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ മേൽ രീതിയിൽ ജലം ശേഖരിച്ച് ജലലഭ്യത ഉയർത്താൻ കഴിയും.
2. കനോലി കനാൽ തിട്ട കരിങ്കല്ല് കെട്ടി ഉറപ്പാക്കി തോടുകളിലെ പ്രവേശന മാർഗ്ഗങ്ങളിൽ ചീപ്പ് കെട്ടി ചിമ്മിണി ഡാമിൽ നിന്നുള്ള വെള്ളം പമ്പ് ചെയ്ത് കനോലി കനാലിൽ ശേഖരിച്ച് നിർത്താൻ കഴിഞ്ഞാൽ ഉപ്പുവെള്ളം പ്രശ്നം പരിഹരിക്കാനും കുടിവെള്ളക്ഷാമം തീർക്കാനും കഴിയും. കൃഷി ആവശ്യത്തിനായി ജലസേചന സൗകര്യം ലഭിക്കും.
3. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പൊതു ജല വിതരണസമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കണം. വരൾച്ചാക്കാലങ്ങളിൽ കൂടുതൽ സമയം പൈപ്പ് ജലം ലഭ്യമാക്കണം. പൈപ്പ് ജലത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തണം. പൈപ്പുകളും മറ്റും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ജലം പാഴായി പോകുന്നത് തടയണം.
4. ടാപ്പുകളിൽ നിന്നുള്ള ജലത്തിൻെറ ദുരുപയോഗം കർശനമായി തടയണം. ഓരോ ടാപ്പും ഉപയോഗിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും ഒരു സന്നദ്ധ സമിതി ഉണ്ടാക്കി ദുരുപയോഗം നടത്തുന്നത് തടയാവുന്നതാണ്.

5. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി പൈപ്പുകൾ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. പുതിയ ടാപ്പുകൾ വേണ്ട പ്രദേശങ്ങളുടെ വിവരം പട്ടിക 4 ൽ കൊടുത്തിട്ടുണ്ട്.

6. പുഴയിൽ നിന്നും മണ്ണെടുക്കുന്നത് നിരോധിക്കണം.

7. പഞ്ചായത്തിന് സ്വന്തമായ ഒരു ജലവിതരണ പദ്ധതി ഉണ്ടായാൽ മാത്രമെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയൂ. കരുവന്നൂർ പുഴയുടെ സമീപ പ്രദേശത്ത് കാട്ടൂർ കടവിൽ ഒരു ഫിൽറ്റർ പ്ലാൻറ് സ്ഥാപിച്ച് വെള്ളം ശുദ്ധീകരിച്ച് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ സർക്കാർ ആശുപത്രി വളപ്പിലുള്ള വലിയ ടാങ്കിൽ പമ്പ്ചെയ്ത് എത്തിച്ച് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലേക്കും ശുദ്ധജലമെത്തിക്കാൻ കഴിയും.

8. കോൾപ്പാടങ്ങളിൽ നേരത്തെ കൃഷിയിറക്കി നേരത്തെ വിളവെടുപ്പ് നടത്തി, നിലങ്ങളിൽ വെള്ളം അടിച്ചു നിർത്തി സ്റ്റോക്കു ചെയ്താൽ സമീപ പ്രദേശത്തുള്ള കിണറുകളിൽ വെള്ളം സുലഭമായി കിട്ടും.

# പട്ടിക - 4
## പുതിയ ടാപ്പുകൾ വേണ്ട പ്രദേശങ്ങൾ

| വാർഡ് | പ്രദേശത്തിൻെറ പേര് | ടാപ്പിൻെറ എണ്ണം | ഗുണം കിട്ടുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| I | ചാക്കോ മാസ്റ്റർ റോഡ് | 1 | 10 |
| | കാട്ടൂർ കടവ് റോഡ് (തെക്കേ റോഡ്) | 2 | 20 |
| | മരക്കമ്പനി – കാറളം റോഡ് | 1 | 5 |
| | സാർത്തോ സദനം റോഡ് | 1 | 70 |
| | ലക്ഷം വീട് കോളനി | 2 | 30 |
| II | പി.സി. മൂല | 1 | 15 |
| | ഗാന്ധി നഗർ കോളനി | 1 | 10 |
| | അംഗൻവാടി (സെമിത്തേരി പരിസരം) | 1 | 12 |
| | നെടുമ്പുര ആശാരി കോളനി | 1 | 25 |
| | മുസ്ലിം പള്ളി | 1 | 15 |
| III | മനപ്പടിക്ക് തെക്കുവശം | 1 | 12 |
| | (പുഴയോരപ്രദേശം) | 1 | 20 |
| | തൊപ്പിത്തറ | 1 | 20 |
| | ചെമ്പൽ ചാൽ കോളനി വടക്കുവശം | 1 | 12 |
| | മുനയം കോളനി | 2 | 30 |
| | അംബേദ്കർ കോളനി | 1 | 12 |

| | | | |
|---|---|---|---|
| | മാങ്കുറ്റിത്തറ | 1 | 10 |
| | വലക്കഴ കോളനി | 1 | 15 |
| | പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പുറകുവശം | 1 | 20 |
| | നെടുമ്പുര സെൻററിനു തെക്കുവശം | 1 | 15 |
| IV | കുന്നത്തു പീടിക പരിസരം | 1 | 12 |
| | കുന്നത്തുപീടിക, ലേബർ സെൻറർ റോഡിൻെറ മധ്യഭാഗത്ത് പടിഞ്ഞാട്ടുള്ള വഴിയിൽ | 1 | 8 |
| | ലേബർ സെൻറർ - വിൻസൻറ് ഡി പോൾ കോളനി | 1 | 10 |
| | ലേബർ സെൻറർ ബ്രാഞ്ച് റോഡ് | 1 | 9 |
| V | എസ്.എൻ.ഡി.പി പൊഞ്ഞനം റോഡ് | 4 | 45 |
| | ആശാരികുന്ന് റോഡ് | 1 | 15 |
| | ദുബായ് മൂല പരിസരം | 1 | 10 |
| | പൊഞ്ഞനം ജൂമാമസ്ജിദ് പള്ളിക്ക് 150 മീറ്റർ കിഴക്ക് | 1 | 10 |
| | രാജീവ് ഗാന്ധി കോളനി | 2 | 20 |
| VI | പൊഞ്ഞനം - ആനക്കുളം റോഡ് | 1 | 10 |
| | മനക്കാട്ടുമന റോഡിൽ | 1 | 10 |
| | ചേലക്കത്തതറ | 1 | 20 |
| VII | തുണ്ടം പറമ്പ് കോളനി | 2 | 20 |
| | എം. എം. കനാൽ പാലത്തിൻെറ കിഴക്ക് ഭാഗത്ത് വടക്കേ കരയിൽ | 1 | 7 |
| | വെള്ള ഈച്ചരൻ കോളനി | 1 | 15 |
| | പി. ഐ. ആൻറണി മാസ്റ്റർ റോഡ് | 1 | 11 |
| | ചേന്നംകുളം ബ്രാഞ്ച് റോഡ് | 1 | 13 |
| VIII | പൊഞ്ഞനം റോഡിൽ നിന്ന് 200 മീ. വടക്കുമാറി | 1 | 15 |
| | ശ്രീ കാളീശ്വരി കോളനി | 1 | 15 |
| | ചർച്ച് ബേക്കറി കരുവാപ്പടി റോഡ് | 2 | 25 |
| | ചർച്ച് ബേക്കറി ബ്രാഞ്ച്റോഡ് | 1 | 15 |
| IX | എസ്.എൻ.ഡി.പിയുടെ അടുത്ത് സ്റ്റെബിലൈസർ കമ്പനിയുടെ കിഴക്ക് ഭാഗത്ത് | 3 | 30 |
| | എസ്.എൻ.ഡി.പി അമ്പലം പരിസരം | 2 | 15 |
| | രാമൻകുളം റോഡ് കിഴക്കേ ഭാഗം | 3 | 30 |
| | തീപ്പെട്ടി കമ്പനി വഴി | 2 | 25 |
| | കിഴക്കേ ലക്ഷം വീട് കോളനി | 2 | 20 |
| | പടിഞ്ഞാറെ ലക്ഷം വീട് കോളനി | 1 | 10 |

# 5-3 പരിസരശുചിത്വം

വ്യവസായവത്ക്കരണം കുറഞ്ഞ പ്രദേശമായതിനാൽ പരിസര മലിനീകരണം ഗുരുതരമായ പ്രശ്നമല്ല. എങ്കിലും സാമൂഹ്യശുചിത്വരംഗത്ത് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പൊതുവേ വ്യക്തിശുചിത്വത്തിൽ ഏറെ ശ്രദ്ധാലുക്കളാണ് ഇവിടുത്തെ ജനതയെങ്കിലും സാമൂഹ്യശുചിത്വത്തിൽ അത്തരം ഒരു ജാഗ്രത പുലർത്തിക്കാണുന്നില്ല.

പ്രധാന പ്രശ്നങ്ങൾ

1. കാട്ടൂർ ചന്തയിൽ അവശിഷ്ടങ്ങൾ നിക്ഷേപിച്ച് അഴുകി ശുചിത്വ പ്രശ്നങ്ങളുണ്ടാക്കുന്നു.
2. ഹോട്ടലുകളിലെ അവശിഷ്ടങ്ങൾ റോഡുകളിൽ നിക്ഷേപിക്കുന്നു.
3. കാനകൾ യഥാസമയം വൃത്തിയാക്കാത്തതുമൂലം മലിനജല പ്രശ്നങ്ങളുണ്ടാകുന്നു.
4. കാട്ടൂർ ചന്തയിലെ റോഡിൽ മത്സ്യവിൽപ്പന
5. പുഴയിലേയ്ക്ക് കക്കൂസിൻെറ നിർഗമനപൈപ്പുകൾ തുറന്നിട്ട് ജലമലിനീകരണം നടത്തുന്നു.
6. കക്കൂസില്ലാത്ത കുടുംബങ്ങൾ പുറത്ത് മലിസർജ്ജനം നടത്തുന്നു. പട്ടിക 1 കാണുക.

## പട്ടിക 1

**കക്കൂസില്ലാത്ത വീടുകളുടെ വിവരം**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 40 | 70 | 90 | 65 | 75 | 50 | 65 | 70 | 60 | 585 |

## നിർദ്ദേശങ്ങൾ

1. കാട്ടൂർ ചന്തയിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കാൻ തൊട്ടികൾ സ്ഥാപിക്കുകയും തൊട്ടികളിൽ തന്നെ അവശിഷ്ടങ്ങൾ നിക്ഷേപിക്കണമെന്ന് കടയുടമകളോട് നിർദ്ദേശിക്കുകയും ചെയ്യുക. തൊട്ടികളിൽ നിക്ഷേപിക്കപ്പെടുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യാനും നിർമാർജ്ജനം ചെയ്യാനും സംവിധാനമേർപ്പെടുത്തുക.
2. ഹോട്ടലുകളിൽ ചവറ്റുതൊട്ടികൾ സ്ഥാപിക്കുകയും അവശിഷ്ടങ്ങൾ തൊട്ടിയിൽതന്നെ നിക്ഷേപിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുക. തൊട്ടികളിൽ നിന്ന് ദിവസവും അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും സംവിധാനമുണ്ടാക്കുക. അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട കടയുടമകളിൽ നിന്നും ഹോട്ടലുടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.
3. കാനകൾ യഥാസമയങ്ങളിൽ വൃത്തിയാക്കി കൊതുകുനാശിനി തെളിക്കുക. അതിനു വേണ്ട ജീവനക്കാരെ നിയമിക്കുക.
4. റോഡരുകിലെ മത്സ്യവിൽപ്പന കർശനമായി തടഞ്ഞ് മത്സ്യ വിൽപ്പനയ്ക്ക് ചന്തയിൽ പ്രത്യേക സ്ഥലം നിശ്ചയിക്കുക
5. പുഴയിലേയ്ക്ക് കക്കൂസിൻെറ നിർഗമനകുഴലുകൾ വച്ചിരിക്കുന്നത് നീക്കം ചെയ്യുക.

6. കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നൽകാനുള്ള പദ്ധതി ഏർപ്പെടുത്തുക.

7. സ്ക്കൂൾ വിദ്യാർത്ഥികളിൽ പരിസരശുചീകരണബോധമുളവാക്കാനായി ''ക്ലീൻ സ്കൂൾ'' പരിപാടി തുടങ്ങുക. ക്ലാസുമുറികളും സ്കൂൾ പരിസരവും വിദ്യാർത്ഥികൾ തന്നെ വൃത്തിയാക്കുക.

8. വീട്ടിലും പരിസരത്തും അഴുക്കുജലം കെട്ടിക്കിടക്കാതിരിക്കുന്നതിനും, കൊതുകു നിവാരണത്തിനും, കിണർ ജലം ശുദ്ധീകരിക്കുന്നതിനും വീട്ടമ്മമാർക്ക് വേണ്ട പരിജ്ഞാനം നൽകണം.

9. അഞ്ചാം വാർഡിലെ പൊതുശ്മശാനത്തിൽ ആധുനിക രീതിയിലുള്ള ചൂള സ്ഥാപിക്കണം.

''സ്വാതന്ത്ര്യം വർദ്ധിക്കുന്തോറും
വിനയവും അച്ചടക്കവും
വർദ്ധിക്കണം.
വിനയത്തിൽ നിന്നും
അച്ചടക്കത്തിൽ നിന്നും
ഉണ്ടാകുന്ന സ്വാതന്ത്ര്യത്തിന്
മാഹാത്മ്യം കൂടും.''

മഹാത്മ ഗാന്ധി

# അധ്യായം 6



# വ്യവസായം

# 6 -1 വ്യവസായം

കൊച്ചി – പൊന്നാനി ജലപാതയായ കനോലി കനാലിൻെറ കിഴക്കേ ഓരം ചേർന്നു കിടക്കുന്ന കാട്ടൂർ ഗ്രാമം വളരെ പണ്ടു മുതൽക്കേ അറിയപ്പെട്ടിരുന്ന ഒരു വ്യാപാര കേന്ദ്രമായിരുന്നു. കിഴക്കേ തീരം കൊച്ചിയും, പടിഞ്ഞാറേക്കര മദ്രാസ് സംസ്ഥാനത്തിൽപ്പെട്ട മലബാർ പ്രദേശവുമായിരുന്നു. അതുകൊണ്ടുതന്നെ സാധനങ്ങൾ പരസ്പരം കൈമാറുമ്പോൾ ചുങ്കവും ഏർപ്പെടുത്തിയിരുന്നു. കനോലി കനാലിൻെറ ഓരത്തുള്ള പ്രധാന വ്യാപാര കേന്ദ്രങ്ങളിലൊന്നായ കാട്ടൂർ അങ്ങാടി ആദ്യകാലങ്ങളിൽ പറയൻ കടവിലായിരുന്നു – സ്ഥിതി ചെയ്തിരുന്നത്. അരി, കൊപ്ര, അടയ്ക്ക, പുകയില, കപ്പ, ഉപ്പ്, എന്നിവയായിരുന്നു പ്രധാനമായും ഇവിടെനിന്നും വ്യാപാരം ചെയ്യപ്പെട്ടിരുന്നത്. ആദ്യകാലം മുതൽക്കു തന്നെ ഈ മേഖലകളിൽ സംഘടിത തൊഴിലാളികളും ജോലി നോക്കിയിരുന്നു. ഈ തൊഴിലാളി സംഘടനകൾ സ്വാതന്ത്ര്യസമരരംഗങ്ങളിൽ ബന്ധപ്പെട്ടിരുന്നു.

വാടാനപ്പിള്ളി മുതൽ മതിലകം വരെയുള്ള തീരദേശവാസികളും, എടതിരിഞ്ഞി, കാറളം, ചിറക്കൽ തുടങ്ങിയ അയൽ പ്രദേശങ്ങളിലുള്ളവരും ആശ്രയിച്ചിരുന്നത് കാട്ടൂർ അങ്ങാടിയേയായിരുന്നു. ബോട്ടു ജെട്ടി പറയൻകടവിൽ നിന്നും വടക്കുമാറിയിട്ടായിരുന്നെങ്കിലും, കെട്ടുവള്ളങ്ങളും, ബോട്ടുകളും അടുപ്പിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ പറയൻകടവിൽ ഉണ്ടായിരുന്നു. കാലക്രമത്തിൽ ബോട്ടുജെട്ടിക്കു സമീപത്തായി താഴേക്കാട്ടു തറവാട്ടുകാർ അങ്ങാടിക്കു വേണ്ട സ്ഥലം കൊടുക്കുകയും ബോട്ടുകളും, കെട്ടുവള്ളങ്ങളും അടുപ്പിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തപ്പോൾ പറയൻകടവിൽ നിന്ന് വ്യാപാര കേന്ദ്രം താഴേക്കാട്ടങ്ങാടി എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ സ്ഥലത്തേക്ക് മാറുകയാണ് ചെയ്തത്. ഇവിടെയും പ്രധാന വ്യാപാരങ്ങൾ കപ്പ, അരി, ഉപ്പ് ഉണക്കമീൻ എന്നിവയായിരുന്നു. ഇതിൽ പല വസ്തുക്കളും മലബാർ അതിർത്തിയിലേക്ക് കടത്തി കൊണ്ടു പോകുന്നതിന് അനുവാദം ഇല്ലാതിരുന്നതിനാൽ രാത്രി കാലങ്ങളിൽ ഒളിച്ചു കടത്തുകയാണ് ചെയ്തിരുന്നത്. വളരെ വിപുലവും പ്രശസ്തിയുള്ളതുമായ ചന്ത ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നതുകൊണ്ട് തന്നെ ഇവിടെ ചെറുകിട, കുടിൽ വ്യവസായങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ഗൃഹോപകരണങ്ങളും, കാർഷിക മേഖലയിൽ പണി ചെയ്യുന്നതിന് ആവശ്യമായ ഉപകരണങ്ങളും മറ്റും നിർമ്മിയ്ക്കുകയും, വിപണനം നടത്തുകയും ചെയ്തിരുന്ന എൻജിനീയറിംഗ് വർക്ക് ഷാപ്പുകളും മറ്റും ഇവിടെ ഉണ്ടായിരുന്നു എന്നത് ഈ ഗ്രാമത്തിൻെറ സവിശേഷതയായിരുന്നു. ഇതിനെല്ലാം പ്രധാന കാരണം പ്രശസ്തിയേറിയ വാണിജ്യ കേന്ദ്രവും ജലഗതാഗത മാർഗ്ഗവും ആയിരുന്നു.

ആദ്യകാലത്ത് ഉണ്ടായിരുന്ന ചെറുകിട കുടിൽ വ്യവസായ സ്ഥാപനങ്ങൾ കൊപ്ര സംസ്ക്കരണ യൂണിറ്റുകൾ; ഫർണിച്ചർ കമ്പനി, തടി വ്യവസായ യൂണിറ്റുകൾ കുമ്മായ ചൂളകൾ, കയർ പിരികൽ തീപ്പെട്ടി കമ്പനികൾ, ബീഡി കമ്പനികൾ, പായ് നെയ്ത്ത്,കൊട്ട നെയ്ത്ത്, മെഴുകു തിരി നിർമ്മാണം, വെടിക്കെട്ട നിർമ്മാണം, എന്നിവയാണ്.

ഗതാഗത സൗകര്യം കൂടിയതും കനോലി കനാലിന് കുറകെ പാലങ്ങൾ ഉണ്ടായതും അയൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപര കേന്ദ്രങ്ങൾ മാറുവാൻ ഇടയാക്കി. ഇത് കാട്ടൂർ ചന്തയുടെ പുരോഗതിയ്ക്ക് തടസ്സമാവുകയും ഇവിടത്തെ ചെറുകിട കുടിൽ വ്യവസായങ്ങളുടെ തകർച്ചയ്ക്കു ഇടയാവുകയും ചെയ്തു. പുരോഗതിയുടെ ഭാഗമായ യന്ത്രവൽക്കരണവും ചെറുകിട വ്യവസാാ സ്ഥാപനങ്ങളുടെ ഉടമസ്ഥത സ്വകാര്യവ്യക്തികളിൽ ആയതും തുടർന്ന് പുതിയ സംരംഭകരുടെ കുറവും പരിചയ

സമ്പത്ത് ഇല്ലായ്മയും, കുലതൊഴിലിനോടുള്ള അവജ്ഞയും കൂലി കുറവും അവയുടെ തകർച്ച പൂർണ്ണമാക്കി.

## കൊപ്ര സംസ്ക്കരണം

വളരെ പണ്ടു മുതലെ ഈ ഗ്രാമത്തിൽ വലിയ നാളികേരം സംഭരിച്ച് കൊപ്രയാക്കി അത് കയറ്റി അയച്ചിരുന്നു. കൂടാതെ വളരെ വലിയ തോതിലും, നല്ല രീതിയിലും പ്രവർത്തിച്ചിരുന്ന 3 വെളിച്ചെണ്ണ മില്ലുകൾ ഈ ഗ്രാാത്തിൽ നിലവിൽ ഉണ്ടായിരുന്നു. ഏകദേശം 25 സ്ത്രീകളും 75 പുരുഷന്മാരും, ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഇവിടെ ജോലികൾ ചെയ്തിരുന്നു. ഇടക്കാലങ്ങളിൽ ഈ മേഖലയിൽ മാന്ദ്യം സംഭവിച്ചുവെങ്കിലും അടുത്ത കാലത്തായി വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ട് ഏകദേശം 200 ഓളം തൊഴിലാളികൾ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്.

## ഫർണിച്ചർ

വളരെ പണ്ടു മുതലേ ഫർണിച്ചർ വ്യവസായം നല്ല രീതിയിൽ ഈ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. നൂറിനും നൂറ്റിയമ്പതിനും ഇടയ്ക്കുള്ള കുടുംബങ്ങളുടെ ജീവിതമാർഗ്ഗം കൂടിയായിരുന്നു. ഈ മേഖല പുതിയ യന്ത്രങ്ങളുടെ സഹായത്തോടെ അദ്ധ്വാനം കുറച്ച് കൊണ്ട് വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. പ്രതിഫലം കൂടുതൽ ഉള്ളതുകൊണ്ട് വളരെയധികം തൊഴിലാളികൾ ഈ മേഖലയിലേക്ക് ആകർഷിയ്ക്കപ്പെടുന്നുണ്ട്. ഇപ്പോൾ 300 നും 350 നും ഇടയ്ക്കുള്ള കുടുംബങ്ങളുടെ ജീവവതമാർഗ്ഗമാണ്. ഇത് വ്യവസായിക അടിസ്ഥാനത്തിൽ ഇനിയും വളരെ വളർച്ചയ്ക്ക് സാദ്ധ്യതയുള്ള മേഖലയാണിത്.

## പായനെയ്ത്, കുട്ടനെയ്ത്ത്, കയർ പിരി

കുല തൊഴിൽ എന്ന നിലയിലും കുടിൽ വ്യവസായം എന്ന നിലയിലും നടത്തിയിരുന്ന വട്ടി, പായ, മുളയും മറ്റും ഉപയോഗിച്ച് കുട്ട, മുറം എന്നിങ്ങനെയുള്ള പലതും നിർമ്മിച്ചിരുന്നത് ഈ ഗ്രാമത്തിൻെറ പ്രത്യേകതയായിരുന്നു. കാട്ടൂർ താഴെക്കാട്ടു അങ്ങാടിയിൽ പ്രത്യേക വ്യാപാരകേന്ദ്രവും ഇവയ്ക്ക് ഉണ്ടായിരുന്നു. കുലതൊഴിലിനോടുള്ള അവജ്ഞയും, മുള, കൈതോല എന്നിവയുടെ ക്ഷാമവും ഈ മേഖലയെ നിർജ്ജീവമാക്കി. സ്ത്രീ തൊഴിലാളികളായിരുന്നു. ഈ മേഖലയിൽ കൂടുതലും പണ്ട് വളരെയധികം കുടംബങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്നു ഇത്. ഇപ്പോൾ ചുരുക്കം ചിലർ സ്വന്തം വീടുകളിൽ പായ നെയ്തു കൊടുക്കുന്നുണ്ട്.

## കുമ്മായ ചൂളകൾ

ആദ്യകാലങ്ങളിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന 3 കുമ്മായ ചൂളകൾ ഈ ഗ്രാമത്തിൻെറ പ്രത്യേകതയായിരുന്നു. ഇവ പ്രവർത്തിപ്പിക്കുവാൻ വേണ്ടിയിരുന്ന കക്ക ഇവിടെ ലഭ്യമായിരുന്നു. കക്ക സുലഭമായി ലഭിച്ചിരുന്നതിനാൽ മറ്റ് സ്ഥലങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. കാലക്രമത്തിൽ കക്കയുടെ ക്ഷാമവും, തൊഴിലിനോടുള്ള ഈ അവജ്ഞയും ഈ മേഖലയെ നാശത്തിലേക്ക് നയിച്ചു.

## വെടിക്കെട്ടു നിർമ്മാണം

ഏകദേശം 20 ഓളം പേർ ജോലി ചെയ്തിരുന്ന 2 വെടിക്കെട്ടു നിർമ്മാണ കേന്ദ്രങ്ങൾ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവും, പുതിയ നിയമങ്ങളും ഈ മേഖലയെ നിശ്ചലമാക്കി.

## ഖാദി നൂൽനൂൽപ്പ്

ഏകദേശം 20 സ്ത്രീകൾ ജോലി ചെയ്തിരുന്ന; ചർക്കയിൽ നൂൽ ഉണ്ടാക്കുന്ന ഒരു സ്ഥാപനം

കാട്ടൂരിൽ ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ സജീവമായിരുന്ന ഭാരത് യുവക് സമാജ് എന്ന ക്ലബ്ബാണ് ഇതിന് നേതൃത്വം കൊടുത്തിരുന്നത്. ആ ക്ലബ്ബിൻെറ തകർച്ചയും, യന്ത്രവൽക്കരണവും ഈ സ്ഥാപന ത്തെ നിശ്ചലമാക്കി.

## ചെമ്പുപണി

ചെമ്പുകൊണ്ട് വീട്ടുപാത്രങ്ങൾ നിർമ്മിച്ചു കൊടുത്തിരുന്ന ചെറിയ സ്ഥാപനം ഈ ഗ്രാമത്തി ലുണ്ടായിരുന്നു.

## തീപ്പെട്ടി / മെഴുകുതിരി

നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന മൂന്നു തീപ്പെട്ടി കമ്പനികൾ അടുത്ത കാലം വരെ കാട്ടൂരി ൻെറ സവിശേഷതയായിരുന്നു. വളരെയധികം സ്ത്രീ തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിച്ചി രുന്നു. സ്വന്തം വീടുകളിൽ വെച്ച് തീപ്പെട്ടി കൊള്ളിയിൽ മരുന്നു മുക്കുന്നതുംമറ്റും സ്ത്രീകൾ തന്നെയാ ണ് ചെയ്തിരുന്നത്. ഒരു മെഴുകുതിരി യൂണിറ്റും കാട്ടൂരിൽ ആദ്യകാലത്ത് ഉണ്ടായിരുന്നു.

## ബേക്കറി

വളരെ പണ്ടുമുതലെ ബേക്കറി, വ്യാവസായമെന്ന നിലയിൽ ഈ ഗ്രാമത്തിലുണ്ടായിരുന്നു. ചി ല കുടുംബക്കാരാണ് അത് നടത്തിയിരുന്നത്. ഇതും സ്ത്രീകളെ ആശ്രയിച്ചാണ് ആദ്യകാലങ്ങളിൽ നിലനിന്നിരുന്നത്. ഈ മേഖല ആധുനിക രീതി ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വളരെ മുന്നോ ട്ടു പോയിട്ടുണ്ട്. നമ്മുടെ ആഹാര രീതിയിൽ വന്ന മാറ്റവും ആധുനികതയും ഇതിൻെറ വളർച്ചയെ സഹായിച്ചുകൊണ്ടിരിക്കുന്നു. 50 ഓളം തൊഴിലാളികൾ ഈ മേഖലയിലുണ്ട്. പകുതിയോളം സ്ത്രീ തൊഴിലാളികളാണ്. നാടൻ പലഹാരങ്ങൾ ഉണ്ടാക്കി കൊടുക്കുന്ന ചെറുകിട കുടുംബയൂണിറ്റുകളും ഇതിൽ പെടും.

## ബീഡി വ്യവസായം

ഈ ഗ്രാമത്തിലെ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുത്തിരുന്നത് ബീഡിതെരുപ്പു രംഗത്താണ്. ഏകദേശം 300 പേർ തൊഴിൽ ചെയ്തിരുന്ന 3 ബീഡി കമ്പനികൾ ആദ്യകാലത്ത് ഇവി ടെയുണ്ടായിരുന്നു. കൂടാതെ ബീഡികൾ വിൽക്കുന്ന എല്ലാ കടകളിലും, ചില വീടുകളിലും ബീഡി തെരുപ്പുണ്ടായിരുന്നു. ഇങ്ങനെ ബീഡി തെരുക്കുന്ന സ്ഥലങ്ങൾ നല്ല വിജ്ഞാന കേന്ദ്രങ്ങളുമായിരു ന്നു. ദിനപത്രങ്ങളും, മാസികകളും മറ്റും കൂട്ടമായി വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. രാഷ്ട്രീയ കാര്യങ്ങളും ഇവിടെ ചർച്ച ചെയ്യുക പതിവായിരുന്നു. അതുകൊണ്ടുതന്നെ ഇവിടങ്ങളിൽ നിന്ന്, രാഷ്ട്രീയ, സാംസ്ക്കാരിക നായകന്മാർ ഈ ഗ്രാമത്തിലുണ്ടായിട്ടുണ്ട്. ഇതിനെല്ലാം പ്രധാനകാ രണം കാട്ടൂർ പുകയില വ്യാപാരത്തിൻെറ പ്രധാന വിപണന കേന്ദ്രമായിരുന്നു എന്നതാണ്. അന്ന് കൊ ച്ചിയിൽ മാത്രമാണ് പുകയില വിൽക്കുന്നതിന് അനുവാദമുണ്ടായിരുന്നത്. ഇപ്പോൾ ഈ മേഖല തീർ ത്തും നിശ്ചലമാണ്. ചുരുക്കം ചിലർ മാത്രമാണ് ഇപ്പോൾ ബീഡി തെരുപ്പു നടത്തുന്നത്.

## അച്ചടി

ആദ്യകാലം മുതലേ കാട്ടൂരിൽ അച്ചടിശാലയുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഇവിടെനി ന്നും ചില പത്രങ്ങൾ ഇറക്കിയിരുന്നു. യന്ത്രവൽക്കരണം ഈ മേഖലയെ നല്ല രീതിയിൽ സ്വാധീനിച്ചി ട്ടുണ്ട്. 8 സ്ത്രീ തൊഴിലാളികളും, 10 പുരുഷന്മാരും തൊഴിലെടുക്കുന്ന, 4 പ്രസ്സുകൾ ഈ ഗ്രാമത്തിലു ണ്ട്.

## കളള് ചെത്ത് വ്യവസായം

വളരെ പണ്ടു മുതലേ ഇവിടെ നിലനിന്നിരുന്ന വ്യവസായമാണ് ചെത്ത്. ബീഡി വ്യവസായം കഴിഞ്ഞാൽ സംഘടിത തൊഴിലാളികളുണ്ടായുരുന്ന മറ്റൊരു മേഖല ഇതായിരുന്നു. സാമ്പത്തിക നേട്ടം ഈ മേഖലയിലേക്ക് വളരെയധികം ആളുകളെ ആകർഷിച്ചിട്ടുണ്ട്. ഇപ്പോൾ 80 തൊഴിലാളികൾ ഈ രംഗത്തുണ്ട്.

## ഇരുമ്പു പണി

വളരെ പണ്ടു മുതലേ ഈ മേഖലയിൽ ചില കുടുംബക്കാർ ഏർപ്പെട്ടിരുന്നു. കുലതൊഴിൽ എന്ന രീതിയിലാണ് അവർ ഇതു ചെയ്തിരുന്നത്. അധികമായും പുരുഷന്മാരെ ആശ്രയിച്ചാണ് ഈ മേഖല പ്രവർത്തിച്ചിരുന്നത് സ്ത്രീകളും ബന്ധപ്പെട്ടിരുന്നു. വീട്ടുപകരണങ്ങളും, കാർഷികോ പകരണങ്ങളും നിർമ്മിച്ച് കാട്ടൂർ അങ്ങാടിയിൽ വിപണനം നടത്തുകയായിരുന്നു പതിവ്.

## എഞ്ചിനിയറിംഗ് വർക് ഷോപ്പ്

ഇരുമ്പു പണിക്കാർ ധാരാളമുണ്ടായിരുന്നതുകൊണ്ടുതന്നെ എഞ്ചിനിയറിംഗ് വർക് ഷോപ്പുകളുടെ വളർച്ച പെട്ടെന്ന് ഈ ഗ്രാമത്തിലുണ്ടായി. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന 3 എഞ്ചിനിയറിംഗ് വർക് ഷോപ്പുകൾ ആദ്യകാലം മുതലെ ഇവിടെയുണ്ടായിരുന്നു. 100 തൊഴിലാളികൾ ഈമേഖലയിൽ തൊഴിലെടുത്തിരുന്നു. മധ്യകാലങ്ങളിൽ ഇവയെല്ലാം നിന്നു പോവുകയും ചെയ്തു. പ്രധാനകാരണങ്ങൾ ആധുനിക രീതിയിലുള്ള മെഷിനറികളുടെ വരവും, ഇരുമ്പിന് വില കൂടുതലും ലഭ്യതകുറവും, പരിചയസമ്പത്തുള്ളവരുടെ കുറവും, ഊർജ്ജലഭ്യതയുടെ കുറവും ആയിരുന്നു.ഈ അടുത്ത കാലഘട്ടത്തിൽ ഈ രംഗത്ത് ചെറിയ വളർച്ച ഉണ്ടായിട്ടുണ്ട്.ഓട്ടോ മൊബൈൽ വർക് ഷോപ്പുകളുടെ കാര്യത്തിലും ഈ വർദ്ധനവുണ്ട ഏകദ്ദേശം 300 ഓളം തൊഴിലാളികൾ ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. ഇനിയും വളർച്ചാസാധ്യതയുള്ള മേഖലയാണിത്.

### സ്വർണ്ണ പ്പണി

കുലത്തൊഴിലെന്ന നിലയിൽ ആദ്യകാലം മുതലേ നിലവിലുണ്ടായിരുന്ന ജോലിയായിരുന്നു ഇത്. സാമ്പത്തിക നേട്ടം ഉള്ളതുകൊണ്ട് കുറെ ചെറുപ്പക്കാർ ഈ മേഖലയിലേക്ക് തിരിഞ്ഞിട്ടുണ്ട്.

### മിനി എസ്റ്റേറ്റ്

1970 ൽ മാളിയേക്കൽ പുള്ളി പറമ്പിൽ ദേവസ്സി സൗജന്യമായി വിട്ടു കൊടുത്ത സ്ഥലത്താണ് മിനി എസ്റ്റേറ്റ് പ്രവർത്തിക്കുന്നത്. അന്നത്തെ വ്യവസായ ജോ. ഡയറക്ടരും ഇന്നാട്ടുകാരനുമായ ലിയോ പോൾ വിതയത്തും ഈ സംരംഭത്തിനു വേണ്ടി ഒട്ടേറെ സഹായിച്ചിട്ടുണ്ട്.

ഈ ഗ്രാമത്തിൻെറ വ്യാവസായിക നേട്ടങ്ങളുടെ ഒരു പ്രത്യാശയായിരുന്നു ഈ സംരംഭം. തുടക്കത്തിൽ 15 ചെറുകിട യൂണിറ്റുകൾ ഇതിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ 1985-ൽ ഇത് ഒന്നു രണ്ടു യൂണിറ്റുകളായി ചുരുങ്ങി. ഇതിനു പ്രധാനകാരണങ്ങളായിരുന്നത്, ഊർജ്ജ ലഭ്യതയുടെ കുറവും, ആധുനിക യന്ത്രവൽക്കരണവും, പുതിയ തൊഴിലുകളിൽ പരിചയസമ്പത്തുള്ളവരുടെ കുറവും, താൽപ്പര്യമില്ലായ്മയും മറ്റുമാണ്. മിനി എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിന്മേൽ നിലവിലുണ്ടായിരുന്ന നിയമങ്ങളും മറ്റും പുറമെ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകളുമായി മത്സരിക്കുവാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാക്കിയിരുന്നു.

# പട്ടിക -1
## വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക

| നമ്പർ | വ്യവസായം | ഉടമസ്ഥത | എണ്ണം | ഉൽപ്പന്നം | തൊഴിലാളികൾ | |
|---|---|---|---|---|---|---|
| | | | | | സ്ത്രീ | പു |
| 1. | സാഗ എഞ്ചിനിയറിംഗ് | സ്വകാര്യം | 1 | എയർ ഫിൽറ്റർ | 2 | 8 |
| 2. | റബർ കമ്പനി | സ്വകാര്യം | 1 | റീസോളിംഗ് ടയർ ഷീറ്റ് | – | 8 |
| 3. | എഞ്ചിനിയറിംഗ് വർക്സ് | സ്വകാര്യം | 7 | – | – | 100 |
| 4. | ഓട്ടോമൊബൈൽ വർക്സ് | സ്വകാര്യം | 8 | – | – | 70 |
| 5. | സർവ്വീസ് സ്റ്റേഷൻ | സ്വകാര്യം | 1 | – | – | 3 |
| 6. | ഓയിൽ മിൽ | സ്വകാര്യം | 7 | വെളിച്ചെണ്ണ പിണ്ണാക്ക് | 8 | 52 |
| 7. | ഡിഫൻറർ | സ്വകാര്യം | 3 | സ്റ്റെബിലൈസർ | 55 | 8 |
| 8. | പ്രസ്സ് | സ്വകാര്യം | 4 | | 8 | 12 |
| 9. | തടിവ്യവസായം | സ്വകാര്യം | 2 | | | 6 |
| 10. | ഫർണിച്ചർ | സ്വകാര്യം | 5 | | | 100 |
| 11. | റെഡിമെയ്ഡ് | സ്വകാര്യം | 6 | | 45 | 30 |
| 12. | സോഡ | സ്വകാര്യം | 5 | | | 7 |
| 13. | കോള | സ്വകാര്യം | 1 | | | 2 |
| 14. | ചെത്ത് | | | കള്ള് | | 80 |
| 15. | തഴപായ | സഹകരണ യൂണിറ്റ് | 1 | പായ | 15 | |
| 16. | അപ്പോൾസ്റ്ററി വർക്സ് | സ്വകാര്യം | 2 | സോഫ | 4 | 8 |
| 17. | പ്ലാസ്റ്റിക് കൊട്ടനെയ്ത്ത് | സ്വകാര്യം | 2 | | 10 | 4 |
| 18. | വെൽ വർക്സ് | സ്വകാര്യം | 2 | | 12 | 25 |
| 19. | ഹോളോ ബ്രിക്സ് | സ്വകാര്യം | 3 | | | 6 |
| 20. | ബേക്കറി | സ്വകാര്യം | 4 | | 25 | 18 |
| 21. | ഡൈ വർക്സ് (സ്വർണ്ണം) | സ്വകാര്യം | | | | 4 |
| 22. | നെല്ല് കുത്തു കമ്പനി | സ്വകാര്യം | 5 | | | 5 |
| 23. | ഫ്ളവർ മില്ല് | സ്വകാര്യം | 7 | | | 7 |
| 24. | ഇരുമ്പ് പണി | സ്വകാര്യം | 2 | | | 6 |
| 25. | സ്വർണ്ണപണി | സ്വകാര്യം | 8 | | | 24 |

# സാധ്യതകൾ

## 1. എഞ്ചിനിയറിംഗ് / ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ

ഏകദേശം 250 പേർക്ക് ജോലി ലഭിക്കുവാൻ സാധ്യതയുള്ള വലിയ ഒരു വർക്ക്ഷോപ്പിന് കാട്ടൂരിൽ സാധ്യതയുണ്ട്. കൂട്ടത്തിൽ ഓട്ടോമൊബൈൽ പാർട്ടുകളുടെ ലയ്ത്ത് വർക്കുകൾ നടത്താവുന്ന തരത്തിലാവണം വർക്ക്ഷോപ്പ് തുടങ്ങേണ്ടത്. ഇത് സഹകരണസംഘങ്ങൾ മുഖേനയോ, പഞ്ചായത്തിന്

ഷെയർ ഉള്ളതോ ആയ തരത്തിലാവണം ഇതിന് ആവശ്യമായ പരിചയ സമ്പത്തുള്ളവർ ധാരാളം ഈ പഞ്ചായത്തിലുണ്ട്. ഇവരെ ഉപയോഗിച്ച് പുതിയ തൊഴിലാളികൾക്ക് ട്രെയിനിംഗ് കൊടുക്കാവുന്നതും, സാങ്കേതിക കോഴ്സുകൾ തുടങ്ങാവുന്നതുമാണ്. ഇതിനുവേണ്ടി വരുന്ന സ്ഥലം പഞ്ചായത്തിലെ പുറം പോക്കു സ്ഥലങ്ങളിൽ കണ്ടെത്താവുന്നതും കെട്ടിടം സഹകരണ അടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതുമാണ്. ഇതിനുവേണ്ടി വരുന്ന ഊർജ്ജം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

കാട്ടൂർ പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ, വിദേശപണം വരുന്നവരുടെ സമ്പാദ്യത്തിൽ നിന്ന് ഒരു വിഹിതം സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുന്നതിനും, സ്വയം തൊഴിലുകൾ ചെയ്യുന്നതിന് സംഘങ്ങളിൽ നിന്ന് അവർക്ക് ലോണുകൾ കൊടുക്കുന്നതിനും ഒരു സംവിധാനം ചെയ്യണം ഇത് എല്ലാ മേഖലകളിലും പ്രയോഗിക്കാവുന്നതാണ്.

## 2. മസാല പൊടി/ അച്ചാറുകൾ

ഓരോ വാർഡിലേയും മുഴുവൻ വീട്ടുകാരേയും ഉൾപ്പെടുത്തിക്കൊണ്ട് സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയുടെ കീഴിൽ പഞ്ചായത്തിലെ വീടുകളിലേക്കാവശ്യമായ മസാലപൊടികൾ അച്ചാറുകൾ എന്നിവ ഉൽപാദിപ്പിക്കുന്ന വനിതായൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

## 3. ചെറുകിട വ്യവസായങ്ങൾ

പഞ്ചായത്തിലെ പുറം പോക്കു സ്ഥലങ്ങൾ ഏറ്റെടുത്ത്, അതിൽ പഞ്ചായത്തിൻേറയോ, സഹകരണ സംഘങ്ങളുടേയോ നേതൃത്വത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച് അവിടെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എന്ന നിലയിൽ പായ നെയ്ത്ത്, പ്ലാസ്റ്റിക് കൊട്ട നെയ്ത്ത്, കസേര നെയ്ത്ത്, മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി കമ്പനി എന്നിവയും പഞ്ചായത്തിലെ മുഴുവൻ വീട്ടുകാരേയും ഉപഭോക്താക്കളാക്കിക്കൊണ്ട് ഒരു സോപ്പു നിർമ്മാണ യൂണിറ്റും സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

4. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേക്കും ആവശ്യമുള്ള നോട്ടു പുസ്തകങ്ങളും, മറ്റു ഓഫീസുകളിലേക്ക് ആവശ്യമായ ലഡ്ജർ ബുക്കുകളും, മറ്റും നിർമ്മിക്കുന്ന ഒരു ബൈൻറിംഗ് യൂണിറ്റ് തുടങ്ങാവുന്നതാണ്.

5. എല്ലാക്കാലത്തും പ്രിയം ഏറിക്കൊണ്ടിരിക്കുന്ന ''ബലൂൺ'' നിർമ്മിക്കാവുന്ന ഒരു യൂണിറ്റ് തുടങ്ങുന്നതിന് വേണ്ടി ആലോചിക്കാവുന്നതാണ്.

6. വലിയ കമ്പനികളുടെ ഓർഡർ സ്വീകരിച്ച് അവർക്കാവശ്യമുള്ള പാർട്ടുസുകൾ നിർമ്മിക്കുന്ന കുടിൽ വ്യവസാാ യൂണിറ്റുകൾ നടത്താവുന്നതാണ്.

II 7. പച്ചതൊണ്ട് തല്ലി ഫൈബർ എടുക്കുന്ന യൂണിറ്റും, കയറുപിരി സംഘവും, കരകൗശല വസ്തു നിർമ്മാണവും ആലോചിക്കാവുന്നതാണ്.

8. സഹകരണാടിസ്ഥാനത്തിൽ ഒരു മിനി എസ്റ്റേറ്റ് തുടങ്ങാവുന്നതാണ്. നിലവിലുള്ളത് ഏറ്റെടുത്താലും മതി.

9. തെങ്ങിൻ തടികൾ ഉപയോഗിച്ച് വീട്ടുപകരണങ്ങളും കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്നതുമായ ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

| നമ്പർ | വാർഡ് | നിർദ്ദേശങ്ങൾ |
|---|---|---|
| 1. | II | ഓട്ടോമൊബൈൽ, ആർമേച്ചർ വൈൻറിംഗ് ടേബിൾ ഫാൻ, മിക്സി, വാഷിംഗ് മെഷീൻ, ഗ്രൈൻഡർ എന്നിവ നിർമ്മിക്കൽ |
| 2. | IV & IX | എഞ്ചിനിയറിംഗ്/ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ |
| 3. | VI | പച്ചതൊണ്ടിൽ നിന്ന് ഫൈബർ ഉൽപാദിപ്പിക്കൽ |
| 4. | VII&IX | കാർഡ് ബോർഡ്പെട്ടി നിർമ്മാണം കവറുകൾ നിർമ്മിക്കൽ |
| 5. | VII,VIII, IX, III | മോട്ടോർ വാഹന റിപ്പയറിംഗ്. നാളികേരാതിഷ്ഠിത വ്യവസായം, തെങ്ങിൻ തടി, മറ്റുമരങ്ങൾ ഉപയോഗിച്ച് ഗാർഹിക, കരകൗശല നിർമ്മാണം. നാടൻ പലഹാരങ്ങൾ ഉണ്ടാക്കൽ, ധാന്യങ്ങൾ പേക്കു ചെയ്ത് വീടുകളിൽ എത്തിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രിക് ഉപകരണ നിർമ്മാണം റിപ്പയറിംഗ് എന്നിവ ക്ഷീരോൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാം. |
| 6. | IX | മസാലപ്പൊടി നിർമ്മാണം, വിതരണം ഓഫീസ് കവർ, മെഡിക്കൽ ഷോപ്പുകളിൽ ഉപയോഗിക്കുന്ന കവർ എന്നിവ നിർമ്മിക്കൽ |
| 7. | I,II,III,IX | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| 8. | VI&VII | പായ നെയ്ത്ത്/ഓലമെടയൽ |
| 9. | I-IX | വ്യവസായ സഹകരണ സംഘങ്ങൾ |
| 10. | I-IX | വായ്പകൾ ലഭ്യമാക്കണം |
| 11. | VII&IX | നല്ല രീതിയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പഞ്ചായത്ത് പ്രോത്സാഹനം നൽകണം. ആദ്യത്തെ 2 വർഷം നികുതിയിൽ നിന്ന് ഒഴിവാക്കണം. |
| 12. | III | സോപ്പുനിർമ്മാണം |
| 13. | III | കൊപ്ര പ്രോസസിംഗ് യൂണിറ്റ് |
| 14. | | വ്യവസായ സംരംഭങ്ങളെക്കുറിച്ച് മൂലധനം ഇറക്കുന്നവർക്ക് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ട് പരിശീലന ക്ലാസ്സുകൾ നടത്തണം. തൊഴിലലളികൾക്ക് പരിശീലനം കൊടുക്കുന്നതിന് പഞ്ചായത്തിലെ പരിചയസമ്പത്തുള്ളവരുടെ ഗ്രൂപ്പ് ഉണ്ടാക്കണം. |

## അധ്യായം 7



# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

# 7.1. ഗതാഗതം

പണ്ടുകാലം മുതൽതന്നെ ഗതാഗതസൗകര്യത്തിൽ മുന്നിട്ട് നിന്നതിൻെറ ചരിത്രം കാട്ടൂരിന് പറയാനുണ്ട്. മലബാറിനേയും കൊച്ചിയേയും വേർതിരിക്കുന്ന കാനോലി കനാൽ കാട്ടൂരിൻെറ പടിഞ്ഞാറെ അതിരിലൂടെ കടന്നുപോകുന്നു. കേരളത്തിലെ പ്രധാന ജലഗതാഗതമാർഗ്ഗങ്ങളിൽ ഒന്നായിരുന്നു ഇത്. മലബാറൽനിന്ന് തിരുവിതാംകൂറിലേക്കും തിരിച്ചും ചരക്കുകളും യാത്രക്കാരും കടന്നുപോയത് ഈ വഴിക്കായിരുന്നു. തൽഫലമായി വളർ[ന്ന വികസിച്ചതാണ് കാട്ടൂരിൻെറ പ്രധാന കേന്ദ്രമായ കാട്ടൂരങ്ങാടി.

40-കൾക്ക് മുമ്പുതന്നെ ഈ ജലപാതയിലൂടെ യാത്രാബോട്ട് സർവ്വീസ് ഉണ്ടായിരുന്നു പറവൂർ പൊന്നാനി തുടങ്ങിയ സ്ഥലങ്ങള;ലേക്കാണ് ഈ സർവ്വീസ് ഉണ്ടായിരുന്നത്. 1940-53 കാലത്ത് ചാവക്കാട്, പൊന്നാനി, കോട്ടപ്പുറം, കൊക്കാല എന്നിവിടങ്ങളിലേക്ക് കമ്പനി വഞ്ചി സർവീസ് ഉണ്ടായിരരന്നു. കാട്ടൂരിലെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളായിരുന്ന അടക്ക, കൊപ്ര, ചകിരി, ഓല എന്നിവയ്ക്ക് ഇതുമൂലം കാര്യമായ വിപണന സൗകര്യം ലഭിച്ചിരുന്നു. പറയംകടവ് ആയിരുന്നു അന്ന് പ്രധാന വ്യാപാരകേന്ദ്രം. കാട്ടൂരിനെ നാട്ടിക ഫർക്കയുമായി ബന്ധിപ്പിക്കുന്ന പൊട്ടക്കടവ് പാലവും, തൃപ്രയാർ, കണ്ടശ്ശാങ്കടവ് പാലങ്ങളും വന്നതോടുകൂടി ഒരു ഗതാഗത മാർഗ്ഗം എന്നനിലയിൽ കാനോലി കനാലിൻെറ പ്രാധാന്യം നഷ്ടപ്പെടുകയും കാട്ടൂരങ്ങാടിയുടെ വളർച്ച മുരടിക്കുകയും ചെയ്തു.

കാട്ടൂരിൽ നിന്ന് ഇരിഞ്ഞാലക്കുട, തൃശൂർ, തൃപ്രയാർ ഭാഗങ്ങളിലേക്ക് ഇന്ന് റോഡ് ഗതാഗത സൗകര്യങ്ങൾ ഉണ്ട്. കാറളം, എടത്തിരുത്തി ഭാഗങ്ങളിലേക്കും റോഡുകൾ ഉണ്ട്. ഈ റോഡുകൾ എല്ലാം വേണ്ടത്ര വീതിയില്ലാത്തതും ഏറെ വളവുകൾ ഉള്ളതുമാണ്.

പറയംകടവ് - ഇരിഞ്ഞാലക്കുട, തേക്കുമൂല - ബസാർ റോഡ്, ആശുപത്രി കരാഞ്ചിറ റോഡ്, പൊഞ്ഞനം റോഡ്, ആനക്കുളം റോഡ്, ഇല്ലിക്കാട് എസ്.എൻ.ഡി.പി.റോഡ് എന്നിവ പഞ്ചായത്ത് രൂപംകൊണ്ടപ്പോൾ തന്നെ ഉണ്ടായിരുന്ന പ്രധാന റോഡുകൾ ആണ്.

കാട്ടൂർ പഞ്ചായത്തിൽ 31 കി.മി ദൂരത്തിൽ ടാർ ചെയ്തു റോഡുകൾ ഉണ്ട്. ഇതിൽ 27 കി.മീ റോഡ് പൊതുമരാമത്ത് വകുപ്പിൻെറ ഉടമസ്ഥതയിൽ ഉള്ളതും 4 കി.മീ റോഡ് പഞ്ചായത്തിൻേറയും ആണ്. റോഡിൻെറ വിശദാംശങ്ങൾ പട്ടിക 1 ൽ ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പിൻെറ ഉടമസ്ഥതയിൽ ഉള്ള തേക്കുമൂല എടതരിഞ്ഞി റോഡിൻെറ അവസ്ഥ വളരെ ശോചനീയമാണ്. പ്രസ്തുത റോഡ് അടിയന്തിരമായി ടാറ് ചെയ്ത് ഉപയോഗ്യമാക്കണം. പഞ്ചായത്ത് റോഡുകളിൽ കരാഞ്ചിറ ചർച്ച് റോഡ്, ലക്ഷംവീട് കപ്പേള റോഡ്, പൊഞ്ഞനം സൗത്ത് റോഡ് എന്നിവ ടാറിങ്ങ് തകർന്ന് സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. പ്രസ്തുത റോഡുകളിൽ ടാറിങ്ങ് നടത്തണം.

കാട്ടൂർ പഞ്ചായത്തിൽ എട്ടര കിലോമീറ്റർ ദൂരത്തിൽ മെറ്റൽ വിരിച്ചറോഡുകൾ ഉണ്ട്. പ്രസ്തുത റോഡുകൾ അടിയന്തിരമായി ടാർ ചെയ്യണം. റോഡുകളുടെ വിശദാംശങ്ങൾ പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ 27.65 കി.മീ. ദൂരത്തിലുള്ള റോഡുകൾ ചെമ്മൺറോഡുകളാണ്. ഇതൽ 16.40 കി.മീ. റോഡുകൾ വെള്ളക്കെട്ടുള്ളതാണ്. വെള്ളക്കെട്ടുള്ള റോഡുകൾ മണ്ണിട്ടുയർത്തി മെറ്റൽ ചെയ്ത്

ഘട്ടം ഘട്ടമായി സഞ്ചാരയോഗ്യമാക്കണം. പട്ടിക 3-ലും പട്ടിക 4-ലും മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ 28.375 കി.മീ. ദൂരമുള്ള റോഡുകൾ കാനകെട്ടി സംരക്ഷിക്കേണ്ടതാണ്. പട്ടിക 5-ൽ വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ കാനകെട്ടിയാൽ റോഡ് സംരക്ഷണത്തിൻെറ ചെലവ് കുറക്കാൻ കഴിയും.

പഞ്ചായത്തിലെ, റോഡുകളിലും, നടപ്പാതകളിലും നിർമ്മിക്കേണ്ട പാലങ്ങളുടെയും ചീപ്പുകളുടേയും വിശദാംശങ്ങൾ പട്ടിക 6-ൽ ഉണ്ട്. ഇവ അടിയന്തിരമായി നിർമ്മിച്ച് റോഡുകളും നടപ്പാതകളും ഗതാഗതയോഗ്യമാക്കണം. ചീപ്പുകളുടെ നിർമ്മാണം കൃഷിക്കുകൂടി ഉപയോഗപ്രദമാണ്.

മറ്റു പ്രധാന ഗതാഗത പ്രശ്നങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. പറയൻകടവ്, എടത്തിരുത്തി, മധുരംപിള്ളി പാലങ്ങൾ ഏതുസമയത്തും തകർന്നുവീഴാവുന്ന അവസ്ഥയിലാണ്.
2. ബസ് സ്റ്റേഷൻ സൗകര്യമില്ല.
3. ജില്ലാ കേന്ദ്രത്തിലേക്ക് ബസ്സ് സൗകര്യക്കുറവ്
4. ഇരിഞ്ഞാലക്കുട റയിൽവേ സ്റ്റേഷൻ വഴിയുള്ള ബസ്സ് സർവ്വീസുകൾ ഇല്ല.
5. കനോലികനാൽ വശങ്ങൾ ഇടിഞ്ഞ് ആഴം കുറഞ്ഞത് ജലഗതാഗതത്തിന് ഭീഷണിയാവുന്നു.
6. ഓട്ടോറിക്ഷ, ടാക്സി എന്നിവക്ക് പാർക്കിംഗ് സൗകര്യമില്ല.

## പരിഹാരങ്ങൾ

1. പറയൻകടവ്, എടത്തിരുത്തി, മധുരംപിള്ളി പാലങ്ങൾ അടിയന്തിരമായി നന്നാക്കണം. പറയൻ കടവ് പാലം, വാഹന ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ പുനർനിർമ്മിക്കണം. ദേശീയപാത 47, ദേശീയ പാത 1 എന്നിവയെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് ഈ വഴി നിർമ്മിച്ചാൽ നിലവിൽ ഈ പാതകൾ തമ്മിലുള്ള ദൂരം 4 കി.മീ. കുറക്കാൻ കഴിയും.
2. പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് ബസ്സ്സ്റ്റേഷൻ നിർമ്മാണം ഉടനെ ആരംഭിക്കണം.
3. കാട്ടൂരിൽനിന്ന് ജില്ലാ ആസ്ഥാനമായ തൃശൂരിലേക്കും, റയിൽവേ സ്റ്റേഷനായ കല്ലേറ്റുങ്കര വഴിയും സർക്കാർ ബസ്സ് സർവ്വീസ് ആരംഭിക്കണം. നിറുത്തിവെച്ച എറണാകുളം, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് സർവ്വീസുകൾ പുനരാരംഭിക്കണം.
4. കാനോലികനാൽ തിട്ട ഉറപ്പിച്ച് ആഴം കൂട്ടി ജലഗതാഗതയോഗ്യമാക്കിയാൽ ടൂറിസവികസനത്തിന് ഏറെ സാദ്ധ്യതയുണ്ട്.
5. ഓട്ടോറിക്ഷ, ടാക്സി പാർക്കിംഗ് സൗകര്യമേർപ്പെടുത്തണം.
6. ബസ്സ്ചാർജ്ജ് വർദ്ധനവ് നടപ്പിൽ വരുത്തുമ്പോൾ യാത്രക്കാരുടെ പ്രശ്നങ്ങൾ പഠിക്കാനും ഫെയർ സ്റ്റേജ് ശാസ്ത്രീയമായി നിർണ്ണയിക്കാനും സംവിധാനമുണ്ടാകണം.
7. റോഡ് സംരക്ഷണം കാലാകാലങ്ങളിൽ നടത്തണം.
8. പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ കുറെകൂടി വികസിപ്പിക്കുന്നതിന് പുതിയ റോഡുകൾ നിർമ്മിക്കണം. ഇതിൻെറ വിവരം പട്ടിക 7-ൽ കൊടുക്കുന്നു.

   റോഡ് നിർമ്മാണത്തിന് മനുഷ്യശേഷി ഭൂമി, സാമ്പത്തിക സഹായം എന്നിവ പ്രാദേശികമായി സ്വരൂപിക്കാൻ കഴിയും.

# പട്ടിക 1

## പി.ഡബ്ലിയു.ഡി. റോഡുകൾ ടാറിട്ടത്

| ക്രമ നമ്പർ | റോഡുകൾ | നീളം കി.മി. | വീതി മി. |
|---|---|---|---|
| 1. | തേക്കുംമൂല – എടതിരിഞ്ഞി | 3.00 | 8 |
| 2. | കാട്ടൂർ – ഇരിഞ്ഞാലക്കുട | 10.00 | 8 |
| 3. | ലേബർ സെൻറർ – താണിശ്ശേരി | 4.00 | 8 |
| 4. | നെടുമ്പുര – കരാഞ്ചിറ | 1.00 | 8 |
| 5. | നെടുമ്പുര ലേബർ സെൻറർ – കാറളം | 2.50 | 8 |
| 6. | കാട്ടൂർ – കരാഞ്ചിറ | 1.75 | 8 |
| 7. | കാട്ടൂർകടവ് – കരാഞ്ചിറ | 1.00 | 8 |
| 8. | ഹൈസ്ക്കൂൾ – നെടുമ്പുര | 1.50 | 8 |
| 9. | പൊഞ്ഞനം – എസ്.എൻ.ഡി.പി. | 1.90 | 8 |
| 10. | തേക്കുമൂല – പറയൻകടവ് | 0.80 | 8 |

## ടാറിട്ട പഞ്ചായത്ത് റോഡുകൾ

| ക്രമ നമ്പർ | റോഡുകൾ | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|
| 1. | കരാഞ്ചിറ ചർച്ച് റോഡ് | 200 | 4 |
| 2. | കാട്ടൂർകടവ് ചർച്ച് റോഡ് | 150 | 5 |
| 3. | നെടുമ്പുര മോസ്ക് റോഡ് | 300 | 5 |
| 4. | ഗാന്ധികോളനി | 175 | 5 |
| 5. | ലക്ഷംവീട് കപ്പേള റോഡ് | 750 | 6 |
| 6. | മാവുംവളവ് റോഡ് | 200 | 6 |
| 7. | മധുരംപിള്ളി റോഡ് | 200 | 6 |
| 8. | പൊഞ്ഞനം സൗത്ത റോഡ് | 700 | 6 |
| 9. | ചാലിശ്ശേരി – ശ്രീകാളീശ്വരി റോഡ് | 500 | 6 |
| 10. | ഇല്ലിക്കാട് തീപ്പെട്ടിക്കമ്പനി റോഡ് | 400 | 6 |
| 11. | എസ്സ്. എൻ.ഡി.പി. വെള്ളാനി റോഡ് | 250 | 6 |

# പട്ടിക 2

## പഞ്ചായത്തിലെ ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് | മൊത്തം നീളം മീറ്റർ | വീതി മീറ്റർ | ടാർ ചെയ്യേണ്ട ദൂരം(മീ) |
|---|---|---|---|---|---|
| 1. | I | നവപ്രഭ കോളനി റോഡ് | 300 | 6 | 300 |
| 2. | | കരാഞ്ചിറ പള്ളിക്കടവ് റോഡ് | 200 | 6 | 200 |
| | II | -- | -- | -- | -- |
| 1. | | നെടുമ്പുരത്താഴം-പള്ളി റോഡ് | 800 | 6 | 400 |
| 2. | III | വലക്കഴ - തണ്ണിച്ചിറ റോഡ് | 900 | 6 | 300 |
| 3. | | മനപ്പടി വെസ്റ്റ് റോഡ് | 400 | 5 | 300 |
| 1. | IV | മനക്കാട്ടു മന - പൊഞ്ഞനം റോഡ് | 1000 | 6 | 1000 |
| 2. | | ആനക്കുളം - പൊഞ്ഞനം റോഡ് | 1000 | 6 | 1000 |
| 1. | V | പുതുക്കുളം - നരിക്കുഴി റോഡ് | 600 | 6 | 600 |
| | VI | | | | |
| 1. | VII | മധുരംപിള്ളി റോഡ് | 1200 | 6 | 1000 |
| | VIII | പൈങ്കണ്ണിക്കാവ് റോഡ് | 500 | 5 | 200 |
| | IX | ഇല്ലിക്കാട് എസ്.എൻ.ഡി.പി റോഡ്' | 1500 | 6 | 800 |
| | | | 8.400 | | 5.100 |

# പട്ടിക 3

## പഞ്ചായത്തിലെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|---|
| I | 1 | കരാഞ്ചിറ കടവ് റോഡ് | 500 | 5 |
| | 2 | എ.കെ. മാസ്റ്റർ റോഡ് | 700 | 5 |
| | 3 | ചർച്ച് റോഡ് (ലിങ്ക് റോഡുകൾ) | 500 | 5 |
| | 4 | ചാക്കോ മാസ്റ്റർ മഠം കടവ് റോഡ് | 150 | 5 |
| | 5 | കോലോത്തുംകുന്ന് കാട്ടൂർകടവ് റോഡ് | 1000 | 6 |
| | 6 | കാട്ടൂർകടവ് ചർച്ച് ലിങ്ക് റോഡ് | 1000 | 6 |
| | 7 | കൊഴുപ്പക്കടവ് – കാട്ടൂർ കടവ് ലിങ്ക് റോഡ് | 300 | 5 |
| | 8 | ആശാരിപ്പറമ്പ് – കാട്ടൂർകടവ് ചർച്ച്ലിങ്ക് റോഡ് | 500 | 5 |
| | 9 | സാർത്തോസദനം റോഡ് | 300 | 5 |
| | 10 | പണിക്കരുമൂല – വെള്ളാനിപ്പാടം റോഡ് | 500 | 5 |
| | 11 | പാറളത്താഴം ലക്ഷം വീട് | 500 | 4 |
| II | 1 | കലാനഗർ റോഡ് | 350 | 5 |
| | 2 | കരാഞ്ചിറ സെമിത്തേരി റോഡ് | 1000 | 4 |
| | 3 | നായരുപറമ്പിൽ കപ്പേള റോഡ് | 200 | 4 |
| III | 1 | ചെമ്പൻചാൽ കോളനി റോഡ് | 1000 | 5 |
| | 2 | മാങ്കുറ്റിത്തറ റോഡ് | 500 | 6 |
| | 3 | വലക്കഴ നോർത്ത് റോഡ് | 500 | 6 |
| | 4 | സൗത്ത് നെടുമ്പുരത്താഴം മനപ്പടി റോഡ് | 1000 | 5 |
| IV | 1 | വാത്ത്യക്കുടം – വെള്ളാനിപ്പാടം | 400 | 5 |
| V | 1 | രാജീവ്ഗാന്ധികോളനി സോഡവളവ് പൊഞ്ഞനംലിങ്ക്റോഡ് | 200 | 5 |
| | 2 | പൊഞ്ഞനം ആശാരിക്കുന്ന് റോഡ് | 500 | 6 |
| VI | 1 | ചേലക്കത്തറ ഹൈസ്ക്കൂൾ റോഡ് | 600 | 5 |
| | 2 | വേണ്ടൂർമൂല ലേബർ ബ്രാഞ്ച് റോഡ് | 550 | 5 |
| | 3 | വേണ്ടൂർമൂല മനക്കാട്ടുമന റോഡ് | 450 | 4 |
| | 4 | ആനക്കുളം – മിനി എസ്റ്റേറ്റ് റോഡ് | 250 | 5 |
| | 5 | ആനക്കുളം മനക്കാട്ടുമന റോഡ് | 150 | 5 |
| | 6 | വലക്കഴ ഈസ്റ്റ് കോതളനി റോഡ് | 250 | 4 |
| | 7 | തണ്ണിച്ചിറ – വലക്കഴ റോഡ് | 900 | 6 |

| | | | | |
|---|---|---|---|---|
| VII | 1 | അയ്യൻകാളി കോളനി റോഡ് | 1000 | 6 |
| | 2 | മധുരപ്പിള്ളി മാവുംവളടവ് ലിങ്ക് റോഡ് | 1000 | 6 |
| | 3 | ചേന്ദകുളം ബ്രാഞ്ച് റോഡ് വെസ്റ്റ് | 100 | 4 |
| | 4 | കനാൽ (M.M.) ഇരുവശവും | 3000 | 4 |
| | 5 | ചേന്ദംകുളം വടക്ക് ബ്രാഞ്ച് റോഡ് | 350 | 4 |
| | 6 | പറയൻകടവ് ചർച്ച്- ബ്രാഞ്ച് റോഡ് | 200 | 4 |
| | 7 | കരിംകുറ്റിച്ചാൽ എം.എം കനാൽ റോഡ് | 800 | 3 |
| VIII | 1 | ചർച്ച് ബേക്കറി കോളനി കരുവാപ്പടി റോഡ് | 1.200 | 4 |
| | 2 | പാലക്കത്താഴം റോഡ് | 200 | 6 |
| | 3 | പഴയ മിൽക്ക് സൊസൈറ്റി സൗത്ത് റോഡ് | 300 | 6 |
| | 4 | കണ്ടംകുളത്തി തെക്കുംപാടം റോഡ് | 600 | 4 |
| IX | 1 | ഇല്ലിക്കാട് - രാമൻകുളം റോഡ് | 1200 | 6 |
| | 2 | രാമൻകുളം ഈസ്റ്റ് റോഡ് | 600 | 6 |
| | 3 | രാമൻകുളം വെസ്റ്റ് റോഡ് | 300 | 6 |
| | 4 | 4 സെൻറ് കോളനി ബ്രാഞ്ച് റോഡ് | 350 | 5 |
| | 5 | കിഴക്കേ ലക്ഷംവീട് പവർ സ്റ്റേഷൻ കോളനി റോഡ് | 500 | 5 |
| | 6 | ഇല്ലിക്കാട് കിഴക്കേഭാഗം കടവിൽ അമ്പലം റോഡ് | 300 | 5 |
| | 7 | പൊഞ്ഞനം സൗത്ത് സെൻറർ ഈസ്റ്റ് റോഡ് | 350 | 5 |
| | 8 | പൊഞ്ഞനം രാമൻകുളം വെസ്റ്റ് ലിങ്ക് റോഡ് | 350 | 5 |
| | 9 | ഇല്ലിക്കാട് S.N.D.P. ബ്രാഞ്ച് റോഡ് | 100 | 4 |
| | | | 27650 | |

# പട്ടിക 4

## മണ്ണിട്ട് ഉയർത്തേണ്ട റോഡുകൾ

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|---|
| I | 1 | കോലോത്തുംകുന്ന് നന്തിൽപാടം കാട്ടൂർകടവ് റോഡ് | 1500 | 4 |
| II | 1 | കരാഞ്ചിറ സെമിത്തേരി റോഡ് | 200 | 4 |
| III | 1 | ചെമ്പൻചാൽ കോളനി റോഡ് | 1000 | 5 |
| | 2 | മാങ്കുറ്റിത്തറ റോഡ് | 800 | 6 |
| | 3 | വലക്കഴ റോഡ് | 600 | 6 |
| | 4 | നെടുമ്പുരത്താഴം – സൗത്ത് മനപ്പടി റോഡ് | 800 | 3 |
| IV | 1 | വാത്ത്യക്കുടം വെള്ളാനി റോഡ് | 200 | 5 |
| | 2 | വേണ്ടർമൂല – മനക്കാട്ടുമന റോഡ് | 150 | 4 |
| V | 1 | രാജീവ് ഗാന്ധി – സോഡാവളവ് പൊഞ്ഞനം ലിങ്ക് റോഡ് | 200 | 5 |
| VI | 1 | വലക്കഴ ഈസ്റ്റ് കോളനി റോഡ് | 500 | 4 |
| VII | 1 | അയ്യങ്കാളി കോളനി കാട്ടൂർ ബസാർ റോഡ് | 1000 | 6 |
| | 2 | പോസ്റ്റാഫീസ് തുണ്ടുംപറമ്പ് കോളനി ലിങ്ക്റോഡ് | 300 | 4 |
| | 3 | മധുരംപിള്ളി മാവുവളവ് ലിങ്ക് റോഡ് | 1000 | 6 |
| | 4 | ചേന്ദംകുളം ബ്രാഞ്ച് റോഡ് | 500 | 4 |
| | 5 | എം.എം. കനാൽ ഫാം റോഡ് | 3000 | 4 |
| | 6 | ചേന്ദംകുളം നോർത്ത് ബ്രാഞ്ച് റോഡ് | 100 | 4 |
| | 7 | പള്ളി ബ്രാഞ്ച് റോഡ് | 150 | 4 |
| | 8 | കരിംകുറ്റിച്ചാൽ റോഡ് | 100 | 3 |
| VIII | 1 | ചർച്ച് ബേക്കറി കരുവാപ്പടി കോളനി റോഡ് | 800 | 4 |
| | 2 | പാലക്കത്താഴം റോഡ് | 200 | 6 |
| | 3 | കണ്ടംകുളത്തി ഫാം റോഡ് | 500 | 4 |
| IX | 1 | ഇല്ലിക്കാട് രാമൻകുളം റോഡ് | 1500 | 6 |
| | 2 | രാമൻകുളം ഇല്ലിക്കാട് കോളനി റോഡ് | 1000 | 6 |
| | 3 | രാമൻകുളം വെസ്റ്റ് റോഡ് | 300 | 6 |
| | | | 16400 | |

# പട്ടിക 5

## പഞ്ചായത്തിലെ കാനക്കെട്ടി സംരക്ഷിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡുകളുടെ പേര് | നീളം (മീ) |
|---|---|---|
| 1. | തേക്കുമൂല – എടതിരിഞ്ഞി റോഡ് | 3000 |
| 2. | കാട്ടൂർ – ഇരിഞ്ഞാലക്കുട റോഡ് | 8000 |
| 3. | ലേബർ സെൻറർ – താണിശ്ശേരി റോഡ് | 4000 |
| 4. | നെടുമ്പുര – കരാഞ്ചിറ റോഡ് | 1000 |
| 5. | നെടുമ്പുര – ലേബർ സെൻറർ കാറളം റോഡ് | 2500 |
| 6. | കാട്ടൂർ – കരാഞ്ചിറ റോഡ് | 1750 |
| 7. | കാട്ടൂർക്കടവ് – കരാഞ്ചിറ റോഡ് | 1000 |
| 8. | കാട്ടൂർ ഹൈസ്ക്കൂൾ – നെടുമ്പുരറോഡ് | 1500 |
| 9. | പൊഞ്ഞനം എസ്.എൻ.ഡി.പി. റോഡ് | 1000 |
| 10. | തേക്കുമൂല – പറയൻകടവ് റോഡ് | 800 |
| 11. | കരാഞ്ചിറ ചർച്ച് റോഡ് | 200 |
| 12. | കാട്ടൂർ കടവ് ചർച്ച് റോഡ് | 150 |
| 13. | നെടുമ്പുര മോസ്ക് റോഡ് | 300 |
| 14. | ഗാന്ധി കോളനി റോഡ് | 175 |
| 15. | ലക്ഷംവീട് കപ്പേള റോഡ് | 750 |
| 16. | മാവുംവളവ് റോഡ് | 200 |
| 17. | മധുരംപിള്ളി റോഡ് | 200 |
| 18. | പൊഞ്ഞനം സൗത്ത് റോഡ് | 700 |
| 19. | ചാലിശ്ശേരി – ശ്രീകാളീശ്വരി റോഡ് | 500 |
| 20. | ഇല്ലിക്കാട് തീപ്പെട്ടി കമ്പനി റോഡ് | 400 |
| 21. | എസ്.എൻ.ഡി.പി. വെള്ളാനി റോഡ് | 250 |
| | | 28375 |

(മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട എല്ലാ റോഡുകളും കാന കെട്ടി സംരക്ഷിക്കേണ്ടതാണ്)

# പട്ടിക 6

## നിർമ്മിക്കേണ്ട പാലങ്ങളുടേയും, ചീപ്പുകളുടേയും വിവരങ്ങൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | പാലം | ചീപ്പ് (സ്ലൂവീസ്) |
|---|---|---|---|
| 1. | അയ്യൻകാളി കോളനി റോഡ് | 2 | 2 |
| 2. | വെള്ളേച്ചരൻ കോളനി റോഡ് | 2 | 1 |
| 3. | വെള്ളേച്ചരൻ - മധുരംപ്പിള്ളി റോഡുകളെ ബന്ധിപ്പിക്കുന്ന M.M. കനാൽ | | 1 |
| 4. | മധുരംപിള്ളി M.M. കനാൽ നടപ്പാത | 8 | 2 |
| 5. | മധുരംപിള്ളി മാവുംവളവ് റോഡ് | 2 | 2 |
| 6. | മനക്കാട്ടുമന റോഡ് | 1 | |
| 7. | തണ്ണിച്ചിറ വലക്കഴ റോഡ് | 1 | |
| 8. | ചർച്ച് ബേക്കറി ബ്രാഞ്ച് റോഡ് | 2 | |
| 9. | ചെമ്പൻചാൽ കോളനി റോഡ് | 1 | 1 |
| 10. | കണ്ടംകുളത്തി ഫാം റോഡ് | 1 | |

P.W.D. റോഡിൽ ആവശ്യമായ പാലങ്ങൾ

പറയൻകടവ് പാലം

മധുരംപിള്ളി പാലം

# പട്ടിക 7

## പഞ്ചായത്തിൽ പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|---|
| I | 1 | നന്തിൽ പാടം റോഡ് (കോലോത്തും കുന്ന് - കാട്ടൂർ ലിങ്ക്) | 1500 | 6 |
| II | 1 | ആശാരിപ്പറമ്പ് റോഡ് | 200 | 6 |
| III | 1 | ചെമ്പൻചാൽ കോളനിറോഡ് | 800 | 5 |
| | 2 | മാങ്കുറ്റിത്തറ റോഡ് | 800 | 6 |
| | 3 | മുനയം ഈസ്റ്റ് അംബേദ്കർ കോളനി റോഡ് | 500 | 4 |
| | 4 | തൊപ്പിത്തറസൗത്ത് മനപ്പിടി റോഡ് | 600 | 5 |
| IV | | -- | -- | -- |
| V | 1 | പുതുക്കുളം മലയാറ്റിറോഡ് | 400 | 5 |
| | 2 | S.N.D.P. സെൻററിൽ നിന്ന് വെള്ളാനിപ്പാടത്തേക്ക് പോകുന്ന വഴി | 300 | 5 |
| VI | 1 | വലക്കഴ - തണ്ണിച്ചിറ | 900 | 6 |
| | 2 | വലക്കഴ ബ്രാഞ്ച് സൗത്ത് കോളനി | 400 | 3 |
| | 3 | ചേലക്കത്തറ - നെല്ലിക്കുന്ന് ബ്രാഞ്ച് റോഡ് | 450 | 3 |
| | 4 | ആശാരിക്കുന്ന് ബ്രാഞ്ച് റോഡ് 1 | 400 | 3 |
| | 5 | ആശാരിക്കുന്ന് ബ്രാഞ്ച് റോഡ് 2 | 300 | 3 |
| | 6 | വലക്കഴ സൗത്ത് നമ്പർ 2 | 400 | 3 |
| VII | 1 | തുണ്ടംപറമ്പ് കോളനി റോഡ് | 1000 | 4 |
| | 2 | റോസ് കോളേജ് - വെള്ളേച്ചാരൻ കോളനി ലിങ്ക് റോഡ് | 750 | 4 |
| | 3 | വെള്ളേച്ചരൻ കോളനി റോഡ് | 1000 | 6 |
| VIII | 1 | ചാലിശ്ശേരി ശ്രീകാളീശ്വരി കോളനി റോഡ് | 500 | 6 |
| | 2 | ചർച്ച് ബേക്കറി ബ്രാഞ്ച് റോഡ് | 200 | 4 |
| | 3 | ചാലിശ്ശേരി ശ്രീകാളീശ്വരി കോളനിറോഡ് ഈസ്റ്റ് | 300 | 3 |
| | 4 | പൈങ്കണ്ണിക്കാവ് - ചാലിശ്ശേരി ലിങ്ക് റോഡ് | 250 | 3 |
| IX | 1 | രാമൻകുളം ഈസ്റ്റ് റോഡ് | 300 | 6 |
| | 2 | ഇല്ലിക്കാട് S.N.D.P. ലിങ്ക് റോഡ് | 400 | 4 |
| | | | 12.650 | |

# 7. 2 ഊർജ്ജം

ഊർജ്ജം എന്ന് കേൾക്കുമ്പോൾ വൈദ്യുത ഊർജ്ജമാണ് ആദ്യം മനസ്സിലെത്തുകയെങ്കിലും, ഇന്നും ഊർജ്ജത്തിന് വേണ്ടി നാം ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വിറകിനെയാണ്. പാചക ആവശ്യത്തിനാണ് വിറക് കൂടുതലും ഉപയോഗിക്കപ്പെടുന്നത്. മരങ്ങൾ വെട്ടി നശിപ്പിക്കപ്പെട്ടതോടെ വിറകിൻെറ ലഭ്യത കുറയുകയും വില ക്രമാതീതമായി ഉയരുകയും ചെയ്തു. ഭൂരിഭാഗം കുടുംബങ്ങളിലും ഇപ്പോഴും പഴയ രീതിയിലുള്ള വിറകടുപ്പാണ് ഉപയോഗിക്കുന്നത്. ശാസ്ത്ര സാഹിത്യ പരിഷത്ത് ഭൂക്ഷത കൂടിയ വിറകടുപ്പുകൾ പ്രചരിപ്പിച്ചതോടെ ഇത്തരം അടുപ്പുകൾ ജനങ്ങൾ കൂടുതൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

1953 ലാണ് കാട്ടൂർ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിയെത്തുന്നത്. കാട്ടൂർ, കയ്പമംഗലം, തൃപ്രയാർ ഫീഡറുകളിൽ നിന്നുമാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുത വിതരണം നടത്തുന്നത്. ഇന്ന് കാറളം പഞ്ചായത്തതിർത്തിയിലുള്ള വൈദ്യുത സബ് സ.റ്റേഷൻ, പ്രവർത്തനമാരംഭിക്കുമ്പോൾ പ്രസ്തുത പ്രദേശം കാട്ടൂർ പഞ്ചായത്തതിർത്തിയിൽ ആയിരുന്നു. കാർഷിക, വ്യവസായിക, ഗാർഹിക മേഖലകളിൽ വൈദ്യുതി ഇല്ലാത്ത ഒരവസ്ഥ ചിന്തിക്കുക തന്നെ ഇന്ന് അസാധ്യമാണ്. എന്നാൽ മുൻ കാലങ്ങളിൽ എണ്ണയാട്ടുന്നതിനും, വെള്ളം തേവുന്നതിനും ഗാർഹിക, ജോലികൾക്കും മനുഷ്യൻേറയും മൃഗങ്ങളുടേയും അദ്ധ്വാന ശേഷിയാണ് ഉപയോഗിച്ചിരുന്നത്.

പഞ്ചായത്തിലെ 80% വീടുകളും വൈദ്യുതീകരിച്ചതാണ്. വർഷം തോറും വൈദ്യുത ഉപഭോക്താക്കളുടെ എണ്ണവും, ഉപഭോഗവും വർദ്ധിച്ചു വരുന്നു. ഗാർഹിക ഉപഭോക്താക്കൾ ബൾബുകളാണ് കൂടുതൽ ഉപയോഗിച്ചു വരുന്നത്. ട്യൂബ് ലൈറ്റുകൾ വളരെ കുറവെ ഉപയോഗിച്ചു വരുന്നുള്ളൂ. മതാഘോഷങ്ങൾക്കും, വിവാഹങ്ങൾക്കും വൈദ്യുത ദീപാലങ്കാരം ഇന്ന് സാധാരണമായിരിക്കുന്നു.

നിലവിലുള്ള വൈദ്യുത വിതരണ സംവിധാനത്തിൻെറ വിശദാംശങ്ങൾ പട്ടിക 1–ൽ കൊടുത്തിട്ടുണ്ട്.

## പട്ടിക 1

| | | | |
|---|---|---|---|
| 1. | നിലവിലുള്ള ഉപഭോക്താക്കൾ | | |
| | എ) ഗാർഹികം | : | 3064 |
| | ബി) വ്യാപാരം | : | 383 |
| | സി) വ്യാവസായികം | : | 49 |
| | ഡി) കാർഷികം | : | 986 |
| 2. | തെരുവ് വിളക്കുകളുടെ എണ്ണം | | |
| | എ) ബൾബ് | : | 464 (40 വാൾട്ട്) |
| | ബി) ട്യൂബ് | : | 36 |
| | സി) മെർക്കുറി വേപ്പർ | : | ഇല്ല |
| | ഡി) സോഡിയം വേപ്പർ | : | ഇല്ല |

3. പഞ്ചായത്ത് പരിധിയിൽ വൈദ്യുത വിതരണം നടത്തുന്ന ട്രാൻസ്ഫോമറുകൾ

| | കപ്പാസിറ്റി | എണ്ണം |
|---|---|---|
| a) | 260 KWA | 1 |
| b) | 250 KWA | 1 |
| c) | 160 KWA | 1 |
| d) | 100 KWA | 15 |
| e) | 63 KWA | 6 |
| f) | 50 KWA | 1 |
| | ആകെ | 25 |

ട്രാൻസ്ഫോർമറുകളിലെ വിതരണ വിവരം പട്ടിക 2 ൽ കൊടുത്തിട്ടുണ്ട്. പാചകാവശ്യത്തിന് വിറക് കൂടാതെ മണ്ണെണ്ണയും, പാചകവാതകവും ചില വീടുകളിൽ ഉപയോഗിച്ചു വരുന്നുണ്ട്. 4 വീടുകളിൽ പാചകാവശ്യത്തിനായി ഗോബർ ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ല.

ഊർജ്ജ രംഗത്ത് ഇന്ന് പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ്.

1. വോൾട്ടേജ് ക്ഷാമം
2. വിറകിൻെറ ലഭ്യതക്കുറവും, വിലക്കയറ്റവും
3. ലോഡ്ഷെഡിംഗ്
4. പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധനവ്
5. മണ്ണെണ്ണയുടെ ലഭ്യതക്കുറവ്
6. വൈദ്യുതി ലഭിക്കാത്ത വീടുകൾ
7. വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട്
8. പാചക വാതകം ലഭിക്കാത്തത്
9. പ്രസരണ നഷ്ടം
10. വൈദ്യുത ലൈനുകളുടെ സംരക്ഷണം തൃപ്തികരമല്ല
11. വൈദ്യുത ചാർജ്ജ് നിരക്ക് ശാസ്ത്രീയമല്ല.
12. വൈദ്യുത വിതരണത്തിനുപയോഗിക്കുന്ന സാമഗ്രികൾ ഏറെ പഴക്കം ചെന്നത്.
13. പരാതികൾ സമയത്തിന് പരിഹരിക്കപ്പെടുന്നില്ല.
14. സ്റ്റെപ്പപ്പുകളുടെ അമിതമായ ഉപയോഗം ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലവിവരം പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്.
2. കാട്ടൂരിലെ 66 കെ. വി. സബ് സ്റ്റേഷൻെറ ശേഷി വർദ്ധിപ്പിക്കണം.
3. കാലപ്പഴക്കം വന്ന പ്രസരണോപാധികൾ മാറ്റി സ്ഥാപിക്കണം.
4. പ്രസരണ നഷ്ടം തടയുന്നതിന് സമയാസമയങ്ങളിൽ ലൈനുകളിലേക്ക് വീണുകിടക്കുന്ന വൃക്ഷശാഖകൾ വെട്ടിമാറ്റണം.

5. പുതിയ ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക.
6. പാചകവാതക വിതരണ കേന്ദ്രം സ്ഥാപിക്കണം.
7. മീറ്ററുകൾ സ്വയം പരിശോധിച്ച് ബില്ല് ഉണ്ടാക്കാനുള്ള സംവിധാനം വേണം.
8. കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ ആവശ്യാനുസൃതം ലഭ്യമാക്കണം.
9. പ്രശ്നപരിഹാരങ്ങൾക്ക് വേണ്ടി ഒരു പഞ്ചായത്ത് തല സമിതി രൂപീകരിക്കണം.
10. മണ്ണെണ്ണ ആവശ്യാനുസരണം റേഷൻ കടകൾ വഴി ലഭ്യമാക്കണം.
11. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.
12. സാമൂഹ്യവനവൽക്കരണം പ്രോത്സാഹിപ്പിക്കണം. പൊതുസ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും നിരത്തോരങ്ങളിലും, കനാൽ ബണ്ടുകളിലും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.
13. പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഏകദേശം 5 കി. മീ. 11 കെ. വി. ലൈനുകളും, 8 കി. മീ. 3 ഫേസ് ലൈനുകളും 10 കി. മീ. സിംഗിൾ ഫേസ് ലൈനുകളും വലിക്കേണ്ടതുണ്ട്. (വിശദാംശങ്ങൾ പട്ടിക 3 ൽ കൊടുത്തിട്ടുണ്ട്.)
14. ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗം പ്രചരിപ്പുക്കുക.
15. ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. (വിശദാംശങ്ങൾ പട്ടിക 4 ൽ ചേർത്തിട്ടുണ്ട്.)

> ''ഒരു കാര്യത്തിൽ ഏർപ്പെട്ടാൽ
> വിജയം ഉറപ്പാക്കു ഘടകങ്ങൾ,
> അതിരറ്റ ക്ഷമ, ആർജ്ജവം,
> അവിഛിന്നമായ പ്രയത്നം എന്നിവയത്രെ!''
>
> ഡോ. അംബേദ്കർ

# പട്ടിക 2

## ട്രാൻസ്ഫോർമറുകളുലെ വിതരണ വിവരം

| ക്രമ നമ്പർ | വാർഡ് | ശേഷി : പേര് | ഉപഭോക്താക്കളുടെ എണ്ണം | വ്യവസായം എണ്ണം |
|---|---|---|---|---|
| 1. | 2 | 63 കെ. വി. എ. എ. കെ. പി. 1 | 68 | ഇല്ല |
| 2. | 2 | 100 കെ. വി. എ. നെടുംമ്പുര 2 | 184 | ഇല്ല |
| 3. | 2 | 100 കെ. വി. എ. നെടുംമ്പുര (എൻ) | 86 | ഒന്ന് |
| 4. | 2 | 100 കെ് വി. എ. ബി. എ. ഹോസ്പിറ്റൽ | 416 | ഒന്ന് |
| 5. | 3 | 160 കെ. വി. എ. കരാഞ്ചിറ | 176 | രണ്ട് |
| 6. | 3 | 100 കെ. വി. എ. തൊപ്പിത്തറ | 187 | മൂന്ന് |
| 7. | 3 | 100 കെ. വി. എ. ടെലിഫോൺ എക്സ്ചേഞ്ച് | 134 | രണ്ട് |
| 8.. | 3 | 63 കെ. വവ. എ. എ. കെ. പി. 2 | 194 | ഒന്ന് |
| 9. | 3 | 100 കെ. വി. എ. നെടുമ്പുര (വെസ്റ്റ്) | 116 | ഒന്ന് |
| 10. | 4 | 100 കെ. വി. എ. ലേബർ സെൻറർ | 286 | ഒന്ന് |
| 11. | 4 | 160 കെ. വി. എ മിനി | 146 | അഞ്ച് |
| 12. | 4 | 100 കെ. വി. എ. നെടുംമ്പുര 1 | 347 | രണ്ട് |
| 13. | 5 | 100 കെ. വി. എ. പൊഞ്ഞനം | 492 | നാല് |
| 14. | 6 | 100 കെ. വി. എ. ആനക്കുളം | 282 | നാല് |
| 15. | 7 | 250 കെ. വി. എ. കാട്ടൂർ ബസാർ | 176 | പത്ത് |
| 16. | 7 | 100 കെ. വി. എ. കാട്ടൂർ ബസാർ | 306 | രണ്ട് |
| 17. | 7 | 100 കെ. വി. എ. പറയൻകടവ് | 216 | ഇല്ല |
| 18. | 7 | 63 കെ. വി. എ. ചേന്ദൻകുളം | 88 | രണ്ട് |
| 19. | 7 | 63 കെ. വി. എ. പുത്തൻതോട് | 84 | നാല് |
| 20. | 7 | 50 കെ. വി. എ. പുത്തൻതോട് | 36 | നാല് |
| 21. | 7 | 100 കെ. വി. എ. എം. എം. കനാൽ | 46 | ഇല്ല |
| 22. | 7 | 100 കെ. വി. എ. ചോളക്കത്തോട് | 12 | ഇല്ല |
| 23. | 8 | 63 കെ. വി. എ. കണ്ടംകുളത്തി | 1 | രണ്ട് |
| 24. | 8 | 100 കെ. വി. എ. കണ്ടംകുളത്തി | 246 | രണ്ട് |
| 25. | 9 | 63 കെ. വി. എ. വാടച്ചിറ | 264 | രണ്ട് |

# പട്ടിക 3

| പുതിയ ലൈനുകളുടേയും ട്രാൻസ്ഫോർമറുകളുടേയും വിവരം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം മീറ്റർ | ലൈനിൻെറ സ്വഭാവം | സ്ഥാപിക്കേണ്ട ട്രാൻസ്ഫോർ മറുകളുടെ വിവരം |
| 1. | നെടുംമ്പുര തണ്ണിച്ചിറ | 1500 | 11 കെ. വി. | ഒന്ന് |
| 2. | മുനയം ഈസ്റ്റ് കോളനി | 250 | 3 ഫേസ് | – |
| 3. | കുനിയംതാഴം റോഡ് | 500 | 3 ഫേസ് | – |
| 4. | മനപ്പടി ഈസ്റ്റ് | 700 | 3 ഫേസ് | – |
| 5. | മനപ്പടി വെസ്റ്റ് | 200 | 3 ഫേസ് | – |
| 6. | ആനക്കുളം പരിസരം | 500 | 3 ഫേസ് | ഒന്ന് |
| 7. | പൊഞ്ഞനം മനക്കാട്ടുമന | 700 | 3 ഫേസ് | – |
| 8.. | വലക്കഴ സൗത്ത് കോളനി | 500 | 3 ഫേസ് | – |
| 9.. | ചേലക്കത്തറ | 1000 | 3 ഫേസ് | – |
| 10. | നെല്ലിക്കുന്ന് | 500 | 3 ഫേസ് | ഒന്ന് |
| 11. | വെള്ളേച്ചരൻ കോളനി | 1000 | 3 ഫേസ് | – |
| 12. | മധുരംപ്പിള്ളി കോളനി | 750 | 3 ഫേസ് | – |
| 13. | മാവുംവളവ് കോളനി | 300 | 3 ഫേസ് | – |
| 14.. | തുണ്ടംപറമ്പ് കോളനി | 500 | 3 ഫേസ് | – |
| 15. | ശ്രീകാളിശ്വരി കോളനി | 500 | 3 ഫേസ് | – |
| 16.. | ചർച്ച് ബേക്കറിബ്രാഞ്ച് റോഡ് | 500 | 3 ഫേസ് | – |
| 17. | പൈങ്കണ്ണിക്കാവ് ക്ഷീരസംഘം റോഡ് | 700 | 3 ഫേസ് | – |
| 18. | നന്തില്പ്പാടം പ്രദേശം | 500 | 3 ഫേസ് | – |

## പട്ടിക 4

# പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | സ്ഥാപിക്കേണ്ട സ്ഥലം | എണ്ണം |
|---|---|---|
| I | കടവ് റോഡ് | 2 |
| | എ. കെ. മാസ്റ്റർ റോഡ് | 2 |
| | കരാഞ്ചിറ ചർച്ച് കടവ് റോഡ് | 3 |
| | ചാക്കോ മാസ്റ്റർ റോഡ് | 2 |
| | നന്തിലിപ്പാടം ഹരിജൻ കോളനി റോഡ് | 5 |
| | കാട്ടൂർക്കടവ് പള്ളി റിങ്ങ് റോഡ് | 4 |
| | നവപ്രഭ കോളനി റോഡ് | 2 |
| | സാർത്തോ സദനം റോഡ് | 2 |
| | പണിക്കരുമൂല വെള്ളാനിപ്പാടം റോഡ് | 3 |
| | ലക്ഷംവീട് കോളനി പാറളംത്താഴം റോഡ് | 4 |
| | കൊഴുപ്പക്കടവ് റോഡ് | 2 |
| II | ശവക്കോട്ട റോഡ് | 8 |
| | ആമ്പാടം റോഡ് | 3 |
| | നെടുമ്പുര മോസ്ക് റോഡ് | 5 |
| III | മുനയം കരാഞ്ചിറ റോഡ് | 10 |
| IV | കപ്പേള ആനക്കുളം റോഡ് | 5 |
| | ആനക്കുളം മിനി എസ്റ്റേറ്റ് റോഡ് | 4 |
| | വെള്ളാനിപ്പാടം റോഡ് | 4 |
| | ശിവക്ഷേത്രം വെള്ളാനിപ്പാടം റോഡ് | 4 |
| V | നരിക്കുഴി പൊഞ്ഞനം റോഡ് | 3 |
| | മഹിളാസമാജം വെള്ളാനിപ്പാടം റോഡ് | 3 |
| | ആശാരിക്കുന്ന് റോഡ് നമ്പർ 1 | 5 |
| | എസ്. എൻ. ഡി. പി. റോഡ് | 2 |
| | സോഡവളവ് പൊഞ്ഞനം ലിങ്ക് റോഡ് | 2 |

| വാർഡ് | സ്ഥാപിക്കേണ്ട സ്ഥലം | എണ്ണം |
|---|---|---|
| | രാജീവ്ഗാന്ധി കോളനി റോഡ് | 5 |
| | എസ്. എൻ. ഡി. പി. വെള്ളാനി റോഡ് | 2 |
| VI | മനക്കാട്ടുമന വേണ്ടർമൂല ബ്രാഞ്ച് റോഡ് | 4 |
| | മനക്കാട്ട്മന പൊഞ്ഞനം റോഡ് | 6 |
| | ആശാരിക്കുന്ന് ബ്രാഞ്ച് റോഡ് നമ്പർ 2 | 4 |
| | തണ്ണിചിറ വലക്കഴ റോഡ് | 6 |
| | ചേലക്കത്തറ റോഡ് | 6 |
| | ആനക്കുളം മനക്കാട്ട് മന ബ്രാഞ്ച് റോഡ് | 1 |
| | നെല്ലിക്കുന്ന് ചേലക്കത്തറ റോഡ് | 6 |
| VII | മാവുംവളവ് മധുരംപ്പിള്ളി കോളനി ലിങ്ക് റോഡ് | 4 |
| | വെള്ളേച്ചരൻ കോളനി റോഡ് | 5 |
| | തുണ്ടംപറമ്പ് കോളനി അയ്യങ്കാളി റോഡ് | 6 |
| | പോസ്റ്റാഫീസ് തുണ്ടംപറമ്പ് റോഡ് | 3 |
| VIII | തേക്കുമൂല വാടച്ചിറ പി. ഡബ്ളിയൂ. റോഡ് | 6 |
| | പൊഞ്ഞനം സൗത്ത് റോഡ് | 3 |
| | ചാലിശ്ശേരി ശ്രീകാളിയേശ്വരി കോളനി റോഡ് | 5 |
| | പൈങ്കുണ്ണിക്കാവ് പാൽ സൊസൈറ്റി റോഡ് | 4 |
| | ചർച്ച് ബേക്കറി ബ്രാഞ്ച് റോഡ് | 3 |
| | ഹിക്രിമു തെക്കേ റോഡ് | 3 |
| IX | ........................................................................... | 12 |

# 7-3 മാർക്കറ്റ്

പ്രധാന ഗതാഗത മാർഗ്ഗമായിരുന്ന കനോലി കനാലിൻെറ കരയിലാണ് കാട്ടൂരിലെ മാർക്കറ്റ് സ്ഥിതി ചെയ്യുന്നത്. ഉദ്ദേശം 80 വർഷം മുമ്പ് ചന്ത കുറെകൂടി തെക്കുവശത്തുള്ള പറയൻ കടവിലായിരുന്നു.

കാട്ടൂർ മാർക്കറ്റ് കൊച്ചിയിലെ പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു. കിഴക്കൻ പ്രദേശങ്ങളിൽ നിന്നുള്ള പച്ചക്കറിയും മറ്റു ഉൽപന്നങ്ങളും ഇവിടെ എത്തിയിരുന്നു. ജലഗതാഗത മാർഗ്ഗത്തിലൂടെ കൊച്ചിയിൽ നിന്നും ചാവക്കാട് നിന്നും ഇവിടേക്ക് ചരക്കുകൾ എത്തിയിരുന്നു. ചേറ്റുവ മുതൽ മതിലകം വരെയുള്ള മലബാർ പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും പ്രധാന അവലംബം ഈ മാർക്കറ്റ് ആയിരുന്നു. പറയൻ കടവിൽ ചന്തയുണ്ടായിരുന്ന കാലത്ത് ഉപ്പ് സ്റ്റോക്ക് ചെയ്യാൻ ഉപ്പറയുണ്ടായിരുന്നു. ഉണക്കമത്സ്യത്തിൻേറയും പച്ചക്കറിയുടേയും പ്രധാന വിപണന കേന്ദ്രമായിരുന്നു ഇത്. അടുത്തകാലം വരെ കാട്ടൂർ മാർക്കറ്റ് മരച്ചീനി വ്യാപാരത്തിന് പേര് കേട്ടതായിരുന്നു.

തൃപ്രയാർ പാലം, പൊട്ടക്കടവ് പാലം, കാക്കാത്തിരുത്തി പാലം എന്നിവ തുറന്നതോടെ നാട്ടിക ഫർക്കയിലേക്കുള്ള ചരക്കു നീക്കം സുഗമമായി. നാഷണൽ ഹൈവേയിൽ പ്രധാനപ്പെട്ട നിരവധി വ്യാപാരകേന്ദ്രങ്ങൾ തുറന്നു. അതോടെ കാട്ടൂർ മാർക്കറ്റിൻെറ പഴയ പ്രതാപം നഷ്ടപ്പെട്ടു.

ഇന്നു മാർക്കറ്റ് അങ്ങേയറ്റം ജീർണ്ണമായ അവസ്ഥയിലാണ്. ആലപ്പാട്ട് കുടുംബക്കാരുടെ കൈവശം ഇരിക്കുന്ന കാട്ടൂർ ചന്തയുടെ പല കെട്ടിടങ്ങളും ഇടിഞ്ഞുവീണു. മാലിന്യ പ്രശ്നം അതിരൂക്ഷമാണ്. ചന്തയിൽ നിന്നുള്ള മലിനീകരണം കനോലി കനാലിനെയും ബാധിക്കുന്നു. ചന്തയുടെ പരിസരത്തുള്ള റോഡുകളിൽ ചരക്ക് ഇറക്കാനും മറ്റുമുള്ള സൗകര്യങ്ങളും കുറവാണ്.

ആധുനിക സൗകര്യങ്ങളോട് കൂടിയ മാർക്കറ്റ് കാട്ടൂരിൻെറ അടിയന്തിരാവശ്യമാണ്. ഇപ്പോഴുള്ള സ്ഥലത്തോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലും ഇതുണ്ടാവണം. ആധുനികമായ ഒരു അറവുശാലയും മത്സ്യമാർക്കറ്റും ഉണ്ടാവണം. ശുചീകരണത്തിനാവശ്യമായ സംവിധാനവും ഉണ്ടാകണം.

കാട്ടൂർ മാർക്കറ്റിൽ പഞ്ചായത്ത് വിലയ്ക്കെടുത്തിട്ടുള്ള സ്ഥലത്ത് അടിയന്തിരമായി ഷോപ്പിങ്ങ് കോംപ്ലക്സ് പണിയണം. ചുരുങ്ങിയത് 40 മുറികളുള്ള ഒരു ബഹുനിലകെട്ടിടം പണിയണം. കെട്ടിടത്തിൻെറ വിശദമായ പ്ലാൻ തയ്യാറാക്കി പരസ്യം ചെയ്ത് മുറികൾ ആവശ്യമുള്ളവരെ കണ്ടെത്തി അവരിൽ നിന്ന് ഒരു നിശ്ചിതതുക മുൻകൂർ വാങ്ങി കെട്ടിട നിർമ്മാണത്തിനുള്ള തുക സ്വരൂപിക്കാവുന്നതാണ്.

ഇന്ന് സ്വകാര്യ ഉടമയിലുള്ള മാർക്കറ്റ് ഏറ്റെടുക്കണം.

# അധ്യായം 8



# ഭവന നിർമ്മാണം
# ക്ഷേമ പ്രവർത്തനം

# 8-1 ഭവന നിർമ്മാണം

ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിലെ സാമ്പത്തിക മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഗൾഫിൽ നിന്നും ഒഴുകിയെത്തുന്ന പണത്തിൻെറ സിംഹഭാഗവും ഭവന നിർമ്മാണ മേഖലയിൽ ആണ് ചെലവഴിക്കപ്പെടുന്നത്.

തച്ചുശാസ്ത്ര വിധി പ്രകാരം സ്ഥാനം നിർണ്ണയിച്ച് തച്ചന്മാരുടെ മേൽനോട്ടത്തിൽ മാത്രമാണ് ആദ്യകാലത്ത് ഭവന നിർമ്മാണം നടന്നിരുന്നതെങ്കിൽ ഇന്നത് ഏറെക്കുറെ പൂർണ്ണമായി എൻജിനിയറിങ്ങ് മേഖല കയ്യടക്കിയിരിക്കുന്നു നാലുകെട്ടും നടുമുറ്റവുമായുള്ള കേരളീയ ശില്പ മാതൃക ഇന്ന് വലിയ കോൺക്രീറ്റ് സൗധങ്ങൾക്ക് വഴി മാറിയിരിക്കുന്നു. നിർമ്മാണ സാങ്കേതങ്ങളിലും സാമഗ്രികളിലും ഒക്കെ വളരെയേറെ മാറ്റം വന്നിരിക്കുന്നു. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും പുതിയ ന്യൂക്ലിയർ കുടുംബങ്ങളിലേക്ക് ജീവിതം പറിച്ചു നട്ടതോടെ വീടുകളുടെ എണ്ണവും ഏറെ കൂടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ 3596 വീടുകളുണ്ട്. ഇതിൽ 1126 വീടുകൾ കോൺക്രീറ്റ് മേല്ക്കൂരയുള്ളതും 1701 വീടുകൾ ഓടിട്ടതും 363 വീടുകൾ ഓല മേഞ്ഞതുമാണ്. 406 കുടിലുകളും ഉണ്ട്.

## പട്ടിക - 1

### വീടുകളുടെ തരം തിരിച്ച് വിവരങ്ങൾ

| വാർഡ് | ടെറസ്സ് | ഓട് | ഓല | കുടിൽ | ആകെ |
|---|---|---|---|---|---|
| I | 94 | 114 | 93 | 15 | 316 |
| II | 159 | 214 | 18 | 90 | 481 |
| III | 117 | 172 | 49 | 25 | 363 |
| IV | 142 | 244 | 31 | 22 | 439 |
| V | 76 | 227 | 36 | 61 | 400 |
| VI | 102 | 187 | 11 | 26 | 326 |
| VII | 135 | 130 | 66 | 99 | 430 |
| VIII | 155 | 172 | 29 | 52 | 408 |
| IX | 146 | 241 | 30 | 16 | 433 |
| ആകെ | 1126 | 1701 | 363 | 406 | 3596 |

ഭൂരിഭാഗം കെട്ടിടങ്ങളുടെയും തറ സിമൻറ് കൊണ്ട് ആണ് ഇപ്പോൾ നിർമ്മിക്കുന്നത്. കോൺ

ക്രീറ്റ് കെട്ടിടങ്ങളുടെ തറ മൊസൈക്ക് വിരിച്ചതോ മാർബിൾ പാകിയതോ ആണ്.

പൊതുവെ ബസ് ഗതാഗതമുള്ള റോഡിന് സമീപമായാണ് വൻ തുകകൾ മുടക്കി സൗധങ്ങൾ പണിതുയർത്തുന്നത്. വയലുകൾ നികത്തി കെട്ടിടം വയ്ക്കുന്നവരും ഒട്ടേറെയാണ്.

ഈ പഞ്ചായത്തിൽ വീടില്ലാത്തവരും കുടിലിൽ താമസിക്കുന്നവരുമായി ആയിരത്തോളം കുടുംബങ്ങൾ ഉണ്ട്. പട്ടിക 2 കാണുക.

# പട്ടിക - 2

## വീടില്ലാത്ത കുടുംബങ്ങളുടെ വിവരം

| വാർഡ് | വീട് ഇല്ലാത്തവർ | സ്ഥലവും വീടും ഇല്ലാത്തവർ | കുടിലുകളിൽ താമസിക്കുന്നവർ | ആകെ |
|---|---|---|---|---|
| I | 25 | 2 | 15 | 42 |
| II | 16 | 1 | 90 | 107 |
| III | 62 | 3 | 25 | 90 |
| IV | 35 | 28 | 22 | 85 |
| V | 50 | 10 | 61 | 121 |
| VI | 50 | 25 | 26 | 101 |
| VII | 48 | 35 | 99 | 182 |
| VIII | 20 | 3 | 52 | 75 |
| | 30 | 25 | 16 | 71 |
| ആകെ | 336 | 132 | 406 | 874 |

ഈ പഞ്ചായത്തിൽ ആകെ 25 കോളനികൾ ഉണ്ട് അവയിൽ 19 എണ്ണം പട്ടികജാതി കോളനികൾ ആണ്.

## പാർപ്പിട രംഗത്ത് പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങൾ ഇവയാണ്

1. ഭൂമിയുടെയും നിർമ്മാണ സാമഗ്രികളുടേയും വിലക്കയറ്റം.
2. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം
3. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്
4. സർക്കാർ സഹായത്തിൻെറ അപര്യാപ്തത
5. ഭൂരഹിതരുടെ പ്രശ്നങ്ങൾ
6. കോളനികളിലെ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്
7. ഹൗസിംഗ് സൊസൈറ്റിയില്ല

8. ആർഭാട ഭവന നിർമ്മാണം

9. ഗതാഗത സാമഗ്രികൾ സ്ഥലത്ത് എത്തിക്കാനുള്ള സൗകര്യക്കുറവ്

10. തൊഴിലാളികളുടെ ജോലിയിൽ ഉള്ള ആത്മാർത്ഥതക്കുറവ്

## പരിഹാരങ്ങൾ

1. ഭൂമിയുടെയും നിർമ്മാണ സാമഗ്രികളുടെയും വിലക്കയറ്റം നിയന്ത്രിക്കാൻ പ്രദേശികമായി സാധിക്കില്ല. നിർമ്മാണ സാമഗ്രികളുടെ പ്രാദേശിക ലഭ്യത വളരെ കുറവുമാണ്

2. തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റം നിർമ്മാണ തൊഴിലാളി രംഗത്തെ ദൗർലഭ്യം ഏറെ കുറച്ചിട്ടുണ്ട്. എകിലും മരപ്പണി പോലുള്ള മേഖലകളിൽ തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നുണ്ട്. കട്ടിളകളും ജനലകളും, ഫർണിച്ചറും നിർമ്മിക്കാനുള യന്ത്രവൽകൃത യൂണിറ്റുകൾ തുടങ്ങിയാൽ ഈ പ്രശ്നത്തിന് പരിഹാരമാവും.

3. ഭവന വായ്പകൾ ലഭിക്കുന്നതിന് ഏറെ കടമ്പകൾ കടക്കേണ്ടതുണ്ട് ഭവന വായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പാ ചട്ടങ്ങൾ ഉദാരമാക്കണം.

4. ദുർലഭ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സഹായധനം വളരെ കുറവാണ്. അത് 30,000 ആയെങ്കിലും ഉയർത്തണം. അതുപോലെ തന്നെ ഇങ്ങനെ സഹായം വാങ്ങി വീട് വെക്കുന്നവർക്ക് യഥാസമയം വീടിന്റെ അറ്റ കുറ്റ പണികൾക്ക് സഹായം നൽകണം. ഭവന നിർമ്മാണത്തിന് നൽകുന്ന സഹായം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ അർഹതാ മാനദണ്ഡം ഗ്രാമസഭകൾ നിശ്ചയിക്കണം. അനുവദിക്കപ്പെട്ട സഹായം ഭവനനിർമ്മാണത്തിന് തന്നെ വിനിയോഗിച്ചു എന്ന് ഉറപ്പ് വരുത്താൻ ഫലപ്രദമായ മോണിട്ടറിംഗ് വേണം.

5. പഞ്ചായത്തിലെ ഭൂരഹിതരെ മുഴുവൻ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കണം. ഓരോരുത്തർക്കും ഒറ്റപ്പെട്ട സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് കൊടുക്കുന്ന രീതിക്ക് പകരം ഒരു സ്ഥലത്ത് മിനിമം സൗകര്യങ്ങൾ ഒരുക്കി ഒന്നിച്ച് വീടുകൾ പണിത് അവരെ പുനരധിവസിപ്പിക്കുന്നത് ഏറെ ചെലവ് കുറയ്ക്കും.

6. പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി രൂപികരിക്കണം

7. ആർഭാട ഭവന നിർമ്മാണം നിരുൽത്സാഹപ്പെടുത്താൻ അത്തരം ഭവനങ്ങൾ നിർമ്മിക്കാൻ മുൻകൂട്ടി അനുവാദം വാങ്ങണമെന്ന് നിഷ്കർഷിക്കുകയും നിർമ്മാണച്ചെലവിന്റെ ഒരു നിശ്ചിതശതമാനം ആർഭാടനികുതിയായി ഈടാക്കുകയും ചെയ്യണം.

8. പഞ്ചായത്തിൽ ഭവന നിർമ്മാണ നിയന്ത്രണച്ചട്ടം നിലവിൽ വരുത്തണം.

9. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളെ പ്രോൽസാഹിപ്പിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ മുഴുവൻ അത്തരം രീതി അവംലബിച്ച്ചെയ്യുന്നതായിരിക്കണം നിർമ്മിതി ക്രേന്ദം തുടങ്ങിയ കേന്ദ്രങ്ങളുടെ സേവനം ലഭ്യമാക്കണം.

10. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമാക്കണം

11. സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ പണിയണം.

# പട്ടിക -3

## കോളനികളുടെ വിവരം

| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് | വീടുകളുടെ വിവരം പട്ടികജാതി | മറ്റുവിഭാഗം | വൈദ്യുതീ കരിച്ചത് | കുടിവെള്ളം | റോഡ് | ക്രീഡാസൗ കര്യങ്ങൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1 | നന്തിയിൽപാടം | I | 12 | 2 | 2 | ഇല്ല | ഇല്ല | ഇല്ല | 22 |
| 2 | നവപ്രഭകോളനി | I | 7 | 6 | 11 | ഉണ്ട് | ഉണ്ട് | ഇല്ല | 20 |
| 3 | കാട്ടുകടവ് ഈസ്റ്റ് | I | 8 | 2 | 8 | ഇല്ല | ഇല്ല | ഇല്ല | 15 |
| 4 | ലക്ഷംവീട് കോളനി | I | 8 | 24 | 24 | ഉണ്ട് | ഉണ്ട് | ഇല്ല | 34 |
| 5 | ഗാന്ധിനഗർകോളനി | II | 15 | 14 | 24 | ഉണ്ട് | ഇല്ല | ഇല്ല | 38 |
| 6 | പ്രിയദർശിനി I | II | 5 | 5 | 5 | ഉണ്ട് | ഉണ്ട് | ഇല്ല | 14 |
| 7 | പ്രിയദർശിനി II | II | 6 | 5 | 5 | ഇല്ല | ഇല്ല | ഇല്ല | 14 |
| 8 | മുനയം ഈസ്റ്റ് അംബേദക്ർ കോളനി | III | 10 | 3 | 3 | ഉണ്ട് | ഉണ്ട് | ഇല്ല | 17 |
| 9 | മുനയം കോളനി | III | 24 | 23 | 16 | ഇല്ല | ഇല്ല | ഇല്ല | 61 |
| 10 | ചെമ്പാൻചാൽ കോളനി | III | 18 | 4 | 10 | ഇല്ല | ഇല്ല | ഇല്ല | 28 |
| 11 | വലക്കഴ നോർത്ത് | III | 11 | 10 | 10 | ഇല്ല | ഇല്ല | ഇല്ല | 15 |
| 12 | മനക്കാട്ടുമന കോളനി | IV | 8 | 7 | 13 | ഉണ്ട് | ഉണ്ട് | ഇല്ല | 17 |
| 13 | പണിക്കർമൂലകോളനി | IV | 2 | 13 | 10 | ഉണ്ട് | ഉണ്ട് | ഇല്ല | 24 |
| 14 | ജൂബിലി നഗർ കോളനി | IV | 1 | 10 | 9 | ഉണ്ട് | ഉണ്ട് | ഇല്ല | 12 |
| 15 | നരിക്കുഴി മടത്തിക്കാട് കോളനി | V | 16 | 2 | 14 | ഉണ്ട് | ഉണ്ട് | ഇല്ല | 28 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 16 | രാജീവ് ഗാന്ധി കോളനി | V | 26 | 11 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 37 |
| 17 | വലക്കഴ സൗത്ത് | VI | 13 | 11 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 28 |
| 18 | മാവും വളവ് മധുരംപിള്ളി കോളനി | VII | 22 | 42 | 24 | ഇല്ല | ഇല്ല | ഇല്ല | 76 |
| 19 | വെള്ളേച്ചരൻ കോളനി | VII | 27 | 25 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 67 |
| 20 | അയ്യങ്കാളി കോളനി | VII | 15 | 10 | 20 | ഉണ്ട് | ഉണ്ട് | ഇല്ല | 30 |
| 21 | തുണ്ടംപറമ്പ് കോളനി | VII | 28 | 20 | 10 | ഇല്ല | ഇല്ല | ഇല്ല | 50 |
| 22 | ശ്രീ കാളീശ്വരി കോളനി | IX | 30 | 29 | 38 | ഉണ്ട് | ഉണ്ട് | ഇല്ല | 89 |
| 23 | അംബേദ്കർ കോളനി | IX | 10 | 8 | 16 | ഇല്ല | ഇല്ല | ഇല്ല | 27 |
| 24 | ഇല്ലിക്കാട് പടിഞ്ഞാറേകോളനി | IX | 11 | 9 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 27 |
| 25 | ഇല്ലിക്കാട് കിഴക്കേ കോളനി | IX | 17 | 16 | 10 | ഉണ്ട് | ഉണ്ട് | ഇല്ല | 40 |
| | ആകെ | | 350 | 311 | 282 | | | | 830 |

# 8-2 ക്ഷേമപ്രവർത്തനങ്ങൾ

ആസൂത്രണത്തിൻെറ പ്രധാന വെല്ലുവിളി തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. തൊഴിലെടുക്കാൻ ശേഷിയും സന്നദ്ധതയുള്ള ഒരു വലിയ വിഭാഗത്തിന് തൊഴിൽ നൽകാനാവുന്നില്ല. ഇത് അവരെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു. ദാരിദ്ര്യത്തിൻേറയും തൊഴിലില്ലായ്മയുടെയും സങ്കീർണ്ണപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംയോജിതമായി ആിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

പലപ്പോഴും നമ്മുടെ വികസന സങ്കൽപ്പങ്ങളിൽ, സാധാരണക്കാരൻെറ ജീവിതം ദുസ്സഹമാക്കുന്ന തൊഴിൽ, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, കുട്ടികളുടെ ഭാവി തുടങ്ങിയ ഗുരുതര പ്രശ്നങ്ങൾ വേണ്ടരീതിയിൽ പരിഗണിക്കപ്പെടുന്നില്ല. ദരിദ്ര ജനവിഭാഗങ്ങളുടെ ക്രയശേഷി മെച്ചപ്പെടുത്തുന്ന, ജീവിത നിലവാരം ഉയർത്തുന്ന, ഇവർക്കുമാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാണ് കൂടുതൽ ഊന്നൽ നൽകേണ്ടത്.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും, തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികളുമാണ് നിലവിലുള്ളത്. ഇതുകൂടാതെ പട്ടികജാതി ക്ഷേമത്തിനുള്ള പ്രത്യേക പദ്ധതികളും നിലവിലുണ്ട്.

കാട്ടൂർ പഞ്ചായത്തിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള 1112 കുടുംബങ്ങൾ ഉണ്ട്. ഇവയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ 114 ആണ്. ഇപ്പോൾ നിലവിലുള്ള പ്രധാന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ഐ.ആർ.ഡി.പി.
2. ഡി.ഡബ്ല്യിയു.സി.ആർ.എ.
3. ഇന്ദിര ആവാസ് യോജന
4. മില്യൺ വെൽസ്കീം
5. ജവഹർ റോസ്ഗാർ യോജന
6. സ്വാശ്രയ ഗ്രാമ പദ്ധതി
7. ട്രൈസം
8. കുടീർ ജ്യോതി
9. വിവിധ പെൻഷനുകൾ
10. തൊഴിലാളി ക്ഷേമനിധികൾ
11. വിവിധ സഹായധന പദ്ധതികൾ
12. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതികൾ

കാട്ടൂർ പഞ്ചായത്തിൽ വിവിധ പദ്ധതികളിലൂടെ അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ തുടർന്നുള്ള പട്ടികകളിൽ കൊടുത്തിരിക്കുന്നു.

## പട്ടിക - 2

### വിവിധ പദ്ധതികൾ ചെലവഴിച്ച തുകയുടെ വിവരം

| | 93-94 | | 94-95 | | 95-96 | |
|---|---|---|---|---|---|---|
| പദ്ധതിയുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക |
| ഇന്ദിരആവാസ് യോജന | 29,000 | 14,200 | -- | -- | -- | -- |
| ജവഹർ റോസ്ഗാർ യോജന | 29,000 | 24,500 | -- | -- | 22,000 | -- |
| മില്യൻവെൽ സ്കീം | 58,000 | 55,100 | 3,16,000 | 1,81,000 | 1,58,000 | 1,12,800 |
| സി.ആർ.എസ്.പി. | 28,000 | 28,000 | 30,000 | 30,000 | 32,000 | 28,000 |

## പട്ടിക - 3

### വിവിധ പദ്ധതികളിലൂടെ അനുവദിച്ച പാർപ്പിടങ്ങളുടെ വിവരം

| | 93-94 | | 94-95 | | 95-96 | |
|---|---|---|---|---|---|---|
| പദ്ധതിയുടെ പേര് | അനുവദിച്ച വീടുകൾ | പൂർത്തിയാക്കിയവീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തിയാക്കിയ വീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തിയാക്കിയ വീടുകൾ |
| ഇന്ദിര ആവാസ്യോജന | 2 | – | – | – | 23 | 12 |
| ജവഹർ റോസ്ഗാർ യോജന | 5 | 3 | – | – | 3 | 1 |
| മില്യൺ വെൽസ്കീം | 4 | 3 | 20 | 7 | 10 | 3 |
| രാജീവ് ഗാന്ധി ദശലക്ഷ പാർപ്പിട പദ്ധതി | – | – | – | – | 28 | 11 |

# പട്ടിക - 4

## പെൻഷനുകൾ ധന സഹായം സംബന്ധിച്ച വിവരങ്ങൾ

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശ കലാ കാര/ സാഹിത്യ പെൻഷൻ | അവശ കായിക താര പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴി ലാളി പെൻഷൻ | തൊഴി ലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 93–94 | – | – | 44 | – | – | – | – | – | – | 122 | 11 |
| 94–95 | – | – | 44 | – | – | – | – | – | 1 | 113 | * |
| 95–96 | 5 | 45 | 44 | 38 | – | – | – | – | 1 | 104 | * |

* വിതരണം ചെയ്ത കണക്ക് ലഭിച്ചിട്ടില്ല

## പ്രധാന പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാജന പരിപാടികളുടെ ഗുണം യഥാർത്ഥ ഗുണ ഭോക്താക്കൾക്ക് ലഭിക്കുന്നില്ല
2. കാലാനുസൃതമായി സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുന്നില്ല
3. പെൻഷൻനുകൾ, സഹായധനങ്ങൾ എന്നിവ സമയത്തിന് ലഭിക്കുന്നില്ല
4. നടപടി ക്രമങ്ങളിൽ ഏറെ ബുദ്ധിമുട്ടനുഭവപ്പെടുന്നു
5. അനർഹർ ആനുകൂല്യം പറ്റുകയും, ഇടത്തട്ടുകാർ ചൂഷണം നടത്തുകയും ചെയ്യുന്നു
6. ദരിദ്രജന വിഭാഗത്തിന് വിനോദ സൗകര്യങ്ങളില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ഗുണഭോക്താക്കളെ ഗ്രാമ സഭകളിലൂടെ കണ്ടെത്തണം. ഇന്ന് വിവിധ വകുപ്പുകളിലൂടെ നൽകി വരുന്ന പദ്ധതികൾ പഞ്ചായത്ത് വഴി നടപ്പിലാക്കണം
2. ഗുണഭോക്താക്കളെ കണ്ടെത്താൻ കാലാകാലങ്ങളിൽ സർവ്വേ നടത്തി അനർഹരെ ഒഴിവാക്കുകയും, അർഹതയുള്ള വരെ ഉൾപ്പെടുത്തുകയും ചെയ്തു, ഗുണഭോക്താക്കളുടെ പട്ടിക ഉണ്ടാകണം.
3. അതതു പഞ്ചായത്തുകളുടെ ആവശ്യത്തിനനുസരിച്ച് പെൻഷൻ, സഹായധനം എന്നിവക്കുള്ള വിഹിതം അതത് വർഷം തന്നെ പഞ്ചായത്തുകൾക്ക് അനുവദിച്ചാൽ, പെൻഷൻ, സഹായധനം എന്നിവയുടെ വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കാം.

4. പെൻഷനുകൾ, സഹായധനങ്ങൾ എന്നിവ ലഭിക്കാനുള്ള നടപടി ക്രമങ്ങൾ ലളിതവൽക്കരിക്കണം.
5. ക്ഷേമ പരിപാടികളുടെ ഗുണഭോക്താക്കൾക്കുള്ള അർഹതാ മാനദണ്ഡം ഗ്രാമസഭകളിലൂടെ നിശ്ചയിച്ചാൽ അനർഹർ ആനുകൂല്യം പറ്റുന്നതും, ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നതും ഒഴിവാക്കാം.
6. ദരിദ്ര വിഭാഗങ്ങളുടെ വിനോദാവശ്യത്തിനായി പൊതു ടെലിവിഷൻ, റേഡിയോ എന്നിവ സ്ഥാപിക്കണം.
7. ചാരായ നിരോധനം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ജനകീയ ജാഗ്രത സമിതികൾ രൂപീകരിക്കണം.
8. ജന വിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി നിരക്ഷരതാ നിർമ്മാർജനം സാർത്ഥകമാക്കണം
9. ക്ഷേമപ്രർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനും വിലയലരുത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കണം.

# അങ്കണവാടികൾ

കാട്ടൂർ പഞ്ചായത്തിൽ 17 അങ്കണവാടികൾ ഉണ്ട്. 3 വയസ്സിനും 5 വയസ്സിനും ഇടക്ക് പ്രായമുള്ള 305 കുട്ടികൾ ഈ അങ്കണവാടികളിൽ എത്തുന്നുണ്ട് 4 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, ശുചിത്വ ശീലം എന്നിവയിൽ ഹരിശ്രീ കുറിക്കപ്പെടേണ്ടത് ഈ സ്ഥാപനങ്ങളിലാണെങ്കിലും, ഇവയുടെ പ്രസക്തിക്കോ, പ്രധാന്യത്തിനോ ഇന്ന് വേണ്ട പരിഗണന നൽകിക്കാണുന്നില്ല, അതുകൊണ്ട് തന്നെയാകണം നമ്മുടെ ഗ്രാമത്തിലെ സ്ത്രീകൾ അങ്കണവാടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കാണാത്തത്.

## പ്രധാന പ്രശ്നങ്ങൾ

1. അങ്കണവാടികൾക്ക് സ്വന്തതമായി സ്ഥലവും കെട്ടിടവുമില്ല
2. കളിപ്പാട്ടങ്ങളോ മറ്റുപകരണങ്ങളോ ഇല്ല
3. രക്ഷിതാക്കൾ കുട്ടികളെ അങ്കണവാടികളിലെത്തിക്കാൻ വിമുഖത കാണിക്കുന്നു
4. പോഷണ വസ്തുക്കൾ വേണ്ടത്ര ലഭിക്കുന്നില്ല.

# പരിഹാര നിർദ്ദേശങ്ങൾ

1. കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് അടിയന്തിരമായി കെട്ടിടങ്ങൾ നിർമ്മിക്കണം. ഇതിനാവശ്യമായ സ്ഥലം പ്രാദേശികമായി കണ്ടെത്തി സർക്കാർ സഹായത്തോടെ കെട്ടിടം നിർമ്മിക്കണം
2. അങ്കണവാടികളിലേക്കാവശ്യമായ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ. മറ്റു ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കണം. പ്രാദേശിക കലാകാരന്മാരുടേയും, ശില്പികളുടേയും ഒരു ക്യാമ്പ് അങ്കണ വാടികളിൽ സംഘടിപ്പിച്ച് കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ എന്നിവ പ്രാദേശികമായി നിർമ്മിക്കാവുന്നതാണ്
3. വൃത്തിയുള്ള കെട്ടിടങ്ങളിലാത്തതും മറ്റു ഭൗതിക സാഹചര്യങ്ങളുടെ കുറവുമാണ് കുട്ടികളെ അങ്കണവാടികളിലയക്കുന്നതിൽ നിന്നും രക്ഷിതാക്കളെ വിമുഖരാക്കുന്നത്. വേണ്ടത്ര ഭൗതിക സാഹചര്യങ്ങളൊരുക്കുകയും, അമ്മമാർക്ക് സ്വതന്ത്രമായി അവരുടെ പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാൻ കഴിയുന്ന വേദിയാക്കി അങ്കണവാടികളെ മാറ്റുവാനും കഴിഞ്ഞാൽ കൂടുതൽ കുട്ടികളെ അങ്കണവാടികളിലേക്ക് ആകർഷിക്കാൻ കഴിയും
4. അങ്കണവാടികളിലൂടെയുള്ള പോഷക വസ്തുക്കളുടെ വിതരണം കാര്യക്ഷമമാക്കണം
5. അങ്കണവാടികളിൽ മാതൃ ശിശു ആരോഗ്യസംരക്ഷണ സെൻററുകൾ ആരംഭിക്കണം.
6. അങ്കണവാടി ജീവനക്കാരുടെ വേതനം ഉയർത്തണം.
7. വനിതാ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ സിരാകേന്ദ്രം അങ്കണവാടിയാകണം

പഞ്ചായത്തിലെ അങ്കണവാടികളുടെ വിവരം പട്ടിക 1ൽ കൊടുത്തിക്കുണ്ട്

# പട്ടിക -1

## അങ്കണവാടികളുടെ വിവരം

| ക്രമ നമ്പർ | വാർഡ് | അങ്കണവാടി നമ്പർ | 6 വയസ്സ് വരെയുള്ള ആകെ കുട്ടികൾ | അങ്കണവാടി യിലെത്തുന്ന കുട്ടികൾ (3-5 വയസ്സ്) | സ്വന്തമായി കെട്ടിടമുണ്ടോ | സ്വന്തമായി സ്ഥലമുണ്ടോ | കളിപ്പാട്ടം | മാതൃ ശിശു പോഷണ നിലവാരം |
|---|---|---|---|---|---|---|---|---|
| 1 | I | 64 | 110 | 15 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 2 | II | 65 | 78 | 15 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 3 | II | 66 | 70 | 15 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 4 | III | 67 | 105 | 30 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 5 | III | 68 | 100 | 10 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 6 | III | 73 | 85 | 10 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 7 | IV | 69 | 115 | 15 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 8 | IV | 70 | 105 | 20 | ഉണ്ട് | ഉണ്ട് | ഇല്ല | നല്ലത് |
| 9 | V | 71 | 100 | 20 | ഉണ്ട് | ഉണ്ട് | ഇല്ല | നല്ലത് |
| 10 | V | 72 | 95 | 15 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 11 | VI | 74 | 125 | 15 | ഉണ്ട് | ഉണ്ട് | ഇല്ല | നല്ലത് |
| 12 | VII | 75 | 125 | 30 | ഉണ്ട് | ഉണ്ട് | ഇല്ല | നല്ലത് |
| 13 | VII | 76 | 90 | 10 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 14 | VIII | 77 | 108 | 20 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 15 | VIII | 133 | 90 | 15 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 16 | IX | 78 | 107 | 20 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |
| 17 | IX | 79 | 110 | 30 | ഇല്ല | ഇല്ല | ഇല്ല | നല്ലത് |

# അധ്യായം 9



# സംസ്കാരം

# 9.1.സംസ്ക്കാരം

ചരിത്രം:- പഴയ കൊച്ചി രാജ്യത്തിന്റെ പടിഞ്ഞാറെ അറ്റത്ത് കാനോലി കനാലിനോട് ചേർന്ന് കിടക്കുന്ന ഒരു ഗ്രാമമാണ് കാട്ടൂർ. തൊട്ടു പടിഞ്ഞാറ് പഴയ മലബാർ പ്രദേശമാണ്. ഇതിന്റെ അതിർത്തിയിലൂടെ പ്രസിദ്ധമായ കാനോലികകനാൽ കടന്നുപോകുന്നു.

കൊച്ചിയിലേയും, മലബാറിലേയും സാംസ്ക്കാരിക സാമൂഹ്യ മുന്നേറ്റങ്ങൾ കാട്ടൂരിന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. പ്രധാനമായും കാർഷിക - വാണിജ്യ മേഖലയിലാണ് ജനങ്ങൾ ഏർപ്പെട്ടിരുന്നതെങ്കിലും സാംസ്ക്കാരിക രംഗത്ത് ഇടക്കിടെ ഉണ്ടായ ചലനങ്ങൾ അവഗണിക്കാവുന്നതല്ല.

വിദ്യാഭ്യാസരംഗത്ത് സമീപ പ്രദേശങ്ങൾക്ക് കൂടി ആലംബമായിട്ടുള്ള വിദ്യായങ്ങൾ ഇവിടെ ഉണ്ടായിരുന്നതുകൊണ്ട് ജനങ്ങൾ എന്നും സാംസ്ക്കാരികരംഗത്ത് ശ്രദ്ധചെലുത്തിയിരുന്നു. ഹിന്ദു - ക്രിസ്ത്യൻ-മുസ്ലീം മതവിഭാഗങ്ങൾ നൂറ്റാണ്ടുകളായി സാഹോദര്യത്തോടും സഹവർത്തിത്വത്തോടും കൂടി ഇവിടെ ജീവിച്ചുപോന്നിരുന്നു. ഇവിടത്തെ സാമൂഹ്യാഭിവൃദ്ധിയിൽ ഈ മൂന്നു മതവിഭാഗങ്ങളും തുല്യപങ്കാണ് എന്നും വഹിച്ചുപോന്നിട്ടുള്ളത്.

പ്രധാനമായും ഈ മൂന്നു വിഭാഗങ്ങളുടേതായ ആരാധനാലയങ്ങളിൽ നടക്കുന്ന ഉൽസവങ്ങളും, പെരുന്നാളുകളും ആണ് ജനങ്ങളുടെ സാംസ്ക്കാരികാഘോഷങ്ങൾ. ചരിത്രപരമായ അപൂർവ്വതയുള്ള പല കലാ രൂപങ്ങളും ഇവിടെ അവതരിപ്പിക്കപ്പെടാറുണ്ട്. ഇതിൽ ഏറ്റവും പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന പൊഞ്ഞനം ക്ഷേത്രത്തിലെ പൂരത്തോട് അനുബന്ധിച്ച് വിവിധ പട്ടികജാതി പട്ടികവിഭാഗങ്ങളും, മറ്റ് സമുദായങ്ങളും നടത്തുന്ന കുതിരക്കളി, ദാരികൻ കളി, കളമെഴുത്ത്, ഐവർ നാടകം എന്നിവ എടുത്തുപറയേണ്ടവയാണ്. ഈ ക്ഷേത്രവുമാറി ബന്ധപ്പെടുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ സാമൂഹ്യ ചരിത്രത്തിലേക്ക് ഈ കലാരൂപങ്ങൾ വെളിച്ചം വീശുന്നു. പല സാംസ്ക്കാരിക സമ്മേളനങ്ങൾക്കും, കലാപ്രകടനങ്ങൾക്കും വേദിയായിട്ടുള്ള പൊഞ്ഞനം ക്ഷേത്രമൈതാനം നമ്മുടെ ഒരു സാംസ്ക്കാരിക ക്ഷേത്രമാണ്. എസ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ ശ്രീ അമേയകകുമാരേശ്വരക്ഷേത്രം സ്ഥാപിച്ചതും അവിടെ നിന്ന് സാമൂഹ്യ നവോത്ഥാനത്തിന്റെ വെളിച്ചം ഗ്രാമമാകെ പരന്നതും ചരിത്ര രേഖകളാണ്.

വിദ്യാഭ്യാസ ആരോഗ്യരംഗത്ത് ക്രിസ്ത്യൻ സമുദായം ചെയ്ത സേവനങ്ങൾ രജതരേഖയായി ഇന്നും തെളിഞ്ഞ് കാണാം. കാട്ടൂർ ഗവ. ഹൈസ്ക്കൂളിരിക്കുന്ന സ്ഥലം സൗജന്യമായി നൽകിയതുൾപ്പെടെ മുസ്ലീം സമുദായാംഗങ്ങൾ നമ്മുടെ ഗ്രാമജീവിതത്തിന്റെ ക്ഷേമത്തിൽ ചെയ്ത നിരവധി സംഭാവനകളും സ്മരിക്കേണ്ടതുണ്ട്. അവിഭക്ത തൃശൂർ രൂപതയുടെ മെത്രാനായിരുന്ന ബിഷപ്പ് ജോർജ്ജ് ആലപ്പാട്ടിന്റെ ജന്മസ്ഥലമാണ് ഈ ഗ്രാമം. ശബരിമല മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെട്ട കെ.വി.വിഷ്ണുനമ്പൂതിരി നമ്മുടെ ഗ്രാാത്തിലെ കൂറ്റംപിള്ളി മനയിലെ അംഗമാണെന്നതും സ്മരണീയമാണ്.

നിരവധി കലാസാംസ്ക്കാരിക സംഘടനകൾ വളർന്നുവികിച്ചു സുരഭിലമായ ഒരു കാലഘട്ടം നമ്മുടെ ഭൂതകാലത്തിൽ കാണാൻ കഴിയും. ദേശീയ സമരവും , തൊഴിലാളി കർഷക മുന്നേറ്റവുമെല്ലാം

കാട്ടൂരിൻെറ സാംസ്ക്കാരിക ജീവിതത്തിന് സംഭാവനകൾ നൽകിയിട്ടുണ്ട്. വളരെയേറെ പഴക്കമുള്ള ഗ്രാമീണ വായനശാല ഒട്ടേറെ പേരായ്മകളോടെയാണെങ്കിലും ഇന്നും നിലനിൽക്കുന്നു. സ്തുത്യർഹമായ നിരവധി സംഭാവനകളർപ്പിച്ചു ലേബർ സെൻററിലെ നവപ്രഭ ലൈബ്രറി ആൻറ് റീഡിംഗ് റൂം പ്രവർത്തനം നിലച്ചുപോയെങ്കിലുംപവീണ്ടും ഉദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

കാട്ടൂരിൽ 1955ൽ ആരംഭിച ഭാരത് യുവക് സമാജിൻെറ പ്രവർത്തനങ്ങൾ കലാ സാംസ്ക്കാരിക രംഗത്ത് ഗ്രാമത്തിൻെറ വിജയക്കൊടി ഉയർത്തിപ്പിടിക്കുന്നു. സാമൂഹ്യക്ഷേമരംഗത്തും ഈ സംഘം പ്രവർത്തിച്ചിരുന്നു. നിരവധി കലാപ്രതിഭകളെ സംഭാവന ചെയ്ത ഈ സംഘടന ഇടക്ക് വെച്ച് പ്രവർത്തനം നിലച്ചുവെങ്കിലും, അതിൽനിന്നുമുള്ള പ്രചോദനമാണ് സമഭാവന കലാസാംസ്ക്കാരിക സംഘം എന്നപേരിൽ വീണ്ടും പ്രവർത്തനമാരംഭിച്ചിരിക്കുന്നതിൻെറ നിദാനം. വിമല ആർട്സ് ക്ലബ്ബ്, ബാലകലാ സമിതി, കാവ്യകലാവേദി, ആർട്സ് ആൻറ് കൾച്ചറൽ സൊസൈറ്റി, എന്നിവ പ്രവർത്തനം നിലച്ചുപോയ കലാസംഘടനകളാണ്.

കായിക രംഗത്ത് നിരവധി ടൂർണമെൻറുകൾ നടത്തിയ കാട്ടൂർ ഫുട്ബോൾ ക്ലബ്ബ് , ടെന്നീസ് കളി, ബാറ്റ്മിൻറൻ ടീം എന്നിവയും കാലാന്തരത്തിൽ പ്രവർത്തനം നിലച്ചവയാണ്. പരേതനായ മുൻ പഞ്ചായത്ത് പ്രസിഡണ്ട് സി.കെ. കൃഷ്ണൻമാസ്റ്റർ പത്രാധിപരായി കാട്ടൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'കേരള സഞ്ചയൻ' എന്ന മാസിക നമ്മുടെ സാംസ്ക്കാരിക ജീവിതത്തിൻെറ ധന്യത വിളിച്ചോതുന്നു. വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്ത് ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ യൂണിറ്റ് നടത്തുന്ന സേവനങ്ങൾ വിലപ്പെട്ടവയാണ്.

അന്തരിച്ചുപോയ പ്രശസ്ത ഉർദ്ദുകവി സെയ്തുമുഹമ്മദ് ബർമറുടെ ജന്മംകൊണ്ട് അനുഗ്രഹീതമായ ഗ്രാമമാണ് നമ്മുടേത്. അദ്ദേഹത്തിൻെറ അന്ത്യാഭിലാഷമനുസരിച്ച് മൃതദേഹം കബറടക്കം ചെയ്തത് കാട്ടൂർ ജുമാ അത്ത് പള്ളിയിലാണ്. അതിപ്രഗൽഭനായ നാടക സിനിമാ നടൻ കാട്ടൂർ ബാലനും, നാടകകൃത്തായിരുന്ന എൻ.എസ്. രാമചന്ദ്രനും, കലാപ്രവർത്തകനായിരുന്ന കോട്ടോളി ഡേവിഡ് മാസ്റ്ററും നമ്മെ അകാലത്തിൽ വിട്ടുപോയ കലാപ്രതിഭകളാണ്.

# അവലോകനം

വായനശാല :- മൂന്ന് വായനശാലകളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഗ്രന്ഥശാലാതലത്തിൽ രജിസ്റ്റർ ചെയ്തതും ഗ്രാൻറ് ലഭിക്കുന്നതുമായ 1939-ൽ സ്ഥാപിച്ച കൊച്ചി സർക്കാർ ഗ്രാമീണ വായനശാലയാണ് ഇതിൽ പ്രധാനം. സ്ഥലസൗകര്യം നഷ്ടമായതുകൊണ്ട് പഴക്കം ചെന്ന ഈ വായനശാല ദീർഘകാലം പ്രവർത്തിക്കാതിരുന്ന. പുതിയ ലൈബ്രറി കൗൺസിൽ വന്നതോടെ വായനശാലയെ പ്രവർത്തന നിരതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊഞ്ഞനം ക്ഷേത്രസംരക്ഷണ സമിതിയുടെ ചെറിയ ഹാളിനകത്താണ് വായനശാലയുടെ താൽക്കാലിക ആവാസം. പഴയ പുസ്തകങ്ങൾ പലതും നശിച്ചുപോയി. പുതിയ പുസ്തകങ്ങൾ ലഭ്യമായതോടെ പ്രവർത്തനം ചിട്ടയായി നടക്കുന്നു.

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് ലൈബ്രറി 1982 ലാണ് പ്രവർത്തനമാരംഭിച്ചത്. അതിന് പാർട്ട്ടൈം ലൈബ്രേറിയൻ ഉണ്ട്. കഴിഞ്ഞപത്തിലേറെ വർഷങ്ങളായി ഈ വായനാലയിൽ ഒരൊറ്റ പുസ്തകവും വാങ്ങിച്ചിട്ടില്ല. പഞ്ചായത്താഫീസിലെ സ്ഥലസൗകര്യമില്ലാത്ത ഒരു മുറിയിലാണ് വായനശാല പ്രവർത്തിക്കുന്നത്. ഉച്ചക്ക് ശേഷമുള്ള ആപ്പീസ് സമയത്ത് മാത്രമാണ് ഇത് പ്രവർത്തിക്കുന്നത്. ഈ കാരണങ്ങളാൽ വായനാലയുടെ പ്രവർത്തനം മെച്ചപ്പെട്ടതല്ല. മധുരംപിള്ളിയിലുള്ള യുവചേതന ആർട്സ് ക്ലബ്ബ് അവരുടെ ആസ്ഥാനത്ത് ഒരു വായനശാല നടത്തുന്നുണ്ട്. ഇതി

ൺെറ പ്രവർത്തനങ്ങൾ വേണ്ടത്ര പുരോഗമിച്ചിട്ടില്ല. നവപ്രഭ റീഡിംഗ് റൂമിൻെറ പുനരുദ്ധാരണ ശ്രമങ്ങൾ കെട്ടിടം പകുതി പണിത് നിലചിരിച്ചിരിക്കുകയാണ്. കാട്ടൂർ സെൻറ് മേരീസ് പള്ളിയോടനുബന്ധിച്ച് ചെറിയ മട്ടിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനവും പരിമിതമായി നടക്കുന്നു.

# കലാ സമിതികൾ

ധാരാളം കലാസമിതികളും ഈ ഗ്രാമത്തിലുണ്ട്. പഞ്ചായത്തിൻേറയോ, സംഗീതനാടക അക്കാദമി പോലുള്ള ഏജൻസികളുടേയോ സഹായം ഒരു സംഘത്തിനും ലഭിക്കുന്നില്ല. ചില സംഘടനകൾക്ക് നെഹ്റു യുവക് കേന്ദ്രയുടെ സഹായം ലഭിക്കുന്നുണ്ട്, വിന്നേഴ്സ്, സംസ്ക്കാര, സഹൃദയ, യുവചേതന എന്നിവ തൊഴിൽപരിശീലനം ഇടക്ക് നടത്തിയിട്ടുണ്ട്. സമഭാവനയുടെയും എസ്.എ.സിയുടെയും ആഭിമുഖ്യത്തിൽ ചർച്ചാക്ലാസ്സുകളും, സെമിനാറുകളും നടന്നുവരുന്നു. മുമ്പ് പ്രൊഫഷണൽ നാടകങ്ങൾ നടത്താറുള്ള സൊസൈറ്റികൾ പലതും നിലവിലുണ്ടായിരുന്നു. ഇന്ന് CASSO മാത്രമേ നിലവിലുള്ളൂ.

# കായികരംഗം

കായികരംഗത്തെ പ്രവർത്തനം ഒട്ടും ആശാവഹമല്ല. പൊഞ്ഞനം ചാലഞ്ചേഴ്സ്, SAC എന്നിവയുടെ ആഭിമുഖ്യത്തിൽ ടൂർണമെൻറുകൾ നടത്താറുണ്ട്. മൂന്ന് കരാട്ടെ പരിശീലന കേന്ദ്രവും ഒരു ജിംനേഷ്യം സെൻററും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സ്കൂളുകൂളാടനുബന്ധിച്ച് നടക്കുന്ന കായിക പ്രവർത്തനങ്ങളും പഞ്ചായത്ത് തലത്തിൽ യുവജനക്ഷേമവകുപ്പു നടത്തുന്ന മേളയും ചില സംഘടനകളുടെ വാർഷികത്തോടനുബന്ധിച്ച് കായികമേളയും നടക്കുന്നുണ്ട്. 1994 ബധിരമൂകരുടെ USAയിൽ നടന്ന സ്പെഷ്യൽ ഒളിമ്പിക്സിൽ വിജയിച്ച് ജിമ്മി ജോസഫും ജക്കാർത്തയിലെ വൈറ്ററൻസ്മീറ്റിൽ വിജയിച്ച ഫ്രാൻസീസ് ആലപ്പാട്ടുംകായികരംഗത്ത് നമുക്ക് കാഴ്ച വെക്കാൻ കഴിഞ്ഞ പ്രതിഭകളാണ്.

കലാകായികരംഗത്തെ പ്രവർത്തനങ്ങളിൽ മാന്ദ്യം ഉണ്ടെങ്കിലും നിരവധി സാംസ്ക്കാരിക പ്രവർത്തകരെ നമ്മുടെ ഗ്രാമം കേരളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. എക്സ്പ്രസ്സ് പത്രത്തിൻെറ ചീഫ് സബ് എഡിറ്ററും പ്രശസ്ത പത്രപ്രവർത്തകനുമായ പി. ശ്രീധരൻ, മുൻകാലത്ത. നല്ല പല സാഹിത്യകൃതികളും രചിച്ചിട്ടുള്ള കാട്ടൂർ അബ്ദുൽഖാദർ കഥാസാഹിത്യരംഗത്ത് ഇന്നും പ്രവർത്തുച്ചുകൊണ്ടിരിക്കുന്ന ടി.വി. കൊച്ചുബാവ, അശോകൻ ചരുവിൽ, സിനിമാ നിർമ്മാതാവും സംവിധായകനുമായ ശ്രീ ബാബു രാധാകൃഷ്ണൻ, പി.കെ. അക്ബർ എന്നിവർ ഇക്കൂട്ടത്തിൽപ്പെടുന്നു.

## 3. പ്രശ്നങ്ങൾ, പരിഹാരനിർദ്ദേശങ്ങൾ, സാദ്ധ്യതകൾ:-

കലാകായികരംഗത്തെ പഞ്ചായത്തിലെ മുരടിപ്പിന് മുഖ്യമായ കാരണം നമുക്ക് ഇവിടെ പൊതുവായ കളിസ്ഥലമോ, കമ്യൂണിറ്റി ഹാളോ ഇല്ല എന്നതാണ്. കുട്ടികൾക്കുള്ള പാർക്ക്, റേഡിയോ, ടി .വി., ആസ്വാദന കേന്ദ്രങ്ങളോ ഇവിടെ നിലവിലില്ല. നിലവിലുള്ള വായനാശാലകൾക്കൊന്നിനും, കലാസമിതികളിൽ ഭൂരിഭാഗത്തിനും സ്വന്തമായ ആസ്ഥാനമില്ല. (കലാ സമിതികൾക്ക് യാതൊരു ധനസഹായവും ലഭിക്കില്ല)

ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവയോടനുബന്ധിച്ച് നടന്നുവരുന്നതായ പല അതിവിശിഷ്ട പരമ്പരാഗത കലാരൂപങ്ങളും വളർച്ച മുരടിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ തലമുറ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല.

ഗൗരവപ്പെട്ട വായനാസംസ്ക്കാരവും, ചർച്ചയും നമുക്ക് വളർത്തിയെടുക്കണം. വായനാലകളോടനുബന്ധിച്ച് ചർച്ച, സെമിനാറുകൾ, കുട്ടികളുടേയും വനിതകളുടേയും വേദികൾ എന്നിവ സംഘടിപ്പിക്കണം.

# നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു പൊതുകളിസ്ഥലം ഉണ്ടായിരിക്കണം.
2. അതിനോടനുബന്ധിച്ചോ, അല്ലാതെയോ, കമ്യൂണിറ്റി ഹാൾ, കുട്ടികളുടെ പാർക്ക് എന്നിവ സ്ഥാപിക്കണം. റേഡിയോ, ടി.വി., ആസ്വാദന കേന്ദ്രവും വേണം.
3. കമ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് പഞ്ചായത്ത് ലൈബ്രറിക്ക് ആസ്ഥാനം ഉണ്ടാകണം. ആഫീസ് സമയം വിട്ട് വൈകി പ്രവർത്തിക്കുന്ന ലൈബ്രേറിയൻ ഉണ്ടാകണം.
4. ഇതിന് മുന്നോടിയായി നിലവിലുള്ള പഞ്ചായത്ത് ലൈബ്രറിയിൽ 50,000 രൂപ ചിലവഴിച്ച് പുതിയ പുസ്തകങ്ങൾ വാങ്ങണം. അഅമാരികളും വേണം.
5. കാട്ടൂർ ഗ്രാമീണ വായനശാലയ്ക്ക് ജനപങ്കാളിത്തത്തോടെ കെട്ടിടം നിർമ്മിക്കണം. ഇതിന് സ്ഥലം ലഭ്യമാകുന്നതിന് പഞ്ചായത്തിൻെറ പ്രത്യേക താൽപര്യം ഉണ്ടാവണം.
6. നവപ്രഭ റീഡിംഗ് റൂമിൻെറ നിലച്ചുപോയ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഗ്രാമതലത്തിൽ പുനരുദ്ധാരണം ഉണ്ടാവണം.
7. കലാസമിതിക്ക് വർഷംതോറും നിശ്ചിതതുക ധനസഹായം നൽകണം. സർക്കാർ ഏജൻസികളുടെ സഹായ പരിമിതികളെക്കുറിച്ച് വേണ്ട വിവരങ്ങൾ യഥാസമയം നൽകണം.
8. ഗ്രാമത്തിലെ പ്രധാന സാംസ്ക്കാരിക പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്ന ഒരു വാരിക പത്രിക വികസന സമിതതയുടെ ആഭിമുഖ്യത്തിൽ കൊല്ലംതോറും പുറത്തിറക്കണം.
9. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലകളെ പ്രോൽസാഹിപ്പിക്കുന്നതിനും, പുതിയ തലമുറക്ക് അവയിൽ പരിശീലനം കൊടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു അക്കാദമി രുപീകരിക്കണം. അതിൻെറ ആഭിമുഖ്യത്തിൽ ഹ്രസ്വകാല കോഴ്സുകളും ചർച്ചയും നടത്തണം.
10. പള്ളികളിലും ക്ഷേത്രങ്ങളിലും ഉൽസവങ്ങളോടനുബന്ധിച്ച് നടക്കുന്ന പൊതുകലാപരിപാടികളെ എല്ലാ ജനവിഭാഗങ്ങളുടെയും പൊതുവായ ആഘോഷമാക്കി മാറ്റാനും പുതിയ തലമുറയെ ജാതിമതഭേദമെന്യേ അവയുടെ ആസ്വാദകരാക്കാനും പഞ്ചായത്ത് ശ്രമങ്ങൾ ഉണ്ടാവണം.

# പട്ടിക 1

## ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | കെട്ടിടത്തിൻെറ വിവരം | പുസ്തകങ്ങ ളുടെ എണ്ണം | മെമ്പർമാർ | സർക്കാർ ഗ്രാൻറുണ്ടോ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. | കാട്ടൂർ പഞ്ചായത്ത് ഗ്രന്ഥശാല വായനശാല, കാട്ടൂർ | 1979 | VII/ PWD കെട്ടിടത്തിൽ പഞ്ചായത്താഫീസി നോടനുബന്ധിച്ച് (free rent) | 3903 | 502 | ഇല്ല | |
| 2. | ഗ്രന്ഥശാല, പൊഞ്ഞനം | 1939 | പൊഞ്ഞനക്ഷേത്രോ ദ്ധാരണ കമ്മിറ്റിഹാൾ | 4574 | 78 | ഉണ്ട് | |

# പട്ടിക -2
## പ്രധാന ആരാധനാലയങ്ങൾ -- ഉൽസവങ്ങൾ

| ക്രമ നമ്പ്ര് | ആരാധനാലയത്തിൻെറ പേര് | ഏകദേശ പഴക്കം | പ്രധാന ആഘോഷങ്ങൾ | മാസം | ആഘോഷത്തിൻെറ സവിശേഷത |
|---|---|---|---|---|---|
| 1. | പൊഞ്ഞനം ക്ഷേത്രം | അതിപുരാതനം | പൂരം, പത്താമുദയം | മാർച്ച്<br>ഡിസംബർ | ആനപ്പൂരം<br>അനുഷ്ഠാനകലകൾ |
| 2. | പൈങ്കണ്ണിക്കാവ് ക്ഷേത്രം | അതിപുരാതനം | അഷ്ടമിരോഹിണി | ആഗസ്റ്റ്<br>സെപ്റ്റംബർ | പ്രത്യേക പൂജകൾ |
| 3. | ശ്രീഅമേയകുമാരേശ്വരക്ഷേത്രം | 50 | തൈപ്പൂയം<br>ശ്രീനാരായണ<br>ഗുരുജയന്തി | മാർച്ച്<br>ആഗസ്റ്റ്<br>സെപ്റ്റംബർ | ആനപ്പൂരം, കാവടിയാട്ടം<br>കലാപരിപാടികൾ<br>ഘോഷയാത്ര |
| 4. | വാദ്യക്കുടം ശിവക്ഷേത്രം | അതിപുരാതനം | ശിവരാത്രി | ഫെബ്രുവരി<br>മാർച്ച് | പ്രത്യേകപൂജകൾ |
| 5. | നെടുപുഴ തേലേക്കാട്ട് ശിവീക്ഷത്രം | അതിപുരാതനം | ശിവരാത്രി | ടി | പ്രത്യേകപൂജകൾ |
| 6. | സെൻറ് മേരീസ് ചർച്ച്, കാട്ടൂർ | 145 | പരി. അമലോൽഭവ<br>മാതാവിൻേറയും<br>വി. സെബാസ്റ്റ്യാ<br>നോസിൻെറയും<br>തിരുന്നാൾ | ഒക്ടോബർ<br>ജനുവരി | പ്രദക്ഷിണം<br>സമുദായ അമ്പ് |
| 7. | സെൻറ് ഫ്രാൻസീസ്,<br>സെൻറ് സേവിയേഴ്സ് ചർച്ച് കരാഞ്ചിറ | 125 | സെൻറ് സേവിയേഴ്സ്<br>അമ്പു തിരുന്നാൾ | സെപ്റ്റംബർ<br>ജനുവരി | പ്രദക്ഷിണം<br>സാമുദായികഅമ്പ്‌വരവ് |

| | | | | | |
|---|---|---|---|---|---|
| 8. | സെൻറ് സെബാസ്റ്റ്യൻസ് ചർച്ച്, വാടച്ചിറ | 6 | വേളാങ്കണ്ണിമാതാവി ൻെറഅമ്പുതിരുന്നാൾ | സെപ്റ്റംബർ ജനുവരി | പ്രദക്ഷിണം അമ്പുവരവ് |
| 9. | കാട്ടൂർ ജുമാ മസ്ജിദ് | 142 | നബിദിനം | റബിഉൽഅവ്വൽ12 (അറബ് മാസം) | ഘോഷയാത്ര |
| 10. | നെടുമ്പുര ജുമാമസ്ജിദ് | 45 | നബിദിനം | റബിഉൽഅവ്വൽ12 (അറബ്മാസം) | ഘോഷയാത്ര |
| 11. | പൊഞ്ഞനം ജുമാമസ്ജിദ് | 20 | നബിദിനം | റബിഉൽഅവ്വൽ12 (അറബ്മാസം) | ഘോഷയാത്ര |
| 12. | ഇല്ലിക്കാട് ജുമാമസ്ജിദ് | 60 | നബിദിനം | റബിഉൽഅവ്വൽ12 (അറബ്മാസം) | ഘോഷയാത്ര |
| 13. | സെൻറ് സെബാസ്റ്റ്യൻസ് കപ്പേളഏ കരാഞ്ചിറ | 34 | അമ്പുപെരുന്നാൾ | ഫെബ്രുവരി | ഘോഷയാത്ര |
| 14. | ഫാത്തിമ മാതാ കപ്പേള, മണ്ണുകാട് | 35 | ഗീർവർഗ്ഗീസ് പുണ്യവാൻെറ തിരുന്നാൾ | ഏപ്രിൽ,മെയ് | ,, |
| 15. | സെൻറ്മേരീസ് ചർച്ച് കാട്ടൂർകടവ് | 63 | അമ്പുപെരുന്നാൾ മാതാവിൻെറ തിരുന്നാൾ | ജനുവരി ഒക്ടോബർ | പ്രദക്ഷിണം സമുദായഅമ്പുവരവ് |
| 16. | സെൻറ് പീയൂസ്ചർച്ച്, കരാഞ്ചിറ | 50 | സെൻറ് പീയൂസ് തിരുന്നാൾ | ആഗസ്റ്റ് | ,, |
| 17. | കാട്ടൂർ ബസാർ നമസ്കാരപള്ളി | 50 | -- | -- | -- |
| 18. | കാട്ടൂർകടവ് നമസ്കാരപള്ളി | 6 | നമസ്ക്കം | -- | -- |

# പട്ടിക 3

## സന്നദ്ധ സംഘടനകൾ

| ക്രമ നമ്പ്ര് | പേരും വിലാസവും | പ്രവർത്തന മേഖല |
|---|---|---|
| 1. | കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കാട്ടൂർ യൂണിറ്റ് | വിദ്യാഭ്യാസം, ആരോഗ്യം, വനിത, പരിസ്ഥിതി ഊർജ്ജം, ശാസ്ത്ര പ്രചാരണം തുടങ്ങിയ മേഖലകളിൽ |
| 2. | ഭാരത് സ്കൗട്ട്സ് † ഗൈഡ്സ് കാട്ടൂർ റോവർ സീ സ്കൗട്ട്സ് ഓപ്പൺ ഗ്രൂപ്പ് | സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ യുവജനക്ഷേമപ്രവർത്തനങ്ങൾ ആരോഗ്യവിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനം |
| 3. | ലയൺസ് ക്ലബ്ബ് | സൗജന്യ മെഡിക്കൽ ക്യാമ്പ്, ധന സഹായങ്ങൾ നൽകുക, സ്വയം തൊഴിലിനാവശ്യമായ ഉപകരണങ്ങൾ നൽകൽ തുടങ്ങിയ മേഖലകളിൽ |
| 4. | സെൻറ് വിൻസൻറ് ഡി പോൾ സൊസൈറ്റി കാട്ടൂർ ചർച്ച് | ഭവനം, മരുന്ന്, വിവാഹം, ഭക്ഷണം എന്നിവക്ക് സഹായം എത്തിക്കൽ |
| 5. | സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി കരാഞ്ചിറ | ,, |
| 6. | മുസ്ലിം വെൽഫെയർ സൊസൈറ്റി, കാട്ടൂർ | വിവാഹസഹായം, ചികിൽസാ സഹായം, വിദ്യാഭ്യാസ സഹായ ങ്ങൾ, പുരകെട്ടിമേയൽ എന്നീ മേഖല |
| 7. | സാർത്തോസദനം – കരാഞ്ചിറ (ക്ലാരിസ്റ്റ് സിസ്റ്റേഴ്സ്) | അനാഥ, നിർദ്ധന വിഭാഗങ്ങളിൽ പെട്ട കുട്ടികളെ സംരക്ഷിക്കൽ |
| 8. | എസ്.എൻ.വൈ.എസ്. | രക്തദാനം, പാവപ്പെട്ടവർ ക്കുള്ള സഹായം |

| | | |
|---|---|---|
| 9. | ബ്ലഡ് ഡൊണൈറ്റഡ് ഫോറം | രക്തദാനം |
| 10. | ഉപഭോക്തൃസംരക്ഷണ സമിതി നമ്പർ 72/95 കാട്ടൂർ | ജനങ്ങൾ അറിഞ്ഞിരിക്കേണ്ട അവകാശ ബോധവൽക്കരണ ക്ലാസ്സുകൾ, സഹായം, എസ്.എസ്.എൽ.സി. ക്ക് പഞ്ചായത്തിലെ സ്ക്കൂളുകളിൽ നിന്ന് ഉയർന്ന മാർക്ക് കിട്ടുന്ന കുട്ടികൾക്ക് പ്രോൽസാഹനവും അംഗീകാരവും നൽകൽ |
| 11. | എൻ.എസ്.എസ്. കാട്ടൂർ | പാവപ്പെട്ടവർക്ക്. ഭവന നിർമ്മാണം |
| 12. | മദ്യനിരോധന സമിതി കാട്ടൂർ | മദ്യനിരോധനത്തിനുവേണ്ടിയുള്ള പോരാട്ടം |
| 13. | പൗരാവകാശ ജനകീയ സംഘടന | പൗരാവകാശങ്ങളെകുറിച്ച് ബോധവൽക്കരണം |

# പട്ടിക 4

## കലാസാംസ്ക്കാരിക സംഘടനകൾ

| ക്രമ നമ്പ്ര് | | കെട്ടിടത്തിൻെറ വിവരം | ഏത് സ്ഥാപന ത്തോട് അഫി ലിയേറ്റ് ചെയ് തിരിക്കുന്നു | പ്രവർത്തന മേഖല |
|---|---|---|---|---|
| 1. | നവപ്രഭ ലൈബ്രറി & റീഡിംഗ് റൂം | സ്വന്തം കെട്ടിടം | നെഹ്റുയുവ കേന്ദ്രം | കലാരംഗം |
| 2. | ഭാരത് യുവക്സമാജ് | | | സാംസ്ക്കാരിക രംഗം |
| 3. | എസ്.എ.സി. കരാഞ്ചിറ | ഇല്ല | നെഹ്റുയുവ കേന്ദ്രം | സാംസ്ക്കാരിക കായികരംഗം |
| 4. | വിനോബകലാകായികവേദി കരാഞ്ചിറ | വാടകകെട്ടിടം | രെജിസ്റ്റഡ്രേഡ് | കലാകായികവേദി |
| 5. | സമഭാവന, കാട്ടൂർ | സ്വന്തം കെട്ടിടം | രെജിസ്ട്രേഡ് | സാംസ്ക്കാരികം |
| 6. | ആഗസ്റ്റ് ക്ലബ്ബ് തേക്കുമൂല | സ്വന്തം കെട്ടിടം | നെഹ്റുയുവ കേന്ദ്ര | |
| 7. | വിന്നേഴ്സ്, ഇല്ലിക്കാട് | സ്വന്തം കെട്ടിടം | നെഹ്റുയുവ കേന്ദ്ര | കലാസാംസ്ക്കാരി ക കായികരംഗം |
| 8. | സംസ്ക്കാര, ഇല്ലിക്കാട് | ഇല്ല | നെഹ്റുയുവ കേന്ദ്ര | കലാസാംസ്ക്കാരി ക കായികരംഗം |
| 9. | സഹൃദയ, ഇല്ലിക്കാട് | ഇല്ല | നെഹ്റുയുവ കേന്ദ്ര | കലാസാംസ്ക്കാരി ക കായികരംഗം |
| 10. | യുവചേതന, മധുരംപിള്ളി | സ്വന്തംകെട്ടിടം | നെഹ്റുയുവ കേന്ദ്ര | കലാസാംസ്ക്കാരി ക കായികരംഗം |
| 11. | രാജീവ്ഗാന്ധി കോളനി വെൽഫെയർ അസോസി യേഷൻ | ഇല്ല | റെജിസ്ട്രേഡ് | |

| | | | | |
|---|---|---|---|---|
| 12. | നാട്ടുകൂട്ടം | ഇല്ല | | കല |
| 13. | പൊഞ്ഞനം ചാലഞ്ചേഴ്സ് പൊഞ്ഞനം | | | |
| 14. | നടനകലാവേദി കരാഞ്ചിറ | | | കല |
| 15. | ഹീറോ ക്ലബ്ബ് കാട്ടുകടവ് | | | കായികരംഗം |
| 16. | സാൻ സ്പോർട്സ് ക്ലബ്ബ് നെടുംപുര | | | കായികരംഗം |
| 17. | കാസോ, കാട്ടൂർ | | | കല |
| 18. | കൈരളി നൃത്തകലാകേന്ദ്രം | വാടകക്ക് | | കല |
| 19. | തനിമ, ഹിക്രിമു II | | | കലാകായികം |
| 20. | പ്രണവം | വാടകക്ക് | | കല |
| 21. | തൂലിക വലക്കഴ | | | കലാകായികം |
| 22. | മണ്ണുംകാട്, കാട്ടൂർ | | | കായികം |
| 23. | ദി റിക്രിയേഷൻ ക്ലബ്ബ്, കാട്ടൂർ | സ്വന്തം കെട്ടിടം | | |

# അധ്യായം 10



# വനിത

# 10 വനിത

കാട്ടൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 54 ശതമാനം സ്ത്രീകളാണ്. ഭൂരിപക്ഷം സ്ത്രീകൾ ക്കാണെങ്കിലും പൊതുപ്രവർത്തനരംഗങ്ങളിൽ അവരുടെ സാന്നിദ്ധ്യം കുറവാണ്.

ആദ്യകാലങ്ങളിൽ ഹിന്ദു സമുദായത്തിൽപ്പെട്ട പെൺകുട്ടികളുടെ കെട്ട് കല്ല്യാണം, തെരണ്ട് കല്ല്യാണം, കാത്കുത്ത് കല്ല്യാണം,എന്നീ ആചാരങ്ങൾ ആഘോഷപൂർവ്വം നടത്തിയിരുന്നു. ഉത്സവങ്ങളിലും ആഘോഷങ്ങളിലും സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്നുവെങ്കിലും പൊതു പരിപാടികളിൽ അവർ പങ്കെടുത്തിരുന്നില്ല. വിദ്യാഭ്യാസം ചെലവേറിയ പ്രക്രിയ ആയിരുന്നതിനാലും സമുദായിക കാരണങ്ങളാലും അന്ന് വിദ്യാഭ്യാസം നേടിയിരുന്ന സ്ത്രീകളുടെ എണ്ണം കുറവായിരുന്നു

കാട്ടൂർ ഗ്രാമ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം 9095 ആണ്. പുരുഷന്മാരേക്കാൾ 1285 സ്ത്രീകൾ കൂടുതലാണ്.

**പട്ടിക - 1**

| ജനസംഖ്യ | എണ്ണം | ശതമാനം |
|---|---|---|
| ആകെ | 16,905 | |
| പുരുഷന്മാർ | 7,810 | 46 |
| സ്ത്രീകൾ | 9,095 | 54 |
| പട്ടികജാതിസ്ത്രീകൾ | 1,200 | 7 |

സ്ത്രീകളുടെ തൊഴിൽ മേഖലപരിശോധിച്ചാൽ കാർഷിക മേഖലയിലാണ് കൂടുതൽ സ്ത്രീകളും ജോലി ചെയ്യുന്നത്. എൻഞ്ചിനീയറിങ്ങ്, ഡ്രൈവിംഗ്, ആശാരിപ്പണി, സ്വർണ്ണപണി തുടങ്ങിയ മേഖലകളിൽ ഇന്നും സ്ത്രീകൾക്ക് എത്തിപ്പെടാൻ സാധിച്ചിട്ടില്ല. സ്ത്രീകളുടെ തൊഴിൽ മേഖലവിഭജനം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക - 2**

**സ്ത്രീകളുടെ തൊഴിൽ മേഖല**

| ക്രമ നമ്പർ | മേഖല | സ്ത്രീകളുടെ എണ്ണം |
|---|---|---|
| 1 | കാർഷിക മേഖല | 837 |
| 2 | വ്യവസായമേഖല | 41 |
| 3 | പരമ്പരാഗത തൊഴിൽ മേഖല | 120 |
| 4 | കെട്ടിടനിർമ്മാണം | 357 |
| 5 | അദ്ധ്യാപികമാർ | 57 |
| 6 | സർക്കാർ ജോലിക്കാർ | 55 |
| 7 | മറ്റു തൊഴിലുകൾ | 290 |

പൊതുപ്രവർത്തനമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. മഹിളാസംഘടനകളിലൊഴികെ മറ്റുസംഘടനകളിൽ സ്ത്രീ നേതൃത്വം നാമമാത്രമാണ്. പഞ്ചായത്തിൽ 3 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ പരിശീലനരംഗത്താണ് മഹിളാസമാജങ്ങൾ പ്രധാനമായും പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ ഒരു DWCRA യൂണിറ്റും, വനിതകളുടെ മാത്രമായ ഒരു തൊഴിൽ സ്ഥാപനവും പ്രവർത്തിക്കുന്നു. തൊഴിൽരഹിതരായ യുവജനങ്ങിൽ കൂടുതലും വനിതകളാണ്.

വിദ്യാഭ്യാസമേഖലയിൽ ആൺക്കുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണത്തിൽ വലിയ അന്തരമില്ല.

## പട്ടിക -3

| | ആൺ | പെൺ |
|---|---|---|
| ഹൈസ്ക്കൂൾ വിഭാഗം | 689 | 410 |
| യു.പി. വിഭാഗം | 489 | 342 |
| എൽ.പി. വിഭാഗം | 437 | 289 |
| ആകെ | 1615 | 1041 |

മേൽപട്ടികയിൽ ആൺകുട്ടികളുടെ എണ്ണം കൂടുതലാണ്, കാരണം സമീപ പഞ്ചായത്തിലെ പെൺകുട്ടികൾക്കു മാത്രമുള്ള കോൺവെൻറ് സ്ക്കൂളിൽ ഈ പഞ്ചായത്തിൽ നിന്നു പോയി പഠിച്ചു വരുന്ന പെൺകുട്ടികളെ ഉൾപ്പെടുത്തിയിട്ടില്ല. കോളേജ് വിദ്യാഭ്യാസത്തിന് പോകുന്നവരിലും പെൺകുട്ടികളാണ് കൂടുതൽ. പെൺക്കുട്ടികൾക്ക് മാത്രമായി ഒരു പാരലൽ കോളേജ് പ്രവർത്തിക്കുന്നുണ്ട്.

## പട്ടിക -4
### സാക്ഷരതാ നിലവാരം

| | എണ്ണം | ശതമാനം |
|---|---|---|
| സ്ത്രീ | 7209 | 79 |
| പുരുഷൻ | 6433 | 82 |

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. എന്നാൽ മദ്യപാനത്തിൻെറ ദുരന്തം അനുഭവിക്കുന്ന വനിതകളുടെ എണ്ണം കുറവല്ല.

## പ്രധാന പ്രശ്നങ്ങൾ

1. പൊതു രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കന്നില്ല.
3. കൂലി നിരക്കിൽ വലിയ അന്തരമുണ്ട്
4. രോഗാതുരത കൂടുതലാണ്
5. വനിതാ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല

6. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ല
7. ജോലി ഭാരം വളരെ കൂടുതലാണ്
8. മദ്യവും, മയക്കമരുന്നും മൂലമുള്ള പ്രശ്നങ്ങൾ
9. തൊഴിലില്ലായ്മ
10. പുരുഷമേധാവിത്വം

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തീരാജ് നിലവിൽ വന്നതോടെ 33 ശതമാനം സംവരണം സ്ത്രീകൾക്ക് ലഭിച്ചത് തികച്ചും സ്വാഗതാർഹമാണ്. എന്നാൽ ഇപ്പോഴും രാഷ്ട്രീയസംഘടനകളിലും മറ്റു സാമൂഹ്യ സംഘടനകളിലും സ്ത്രീകൾക്ക് നാമമാത്രമായ സ്ഥാനം മാത്രമേ ലഭിക്കുന്നുള്ളൂ. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷന്മാരോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും,കഴിവും സ്ത്രീകൾക്കുണ്ട്. തങ്ങളുടെ കഴിവിനേയും അവകാശങ്ങളേയും കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടാക്കാനും ആത്മവിശ്വാസം വളർത്തിയെടുക്കുവാനും ഉതകുന്ന രീതിയിലുള്ള പരിശീലന പരിപാടികൾ, ബോധവൽക്കരണക്ലാസുകൾ എന്നിവ സ്ത്രീകൾക്ക് വേണ്ടി സംഘടിപ്പിക്കേണ്ടതാണ്.
2. ഡ്രൈവിംഗ്,ആശാരിപ്പണി,സ്വർണ്ണപ്പണി, എൻഞ്ചിനീയറിങ്ങ്, തുടങ്ങി പുരുഷന്മാർക്ക് മാത്രം ആധിപത്യമുള്ള തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനം നല്കി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കണം.
3. ഒരേ തരം ജോലി ചെയ്യുന്ന പുരുഷനും സ്ത്രീക്കും കൂലിനിരക്കിൽ അന്തരമുണ്ട്. പുരുഷനൊപ്പം സ്ത്രീക്കും കൂലി ലഭിക്കുവാൻ സാഹചര്യം സൃഷ്ടിക്കണം.
4. അനാരോഗ്യകരവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ സ്ത്രീകൾക്ക് ജോലി ചെയ്യേണ്ടിവരുന്നതുകൊണ്ട് രോഗാതുരത കൂടുതലാണ്. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിന് ഇന്നുള്ള സംവിധാനം ഒട്ടും തൃപ്തികരമല്ല. സർക്കാർ ആശുപത്രിയിൽ ലേഡീ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതിനാൽ സ്ത്രീകൾക്ക് മാത്രമുള്ള രോഗങ്ങളെ ക്കുറിച്ച് സ്വതന്ത്രമായി ആശയവിനിമയം ചെയ്ത് ചികിത്സ നടത്താൻ ബുദ്ധിമുട്ടുണ്ട്. ഒരു വനിതാ ഡോക്ടറെ അടിയന്തിരമായി നിയമിക്കണം. അങ്കണവാടികളിലും മഹിളാസമാജങ്ങളിലും സ്ത്രീകളുടെയും ശിശുക്കളുടേയും ആരോഗ്യപരിപാലനത്തിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം.
5. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യ നിർവ്വഹണത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തണം.
6. സ്ത്രീകൾക്ക് ഇന്ന് ജോലി ഭാരം കൂടുതലാണ്. പ്രത്യേകിച്ചും തൊഴിലാളികളും ഉദ്യോഗസ്ഥകളുമായ വീട്ടമ്മമാർക്ക് വീട്ടുപണിയും ശിശുപരിപാലനവും സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമായാണ് ഇപ്പോൾ പരിഗണിക്കപ്പെട്ടുവരുന്നത്. ഈ അവസ്ഥ മാറ്റി സ്ത്രീകളെ വീട്ടു ജോലികളിൽ സഹായിക്കാൻ പുരുഷൻമാർ തയ്യാറാകണം.
7. മദ്യപിക്കുന്നത് പുരുഷന്മാരാണെങ്കിലും അതിന്റെ ദുരിതമനുഭവിക്കുന്നത് സ്ത്രീകളാണ്. ഇപ്പോഴുള്ള ചാരായനിരോധനത്തിനു പകരം സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തണം.

8. വിദ്യാഭ്യാസമുള്ളവരും, പരിശീലനം നേടിയവരുമായ തൊഴിൽരഹിതരായ വനിതകൾ പഞ്ചായത്തിൽ ഏറെയുണ്ട്. ഇവർക്കായി വനിതാസംരഭങ്ങൾ ആരംഭിക്കണം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറി പൗഡർ നിർമ്മാണം, കളിക്കോപ്പു നിർമ്മാണം, പപ്പടനിർമ്മാണം, പച്ചക്കറികൃഷി,പൂകൃഷി, ആടുവളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നീ മേഖലകളിൽ വനിതാ സംരഭങ്ങൾക്ക് ഏറെ സാദ്ധ്യതയുണ്ട്.DWCRA യൂണിറ്റുകൾ, SSI /PMRY /IRDP എന്നീ സ്കീമുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയും.

9. ഇന്ന് പലമേഖലകളിലും പുരുഷന്മാർക്കാണ് മേധാവിത്തം സ്ത്രീകൾ തീർത്തും അവഗണിക്കപ്പെടുന്നു. തൊഴിൽ മേഖലകളിലും, സംഘടനകളിലും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തണം. നിയമസഭയിലും ലോകസഭയിലും വനിതാ സംവരണ ബില്ല് ഉടനെ പാസ്സാക്കണം.

10. സ്ത്രീകളെ വില്പനച്ചരക്കാകുന്ന അശ്ലീല പോസ്റ്ററുകൾ, പരസ്യങ്ങൾ എന്നിവ നിരോധിക്കണം.

11. സ്ത്രീധനം ഇന്നും ഒരു ശാപമാണ്. സ്ത്രീനനിരോധന നിയമം കർശനമാക്കണം

12. സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നിയമ സഹായസെല്ലുകൾ ആരംഭിക്കണം

13. പട്ടികജാതി വിഭാഗത്തിൽ പെടുന്ന സ്ത്രീകൾ വിദ്യാഭ്യാസപരമായും, സാമൂഹ്യമായും ഏറെ പിന്നിലാണ്. ശരിയായ ബോധവൽക്കരണത്തിലൂടെ ഈ സ്ഥിതി മാറ്റിയെടുക്കാം.

******

''സ്വരാജ്യ സ്നേഹം അതിന്റെ
വ്യാപകമായ അർത്ഥത്തിൽ
മനുഷ്യ സ്നേഹമാണ്, അല്ലെങ്കിൽ
അത് അർത്ഥശൂന്യമാണ്''

മഹാത്മാ ഗാന്ധി

# അധ്യായം 11



# സഹകരണം

# 11-1 സഹകരണം

ആഗോള വ്യാപകമായി ജനഹൃദയങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങി ചെന്നിരിക്കുന്ന സഹകരണപ്രസ്ഥാനത്തിൻെറ ആരംഭം കുറിച്ചത് 1817-ൽ ഇംഗ്ലണ്ടിലായിരുന്നു. തൻെറ ഉടമയിലുള്ള സ്ഥാപനത്തിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി റോബർട്ട് ഓവൻ രൂപം നൽകിയ 'പരസ്പര സഹകരണത്തിൽ കൂടിയുള്ള സ്വാശ്രയം'' എന്ന തത്വത്തിൽ അധിഷ്ഠിതമായ ഈ പ്രസ്ഥാനം തൊഴിലാളികളുടെയും മറ്റു സ്ഥാപന ഉടമകളുടെയും നിസ്സഹകരണത്തിൽ താഴ്ന്നു പോയി. എങ്കിലും സഹകരണ പ്രസ്ഥാനത്തിൻെറ പിതാവായി അദ്ദേഹം അംഗീകരിക്കപ്പെട്ടു. കൺസ്യൂമർ സഹകരണ സംഘത്തിൻെറ രൂപീകരണത്തിന് ജന്മം നൽകിയ റോച്ച് ഡെയലിൽ ആണ് ഈ രംഗത്തെ മറ്റൊരു പ്രതിഭ. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ഈ പ്രസ്ഥാനം സ്ഥാനം കണ്ടെത്തിയെങ്കിലും 1895-ൽ മാത്രമാണ് I.C.A. (International co-op. alliance) നിലവിൽ വന്നത്. ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ അനൗപചാരികമായി സഹകരണ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചെങ്കിലും 1904-ാ മാണ്ടിലാണ് ഈ പ്രസ്ഥാനം അംഗീകരിക്കപ്പെട്ട നിലയിലേക്ക് ഉയർന്നത്. 1912-ൽ നിയമത്തിൽ വരുത്തിയ മാറ്റം മുഖേന ''സൊസൈറ്റി'' എന്ന വാക്ക് റജിസ്റ്റർ ചെയ്യപ്പെട്ടു. 1912, 1913 വർഷങ്ങളിൽ തിരുവിതാംകൂറിലും കൊച്ചിയിലും 1932-ൽ മലബാറിലും 1952-ൽ തിരു-കൊച്ചിയിലും സഹകരണ നിയമങ്ങൾ ഉണ്ടായി. കേരളസംസ്ഥാന രൂപീകരണത്തിനു ശേഷം 1969-ൽ നമ്മുടെ സംസ്ഥാനത്ത് കേരള സഹകരണസംഘനിയമം നിലവിൽ വന്നു. നാനാ ജാതി മതവർഗ്ഗ വർണ്ണങ്ങൾക്കതീതമാണ് ഈ പ്രസ്ഥാനം എന്ന് വിളിച്ചോതുന്ന സഹകരണ പതാകയ്ക്ക് കേരള ജനത സ്വാഗതമോതി. മഴവില്ലിൻെറ ഏഴു നിറങ്ങളെ മറിച്ച് എഴുതിയ (ROYGBIV) നിറങ്ങളിൽ കാണുന്ന ഈ പതാക ഇന്ന് ലോകം മുഴുവനുമുള്ള സഹകരണപ്രസ്ഥാനങ്ങളുടെ പതാകയാണ്.

17 ലക്ഷത്തിൽപ്പരം സഹകരണസ്ഥാപനങ്ങൾ ഇന്ത്യയിലുണ്ട്. പതിനായിരം സഹകരണസംഘങ്ങളാണ് കേരളത്തിലുള്ളത്. ഇതിൽ നാലായിരത്തോളം സഹകരണ സംഘങ്ങൾ മാത്രമാണ് സഹകരണ വകുപ്പിൻെറ കീഴിൽ വരുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള സഹകരണ ബാങ്കിൻെറ ആരംഭം 1939-ൽ ആണ്. മലയാള വർഷം 1115 മേടമാസം 19-ാം തിയതി ലഭിച്ച അനുമതിയോടെയാണ് ഈ സംഘം നിലവിൽ വരുന്നത്. 1113 ലെ 26ാം ആക്ട് പ്രകാരം ''കാട്ടൂർ കർഷക പരസ്പര സഹായസംഘം'' എന്ന പേരിൽ റജിസ്റ്റർ ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയാണ് മേൽ പറഞ്ഞ തിയതിക്ക് ''426ാം നമ്പ്ര് കാട്ടൂർ ഗ്രാമോദ്ധാരണപരസ്പര സഹായ സംഘം (ക്ലിപ്തം) എന്ന പേരിൽ റജിസ്റ്റർ ചെയ്ത് അനുവദിച്ചത് 34 പേർ പങ്കെടുത്ത ഈ സംഘത്തിൻെറ പ്രഥമ പൊതുയോഗത്തിൽ ശ്രീ എ. കെ. ജോസഫിനെ പ്രസിഡൻറായും, ശ്രീ. വി. വി. കണ്ണപ്പനെ വൈസ് പ്രസിഡൻറായും, ശ്രീ. സി. കെ കൃഷ്ണനെ സെക്രട്ടറിയായും, ശ്രീ എം. വി. ഔസേപ്പിനെ അസിസ്റ്റൻറ് സെക്രട്ടറിയായും ശ്രീ ടി. കെ. ശങ്കരനെ ട്രഷററായും, ശ്രീ പി. എ. മൊയ്തീനെ സംഘടനാ സെക്രട്ടറിയായും ശ്രീ കെ. ആർ. വേലായുധനെ കമ്മിറ്റി മെമ്പറായും തെരഞ്ഞെടുത്തു. ഈ സംഘമാണ് പിന്നീട് കാട്ടൂർ സർവ്വീസ് സഹകരണസംഘമായും തുടർന്ന് കാട്ടൂർ സർവ്വീസ് സഹകരണ ബാങ്കുമായും പ്രവർത്തിച്ച് വരുന്നത്. കാട്ടൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും കാറളം ഗ്രാമപഞ്ചായത്തിലെ മനവലശ്ശേരി വില്ലേജിൽ ഉൾപ്പെട്ട രണ്ടു വാർഡുകളുമാണ് ബാങ്കിൻെറ വ്യാപകാതിർത്തി.

പ്രാരംഭഘട്ടത്തിൽ പ്രതിഫലം കൂടാതെ ഔദ്യോഗിക സ്ഥാനങ്ങളിൽ പ്രവർത്തിച്ച പല നിസ്വാർത്ഥ സേവകരും ഈ സംഘത്തിൻെറ വളർച്ചയിൽ ഭാഗഭാക്കുകളാണ്. മൂലധനത്തിൻെറ

അപര്യാപ്തതയും കാലഘട്ടത്തിൻെറ പ്രത്യേകതകളും വളർച്ചക്ക് പെട്ടെന്ന് ആക്കം കൂട്ടിയില്ലെങ്കിലും തഴപ്പായ നെയ്ത്ത് തുടങ്ങിയ കുടിൽ വ്യവസായങ്ങൾക്കും കാർഷിക രംഗത്തുള്ളവർക്കും വായ്പ നൽകുവാൻ സംഘത്തിന് കഴിഞ്ഞിരുന്നു. ശ്രീ ടി. എൽ. ജേക്കബ് മാസ്റ്ററുടെ അദ്ധ്യക്ഷതയിലുള്ള ഭരണസമിതിയുടെ കാലത്ത് കാട്ടൂർ പോംപൈ സെൻറ് മേരീസ് ഹൈസ്ക്കൂളിനടുത്ത് ഓഫീസിനു വേണ്ടി സ്ഥലം വാങ്ങിയെങ്കിലും പിന്നീടത് നടപ്പാക്കുവാൻ കഴിഞ്ഞില്ല. 1969 ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തി 25–4–1970 ൽ വാർഡ് അടിസ്ഥാനത്തിൽ നടത്തിയ തെരഞ്ഞെടുപ്പിൽ ശ്രീ. എ. പി. ദേവസ്സിക്കുട്ടി മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്ന ഭരണസമിതിയാണ് ഇപ്പോൾ ബാങ്ക് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം വിലക്ക് വാങ്ങിയത്. തുടർന്നുള്ള വർഷങ്ങളിലെ നമ്മുടെ പ്രവർത്തനത്തിൻെറ അംഗീകരമായി 10,000/– ഉറുപ്പികയോളം വിലവരുന്ന ഓഫീസ് കൗണ്ടർ തൃശൂർ ജില്ല സഹകരണ ബാങ്ക് നമുക്ക് നൽകുകയുണ്ടായി. 1974–ൽ നടന്ന തിരഞ്ഞെടുപ്പിൽ നിലവിൽ വന്ന ശ്രീ. പി. ഐ. ആൻറണി മാസ്റ്ററുടെ അദ്ധ്യക്ഷതയിലുള്ള ഭരണസമിതിയുടെ കാലത്താണ് സംഘം, കാട്ടൂർ സർവ്വീസ് സഹകരണബാങ്കായി ഉയർന്നത്. തുടർന്നുണ്ടായ പരിശ്രമഫലമായി ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള അനുമതിയും, സ്വർണ്ണപണ്ടം പണയത്തിന്മേൽ വായ്പ നൽകുവാനുള്ള അനുമതിയും ലഭിച്ചു. 1976 ഏപ്രിൽ മാസത്തെ നിക്ഷേപസമാഹരണത്തിന് ജില്ലാ ബാങ്കിൽ നിന്ന് സമ്മാനം ലഭിക്കുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള ബാങ്ക് ഓഫീസ് കെട്ടിടത്തിൻെറ തറക്കല്ലിടൽ കർമ്മം 30–6–1976 ൽ പ്രസിഡൻറ് നിർവ്വഹിച്ചു.

തുടർന്നു വന്ന ഭരണസമിതിയുടെ അദ്ധ്യക്ഷൻ ശ്രീ ജോസഫ് ആലപ്പാട്ട് തോപ്പിൽ ആയിരുന്നു. പുതിയ ഭരണസമിതി വ്യാപാര രംഗത്ത് മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. കാട്ടൂർ ജംഗ്ഷന് അടുത്ത് ടെക്സ്റ്റയിൽ കംസ്റ്റേഷനറി ഷോപ്പ് ആരംഭിക്കുകയും, കൺസ്യൂമർ രംഗത്ത് ലീഡ് ബാങ്കായി പ്രവർത്തിക്കുകയും ചെയ്തു. 27–10–1977 ൽ ബാങ്കിൻെറ പുതിയ ഓഫീസ് കെട്ടിടത്തിൻെറ ഉദ്ഘാടനം ബഹു. കൃഷി മന്ത്രി ശ്രീ കെ. ശങ്കരനാരായണൻ നിർവ്വഹിച്ചു പ്രവർത്തന രംഗത്തുണ്ടായ മാറ്റങ്ങളും പാളിച്ചകളും ബാങ്കിൻെറ മുന്നോട്ടുള്ള കുതിപ്പിന് വിലങ്ങു തടിയായെങ്കിലും ശ്രീ പി. പി. ഇബ്രാഹിം മാസ്റ്ററുടെ അദ്ധ്യക്ഷതയിലുള്ള ഭരണസമിതി റിവൈവൽ സ്കീമിലൂടെ (പുനരുദ്ധാരണ പദ്ധതി) ഈ മാന്ദ്യത്തിൻെറ വ്യാപ്തി കുറക്കുവാനുള്ള ശ്രമം തുടങ്ങി വച്ചു. ബാങ്കിൻെറ സാമ്പത്തിക ഭദ്രതയ്ക്ക് ഈ നടപടി ഏറെ സഹായകമായി എന്നത് സ്മരണീയമാണ്.

1993 ൽ ശ്രീ ലൂവീസ് പോൾ പാനികുളത്തിൻെറ അദ്ധ്യക്ഷതയിൽ രൂപം കൊണ്ട ഭരണസമിതി പ്രവർത്തനശൈലിയിൽ മാറ്റം കുറിച്ചതോടെ ബാങ്കിൻെറ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു. റിവൈവൽ സ്കീമിൽ ഉൾപ്പെട്ട സംഘങ്ങളിൽ നല്ല പ്രവർത്തനം കാഴ്ചവെച്ചതിന് നമ്മുടെ ബാങ്കിന് 50,000 ഉറുപ്പിക ജില്ലാ ബാങ്കിൽ നിന്നും പാരിതോഷികമായി ലഭിച്ചു. നിക്ഷേപത്തിലും വായ്പാവിതരണത്തിലും ഏറെ വർദ്ധനവ് ഉണ്ടായി. സ്വർണ്ണപണ്ടം പണയത്തിന്മേൽ നൽകിയിരുന്ന വായ്പാ സംഖ്യയുടെ വർദ്ധനവ് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസം പകർന്നു. ഈ രംഗത്ത് ഉണ്ടായ മുന്നേറ്റത്തോടൊപ്പംതന്നെ ഓഫീസിനോടു ചേർന്നുള്ള സ്ഥലം അടുത്ത കാലത്ത് വിലക്കെടുക്കുവാൻ കഴിഞ്ഞത് ബാങ്കിൻെറ പുരോഗതിയുടെ ഭാവി ചൂണ്ടു പലകയാണ്.

ബാങ്കിൻെറ ഉന്നതിയിൽ ജീവനക്കാർ വഹിച്ചിട്ടുള്ള പങ്ക് വളരെയേറെ ശ്രദ്ധേയമാണ്. ബാങ്കിൻെറ ചുമതലയിൽ എല്ലാവർഷവും ഓണക്കാലത്ത് നടത്തി വരുന്ന ഓണച്ചന്തകളും, മാവേലി സ്റ്റോറുകളും വില നിലവാരം പിടിച്ചു നിർത്തുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനും സഹായകരമാണ്.

കാട്ടൂർ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളായ കാറളം, പൊറത്തിശ്ശേരി, ചാഴൂർ, താന്ന്യം എന്നീ പഞ്ചായത്തുകളിലേയും മത്സ്യ തൊഴിലാളികൾ രൂപീകരിച്ചതാണ് ''കാട്ടൂർ പട്ടികജാതി – പട്ടിക വർഗ്ഗ മത്സ്യ തൊഴിലാളി സഹകരണ സംഘം No. 392''. മലയാള വർഷം 1114 ൽ ആണ് ഈ

നോൺ ക്രെഡിറ്റ് സഹകരണ സംഘം ആരംഭിച്ചത്. മത്സ്യ ബന്ധനം മുഖ്യ ജീവിത ഉപാധിയാക്കിയ മത്സ്യ തൊഴിലാളികളാണ് ഇതിലെ അംഗങ്ങൾ. ഒരു വർഷകാലഘട്ടത്തേക്ക് ജലാശയങ്ങൾ മത്സ്യ ബന്ധനത്തിനായി ലേലം ചെയ്തെടുത്ത് സംഘാംഗങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടമായോ തൊഴിൽ ചെയ്യു ന്നതിന് നിശ്ചിത നിരക്കിൽ ഏൽപ്പിച്ചു കൊടുക്കുകയാണ് മുഖ്യമായ പ്രവർത്തനം. ഇതിൽ നിന്നുള്ള ആദായമാണ് പ്രധാന വരുമാനം. പഞ്ചായത്തുകൾ ഈടാക്കുന്ന കിസ്ത് സംഖ്യ ആശങ്കാജനകമായി വർദ്ധിക്കുന്നത് ദോഷകരമായി ബാധിക്കുന്നുണ്ട്. മത്സ്യത്തിന്റെ വംശനാശം സംഘത്തിന്റെ നി ലനിൽപ്പിന് വെല്ലുവിളിയാണെന്നത് തർക്കമറ്റ വസ്തുതയാണ്. പ്രകൃതിയുമായി മല്ലടിക്കുന്ന, അദ്ധ്വാ നശക്തി പ്രകടമായി ഉപയോഗപ്പെടുത്തുന്ന തൊഴിലാളികളുടെ സംഘടനക്ക് കൂടുതൽ ശ്രദ്ധ നല് കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നു.

കാട്ടൂർ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തെ ലാക്കാക്കി രൂപം കൊടുത്ത സഹകരണസംഘമാണ് "കാട്ടൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 97". കാട്ടൂർ പഞ്ചായത്ത് വ്യാപകാതിർത്തിയുള്ള ഈ സംഘം 1959 ജൂൺ മാസം 5ാം തിയ്യതിയാണ് ആരംഭിച്ചത്. സംഘത്തിന്റെ സ്ഥാപക പ്രസിഡൻറ് ശ്രീ സി. ജി. രാമനും ഇപ്പോഴത്തെ പ്രസിഡൻറ് കുമാരി കെ. കെ. ഭാനുമതിയുമാണ്. വീക്കിലി ഡെപ്പോസിററുകളിലൂടെ നിക്ഷേപം സ്വരൂ പിച്ച് അർഹരായവർക്ക് വായ്പകൾ വിതരണം ചെയ്തു വരുന്നു. സാമ്പത്തിക അടിത്തറ അതിശക്ത മല്ലെങ്കിലും പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾക്ക് പരമാവധി സഹായം ഈ സംഘം മുഖേന ലഭി ക്കുന്നുണ്ട്. സ്വയം തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന എംബ്രോയിഡറി, ടെയ്ലറിങ്ങ് തുടങ്ങിയ പരി ശീലന ക്ലാസുകൾ ഈ സംഘം നടത്തി വരുന്നുണ്ട്. സ്വന്തം ആസ്ഥാനം നിർമ്മിക്കുവാൻ ഈ സം ഘത്തിന് കഴിഞ്ഞിട്ടുണ്ട്. പവ്വർ ടില്ലർ, വഞ്ചികൾ, എന്നിവ വാടകയ്ക്ക് നൽകി തൊഴിൽ വരുമാനം വർദ്ധിപ്പിക്കുവാൻ സഹായകരമായ പ്രവർത്തനങ്ങൾ സംഘം നടത്തിക്കൊണ്ടിരിക്കുന്നു.

കാട്ടൂർ പഞ്ചായത്ത് അതിർത്തിയിൽ ഉൾപ്പെട്ടിട്ടുള്ള ഹൈസ്ക്കൂളുകളിൽ പ്രവർത്തിച്ച് വരുന്ന സ്ക്കൂൾ സഹകരണ സംഘങ്ങൾക്ക് പൊതുവായ ഒരു പ്രവർത്തന ശൈലിയുണ്ട്. സ്ക്കൂൾ സഹകരണസംഘത്തിലെ അംഗത്വം രണ്ട് വിഭാഗത്തിലാണ്. വിദ്യാർത്ഥികൾക്ക് B ക്ലാസ് അംഗത്വവും അദ്ധ്യാപകർ അടങ്ങിയ മറ്റുള്ളവർക്ക് A ക്ലാസ് അംഗത്വവുമാണ്. സംഘത്തിന്റെ പ്രസിഡൻറ് വിദ്യാ ലയത്തിലെ പ്രധാന അദ്ധ്യാപകനായിരിക്കും. ഇതിന്റെ സെക്രട്ടറി ഒരു അദ്ധ്യാപകനായിരിക്കും. ഇരു വിഭാഗങ്ങളിലും നിന്നും ഉൾപ്പെട്ട കമ്മിറ്റി ആയിരിക്കും ഇരിന്റെ ഭരണ സമിതി. സഹകരണസംഘം റജിസ്ട്രാറുടെ അധികാര പരിധിയിൽ വരുന്ന സംഘമാണ് ഇത്. വിദ്യാഭ്യാസ മേഖലയിലെ ആവശ്യ ങ്ങൾ നിറവേറ്റുന്നതിന് രൂപീകരിക്കപ്പെട്ടിട്ടുള്ളവയാണ് ഈ സംഘങ്ങൾ.

1970 കളിൽ രൂപീകരിക്കപ്പെട്ട "കാട്ടൂർ കോ-ഓപ്പറേീവ് കൺസ്യൂമർസ്റ്റോർ നമ്പർ 366" ഏക ദേശം പന്ത്രണ്ട് വർഷങ്ങളോളം പ്രവർത്തിച്ച് നിലച്ചുപോയ ഒരു സംഘമാണ് ഉപഭോക്തൃ സംസ്ക്കാ രം ലോകമെമ്പാടും അതിവേഗം വളർന്നുവരുന്നതോടൊപ്പം കേരളത്തിലും വ്യാപകമായി വർദ്ധിച്ചു വരു ന്നു. വില നിലവാരത്തിലുള്ള കുതിച്ചു കയറ്റം ആർക്കും അനുഭവദ്യശ്യമാണ്. ഈ സാഹചര്യത്തിൽ ഉപഭോക്താവിന് ചൂഷണത്തിൽ നിന്നും മോചനം ലഭിക്കുന്നതിന് ഉപഭോക്തൃ സഹകരണസംഘങ്ങൾ അനിവാര്യമാണ്. മാർക്കറ്റുകളിൽ സ്വകാര്യ മേഖലയിലുള്ള കച്ചവട സ്ഥാപനങ്ങളുമായി മത്സരിക്കു ക എന്നത് ആയാസകരമാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ രൂപീകരിച്ച കൺസ്യൂമർസ്റ്റോറിന്റെ പ്രവർത്തനം ചുരുങ്ങിയ കാലഘട്ടം കൊണ്ട് നിലച്ച് പോയത് പഠനവിധേയമാക്കേണ്ടതാണ്.

ജീവിത കാലദൈർഘ്യം കുറച്ച് മാത്രം ലഭിച്ച നമ്മുടെ പഞ്ചായത്തിലെ മറ്റൊരു സംഘമാണ് ക്ഷീരോല്പാദക സഹകരണ സംഘം. വളർത്തു മാടുകളിൽ നിന്നും ലഭിക്കുന്ന പാൽ വ്യാപാരാടിസ്ഥാ നത്തിൽ അളന്നെടുത്ത് ന്യായമായ വില ഉല്പാദകന് നൽകുന്ന ഈ സ്ഥാപനം കറവുമാടുകളെ ആ

ശ്രിച്ച് കുടുംബവരുമാനം വർദ്ധിപ്പിക്കുന്നവരുടെ ആശാകേന്ദ്രമായിരുന്നു. അനുകൂല സാഹചര്യം ഉണ്ടായിട്ടും സംഘത്തിന് നിലനിൽക്കാൻ കഴിഞ്ഞില്ല എന്നുള്ളത് ഒരു വസ്തുതയാണ്.

കാട്ടൂർ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം പട്ടിക 1ൽ കൊടുത്തിട്ടുണ്ട്.

## പട്ടിക - 1
### സഹകരണസംഘങ്ങളുടെ വിവരം

| സ്ഥാപനത്തിൻെറ പേര് | അംഗസംഖ്യ | ഓഹരി മൂലധനം | സർക്കാർ ഓഹരി മൂലധനം | വായ്പാ വിതരണം |
|---|---|---|---|---|
| കാട്ടൂർ സർവ്വീസ് സഹകരണ സംഘം നമ്പർ 426 | 6542 | 8.94ലക്ഷം | 95,000 | 1കോടി |
| കാട്ടൂർ പഞ്ചായത്ത് പട്ടിക ജാതി സഹകരണസംഘം നമ്പർ 97 | 876 | 4325.75 | 31,000 | 20,900 |
| കാട്ടൂർ പട്ടികജാതി പട്ടിക വർഗ്ഗ, മത്സ്യ തൊഴിലാളി സഹകരണ സംഘം നമ്പർ 392 | 393 | 3331.25 | 625 | കായൽ ലോൺ |

## പ്രശ്നങ്ങൾ

1. സങ്കുചിത രാഷ്ട്രീയം അനാരോഗ്യ മത്സരങ്ങൾക്ക് വഴിയുണ്ടാക്കുന്നു.
2. മാറിമാറി വരുന്ന സർക്കാരുകളുടെ ഇടപെടൽ
3. നിയമനങ്ങളിൽ സ്വജനപക്ഷപാതവും അഴിമതിയും കടന്നു കൂടുന്നു
4. നിക്ഷേപങ്ങൾക്ക് സംരക്ഷണമില്ലായ്മ
5. ഉദ്യോഗസ്ഥ വിഭാഗത്തിൻെറ രാഷ്ട്രീയ ചേരിതിരിവുകൾ
6. ക്രമാതീതമായി വർദ്ധിച്ചുവരുന്ന തെരഞ്ഞെടുപ്പ് ചെലവുകൾ
7. അനിയന്ത്രിതമായ ഭരണച്ചിലവ്
8. സംഘത്തിൻെറ പ്രവർത്തനത്തെക്കുറിച്ച് അംഗങ്ങളുടെ അറിവില്ലായ്മ
9. ഓഡിറ്റിങ്ങ് യഥാകാലം നടത്താതിരിക്കൽ
10. ഇൻസ്പെക്ഷൻ ഫലപ്രദമായി നടത്താതിരിക്കൽ
11. വർഷം തോറും പൊതുയോഗം കൂടാതിരിക്കൽ
12. സ്ഥിരമായി പ്രവർത്തിക്കാനുള്ള നേതൃത്വത്തിൻെറ അപര്യാപ്തത
13. സ്ക്കൂൾ സംഘങ്ങളുടെ പ്രവർത്തന മൂലധനക്കുറവ്

## നിർദ്ദേശങ്ങൾ

1. കക്ഷിരാഷ്ട്രീയത്തിന് അധീതമായി പ്രവർത്തിക്കുന്ന സമൂഹ്യസാഹചര്യം സൃഷ്ടിക്കുക
2. നിക്ഷേപങ്ങൾക്ക് സർക്കാർ പൃർണ്ണസംരക്ഷണം നൽകുക

3. രാഷ്ട്രീയ പ്രേരിതമായി സംഘങ്ങൾ തുടങ്ങുന്നത് അവസാനിപ്പിക്കുക
4. ഭരണസമിതി അംഗങ്ങൾക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുക
5. ഓരോ വർഷത്തേയും ഓഡിറ്റിങ്ങ് അടുത്തവർഷാവസാനത്തിനുംമുൻപ് നടത്തി റിപ്പോർട്ട് നൽകുക.
6. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് സർക്കാർ ധനസഹായം സൽക്കുക
7. നിയമനങ്ങൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുക, നിയമന നടപടിക്രമങ്ങൾ ശരിയായരീതിയിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ പഞ്ചായത്ത് തല സമിതി രൂപീകരിക്കുക, നിയമനങ്ങൾ ഈ സമിതിയുടെ അനുവാദത്തോടെ സ്ഥിരപ്പെടുത്തുക.
8. വിപണിയിലെ മത്സരരംഗത്ത് നിലയുറപ്പിക്കാൻ വേണ്ടുന്ന സംവിധാനം കൺസ്യൂമർ സംഘങ്ങൾക്കായി ഏർപ്പെടുത്തുക.
9. പ്രവർത്തി ഭാരത്തിന്റെ അടിസ്ഥാനത്തിൽ അത്യാവശ്യം വേണ്ട ജീവനക്കാരെ മാത്രം നിയമിക്കുക
10. കാർഷിക വികസന ബാങ്കിന്റെ പഞ്ചായത്ത് തല ശാഖകൾ ആരംഭിക്കുക
11. ബ്ലോക്ക് പഞ്ചായത്ത് വ്യാപാതിർത്തി അടിസ്ഥാനമാക്കി ഗ്രാമീണ ബാങ്കുകൾ ആരംഭിക്കിക.
12. കൺസ്യൂമർ സ്റ്റോറുകൾക്ക് ആവശ്യമായ സാധനങ്ങൾ കുറഞ്ഞനിരക്കിൽ വിതരണം ചെയ്യുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാക്കുക.
13. മാനേജിരീയൽ അലവൻസ് എല്ലാവർഷവും സ്ക്കൂൾ സഹകരണസംഘങ്ങൾക്ക് അനുവദിക്കുക
14. വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസൃതമായി സ്ക്കൂൾ സഹകരണ സംഘങ്ങളിൽ സർക്കാർ മൂലധന നിക്ഷേപം നടത്തുക.

## സാധ്യതകൾ

1. ഖാദിഗ്രാമ വ്യവസായ സഹകരണസംഘങ്ങൾ
2. ഓലമെടച്ചിൽ തഴപ്പായ നെയ്ത്ത് സഹകരണസംഘം
3. മോട്ടോർ വാഹന തൊഴിലാളി സഹകരണ സംഘം
4. കർഷക സഹകരണ സംഘം
5. പരമ്പരാഗത തൊഴിൽ സഹകരണ സംഘം
6. കെട്ടിട നിർമ്മാണ സഹകരണ സംഘം
7. ഗ്രാമീണ കരകൗശല സഹകരണസംഘം
8. ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം.
9. കൺസ്യൂമർ സഹകരണ സംഘം.
10. ക്ഷീര വ്യവസായ സഹകരണ സംഘം.
11. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം, ആർട്സ് കോളേജ് എന്നിവ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.
12. ഹയർപർച്ചേയ്സ്, ഗൃഹോപകരണ വായ്പ, ഉന്നതവിദ്യാഭ്യാസത്തിന് വായ്പ എന്നീ രംഗങ്ങളിലേക്ക് സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുക.

## അധ്യായം 12



# പട്ടികജാതിക്ഷേമം

# 12-1 പട്ടികജാതി

കാട്ടൂരിലെ പരമ്പരാഗത ജനവിഭാഗങ്ങളിൽപ്പെടുന്നവരാണ് ഇവിടത്തെ പട്ടികജാതിക്കാർ. കാട്ടൂരിൻെറ സാമൂഹിക ജീവിതത്തിലും, തൊഴിൽ രംഗത്തും ഈ വിഭാഗത്തിൻെറ സ്ഥാനം നിർണ്ണായകമാണ്. പൊഞ്ഞനം അടക്കമുള്ള പല ക്ഷേത്രങ്ങളുടേയും പ്രവർത്തനങ്ങളിൽ നൂറ്റാണ്ടുകളായി ഈ വിഭാഗങ്ങളുടെ പങ്ക് ചരിത്രപരമായ പരിശോധനയ്ക്ക് വിഷയമാക്കേണ്ടതാണ്. കേരളത്തിലെ പല ക്ഷേത്രങ്ങളുടേയും പ്രാരംഭകാല അവകാശികൾ പട്ടിക ജാതിവിഭാഗങ്ങളായിരുന്നു എന്നത് ചേർത്തു പരിശോധിക്കുമ്പോൾ ഇത് വളരെ പ്രസക്തമാണ്.

പൊഞ്ഞനം ക്ഷേത്രത്തിൽ തങ്ങളുടെ പരമ്പരാഗതമായ കലാരൂപങ്ങൾ ഈ ജനവിഭാഗങ്ങൾ അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു. ദൃശ്യകലകൾ, കളമെഴുത്ത്, വാദ്യകലകൾ എന്നിവയിൽ കാട്ടൂരിന് എന്തെങ്കിലും പാരമ്പര്യം അവകാശപ്പെടാനുണ്ടെങ്കിൽ അത് ഈ ജനവിഭാഗങ്ങളുടേത് മാത്രമാണ്.

പഴയ കൊച്ചിയിലെ ജാതിവ്യവസ്ഥയിലെ എല്ലാ പീഡനങ്ങളും അനുഭവിച്ചു വളർന്നവരാണ് ഇവിടത്തെ പട്ടികജാതിവിഭാഗങ്ങൾ. അയിത്തം തുടങ്ങിയ അനാചാരങ്ങൾ ഇവിടെയുമുണ്ടായിരുന്നു. ജന്മികളുടെ അടിയാൻമാർ എന്ന നിലയിലായിരുന്നു ഇവരുടെ സ്ഥാനം. കാട്ടൂരിലെ കാർഷിക വൃത്തിയുടെ എല്ലാ നേട്ടങ്ങൾക്കും ഈ വിഭാഗത്തിൻെറ ചോരയും നീരുമാണ് ആലംബമായിട്ടുള്ളത്. എന്നാൽ എല്ലാക്കാലത്തും ഇവരുടെ ജീവിത സൗകര്യങ്ങൾ പരിമിതമായിരുന്നു.

ശ്രീനാരായണ – അയ്യങ്കാളി – വി. ടി. പ്രസ്ഥാനങ്ങളും, കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളും ഉയർന്നു വന്നതിൻെറ ഫലമായി വലിയ മാറ്റങ്ങൾ ഈ രംഗത്തുണ്ടായി. പുലയ മഹാസഭയുടെ പ്രവർത്തനങ്ങൾ കാട്ടൂരിൽ വളരെ സജീവമായിരുന്നു. ഭൂപരിഷ്ക്കരണത്തോടെയാണ് യഥാർത്ഥത്തിൽ കാട്ടൂരിലെ പട്ടിക ജാതി വിഭാഗങ്ങൾക്ക് നിവർന്നു നിൽക്കാനായത്. പത്ത് സെൻറു ഭൂമി വീതം കൂടി കിടപ്പാവകാശമായി മിക്കവർക്കും ലഭിച്ചു. എന്നാൽ അതിൽ കൂടുതലുള്ള കൃഷിഭൂമി കിട്ടുകയുമുണ്ടായിട്ടില്ല. കച്ചവടരംഗത്തും വ്യവസായ രംഗത്തും ഈ വിഭാഗത്തിന് കാര്യമായ പങ്കില്ല.

പുലയൻ, പാണൻ, സാംബവാൻ, പടന്നൻ, വേട്ടുവൻ, വേലൻ എന്നിവരാണ് ഇവിടത്തെ പ്രധാന പട്ടികജാതി വിഭാഗങ്ങൾ. വിദ്യാഭ്യാസപരമായി മുൻപന്തിയിലേയ്ക്ക് പുതിയ തലമുറക്ക് കടന്നു വരാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അഭ്യസ്ത വിദ്യരായ ഭൂരിപക്ഷത്തിനും ന്യായമായ തൊഴിൽ ലഭിച്ചിട്ടില്ല എന്നകാര്യം എടുത്തു പറയേണ്ടതാണ്. ഇന്നും കാർഷിക തൊഴിൽ രംഗത്തും കെട്ടിടനിർമ്മാണ രംഗത്തും മത്സ്യ ബന്ധന രംഗത്തുമാണ് ഈ വിഭാഗങ്ങൾ അധികവും നിലകൊള്ളുന്നത്.

തൊഴിലാളി പ്രസ്ഥാനങ്ങളുടേയും രാഷ്ട്രീയ പാർട്ടികളുടേയും നേതൃത്വ നിരയിലേക്ക് പലരും കയറി വന്നിട്ടുണ്ട്. സംവരാണാനുകൂല്യം ഇല്ലാതെതന്നെ പഞ്ചായത്തു പ്രസിഡണ്ടിൻെറ പദവവയിലേക്ക് ഒരു പട്ടികജാതി വനിത (കെ. കെ. ഭാനുമതി) ഉയർന്നു വന്നതിൻെറ ചരിത്രവും കാട്ടൂരിനുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14% വും പട്ടികജാതിയിൽപ്പെട്ടവരാണ്. മൊത്തം 447 പട്ടികജാതി കുടുംബങ്ങളുണ്ട്. അംഗീകൃത കോളനികൾ 19 എണ്ണമുണ്ട്. ഒരു പട്ടിക ജാതി സഹകരണസംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗം ഈ പഞ്ചായത്തിൽ ഇല്ല.

## പ്രധാന പ്രശ്നങ്ങൾ

1. ദാരിദ്ര്യം
2. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
3. തൊഴിലില്ലായ്മ
4. അന്ധവിശ്വാസം
5. സാമൂഹ്യ ഉച്ചനീചത്ത്വങ്ങൾ
6. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സങ്ങൾ
7. ആനുകൂല്യങ്ങൾ അനർഹർക്ക് ലഭിക്കുന്നു.
8. കോളനികളിൽ പാശ്ചാത്തല സൗകര്യങ്ങൾ ഇല്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. തൊഴിലില്ലായ്മ, പാരമ്പര്യ തൊഴിൽ മേഖലയുടെ തകർച്ച, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, വെള്ളകോളർ ജോലിയോടുള്ള ആഭിമുഖ്യം എന്നിവയാണ് ദാരിദ്ര്യത്തിന്റെ പ്രധാനകാരണങ്ങൾ. പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ സംരംഭ സ്ഥാപനങ്ങൾ തുടങ്ങുകയും തൊഴിൽ പരിശീലനങ്ങൾ നൽകുകയും വേണം. ഇന്നുള്ള ട്രൈസം പരിശീലന പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കണം. കെട്ടിട നിർമ്മാണം, ഫർണ്ണീച്ചർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സോപ്പു നിർമ്മാണം എന്നിവയിൽ പരിശീലനം നൽകണം. ഈ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരരക്കുന്നതിന് പ്രത്യേക പരിഗണന നൽകണം. പരമ്പരാഗത തൊഴിലുകൾ പ്രാദേശികമായി ലഭിക്കുന്ന തൊഴിലുകൾ എന്നിവയിൽ പുതിയ തലമുറക്കുള്ള വിമുഖത മാറ്റിയെടുക്കുകയും എല്ലാ തൊഴിലും മാന്യമാണെന്ന ബോധം വളർത്തുകയും വേണം.

2. ഇന്നത്തെ ആധുനിക സമൂഹത്തിൽ പോലും പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ അബദ്ധജടിലമായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു. ഈ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മാറ്റുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

3. സമൂഹത്തിൽ പട്ടികജാതി വിഭാഗങ്ങൾക്ക് മാന്യമായ സ്ഥാനം ലഭിക്കുന്നില്ല. കോളനികൾ പട്ടികജാതി വിഭാഗങ്ങൾക്കായി സ്ഥാപിച്ചു തുടങ്ങിയതോടെ സമൂഹത്തിന്റെ ഒരു പ്രത്യേക മേഖലയിലേക്ക് അവർ മാറ്റി നിറുത്തപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ വിഭാഗങ്ങളെ എത്തിക്കുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടാവണം. പഞ്ചായത്ത് തല പൊതു പരിപാടികളിൽ ഈ വിഭാഗത്തിൽ പെട്ടവർക്ക് അർഹമായ പ്രാമുഖ്യം ഉറപ്പുവരുത്തണം.

4. അർഹമായ ആനുകൂല്യങ്ങൾ യഥാസമയം മുഴുവനായും ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകണം. അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് കർശനമായും ഒഴിവാക്കണം.

5. ഈ പഞ്ചായത്തിൽ 19 പട്ടികജാതി കോളനികൾ ഉണ്ട്. എല്ലാ കോളനികളിലും ആവശ്യത്തിനുള്ള പാശ്ചാത്തല സൗകര്യങ്ങൾ ഇല്ല. കോളനികളുടെ പ്രധാന പ്രശ്നങ്ങൾ കുടിവെള്ളം, ഗതാഗതസൗകര്യം, പാർപ്പിടം, വൈദ്യുതി, ശുചിത്വം ഇവയാണ്. പട്ടിക 1-ൽ കോളനികളുടെ വിവരം കൊടുത്തിരിക്കുന്നു.

കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടിയുണ്ടാകണം. പല കോളനികളിലും ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വെള്ളം ലഭ്യമല്ല. പൊട്ടിത്തകർന്ന ടാപ്പുകൾ മാറ്റി സ്ഥാപിക്കാനും, മതിയായ അളവിൽ ശുദ്ധജലം പൈപ്പിലൂടെ വിതരണം ചെയ്യാനും കഴിയണം. പകുതിയിൽ കൂടുതൽ കോളനികളിൽ കിണറുകളുണ്ടെങ്കിലും 3ാം വാർഡിലെയും, 7ാം വാർഡിലെയും കോളനി കിണറുകൾ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് ഉപയോഗിക്കാൻ കഴിയില്ല. കിണറുകൾ യഥാസമയം ചെളി നീക്കി വൃത്തിയാക്കി ഉപയോഗയോഗ്യമാക്കണം. പുതിയ കിണറുകൾ സ്ഥാപിക്കുമ്പോൾ ശുദ്ധജലലഭ്യതയുള്ള പ്രദേശത്ത് മാത്രം സ്ഥാപിക്കണം. പൊതു കിണറിന് സ്ഥലം നൽകുന്നവർ കാലക്രമേണ ആ കിണർ കയ്യടക്കുന്നതായി കാണുന്നു. ഇത് ഒഴിവാക്കാനുള്ള നടപടി ഉണ്ടാകണം.

ഗതാഗത സൗകര്യങ്ങളിലും കോളനികളുടെ നില ശോചനീയമാണ്. 16 കോളനികളിലും ഗതാഗതയോഗ്യമായ വഴികളില്ല. കോളനികളിലേക്ക് ഗതാഗതസൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാക്കണം.

കോളനികളിൽ താമസിക്കുന്ന 188 കുടുംബങ്ങൾക്ക് വീടില്ല. 237 കുടുംബങ്ങൾ കുടിലുകളിലാണ് താമസിക്കുന്നത്. വീടില്ലാത്തവർക്ക് മുഴുവൻ വീടു നൽകാൻ പദ്ധതി ആവിഷ്ക്കരിക്കണം.

കോളനികളിലെ ശുചിത്വ നിലവാരം വളരെ ശോചനീയമാണ്. വേണ്ടത്ര കക്കൂസുകളില്ലാത്തതും വെള്ളം കെട്ടി കിടക്കുന്നതുമാണ് ഇതിനു കാരണം. വേണ്ടത്ര കക്കൂസുകൾ നിർമ്മിക്കുകയും മലിനജലം ഒഴുക്കിക്കളയാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാനാകും.

6. പട്ടികജാതിയിൽപ്പെട്ട യുവതികൾക്ക് ഇപ്പോൾ നൽകിവരുന്ന വിവാഹധനസഹായത്തിനുള്ള വരുമാന പരിധി 6000 ക യിൽ നിന്നും 10,000 ക യായി ഉയർത്തണം. സഹായധനം 2000 ക യിൽ നിന്ന് 5000 ക യാക്കണം.

7. പട്ടിക ജാതി വികസനത്തിന് വേണ്ടി നീക്കിവെക്കപ്പെട്ട വിഹിതം പ്രസ്തുത വിഭാഗത്തിൻെറ ക്ഷേമ പ്രവർത്തനങ്ങൾക്ക് മാത്രം വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

8. പട്ടിക ജാതി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

# പട്ടിക - 1 പട്ടികജാതി കോളനി വിവരം

| വാർഡ് നമ്പർ | ക്രമ നമ്പർ | പേര് | വീടുകൾ പട്ടിക ജാതി | വീടുകൾ മറ്റുള്ള വർ | വീടിന്റെ സ്വഭാവം കോൺക്രീറ്റ് | വീടിന്റെ സ്വഭാവം ഓട് | വീടിന്റെ സ്വഭാവം ഓല | വീടില്ലാത്തവർ | കക്കൂസ് ഇല്ലാത്തവർ | ഗതാഗത യോഗ്യമായ | വൈദ്യുതീകരിച്ച വീട് | കിണർ | ടാപ്പ് | പൊതുകക്കൂസ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | 1. | നവപ്രഭ | 7 | 6 | 2 | 9 | 2 | 7 | 2 | ഉണ്ട് | 11 | 7 | 1 | ഇല്ല | |
| | 2. | കാട്ടുകടവ് ഈസ്റ്റ് | 8 | 2 | ഇല്ല | 9 | 1 | 5 | 2 | ഇല്ല | 8 | 1 | 2 | ഇല്ല | |
| | 3. | കോലോത്തുംകുന്ന് അംബേദ്ക്കർ | 12 | 2 | ഇല്ല | 2 | 12 | 8 | 10 | ഇല്ല | 2 | 1 | 2 | ഇല്ല | |
| II | 1. | ഗാന്ധിനഗർ | 15 | 14 | 1 | 19 | 9 | 9 | 8 | ഇല്ല | 24 | 2 | 1 | ഇല്ല | |
| | 2. | നെടുമ്പുര പ്രിയദർശിനി | 16 | 5 | 1 | 14 | 6 | 7 | 5 | ഇല്ല | 10 | 5 | ഇല്ല | ഇല്ല | |
| III | 1. | മുനയം | 24 | 23 | 3 | 23 | 21 | 14 | 21 | ഇല്ല | 11 | 2 | 1 | ഇല്ല | |
| | 2. | മുനയം ഈസ്റ്റ് | 10 | 3 | 1 | 10 | 2 | 4 | 8 | ഇല്ല | 3 | 1 | ഇല്ല | ഇല്ല | |
| | 3. | ചെമ്പൻചാൽ | 18 | 4 | 1 | 13 | 8 | 6 | 9 | ഇല്ല | 10 | ഇല്ല | 1 | ഇല്ല | |
| | 4. | വലക്കഴ നോർത്ത് | 11 | 1 | 1 | 10 | 1 | 4 | 5 | ഇല്ല | 10 | ഇല്ല | 1 | ഇല്ല | |
| IV | 1. | മനക്കോട്ടുമന അംബേദ്ക്കർ | 8 | 7 | ഇല്ല | 14 | 1 | 2 | ഇല്ല | ഉണ്ട് | 13 | 1 | 1 | ഇല്ല | |
| V | 1. | നരിക്കുഴി | 16 | 2 | 7 | 10 | 8 | 10 | 5 | ഉണ്ട് | 4 | 4 | 1 | ഇല്ല | |
| | 2. | രാജീവ്ഗാന്ധി | 26 | 11 | ഇല്ല | ഇല്ല | 37 | 37 | 4 | ഉണ്ട് | ഇല്ല | 1 | 3 | ഇല്ല | |
| VI | 1. | വലക്കഴ സൗത്ത് | 13 | 11 | ഇല്ല | 22 | 2 | 4 | 4 | ഇല്ല | ഇല്ല | ഇല്ല | 2 | ഇല്ല | |
| VII | 1. | തുണ്ടൻപറമ്പ് | 28 | 20 | 3 | 23 | 22 | 7 | 15 | ഇല്ല | 10 | 2 | 2 | ഇല്ല | |
| | 2. | അയ്യങ്കാളി | 15 | 10 | ഇല്ല | 8 | 17 | 5 | 10 | ഇല്ല | 20 | ഇല്ല | 2 | ഇല്ല | |
| | 3. | മധുരംപിള്ളി | 22 | 42 | 5 | 25 | 34 | 12 | 15 | ഇല്ല | 24 | 1 | 6 | ഇല്ല | |
| | 4. | വെള്ളേച്ചരൻ | 27 | 25 | 5 | 27 | 20 | 15 | 20 | ഇല്ല | ഇല്ല | ഇല്ല | 3 | ഇല്ല | |
| VIII | 1. | ശ്രീകാളീശ്വരി | 30 | 29 | 2 | 36 | 21 | 20 | 20 | ഉണ്ട് | 38 | 2 | 3 | ഇല്ല | |
| IX | 1. | അംബേദ്കർ | 10 | 8 | 6 | 10 | 2 | 9 | 4 | ഇല്ല | 16 | ഇല്ല | 1 | ഇല്ല | |
| | 2. | ഇല്ലിക്കാട് പടിഞ്ഞാറ് | 11 | 9 | 2 | 14 | 4 | 2 | 5 | ഇല്ല | ഇല്ല | 1 | 1 | ഇല്ല | |
| | 3. | ഇല്ലിക്കാട് കിഴക്ക് | 17 | 16 | ഇല്ല | 26 | 7 | 6 | 12 | ഇല്ല | 10 | 1 | 3 | ഇല്ല | |
| | | ആകെ | 344 | 250 | 33 | 324 | 237 | 188 | 184 | | 234 | 32 | 37 | | |

## അധ്യായം 13



# വിഭവ സമാഹരണം

# 13.1 വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധി കാർഷീക വ്യവസായരംഗത്തെ നിശ്ചലതയാണ്. ഇതുമൂലം പ്രാദേശിക വിഭവസമാഹരണത്തിനുള്ള ലഭ്യത തുച്ഛമാണ്. വിഭവ സമാഹരണത്തിനായി പുതിയ മാർഗ്ഗങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

## പഞ്ചായത്തിൽ നിലവിലുള്ള പ്രധാന വരുമാനമാർഗ്ഗങ്ങൾ

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി, ചന്തവരവ്, ലൈസൻസ് ഫീ, കെട്ടിട നികുതി, സർചാർജ്ജ്, വസ്തു കൈമാറ്റ നികുതി എന്നിവയാണ്.

കഴിഞ്ഞ 3 വർഷത്തെ വരവ് സംബന്ധിച്ച വിവരം പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്. ഇതു കുടാതെ സർക്കാർ ഗ്രാൻറ്, സംഭാവന, ഡെപ്പോസിറ്റുകൾ എന്നിവയിൽ നിന്നുള്ള വരുമാനവും ഉണ്ട്.

പഞ്ചായത്തിലെ പ്രധാന ചെലവിനങ്ങൾ ഭരണചെലവും മരാമത്ത് ചെലവുമാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ ചെലവ് വിവരം പട്ടിക 2 ൽ കൊടുത്തിട്ടുണ്ട്.

കാർഷിക വ്യാവസായിക രംഗങ്ങളിലെ മുരടിപ്പു മാറ്റി ഉൽപാദന വർദ്ധനവ് സാധ്യമാക്കിയാലെ വികസന ആവശ്യങ്ങൾക്ക് പണം സ്വരൂപിക്കാനാകൂ.

കാർഷിക, വ്യാവസായിക രംഗത്തെ വികസനത്തിനുള്ള സാധ്യതകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അവ നടപ്പിലാക്കാൻ കഴിഞ്ഞാൽ പ്രാദേശിക വിഭവ ലഭ്യത കൂടും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നിലയാണ് ഇന്നുള്ളത. ഒരു പൊതു മാനദണ്ഡമില്ലാതെ ഗ്രാൻറുകൾ വിഭജിച്ചു നൽകുന്നതുമൂലം സ്വാധീനശക്തിയില്ലാത്ത പഞ്ചായത്തുകൾക്ക് അത്യാവശ്യ ഗ്രാൻറുപോലും യഥാസമയം ലഭിക്കുന്നില്ല. ജനസംഖ്യാനുപാതികമായി ഗ്രാൻറുകൾ വിഭജിച്ച് വിതരണം ചെയ്യാൻ നടപടി ഉണ്ടാകണം.

കൂടുതൽ നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത കുറവാണ്. നികുതി പിരിവ് കുറെകൂടി കാര്യക്ഷമമാക്കുകയും, നികുതി വെട്ടിപ്പ് ഒഴിവാക്കുകയും ചെയ്താൽ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാം.

കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് ശാസ്ത്രീയമാക്കണം. ആഢംബരകെട്ടിടനിർമ്മാണം നടത്തുന്ന സമ്പന്ന സമൂഹത്തിന് ആഢംബര നികുതി ചുമത്തണം.

വസ്തു കൈമാറ്റ മേഖലയിലെ വ്യാപകമായ നികുതി വെട്ടിപ്പ് തടയാൻ ഭൂമിയുടെ തറവില നിശ്ചയിച്ച് അതിൻെറ അടിസ്ഥാനത്തിൽ വസ്തുകൈമാറ്റ നികുതി നിശ്ചയിക്കണം.

ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് രൂപീകൃതമായാൽ ആവഴിക്കും തൊഴിൽ നികുതി ലഭിക്കും. വി. ടി. സി., അടിസ്ഥാനനികുതി, വസ്തുകൈമാറ്റ നികുതി എന്നിവയിൽ നിന്നു ലഭിക്കുന്ന വിഹിതം പോലെ വിൽപ്പന നികുതിയിൽ നിന്നും ഒരു നിശ്ചിത വിഹിതം പഞ്ചായത്തുകൾക്ക് ലഭ്യമാക്കാൻ നടപടി ഉണ്ടാക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചന്തയിൽ നിന്നു ലഭിക്കുന്ന വരുമാനം തുച്ഛമാണ്. ചന്തക്കകത്ത് പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ എണ്ണവും കയറ്റിറക്കു ചെയ്യുന്ന ചരക്കുകളുടെ അളവും കണക്കാക്കി നികുതി ചുമത്തി ചന്തവരവ് വർദ്ധിപ്പിക്കാം.

പരസ്യാവശ്യത്തിനായി ഉപയോഗിക്കുന്ന മതിലുകൾ, ബോർഡുകൾ എന്നിവക്ക് ഒരു നിശ്ചിത തുക പരസ്യഇനത്തിൽ ഈടാക്കാം.

പല സംഘടനകളും ടിക്കറ്റ് വെച്ച് പരിപാടികൾ നടത്തുകയും, എന്നാൽ വിനോദനികുതി നൽകാതിരിക്കുകയും ചെയ്യുന്നു. ഈ പ്രവണത ഒഴിവാക്കാനായി തികച്ചും സൗജന്യമായി നടത്തുന്ന പരിപാടികൾ ഒഴികെ ബാക്കി എല്ലാ പരിപാടികൾക്കും നികുതി ഈടാക്കണം.

പഞ്ചായത്ത് സമിതിയും അയൽ കൂട്ടങ്ങളും ഇടപെട്ട് പരമാവധി ദേശീയ സമ്പാദ്യ നിക്ഷേപം സ്വരൂപിക്കാൻ കഴിഞ്ഞാൽ കമ്മീഷൻ ഇനത്തിൽ വരുമാനം കൂട്ടാം.

കേബിൾ ടി. വി., കാസറ്റ് കടകൾ എന്നിവക്ക് വിനോദനികുതി ഈടാക്കണം.

വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടി വരുന്ന ചെലവിന് പ്രായോജകരെ കണ്ടെത്തണം.

വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കണം.

## മറ്റു വരുമാനസാധ്യതകൾ

കാട്ടൂർ തെക്കും പാടത്ത് കക്ക നിക്ഷേപമുള്ള പ്രദേശങ്ങളുണ്ട്. ഇവയുടെ സാധ്യത ഉപയോഗപ്പെടുത്തിയാൽ ഒരു വരുമാനമാർഗമായിരിക്കും.

പഞ്ചായത്തിലെ കുളങ്ങൾ മത്സ്യം വളർത്താനും, താമര വളർത്താനും പാട്ടത്തിനു കൊടുത്ത് വരുമാനം കൂട്ടാം.

കാട്ടൂർ ബസാറിൽ പഞ്ചായത്ത് വിലക്കു വാങ്ങിയിട്ടുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് സ്റ്റേഷൻ വാടകയ്ക്ക് നൽകിയാൽ മറ്റൊരു വരുമാനമാർഗമാകും.

തൊഴിലില്ലാത്ത മുഴുവൻ യുവജനങ്ങളുടേയും കർമ്മശേഷി ഉപയോഗപ്പെടുത്തണം.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനം അവരുടെ സഹകരണത്തോടെ, പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉത്പാദനമേഖലയിൽ ഉപയോഗിക്കാനുള്ള സാധ്യത കണ്ടെത്തണം.

ബാങ്കുകളും മറ്റു സാമ്പത്തിക സ്ഥാപനങ്ങളും, പഞ്ചായത്തിൽ നിന്നു സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80% എങ്കിലും പഞ്ചായത്തിനകത്ത് തന്നെ വായ്പയായി നൽകണം. ഗ്രാമസഭകളോ, പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ നൽകാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം ഉണ്ടാവണം.

നികുതി പിരിവിന് നേതൃത്വം നൽകാൻ വാർഡ് മെമ്പർമാരും വികസന സമിതികളും തയ്യാറാവണം.

കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും ജനങ്ങളെ ബോധ്യപ്പെടുത്തുവാനുമുള്ള സംവിധാനം പഞ്ചായത്ത് ആപ്പീസിൽ വേണം.

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ 33% ഭരണ ചെലവുകൾക്കും 38% മരാമത്തു ചെലവുകൾക്കും 29% മറ്റു ചെലവുകൾക്കുമാണ് വിനിയോഗിക്കുന്നത്.

പൊതുമരാമത്തു ചെലവുകൾ, പ്രാദേശിക മനുഷ്യ വിഭവശേഷി ഉപയോഗിച്ച് കുറഞ്ഞത് 20% മെങ്കിലും കുറക്കുവാൻ കഴിയും.

ചെലവ് നിയന്ത്രിക്കാൻ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം വേണം. നിർദ്ദേശിക്കപ്പെട്ട പുതിയ വരുമാനമാർഗങ്ങൾ മുഴുവനായി ഉപയോഗപ്പെടുത്തിക്കൊണ്ട് സമഗ്രമായ വികസനത്തിന് പാതയൊരുക്കാം.

# പട്ടിക 1
# വരവിനങ്ങൾ

## വരവ് സംബന്ധിച്ച് വിവരങ്ങൾ

| ഇനം | 1993-94 ധനാഭ്യർത്ഥന | 1993-94 പിരിച്ചത് | 1993-94 ബാക്കി | 1994-95 ധനാഭ്യർത്ഥന | 1994-95 പിരിച്ചത് | 1994-95 ബാക്കി | 1995-95 ധനാഭ്യർത്ഥന | 1995-95 പിരിച്ചത് | 1995-95 ബാക്കി |
|---|---|---|---|---|---|---|---|---|---|
| കെട്ടിട നികുതി | 3,05,776 | 3,05,776 | ഇല്ല | 3,12,380.50 | 3,12,380.50 | ഇല്ല | 3,29,292.00 | 3,29,292.00 | ഇല്ല |
| തൊഴിൽ നികുതി | 1,12,210.00 | 1,12,210.00 | ഇല്ല | 1,29,100 | 1,29,100 | ഇല്ല | 1,50,186 | 1,50,186 | ഇല്ല |
| വിനോദ നികുതി | 14,022.70 | 14,022.70 | ഇല്ല | 13,713.33 | 13713.33 | ഇല്ല | 17,247.50 | 17,247.50 | ഇല്ല |
| അഡി. വിനോദ നികുതി | 8,541.70 | 8,541.70 | ഇല്ല | 8,300.92 | 8,300.92 | ഇല്ല | 10,402 | 10,402 | ഇല്ല |
| പ്രദർശന നികുതി | 1,569.00 | 1,569.00 | ഇല്ല | 1,892 | 1,892 | ഇല്ല | 1,941 | 1,941 | ഇല്ല |
| പ്രദർശന നികുതി സർചാർജ്ജ് | 405.75 | 405.75 | ഇല്ല | 475.75 | 475.75 | ഇല്ല | 492 | 492 | ഇല്ല |
| ചന്തവരവ് | 2,450.00 | 2,450.00 | ഇല്ല | 2,575 | 2,575 | ഇല്ല | 2,575 | 2,575 | ഇല്ല |
| ലൈസൻസ് ഫീസ് | 7,244.00 | 7,244.00 | ഇല്ല | 7,490 | 7,490 | ഇല്ല | 7,558 | 7,558 | ഇല്ല |
| കെട്ടിട നികുതി സർചാർജ്ജ് (ലൈബ്രറി സെസ്സ്) | 15,291.40 | 15,291.40 | ഇല്ല | 15,619 | 15,619 | ഇല്ല | 16,488.75 | 16,488.75 | ഇല്ല |
| വസ്തു കൈമാറ്റ നികുതി 75% | 1,35,609.00 | 1,35,609.00 | ഇല്ല | 1,19,741 | 1,19,741 | ഇല്ല | 81,256 | 81,256 | ഇല്ല |
| ,, ,, ,, 25% | 1,00,000.00 | 1,00,000.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1,00,000 | 1,00,000 | ഇല്ല |
| സർക്കാർ ഗ്രാൻറുകളും മറ്റു വരവുകളും | 45,339.30 | 45,339.30 | ഇല്ല | 1,07,320.65 | 1,07,320.65 | ഇല്ല | 6,70,997 | 6,70,997 | ഇല്ല |
| സംഭാവന | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 75,500 | 75,500 | ഇല്ല |
| ഡെപ്പോസിറ്റ് | 19,088.00 | 19,088.00 | ഇല്ല | 2800 | 2800 | ഇല്ല | 6725 | 6725 | ഇല്ല |
| മറ്റുള്ളവ | 5,01,409.00 | 5,01,409 | ഇല്ല | 334976 | 334976 | ഇല്ല | 913888.75 | 913888.75 | ഇല്ല |
| ആകെ | 12,68,955.85 | 12,68,955.85 | ഇല്ല | 1056384.15 | 1056384.15 | ഇല്ല | 2311369.00 | 2311369.00 | ഇല്ല |

# പട്ടിക 2

## ചെലവ് വിവരം

| | 1993–94 | 1994–95 | 1995–96 |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് | 5,74,083.50 | 6,26,767.00 | 7,02,388.00 |
| മരാമത്ത് | 1,63,648.00 | 1,62,546.00 | 8,14,220.00 |
| മറ്റുള്ളവ | 1,53,496.00 | 5,92,014.00 | 6,49,744.00 |
| | 8,91,227.50 | 13,81,327.00 | 21,66,352.00 |

''വരും വർഷങ്ങളിൽ നാം പലതും
ചെയ്തേക്കും പക്ഷേ ഇന്നു നാം എന്ത്
ചെയ്തു? നമ്മുടെ മുഴുവൻ സ്വർണ്ണവും
നാം നൽകിയേക്കും പക്ഷേ ഇന്ന്
നാം എന്ത് നൽകി?''

നിക്സൺ വാട്ടർമാൻ

# കാട്ടൂർ ഗ്രാമ പഞ്ചായത്ത്
# വികസന റിപ്പോർട്ട്
## (അനുബന്ധം)

പേജ് 1

**ജനപ്രതിനിധികൾ**

പേജ് 2

**ജീവനക്കാർ**

പേജ് 3 മുതൽ

**കൂട്ടിച്ചേർത്തത്**

അടുത്തത്

**ശുദ്ധിപത്രം**

# കാട്ടൂർ ഗ്രാമ പഞ്ചായത്ത്
# ജനപ്രതിനിധികൾ

## പഞ്ചായത്ത് അംഗങ്ങൾ

വാർഡ് 1 ശ്രീ. ഇ. എൽ. ജോസ് (മെമ്പർ)

വാർഡ് 2 അഡ്വ: പത്മിനി നാരായണൻ ,,

വാർഡ് 3 ശ്രീ. കെ. സി. സുന്ദരൻ ,,

വാർഡ് 4 ,, കണാറ രവി (വൈസ് പ്രസിഡന്റ്)

വാർഡ് 5 ,, എം. എം. മുഹമ്മദലി (മെമ്പർ)

വാർഡ് 6 ,, എം. ജെ. റാഫി (സ്റ്റാന്റിംഗ് കമ്മിററി ചെയർമാൻ)

വാർഡ് 7 ശ്രീമതി. ആനി ആന്റണി (പ്രസിഡന്റ്)

വാർഡ് 8 ശ്രീ. എ. എസ്. ഹൈദ്രോസ് (മെമ്പർ)

വാർഡ് 9 ശ്രീമതി. പ്രേമവല്ലി രാഘവൻ ,,

## ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

1. ശ്രീ. വർഗ്ഗീസ് പുത്തനങ്ങാടി
2. ശ്രീമതി. ഇന്ദിരാനകുലൻ

## ജില്ലാ പഞ്ചായത്ത് അംഗം

ശ്രീമതി. ശാരദ രാമൻ

**നിയമസഭാംഗം** : ശ്രീ. ലോനപ്പൻ നമ്പാടൻ

**ലോകസഭാംഗം** : ശ്രീ. പി. സി. ചാക്കോ

# പഞ്ചായത്ത് ജീവനക്കാർ

സെക്രട്ടറി : ശ്രീ. എസ്. എം. ബാലകൃഷ്ണപണിക്കർ

**ജീവനക്കാർ:**

ശ്രീമതി ടി. കെ. ശാന്തകുമാരി
,, പി. കെ. ഹബ്സ ബീവി
ശ്രീ. തോമസ് ആന്റണി
,, കെ കെ. പീതാംബരൻ
ശ്രീമതി. കെ. പി. ഇന്ദിര
ശ്രീ. വി. എൻ. ബാബു
ശ്രീമതി. കെ. അനിത
ശ്രീ. എൻ. വി രമേശ്കുമാർ
കുമാരി. പി. വി. കമലാക്ഷി
,, വി. ആർ. തങ്കമ്മ
ശ്രീമതി രമാദേവി
,, കെ. വി. സതീദേവി

# കൂട്ടിച്ചേർത്തത്

പേജ്

42 പ്രശ്നം 9 യുവതി യുവാക്കളെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കുന്നതിന് സർക്കാർ ധനസഹായത്തിന്റെ അപര്യാപ്തത

50 ഒന്നാംവരി ഡെ. സ്പീക്കറായിരുന്ന ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ, ശ്രീ. എ. കെ. ജോർജ്ജ് മുൻ. എം. എൽ. എ., ശ്രീ. എ. ടി. കുഞ്ഞിപ്പാലു മുൻ. എം. എൽ. സി. എന്നിവരെല്ലാം ഇവിടത്തെ വിദ്യാർത്ഥികളായിരുന്നു.

54 15 ബാഹ്യ രാഷ്ട്രീയ ഇടപെടൽ സ്കൂൾ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കണം.

16 എല്ലാ സ്കൂളിലും സ്കൗട്ട്, ഗൈഡ് പ്രസ്ഥാനം ആരംഭിക്കണം.

59 10 ഹെൽത്ത് വിസിറ്റേഴ്സിന് തൃപ്തികരമായി പ്രവർത്തിക്കാൻ ഓഫീസ് സൗകര്യം വേണം.

11 ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

69 10 വെള്ളക്കെട്ടുള്ള കോളനി പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കണം.

11 ഭിക്ഷാടകർ പൊതുസ്ഥലത്ത് മല വിസർജ്ജനം നടത്തുന്നതും, വൃത്തിഹീനമായി ടാപ്പുകൾ ഉപയോഗിക്കുന്നതും തടയണം.

87 പട്ടിക 3 വാർഡ് II 4 പൂവ്വച്ചോട് വെസ്റ്റ് റോഡ് 800 4

92 പട്ടിക 7 വാർഡ് VII 4 കരിങ്കുറ്റിച്ചാൽ
M. M. കനാൽ റോഡ് 800 2

96 പട്ടിക 3. 19 കരിങ്കുറ്റിച്ചാൽ 300 3 ഫേസ് ഒന്ന്

100 മാവേലി സ്റ്റോർ സ്ഥാപിക്കണം.

111 10 ക്ഷേമപരിപാടികളുടെ വിവരം വാർഡ് തോറും നോട്ടീസ് ബോർഡുകൾ സ്ഥാപിച്ച് പരസ്യപ്പെടുത്തണം.

118 പാര 2 വാക്യം 3 തൂലിക, നീനദം, മയൂഖം എന്ന മാസികകളും കാട്ടൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.

120 10 പഞ്ചായത്ത്തലകേന്ദ്രകലാസമിതി രൂപീകരിക്കണം. ഈ സമിതിയുടെ നേതൃത്വത്തിൽ വർഷംതോറും കലാവിരുന്ന് നടത്തണം.

134 14 കൂടുതൽ അദ്ധ്വാനം ആവശ്യമുള്ളതും അപകട സാദ്ധ്യതയുള്ളതുമായ തൊഴിലുകളിൽ ഏർപ്പെടുന്നതുമായ വനിതകൾക്ക് ഇൻഷൂറൻസ് സംരക്ഷണ ഏർപ്പെടുത്തണം.

140 2-ാം വരി കാട്ടൂർ പഞ്ചായത്ത് കൺസ്യൂമർ സഹകരണ സ്റ്റോർ നമ്പ്ര് 866 എന്നത് പ്രവർത്തനം നിലച്ചുപോയ മറ്റൊരു സംഘമാണ്.

141 നിർദ്ദേശങ്ങൾ 15 സംഘം ലിക്വിഡേററ് ചെയ്ത് ബാദ്ധ്യത അവസാനിപ്പിക്കുമ്പോൾ നിക്ഷേപകർക്കും, അംഗങ്ങൾക്കും മുൻഗണന നൽകുക.

141 സാദ്ധ്യത 13 കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ വിപണന സഹകരണ സംഘം ബ്ലോക്ക് വ്യാപകാതിത്തിയായി രൂപീകരിക്കുക.

154

പട്ടിക 3

## ധനകാര്യ സ്ഥാപനങ്ങളുടെ വിവരം

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
2. ജില്ല സഹകരണ ബാങ്ക് ശാഖ.
3. കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്
4. സൗത്ത് ഇന്ത്യൻ ബാങ്ക് കാട്ടൂർ ശാഖ.
5 സൗത്ത് ഇന്ത്യൻ ബാങ്ക് കരാഞ്ചിറ ശാഖ.
6. കാത്തലിക് സിറിയൻ ബാങ്ക്. എക്സ്റ്റൻഷൻ കൗണ്ടർ, കരാഞ്ചിറ.

# കോർഗ്രൂപ്പ്

പേജ് 156 (പുസ്തകത്തിൽ വിട്ടുപോയത്)

## മൃഗസംരക്ഷണം, മത്സ്യബന്ധനം

അഡ്വ: പത്മിനി നാരായണൻ
ശ്രീ എ. കെ. ഷംസുദ്ദീൻ

## ആരോഗ്യം, കുടിവെള്ളം

ശ്രീ. ഇ. എൽ. ജോസ്
,, കെ. കെ. സതീശൻ
,, എം. ജെ. ബേബി

## ഗതാഗതം, ഊർജ്ജം

ശ്രീ. എം. ജെ. റാഫി
,, കെ. വി. മുരളീമോഹൻ

## സംസ്കാരം

ശ്രീ. എ. എസ്. ഹൈഡ്രോസ്
,, അശോകൻ ചരുവിൽ

## സഹകരണം

ശ്രീ. എം. എം മുഹമ്മദലി
,, യു. എ. ലോനപ്പൻ
,, ഐ. കെ. ഗോപാലൻ

## വിഭവസമാഹരണം

ശ്രീ. എസ്. എം. ബാലകൃഷ്ണപണിക്കർ
,, ടി. എ. തിലകൻ

# ശുദ്ധിപത്രം

| പേജ് | പുസ്തകത്തിലുള്ളത് | തിരുത്തി വായിക്കേണ്ടത് |
|---|---|---|
| 12 | 1.40 ഏക്കർ | 1.62 ഏക്കർ |
| 12 | ഹരിജൻ സഹകരണ സംഘം | പട്ടികജാതി സഹകരണ സംഘം |
| 13 | കൂടിയുള്ള രാഷ്ട്രീയ ജീവിതം | രാഷ്ട്രീയ ജീവിതം |
| 19 | മേലാധികാര പ്രവർത്തതയിൽ | മേലധികാര പ്രമത്തതയിൽ |
| 20 | തുമ്പി തുള്ളുന്നവർ | തുമ്പി തുന്നുന്നവർ |
| 21 | കൂടുതൽ ആദായമുണ്ടാക്കാൻ | |
| | ഉത്പാന്നങ്ങളുടെ വിലയിടിവ് | ഉൽപ്പന്നങ്ങളുടെ വിലയിടിവ് |
| 29 (പട്ടിക 4 ൽ) | എച്ച്. ടി. | എം. ടി. |
| 31 (പട്ടിക 5) | അനുവദിച്ച തുക, ചെലവഴിച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക<br>അനുവദിച്ച തുക, ചെലവഴിച്ച തുക | 93-94: അനുവദിച്ച തുക, ചെലവഴിച്ച തുക<br>94_95: അനുവദിച്ച തുക, ചെലവഴിച്ച തുക<br>95_96: അനുവദിച്ച തുക, ചെലവഴിച്ചതുക |
| 32 | ഒരു ജലബാധിതം | ഓരു ജല ബാധിതം |
| 32 | K L D L കട്ടപ്പാക്കുഴി | K L D L കനാൽ കടുവാക്കുഴി |
| 33 | തിണ്ണിശ്ശേരി | താണിശ്ശേരി |
| 33 (ഇനം 15) | പാടശേഖരങ്ങൾ | പാടശേഖരങ്ങളിൽപ്പെട്ട |
| 33 (ഇനം 23) | ലിഫ്ഢഢററ് ഇറിഗേഷൻ | ലിഫ്ററ് ഇറിഗേഷൻ |
| 34 (പട്ടിക 4) | കനാൽ | കനാൽ 1.5 |
| 34 | കുളങ്ങൾ 3.33 | കുളങ്ങൾ 3.33 (ഹെക്ടർ) |
| 35 | കാട്ടൂർ കുളം | കാട്ടൂർ കുളം 0.31 (പള്ളിക്കുളം) |
| 35 | ചേന്ദൻകുളം 3.1 | ചേന്ദൻകുളം 0.31 |
| 35 | വാക്കാട്ട് വഴി | വാക്കാട്ട്കുഴി |
| 35 | അകമ്പാടം കാപ്പ് 5.7 | അകമ്പാടം കാപ്പ് 1.57 |
| 35 | ലക്ഷം വീട് കോളനി കുളം 0.5 | ലക്ഷംവീട് കോളനികുളം 0,05 |
| 37 (ഇനം 4) | നെൽകൃഷി | K T L I നെൽകൃഷി |
| 37 (ഇനം 7) | അകമ്പാടം പുറമ്പാടം | അകമ്പാടം പുറമ്പാടം |
| 37 | (കർഷക സേവാ സംഘം) | (കർഷകസേവാ സമിതി) |
| 37 (ഇനം 10) | കരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ | കരാഞ്ചിറ ലിഫ്റ്റ് ഇറി (പുരയിട കൃഷി) |
| 49 | മുറമ്മദുണ്ണി സാഹിബ് | മുഹമ്മദുണ്ണി സാഹിബ് |
| 49 | ടി. കെ. കൊച്ചുബാവ | ടി. വി കൊച്ചുബാവ |

| പേജ് | പുസ്തകത്തിലുള്ളത് | തിരുത്തി വായിക്കേണ്ടത് |
|---|---|---|
| 50 | റോസ് കോളേജ് | തേക്കും മൂലയിൽ റോസ് കോളേജ് |
| 51 | ഗവ. ഹൈസ്കൂൾ ഉണ്ട്_ഉണ്ട്_ | ഗവ. ഹൈസ്കൂൾ–ഉണ്ട് ഉണ്ട്_ഉണ്ട്_ |
| 51 (പട്ടിക 4) | പോംപൈ സെന്റ്മേരീസ് ഹൈസ്കൂൾ മാതൃസംഗമം_ഇല്ല | പോംപൈ സെന്റ് മേരീസ് ഹൈസ്കൂൾ മാതൃസംഗമം_ഉണ്ട് |
| 53 (ഇനം 6) | സൗകര്യപ്രദമായ | സൗകര്യ പ്രദമായ സ്ഥലത്ത് |
| 53 (ഇനം 7) | സ്കൂളുകളിലെ........വദ്ധിപ്പിക്കുകയും ചെയ്താൽ | സ്കൂളുകകളിലെ പഠനനിലവാരം ഉയർത്തുകയും..........വദ്ധിപ്പിക്കുകയും ചെയ്താൽ |
| 54 | in its class rooms | In the class rooms |
| 77 (പട്ടിക 1 (ഇനം 24) | ഇരുമ്പ്പണി സ്വകാര്യം 2 | ഇരുമ്പ് പണി സ്വകാര്യം 4 |
| 84 | ദേശീയപാത 1 | ദേശീയപാത 17 |
| 85 | കാട്ടൂർ ഇരിങ്ങാലക്കുട റോഡ് 10. കി. മീ | കാട്ടൂർ ഇരിങ്ങാലക്കുട റോഡ് 3.50 കി. മീ. |
| 85 | ഗാന്ധി കോളനി | ഗാന്ധിനഗർ കോളനി |
| 85 | ഇല്ലിക്കാട് തീപ്പെട്ടിക്കമ്പനി റോഡ് | ഇല്ലിക്കാട് എസ്, എൻ. ഡി. പി. റോഡ് |
| 87 | വേണ്ടർമൂല ലേബർ ബ്രാഞ്ച് റോഡ് | വേണ്ടർമൂല ലേബർസെന്റർ ബ്രാഞ്ച് റോഡ് |
| 88 | വാർഡ് VII ഇനം 7 | ഒഴിവാക്കി വായിക്കണം |
| 88 | വാർഡ് VI ഇനം 6 | ഒഴിവാക്കി വായിക്കണം |
| 89 | പള്ളി ബ്രാഞ്ച് റോഡ് 4 | പള്ളി ബ്രാഞ്ച് റോഡ് 2 |
| 92 | നന്തി പാടം റോഡ് | നന്തിലത്തു പാടം റോഡ് |
| 92 | കോലോത്തുംകുന്ന് കാട്ടൂർ–ലിങ്ക് | കോലോത്തും കുന്ന്–കാട്ടൂർ കടവ് ലിങ്ക് |
| 92 | ചാലിശ്ശേരി ശ്രീ. കാളീശ്വരി കോളനി റോഡ് ഈസ്റ്റ് | ശ്രീ കാളീശ്വരി കോളനി റോഡ് ഈസ്റ്റ് |
| 97 | ശ്രീ കാളീശ്വരി കോളനി 500 3ഫേസ് | ശ്രീ കാളീശ്വരി കോളനി 500 3ഫേസ് ഒന്ന് |
| 105 | ഗതാഗത സാമഗ്രികൾ സ്ഥലത്ത് എത്തിക്കാനുള്ളസൗകര്യക്കുറവ് | സാമഗ്രികൾ സ്ഥലത്ത് എത്തിക്കാനുള്ളഗതാഗത സൗകര്യക്കുറവ് |
| 106 | നന്തിയിൽ പാടം | നന്തിലത്തു പാടം |
| 117 | പട്ടികജാതി പട്ടിക വിഭാഗങ്ങളും | പട്ടികജാതി വിഭാഗങ്ങളും |
| 117 | സാംസ്കാരികക്ഷേത്രം | സംസ്കാരികകേന്ദ്രം |
| 118 | സെയ്ദ്മുഹമ്മദ് ബർമർ | സെയ്ദ് മുഹമ്മദ് സർവർ |
| 119 | ചീഫ് സബ്ബ് എഡിറ്റർ | എഡിറ്റർ ഇൻ ചാർജ്ജ് |
| 120 | സഹായ പരിമിതി | സഹായ പരിപാടി |
| 120 | വാരിക പത്രിക | വാർഷിക പത്രിക |
| 122 | സെന്റ് ഫ്രാൻസീസ് സെന്റ് സേവിയേർസ് | സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് |
| 145 | ഒരു പട്ടികജാതി സഹകരണ സംഘം | രണ്ടു പട്ടികജാതി സഹകരണ സംഘം |
| 146 | 19 പട്ടികജാതി കോളനികൾ | 21 പട്ടികജാതി കോളനികൾ |
| 146 | വെള്ളക്കോളർ ജോലിയോടുള്ള ആഭിമുഖ്യം | ഒഴിവാക്കി വായിക്കണം |

# ഉപസംഹാരം

ഭാവിയെക്കുറിച്ചുള്ള ലക്ഷ്യമാണ് നമ്മുടെ പ്രവർത്തനത്തിൻെറ കേന്ദ്രബിന്ദു. ലക്ഷ്യപ്രാപ്തിക്കുള്ള ഈ പ്രയാണത്തിൽ ഗ്രാമത്തിലെ മുഴുവൻ ജനതയും നമ്മോടൊപ്പമുണ്ട്. വാർഡുകൾതോറും നടന്ന ഗ്രാമസഭകളിലും പഠനക്ലാസുകളിലും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ക്രോഡീകരിച്ചെടുത്തതാണ് ഈ വികസന റിപ്പോർട്ടിൽ പ്രതിഫലിക്കുന്നത്. ഇതിൽ പങ്കാളിത്തം വഹിച്ച എല്ലാവരോടും ഈയവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹകരണം അഭ്യർത്ഥിക്കുന്നു.

ഒരു പുതിയ സമീപനരീതിയുടെ ആവിഷ്കരണത്തിൽ വരാവുന്ന ഗുണദോഷങ്ങൾ എല്ലാംതന്നെ ഇവിടെയും പ്രതീക്ഷിക്കാവുന്നതാണ്. ഫണ്ടിൻെറ ലഭ്യതയെക്കുറിച്ചുള്ള വ്യക്തത ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ തന്നെ പദ്ധതികളിൽ കൂട്ടലുകളും കുറക്കലുകളും ആവശ്യമായി വന്നേക്കാം.

വികസന സെമിനാർ ഈ മനുഷ്യയത്നത്തിൻെറ ആക്കം വർദ്ധിപ്പിക്കുമെന്ന് വിശ്വസിക്കാം. നമ്മുടെ മുഴുവൻ വിഭവശേഷിയും കർമ്മശേഷിയും ഈ മഹത്തായ സംരംഭത്തിന് വിനിയോഗിക്കാൻ കഴിഞ്ഞാൽ മാത്രമേ നമ്മുടെ വികസന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുകയുള്ളൂ. തദനുസരണം പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകാനുള്ള ഇച്ഛാശക്തിയും നടപടിയും ഗവൺമെൻറിൽനിന്നും പ്രതീക്ഷിക്കുന്നു.

# കാട്ടൂർ ഗ്രാമ പഞ്ചായത്ത് ഭൂപടം

